കുറ്റ്യാടി ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണ വികസന സെമിനാർ



1996 നവംബർ 28 വ്യാഴം

നടുപ്പൊയിൽ യു. പി. സ്ക്കൂൾ

127-5




"അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർ
പോലും ഇതു തങ്ങളുടെ നാടാണെന്നും
ഇതു രൂപപ്പെടുത്തുന്നതിൽ തങ്ങൾക്കു
മഹത്തായ ഒരു പങ്കുണ്ടെന്നും വിശ്വസിക്കുന്ന
ഒരു ഭാരതത്തിനു വേണ്ടി, ഉയർന്ന വർഗവും
താണ വർഗവുമില്ലാത്ത ഒരു ഭാരതത്തിനു
വേണ്ടി, എല്ലാ സമുദായങ്ങളും തികഞ്ഞ
മൈത്രിയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനു
വേണ്ടി, ഞാൻ പ്രയത്നിക്കും."

- മഹാത്മാഗാന്ധി


കേരളം






വടയം രാഘവൻ മാസ്റ്റർ
(പ്രസിഡൻറ്)

കുറ്റ്യാടി ഗ്രാമപഞ്ചായത്ത് ഭരണസമിതി



സി. സി. ആലി മാസ്റ്റർ
(വൈസ് പ്രസിഡൻറ്)




കെ. കെ. മൊയ്തു
(സ്റ്റാൻറിംഗ്കമ്മിറ്റി ചെയർമാൻ)


മെമ്പർമാർ : കെ. പി. കുഞ്ഞമ്മത്കുട്ടി
എൻ. പി. നാരായണി അമ്മ
സി. കെ. ബാബു
തൂളിയാട്ട് ശ്യാമള
കെ. പി. സൂപ്പിഹാജി
കെ. പി. ചന്ദ്രി

ആസൂത്രണസമിതി

ചെയർമാൻ	:	വടയം രാഘവൻ മാസ്റ്റർ
കൺവീനർ	:	കെ. സി. കുഞ്ഞമ്മത്
അംഗങ്ങൾ	:	സി. സി. ആലിമാസ്റ്റർ
		സി. വി. മൊയ്തു
		സി. എൻ. ബാലകൃഷ്ണൻ
		പി. കെ. ബാബു
		ടി. കെ. അബ്ദുല്ല
		സി. കെ. കുഞ്ഞബ്ദുല്ല
		കെ. പി. രവീന്ദ്രൻ
		ടി. കെ. മോഹൻ ദാസ്
		എൻ. പി. പ്രഭാസിനി
		ഐ. നാരായണൻ
		തോമസ്
		എ. ഗംഗാധരൻ


MAP OF KUTTIADI PANCHAYATH
N
KUNNUMMAL PANCHAYATH
KUNNUMMAL PANCHAYATH
KAYAKKODI PANCHAYATH
KALLAD
ADUKKATH
CHERIYA KUMBALAM
PALERI
VELAM PANCHAYATH
PURAMERI PANCHAYATH
MATTANUL-PAIKRAMTHALAM ROAD
KUTTIADI-THOTTIL PALAM
KUTTIADI RIVER
I
II
III
IV
V
VI
VII
VIII
IX

ADMINISTRATIVE MAP OF KUTTIADI PANCHAYATH



കുറ്റ്യാടി ഗ്രാമപഞ്ചായത്ത്
അഡ്മിനിസ്ട്രേറ്റീവ് മേപ്പ്

1. ഗവ. ഹയർ സെക്കൻററി സ്ക്കൂൾ, കുറ്റ്യാട്
2. കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ, കുറ്റ്യാടി
3. ഗ്രാമപഞ്ചായത്ത് ഓഫീസ്, കുറ്റ്യാടി
4. പി. ഡബ്ല്യു. ഡി. (ബിൽഡിംഗ്സ്) കുറ്റ്യാടി
5. പഞ്ചായത്ത് സർവീസ് സഹകരണ ബേങ്ക്, കുറ്റ്യാടി
6. നെടുങ്ങാടി ബേങ്ക്, കുറ്റ്യാടി
7. എം. ഐ. .യു. പി. സ്കൂൾ, കുറ്റ്യാടി
8. കോഴിക്കോട് ജില്ലാ സഹകരണബേങ്ക്, കുറ്റ്യാടിശാഖ
9. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കുറ്റ്യാടി ശാഖ
10. കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസ്, കുറ്റ്യാടിശാഖ
11. ഭാരത്മാതാ മഹിളാസമാജം നഴ്സറി സ്കൂൾ, കുറ്റ്യാടി
12. കാമിയാ ക്രൈഷെ, കുറ്റ്യാടി
13. 110 കെ. വി. പവർ സ്റ്റേഷൻ, കുറ്റ്യാടി
14. റബ്ബർബോർഡ് ഓഫീസ്, കുറ്റ്യാടി
15. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, കുറ്റ്യാടി
16. വില്ലേജ് ഓഫീസ്, കുറ്റ്യാടി
17. സബ് രജിസ്ട്രാർ ഓഫീസ്, കുറ്റ്യാടി
18. ട്രാവലേഴ്സ് ബംഗ്ലാവ്, കുറ്റ്യാടി
20. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സെക്ഷൻ ഓഫീസ്, കുറ്റ്യാടി
21. ഊരത്ത് എൽ. പി. സ്കൂൾ
22. വടയം ശിശുമന്ദിരം
23. വടയം സൗത്ത് എൽ. പി. സ്കൂൾ
24. ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, വടയം
25. മൃഗാശുപത്രി, വടയം
26. നിട്ടൂർ എൽ. പി. സ്കൂൾ
27. കുടുംബക്ഷേമ ഉപകേന്ദ്രം, നിട്ടൂർ
28. നിട്ടൂർ എം. എൽ. പി. സ്കൂൾ
29. ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, നിട്ടൂർ
30. നടുപ്പൊയിൽ യു. പി. സ്കൂൾ
31. നടുപ്പൊയിൽ ഗവ. ആയുർവേദ ആശുപത്രി
32. വടയം നോർത്ത് എൽ. പി. സ്കൂൾ
33. നടുപ്പൊയിൽ ശിശുമന്ദിരം
34. കുറ്റ്യാടി പോലീസ് സ്റ്റേഷൻ
35. കുറ്റ്യാടി പോലീസ് സർക്കിൾ ഓഫീസ്
36. കേരള വാട്ടർ അതോറിറ്റി ഓഫീസ്, കുറ്റ്യാടി സെക്ഷൻ
37. ഫോറസ്റ്റ് ഓഫീസ്, കുറ്റ്യാടി
38. പോസ്റ്റ് ഓഫീസ്, കുറ്റ്യാടി

ഉള്ളടക്കം

		പേജ്
1.	ആമുഖം	11
2.	കൃഷിയും ജലസേചനവും	23
3.	പൊതുജനാരോഗ്യം	33
4.	കുടിവെള്ളം	37
5.	വിദ്യാഭ്യാസം	40
6.	ഗതാഗതം	46
7.	ഊർജ്ജം	51
8.	സഹകരണം	54
9.	പാർപ്പിടം	57
10.	സാമൂഹ്യക്ഷേമം	60
11.	പട്ടികജാതി - പട്ടിക വർഗക്ഷേമം	63
12.	മൃഗസംരക്ഷണം, മത്സ്യബന്ധനം	66
13.	വനിതാക്ഷേമം	69
14.	വ്യവസായം	73
15.	സാംസ്കാരികരംഗം	81
16.	വിഭവസമാഹരണം	88

ആമുഖം

പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾക്ക് ജനോപകാരപ്രദമായും വികസനോന്മുഖമായും പ്രവർത്തിക്കാൻ കഴിയണമെങ്കിൽ അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമായിതീരണം. ഈ പ്രഥമവും പ്രധാനവുമായ മൂന്നുപാധി പൂർത്തീകരിക്കാതെ പോയതുകാരണം ഗ്രാമവികസനം മുന്നിൽ കണ്ട് സ്വതന്ത്ര ഭാരതത്തിൽ നടപ്പാക്കിയ പദ്ധതികളധികവും ലക്ഷ്യം കണ്ടെത്തുന്നതിൽ പരാജയപ്പെടുകയാണുണ്ടായത്. ജനാഭിലാഷം പ്രതിഫലിക്കാത്ത, പ്രാദേശിക പ്രത്യേകതകൾ കണക്കിലെടുക്കാതെ രൂപം കൊള്ളുന്ന പദ്ധതികൾ മുകളിൽ നിന്ന് അടിച്ചേൽപ്പിക്കുന്ന പതിവ് സാമ്പത്തികവളർച്ച കൈവരിക്കാനുതകിയില്ല. സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി വർഷത്തിലും ഗ്രാമീണ ജനത ദാരിദ്ര്യത്തിന്റെ തുരുത്തുകളിൽ കഴിയുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്ന് വൈകല്യങ്ങൾ നിറഞ്ഞ കേന്ദ്രീകൃത ആസൂത്രണമാണെന്ന് കാണാൻ കഴിയും.

കേരളത്തിന്റെ വികസനാനുഭവം വിലയിരുത്തുമ്പോൾ നമുക്കു ലഭിക്കുന്ന ചിത്രവും അതിരൂക്ഷമായ സാമ്പത്തികതകർച്ചയുടേതാണ്. ജനങ്ങൾക്ക് വിദ്യാഭ്യാസം, ആരോഗ്യം, റേഷൻ ഭക്ഷണം തുടങ്ങിയ അടിസ്ഥാനാവശ്യങ്ങൾ ഉറപ്പുവരുത്താൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. ലോകശ്രദ്ധ പിടിച്ചുപറ്റുന്ന രൂപത്തിൽ ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞു. പക്ഷേ സേവനമേഖലയിലുണ്ടായ ഏറെ പ്രകീർത്തിക്കപ്പെട്ട ഈ പുരോഗതി സാമ്പത്തിക വളർച്ചയിൽ ഉണ്ടായില്ല. കേരളത്തിന്റെ വികസനത്തിന്റെ ദൗർബല്യമാണിത്. ഇതിന്റെ ഫലമായി കാർഷിക മേഖലയിലെ ഉല്പാദനക്ഷമതയും വ്യവസായ വളർച്ചാനിരക്കും ഗണ്യമായി കുറഞ്ഞിരിക്കുന്നു. തൊഴിലില്ലായ്മ ഭീഷണമാംവിധം പെരികിക്കൊണ്ടിരിക്കുന്നു. റവന്യൂ കമ്മി വർഷംതോറും വർദ്ധിക്കുന്നതിനാൽ വർദ്ധമാനമായ ആവശ്യങ്ങൾക്കനുസൃതമായി ആരോഗ്യ വിദ്യാഭ്യാസ സംവിധാനങ്ങളെ പുനഃസംവിധാനം ചെയ്യാനോ, ഗുണനിലവാരം ഉയർത്താനോ കഴിയാത്ത അവസ്ഥ വന്നുചേർന്നിരിക്കുന്നു.

ഈ ഗുരുതരമായ വികസന പ്രതിസന്ധിക്ക് പരിഹാരം കാണാൻ വികേന്ദ്രീകൃതവും ജനപങ്കാളിത്തത്തോടും കൂടിയതുമായ ആസൂത്രണത്തിനേ കഴിയൂ. ഈ കാഴ്ച്ചപാടോടെയാണ് കേരള സർക്കാർ ഒമ്പതാം പദ്ധതി ജനകീയപദ്ധതിയായി പ്രഖ്യാപിച്ചിരിക്കുന്നത്.

9-ാം പദ്ധതിയുടെ മൊത്തം ചിലവിന്റെ 35-40% വരെ തുക ചിലവഴിക്കുന്നത് പഞ്ചായത്ത് സമിതികളായിരിക്കും. ജനപങ്കാളിത്തത്തോടെ പദ്ധതികൾക്ക് രൂപം നൽകി പ്രാദേശികവികസനം ഉറപ്പാക്കുക എന്നതാണ് ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്താനും അവയുടെ വിശ്വാസ്യത വർദ്ധിപ്പിക്കാനും ഇത്തരം ഒരു സമീപനം സഹായകമാവും.

നമ്മുടെ പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് സപ്തംബർ 10ന് താഴെ വടയം മദ്രസയിൽ വെച്ച് നടന്ന ഒന്നാം ഘട്ട പഞ്ചായത്ത് തല പരിശീലനക്യാമ്പോടെയായിരുന്നു. ഇതിനു മുന്നോടിയായി തിരുവള്ളൂരിൽ വെച്ച് നടന്ന ഒന്നാംഘട്ട ജില്ലാതല പരിശീലനത്തിൽ പഞ്ചായത്തിൽനിന്ന് 10 പേർ പങ്കെടുത്തു. ഇതിൽ ഒരു വനിതയും ഉൾപ്പെടുന്നു. 1-ാം ഘട്ട പഞ്ചായത്തു തല പരിശീലനത്തിൽ 92 പേർ പങ്കെടുത്തു. ഇതിൽ 16 പേർ വനിതകളായിരുന്നു. 13 ഉദ്യോ

ഗസ്ഥന്മാരും ക്യാമ്പിൽ പങ്കെടുക്കുകയുണ്ടായി. പരിശീലകരെ രണ്ടു ഗ്രൂപ്പായി തിരിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ചുമതല ഏല്പിച്ചു.

ജനകീയാസൂത്രണത്തിന്റെ ഒന്നാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായ വിശേഷാൽ ഗ്രാമസഭകൾ പഞ്ചായത്തിന്റെ 9 വാർഡുകളിലും നടക്കുകയുണ്ടായി. ഗ്രാമസഭകളിൽ 1506 പുരുഷന്മാരും 915 സ്ത്രീകളും ഉൾപ്പെടെ 2421 പേർ പങ്കെടുത്തു. ഗ്രാമസഭകളിൽ വിവിധ ഗ്രൂപ്പുകളിലായി നടന്ന ചർച്ചയിൽ പഞ്ചായത്തിന്റെ വികസനപ്രശ്നങ്ങൾ തിട്ടപ്പെടുത്തുകയും സാധ്യമായ പരിഹാരം നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് വിവിധ സർക്കാർ ഓഫീസുകളിൽ നിന്ന് ദ്വിതീയ സ്ഥിതിവിവരകണക്കുകൾ ശേഖരിച്ചു. ഇതിനു പുറമേ ഭൂപ്രകൃതി, മൺതരങ്ങൾ, സസ്യാവരണം, പരിസ്ഥിതിപ്രശ്നങ്ങൾ എന്നിവയെപ്പറ്റി വിവരം ശേഖരിക്കാൻ പഞ്ചായത്തിൽ മൂന്ന് പഠനപര്യടനങ്ങൾ നടത്തുകയുണ്ടായി. പഞ്ചായത്തിന്റെ ചരിത്രപഠനത്തിനായി വിവിധ മേഖലകളിൽ അനുഭവസമ്പത്തുള്ളവരുമായി അഭിമുഖ സംഭാഷണങ്ങൾ നടത്തുകയും ചരിത്രഗ്രന്ഥങ്ങൾ, സുവനീറുകൾ, ഡയറിക്കുറിപ്പുകൾ എന്നിവ പരിശോധിക്കുകയുണ്ടായി. ഇങ്ങനെ സമാഹരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കിയ വികസനറിപ്പോർട്ടാണിത്. നമ്മുടെ പഞ്ചായത്ത് അഭിമുഖീകരിക്കുന്ന സമകാലീന പ്രശ്നങ്ങളെ വിലയിരുത്തി പരിഹാരം കാണാൻ സന്നദ്ധരാകണമെന്ന അഭ്യർത്ഥനയോടെ ഈ വികസന റിപ്പോർട്ട് അവതരിപ്പിക്കുകയാണ്.

പട്ടിക - 1

ഗ്രാമസഭകൾ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	വാർഡ് നമ്പർ	നടന്ന സ്ഥലം	നടന്ന തിയ്യതി	വീടുകൾ	പങ്കെടുത്തവർ		ആകെ
					സ്ത്രീ	പു.	
1	I	ജി.എച്ച്.എസ്.എസ്. കുറ്റ്യാടി	21-9-96	274	48	102	150
2	II	എം.ഐ.യു.പി. സ്കൂൾ, കുറ്റ്യാടി	22-9-96	298	36	124	160
3	III	ഊരത്ത് എൽ.പി. സ്കൂൾ	29-9-96	205	26	87	113
4	IV	ശിശുമന്ദിരം, വടയം	6-10-96	347	199	228	427
5	V	വടയം സൗത്ത് എൽ.പി. സ്കൂൾ	6-10-96	198	72	94	166
6	VI	നിട്ടൂർ എൽ.പി. സ്കൂൾ	29-9-96	338	145	183	328
7	VII	നിട്ടൂർ എം.എൽ.പി. സ്കൂൾ	22-9-96	364	99	245	344
8	VIII	നടുപ്പൊയിൽ യു.പി. സ്കൂൾ	21-9-96	539	209	265	474
9	IX	വടയം നോർത്ത് എൽ.പി. സ്കൂൾ	28-9-96	310	81	179	260
			ആകെ	915	1506	2421	3927

1962 ജനുവരി ഒന്നിനാണ് കുറ്റ്യാടി പഞ്ചായത്ത് രൂപം കൊള്ളുന്നത്. 15.22 ച.കി. മീറ്റർ വിസ്തീർണമുള്ള ഈ പഞ്ചായത്ത് അഞ്ചു ദേശങ്ങൾ ചേർന്നതാണ്. തൊണ്ടിപ്പൊയിൽ, ഊരത്ത്, വളയണ്ണൂർ, നിട്ടൂർ, വടയം എന്നീ ദേശങ്ങളിലായി കുറ്റ്യാടി വിഭജിക്കപ്പെട്ടത് പ്രമാണങ്ങളിൽ ഇന്നും രേഖപ്പെടുത്തുന്നത് കാണാൻ കഴിയും. രൂപീകരണശേഷം പഞ്ചായത്തിന്റെ അതിരുകളിൽ മാറ്റം വന്നിട്ടില്ല. നിലവിലുള്ള അതിരുകൾ ഇപ്രകാരമാണ്.

വടക്ക്	:	കായക്കൊടി പഞ്ചായത്ത്
തെക്ക്	:	വേളം പഞ്ചായത്ത്
കിഴക്ക്	:	കുറ്റ്യാടി പുഴ
പടിഞ്ഞാറ്	:	പുറമേരി, വേളം, കുന്നുമ്മൽ പഞ്ചായത്ത്

ആദ്യഘട്ടത്തിൽ കുറ്റ്യാടി പഞ്ചായത്ത് കുറ്റ്യാടി വടയം എന്നിങ്ങനെ രണ്ടു വില്ലേജുകളായി വിഭജിക്കപ്പെട്ടിരുന്നു. പിന്നീട് ഇവ രണ്ടും ഏകീകരിക്കുകയാണുണ്ടായത്. കുറ്റ്യാടി പഞ്ചായത്തിലെ ആദ്യത്തെ ഭരണസമിതി നിലവിൽവന്നത്. 1964 ജനുവരി 1-ാം തിയ്യതിയാണ്. കരുവാൻകണ്ടി കുഞ്ഞിക്കണ്ണൻ നമ്പ്യാർ പ്രസിഡണ്ടായിരുന്ന പ്രസ്തുത ഭരണസമിതിയിലെ അംഗങ്ങൾ. കേളോത്ത് അമ്മത്, വരപ്പുറത്ത് കുഞ്ഞബ്ദുല്ല, മുണ്ടേശ്വരത്ത് ഒണക്കൻ, മാണിക്കോത്ത് അബ്ദുറഹിമാൻ, പാറക്കൽ ഗോപാലൻ നായർ, കേളങ്കണ്ടി കൃഷ്ണൻ എന്നിവരായിരുന്നു. എം.സി. ഗാർഗി ടീച്ചറായിരുന്നു വനിതാ നോമിനേറ്റഡ് പ്രതിനിധി. പ്രസിഡണ്ട് കുഞ്ഞിക്കണ്ണൻ നമ്പ്യാരുടെ മരണശേഷം കേളോത്ത് അമ്മത് പ്രസിഡണ്ടായി അധികാരമേൽക്കുകയും 4-ാം വാർഡിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ കോട്ടക്കാരക്കണ്ടി ഗംഗാധരൻ നമ്പ്യാർ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 3-ാം വാർഡ് മെമ്പർ മുണ്ടേശ്വരത്ത് ഒണക്കൻ തന്റെ വാർഡിൽ റേഷൻ ഗോതമ്പ് നൽകാത്തതിൽ പ്രതിഷേധിച്ചു രാജിവെച്ചു.

1979ൽ നടന്ന തിരഞ്ഞെടുപ്പിൽ 8-ാം വാർഡിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ടി. ഗോപാലക്കുറുപ്പ് പ്രസിഡണ്ടായ ഭരണസമിതിയിൽ കെ.പി. ദേവി ടീച്ചർ, നടുക്കണ്ടി കൃഷ്ണൻ, കെ.വി. രാജൻ, വി.എം. വിനോദൻ നമ്പീശൻ, പി.പി. നാണു, എൻ.പി. കൃഷ്ണൻ, വി.വി. കുഞ്ഞബ്ദുല്ല എന്നിവർ അംഗങ്ങളായിരുന്നു. ഈ ഭരണസമിതിയുടെ അവസാനത്തെ ഒരു വർഷം കെ.പി. ദേവി ടീച്ചറായിരുന്നു പ്രസിഡണ്ട്.

1988ൽ നടന്ന തെരഞ്ഞെടുപ്പിന് ശേഷം ഒന്നാം വാർഡിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട കെ.പി. കുഞ്ഞമ്മത് കുട്ടി മാസ്റ്റർ പ്രസിഡണ്ടായും കേളങ്കണ്ടി കൃഷ്ണൻ വൈസ് പ്രസിഡണ്ടുമായുള്ള ഭരണസമിതി അധികാരമേറ്റു. കളത്തിൽ അബ്ദുല്ല, എൻ.പി. നാരായണി അമ്മ, കെ.വി. രാജൻ, വി.ടി. ചോയി, കമല ടി.കെ., ടി.കെ. മോഹൻദാസ് എന്നിവരായിരുന്നു അംഗങ്ങൾ.

73-ാം ഭരണഘടനാഭേദഗതിയുടെ ഭാഗമായി നടന്ന തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന ഇന്നത്തെ ഗ്രാമപഞ്ചായത്തിന്റെ പ്രസിഡണ്ട് 9-ാം വാർഡിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട വടയം രാഘവൻ മാസ്റ്ററാണ്. സി.സി. ആലി മാസ്റ്റർ വൈസ് പ്രസിഡണ്ടും, കെ.കെ. മൊയ്തു സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാനുമാണ്. കെ.പി. കുഞ്ഞമ്മത് കുട്ടി, എൻ.പി. നാരായണിഅമ്മ, സി.കെ. ബാബു, തൂളിയാട്ട് ശ്യാമള, കുരുടിപ്പറമ്പത്ത് സൂപ്പി ഹാജി, കെ.പി. ചന്ദ്രി എന്നിവരാണ് ഭരണസമിതിയിലെ മറ്റ് അംഗങ്ങൾ.

കുറ്റ്യാടി പഞ്ചായത്ത് പരിധിയിൽ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസുകളും സ്ഥാപനങ്ങളും.

1. വില്ലേജ് ഓഫീസ്, കുറ്റ്യാടി
2. സബ് രജിസ്ട്രാർ ഓഫീസ്, കുറ്റ്യാടി
3. പി.ഡബ്ലിയു.ഡി. (റോഡ്സ്) കുറ്റ്യാടി
4. പി.ഡബ്ലിയു.ഡി. (ബിൽഡിംഗ്സ്) കുറ്റ്യാടി
5. ട്രാവലേഴ്സ് ബംഗ്ലാവ്, കുറ്റ്യാടി
6. കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ, കുറ്റ്യാടി
7. കുടുംബക്ഷേമ ഉപകേന്ദ്രം, നിട്ടൂർ
8. ഗവ. ആയുർവേദ ആശുപത്രി, നടുപ്പൊയിൽ
9. മൃഗാശുപത്രി, താഴെ വടയം
10. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സെക്ഷൻ ഓഫീസ്, കുറ്റ്യാടി
11. 110 കെ.വി. സബ്സ്റ്റേഷൻ, കുറ്റ്യാടി
12. കേരളാ വാട്ടർ അതോറിറ്റി സെക്ഷൻ ഓഫീസ്, കുറ്റ്യാടി

13. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, കുറ്റ്യാടി
14. ഫോറസ്റ്റ് റെയിഞ്ച് ഓഫീസ്, കുറ്റ്യാടി
15. ഓഫീസ് ഓഫ് ദി സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്, കുറ്റ്യാടി
16. ഓഫീസ് ഓഫ് ദി സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, കുറ്റ്യാടി
17. പഞ്ചായത്ത് ഓഫീസ്, കുറ്റ്യാടി
18. കൃഷിഭവൻ, കുറ്റ്യാടി
19. ഗവ. ഹയർ സെക്കൻഡറി സ്കൂൾ, കുറ്റ്യാടി
20. കുറ്റ്യാടി പഞ്ചായത്ത് സർവീസ് സഹകരണ ബേങ്ക്, കുറ്റ്യാടി
21. കോഴിക്കോട് ജില്ലാ സഹകരണബേങ്ക്, കുറ്റ്യാടി
22. കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർ പ്രൈസസ്, കുറ്റ്യാടി
23. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കുറ്റ്യാടി
24. പോസ്റ്റ് ഓഫീസ്, കുറ്റ്യാടി
25. ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, വടയം
26. ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, നിട്ടൂർ
27. റബർ ബോർഡ് ഡവലപ്പ്മെൻറ് ഓഫീസ്, കുറ്റ്യാടി
28. നടുപ്പൊയിൽ യു.പി. സ്കൂൾ, വടയം
29. എം.ഐ.യു.പി. സ്കൂൾ, കുറ്റ്യാടി
30. നിട്ടൂർ എം.എൽ.പി. സ്കൂൾ, നിട്ടൂർ
31. വടയം സൗത്ത് എൽ.പി. സ്കൂൾ, വടയം
32. ഊരത്ത് എൽ.പി. സ്കൂൾ, ഊരത്ത്
33. വടയം നോർത്തം എൽ.പി. സ്കൂൾ, വടയം
34. നിട്ടൂർ എൽ.പി. സ്കൂൾ, നിട്ടൂർ
35. ഭാരത്മാതാ മഹിളാസമാജം നടത്തുന്ന നഴ്സറി സ്കൂൾ, കുറ്റ്യാടി
36. പഞ്ചായത്ത് ശിശുമന്ദിരം, നടുപ്പൊയിൽ
37. പഞ്ചായത്ത് ശിശുമന്ദിരം, താഴെ വടയം
38. നെടുങ്ങാടി ബാങ്ക്, കുറ്റ്യാടി

കുറ്റ്യാടിയിലെ മിക്ക ഗവൺമെൻറ് ഓഫീസുകൾക്കും സൗകര്യപ്രദമായ കെട്ടിടങ്ങളില്ല. വില്ലേജ് ഓഫീസിനും കമ്യൂണിറ്റി ഹെൽത്ത് സെൻററിനും മാത്രമാണ് പുതുതായി നിർമിച്ച കെട്ടിടങ്ങളുള്ളത്. നൂറു വർഷത്തിലേറെ പഴക്കമുള്ള കുറ്റ്യാടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം പുതുക്കിപ്പണിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ധാരാളം ആളുകൾ ദിനേന ബന്ധപ്പെടുന്ന ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നു തിരിയാനിടമില്ല. പല ഓഫീസുകളും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നിരവധി സർക്കാർ അർദ്ധ സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്ന കുറ്റ്യാടിയിൽ മിനി സിവിൽ സ്റ്റേഷൻ മാതൃകയിൽ ഒരു കെട്ടിട സമുച്ചയം പണിയാനുള്ള നിർദ്ദേശം ഗ്രാമപഞ്ചായത്ത് ഭരണസമിതി മുന്നോട്ട്വെച്ചിട്ടുണ്ട്. ഇതിനാവശ്യമായ സ്ഥലം സർക്കാർ ഉടമസ്ഥതയിൽ തന്നെയുണ്ട്.

ചരിത്ര പശ്ചാത്തലം

ഇന്നത്തെ കാവിലുംപാറ, മരുതോങ്കര, കുറ്റ്യാടി, കായക്കൊടി എന്നീ പഞ്ചായത്തുകളും കുന്നുമ്മൽ പഞ്ചായത്തിലെ മൊകേരിയും ഉൾപ്പെട്ട അംബ്ലാട് ദേശമാണ് പിന്നീട് കുറ്റ്യാടി എന്നറിയപ്പെടാൻ തുടങ്ങിയത്. ഈ പുനർനാമകരണം പഴശ്ശിരാജാവുമായി ബന്ധപ്പെട്ടുകിടക്കുന്നു.

ചെറുപ്പത്തിലേ അംബ്ലാടിനെ പറ്റി കേട്ടറിഞ്ഞിരുന്ന പഴശ്ശിരാജാവ് പ്രസ്തുത ഭൂപ്രദേശം സന്ദർശിക്കാൻ വേഷപ്രച്ഛന്നനായി എത്തി എന്നാണ് ഒരു ഐതിഹ്യം. കോട്ടയം രാജാവ് തൻെറ കുടുംബത്തിനു നൽകിയ അംബ്ലാടിനെ, അത് പിന്നീട് കയ്യടക്കിവെച്ചിരുന്ന നായർസ്ഥാനികളിൽ നിന്നു മോചിപ്പിക്കുവാൻ വേഷപ്രച്ഛന്നനായി വന്നു എന്നും പറയപ്പെടുന്നു. അന്ന് അംബ്ലാട് നാടുവാണിരുന്ന കാവിലുംപാറ തങ്ങൾ എന്നു സ്ഥാനപ്പേരുള്ള നായർപ്രഭുവിൻെറ വീട്ടിൽ പഴശ്ശിരാജ എത്തിയത് ഒരു ബ്രാഹ്മണൻെറ വേഷത്തിലായിരുന്നുവത്രെ. കുറച്ചു നാൾ തങ്ങളുടെ അതിഥിയായി കഴിഞ്ഞശേഷം സ്വന്തമായി മഠം വെക്കാൻ കുറച്ചു സ്ഥലം ചോദിച്ചു വാങ്ങി. പ്രസ്തുത സ്ഥലത്ത് പഴശ്ശി ഒരു കോട്ടക്ക് കുറ്റി അടിച്ചു. മഠത്തിനെന്നുപറഞ്ഞ് കോട്ടയ്ക്കു കുറ്റി അടിച്ച സംഭവം ജനങ്ങൾക്കിടയിൽ സംസാരവിഷയമാവുകയും ക്രമേണ 'കുറ്റി അടി' സംഭവം കുറ്റ്യാടി എന്ന സ്ഥലനാമകരണത്തിൽ കലാശിക്കുകയും ചെയ്തു എന്നു പറയപ്പെടുന്നു. അതല്ല തമ്പുരാനോടും പരിവാരങ്ങളോടും യാത്രോദ്ദേശം തിരക്കിയപ്പോൾ 'കുറ്റി അടിക്കാൻ' എന്ന് മറുപടി പറഞ്ഞതാണ് കുറ്റ്യാടിയെന്ന പേര് സിദ്ധിക്കാൻ കാരണമായതെന്നാണ് മറ്റൊരൈതിഹ്യം. കോട്ടക്ക് കുറ്റി അടിച്ച്

കോട്ടനിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെവന്നപ്പോൾ അടിച്ച കുറ്റി ആടിപ്പോയി എന്ന സൂചനയിൽ നിന്നാണ് പേർ രൂപപ്പെട്ടതെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. നാടൻ പാട്ടിന്റെ ശീലുകളിൽ ഈ സംഭവത്തിന്റെ വർണന കാണാൻ കഴിയും.

സാമ്രാജ്യാധിപത്യത്തിൽ നിന്ന് ഭാരതത്തെ മോചിപ്പിക്കാനുള്ള സമരത്തിന്റെ പ്രാരംഭഘട്ടത്തിൽ തന്നെ അതിൽ പങ്കെടുത്ത പാരമ്പര്യമുള്ള പ്രദേശമാണ് കുറ്റ്യാടി. 1930കളിൽ കുറ്റ്യാടി വടയം വില്ലേജുകളിൽ കോൺഗ്രസ് കമ്മിറ്റികൾ രൂപംകൊണ്ടതോടെ ദേശീയപ്രസ്ഥാനപ്രവർത്തനത്തിന് സംഘടിതരൂപം കൈവന്നു. ഇതുമായി ബന്ധപ്പെട്ട സ്മരണീയമായ സംഭവമാണ് 1940 സപ്തംബർ 15ന് കെ.പി.സി.സിയുടെ ആഹ്വാനമനുസരിച്ച് നടന്ന സാമ്രാജ്യത്വ വിരുദ്ധ ദിനാചരണം. പ്രസ്തുതദിവസം മൊകേരിയിൽ നിന്ന് കുറ്റ്യാടി വരെ നിരോധനാജ്ഞ ലംഘിച്ച് പ്രകടനം നടന്നു. പ്രകടനത്തിനുശേഷം കുറ്റ്യാടി പുഴക്കടുത്തുവെച്ചു ചേർന്ന യോഗത്തിൽ അധ്യക്ഷം വഹിച്ച വ.വി.കോ.സി. (വടയം വില്ലേജ് കോൺഗ്രസ് കമ്മിറ്റി സെക്രട്ടറി) എന്ന പേരിലറിയപ്പെട്ടിരുന്ന കെ. ചാപ്പൻ പണിക്കരെയും, ടി.കെ.കെ. അബ്ദുല്ല ഹാജി, എൻ.പി. മൊയ്തു (മൊകേരി), കോമത്ത്പൊയിൽ കണ്ണൻ, കെ. അമ്പുകുറുപ്പ്, എ.പി. കൃഷ്ണൻ എന്നിവരെയും അറസ്റ്റ് ചെയ്ത് കണ്ണൂരിലേക്കയച്ചു. നിരോധനാജ്ഞ ലംഘിച്ച് പ്രകടനം നടത്തുകയും യോഗം ചേരുകയും ചെയ്തുവെന്ന കുറ്റത്തിന് ഇവരെ ആറുമാസം കഠിനതടവിന് ശിക്ഷിച്ചു.

ഈ കാലഘട്ടത്തിൽ മലബാറിൽ കോൺഗ്രസ് രണ്ടു ചേരിയായി തിരിഞ്ഞിരുന്നു. കെ. കേളപ്പൻ, സി.കെ. ഗോവിന്ദൻ നായർ, കോഴിപ്പുറത്ത് മാധവമേനോൻ മുതലായവർ നേതൃത്വം നൽകിയിരുന്നതായിരുന്നു ഒരു ചേരി. പി. കുഞ്ഞിക്കണ്ണകുറുപ്പ് വരപ്പുറത്ത് കുഞ്ഞമ്മത് ഹാജി, പി. മമ്മുമാസ്റ്റർ, പി.വി. കുഞ്ഞികൃഷ്ണൻ നായർ, എ.പി. കുഞ്ഞിരാമൻ നായർ, കെ.എം. കുട്ടികൃഷ്ണമാരാർ, എം.സി. കൃഷ്ണൻ എന്നിവർ ഈ പക്ഷത്ത് അണിനിരന്നു. ഇവരുടെ പ്രവർത്തനകേന്ദ്രം കുറ്റ്യാടിയായിരുന്നു. ഐത്തോഛാടനം, ഹരിജനോദ്ധാരണം, മദ്യവർജനം തുടങ്ങിയ സാമൂഹ്യപരിഷ്കരണസംരംഭങ്ങളെ ദേശീയപ്രസ്ഥാന പ്രവർത്തനങ്ങളുമായി കൂട്ടിയിണക്കുന്ന പ്രവർത്തനശൈലിയാണ് ഇവരവലംബിച്ചത്. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കെതിരെ പ്രതികരിക്കാൻ ഇവർ സന്നദ്ധരായി. ഐത്തോഛാടന പ്രവർത്തനത്തിന്റെ ഭാഗമായി കരുവാൻകണ്ടി കുഞ്ഞിക്കണ്ണൻ നമ്പ്യാരുടെ നേതൃത്വത്തിൽ വടയത്ത് മിശ്രഭോജനപരിപാടി ഈ കാലഘട്ടത്തിൽ നടത്തിയിരുന്നു.

വ.വി.കോ.സി. പ്രസിഡണ്ടായിരുന്ന കരുവാൻകണ്ടി കുഞ്ഞിക്കണ്ണൻ നമ്പ്യാരുടെ വീട് കേന്ദ്രമാക്കി ദേശീയപ്രസ്ഥാനപ്രവർത്തനങ്ങൾക്ക് രൂപം നൽകി. ഇ.എം.എസ്., കെ. കേളപ്പൻ, സി.കെ. ഗോവിന്ദൻ നായർ, കെ. കുഞ്ഞിരാമക്കുറുപ്പ്, ടി.സി. നാരായണക്കുറുപ്പ്, എ.വി. കുട്ടിമാളുഅമ്മ, കുഞ്ഞിരാമൻ കിടാവ്, കുട്ടികൃഷ്ണമാരാർ, ഇ.കെ. കുഞ്ഞിക്കേളുനമ്പ്യാർ, എ.വി. കുഞ്ഞിരാമൻ നായർ തുടങ്ങിയ നേതാക്കൾ വിവിധ സന്ദർഭങ്ങളിൽ കുഞ്ഞിക്കണ്ണൻ നമ്പ്യാരുടെ വീട് സന്ദർശിച്ചിരുന്നു. കരുവാൻകണ്ടി ഗോവിന്ദൻ നമ്പ്യാർ, കൂട്ടോൽ കുഞ്ഞിരാമമാരാർ, ചക്കോലക്കണ്ടി കണ്ണൻ, കപ്പേക്കാട് ഗോവിന്ദൻ മാസ്റ്റർ, കൂട്ടോൽ പൊയിൽ പത്മനാഭൻ നമ്പ്യാർ എന്നിവർ അക്കാലത്തെ ദേശീയ പ്രസ്ഥാനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വടയം പ്രദേശത്ത് പ്രവർത്തിച്ചിരുന്നവരിൽ ചിലരാണ്.

എം.സി. വ്യാസൻ, എം.സി. ഭാസ്കരൻ എന്നിവർ ദേശീയപ്രസ്ഥാനസമരവുമായി ബന്ധപ്പെട്ട് നാദാപുരം പോലീസ് റിമാൻറിൽ കഴിയേണ്ടിവന്നിട്ടുണ്ട്.

വടയം കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന വില്ലേജ് കോടതിയുടെ പ്രസിഡണ്ടായി കരുവാൻകണ്ടി കുഞ്ഞിക്കണ്ണൻ നമ്പ്യാരെയും മെമ്പർമാരായി ചുണ്ടച്ചാലിൽ മൊയ്തീൻ മാസ്റ്റർ, താനിയുള്ളതിൽ കുഞ്ഞമ്മത് എന്നിവരെയും മറ്റും തെരഞ്ഞെടുത്തു. വില്ലേജ് കോർട്ട് ജഡ്ജിയായി ടി. ഗോപാലക്കുറുപ്പും സേവന മനുഷ്ടിച്ചിട്ടുണ്ട്. പി. കൃഷ്ണപിള്ള, മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, ഇ.എം.എസ്. നമ്പൂതിരിപ്പാട്, എ.കെ.ജി., മൊയാരത്ത് ഇ.സി. കുഞ്ഞികൃഷ്ണൻ നമ്പ്യാർ എന്നിവരുടെ നേതൃത്വത്തിൽ കോൺഗ്രസ് സോഷ്യലിസ്റ്റുകാർ മറുചേരിയിൽ അണിനിരന്നു. ടി.കെ.കെ. അബ്ദുല്ല, എ.പി. കൃഷ്ണൻ, സി.എച്ച്. അനന്തൻ എം. ഗോപാ

ലക്കുറുപ്പ്, ടി.കെ. കൃഷ്ണക്കുറുപ്പ് എന്നിവർ ഈ ഗ്രൂപ്പിന്റെ പ്രവർത്തകരായിരുന്നു. ഇവരുടെ പ്രധാന പ്രവർത്തനകേന്ദ്രം വടയത്തിന്റെ സമീപപ്രദേശമായ മൊകേരി ആയിരുന്നു. സാമ്രാജ്യത്വത്തിനും ജന്മിത്വത്തിനുമെതിരെയുള്ള നിരവധി പ്രക്ഷോഭങ്ങളും പ്രതിഷേധയോഗങ്ങളും ഇവിടെ നടക്കുകയുണ്ടായി. സൈമൺ കമീഷൻ ശുപാർശകൾക്കെതിരെ എ. ഐ.സി.സി. ആഹ്വാനം ചെയ്ത പ്രതിഷേധ പരിപാടികളും, ശൈഖ് അബ്ദുല്ല അറസ്റ്റ് ചെയ്യപ്പെട്ടപ്പോൾ സംഘടിപ്പിച്ച പ്രതിഷേധയോഗവും ഇവയിൽ പെടുന്നു. ഇതിൽ ഏറ്റവും ശ്രദ്ധേയമായ സംഭവം 1947 മെയ് 18ന് മൊകേരിയിൽ നടന്ന വെടിവെപ്പായിരുന്നു. എ.പി. കൃഷ്ണന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പി. കുഞ്ഞിരാമൻ നമ്പ്യാർ പ്രസംഗിച്ചു കൊണ്ടിരിക്കെ വന്നിറങ്ങിയ പോലീസ് നടത്തിയ വെടിവെപ്പിൽ ചിന്നൻ കണാരൻ എന്നൊരാൾക്കു വെടിയേറ്റു. മൗണ്ട് ബാറ്റനുമായി നടന്ന ചർച്ചയിൽ സർദാർ വല്ലഭായി പട്ടേലും ജവഹർലാൽ നെഹ്റുവും ഈ സംഭവം ശക്തമായി ഉന്നയിക്കുകയുണ്ടായി.

ദേശീയപ്രസ്ഥാനവുമായി ബന്ധമുള്ള മറ്റൊരു സംഭവമാണ് 1946ൽ കൂത്താളി കൃഷിഭൂമിയിലേക്കു നടത്തിയ കർഷകമാർച്ച്. കൂത്താളി വാഴുന്നോരിൽ നിന്ന് ബ്രിട്ടീഷുകാർ അധീനപ്പെടുത്തിയ ഭൂമിയിൽ ചത്താലും പ്രവേശിച്ചു കൃഷിചെയ്യും എന്ന നിശ്ചയദാർഢ്യത്തോടെ പുറപ്പെട്ട കർഷകജാഥയിൽ കുറ്റ്യാടിയിൽ നിന്ന് ഇരുപതു പേർ പങ്കെടുത്തു. പേരാമ്പ്രയിൽ എത്തി 144-ാം വകുപ്പുപ്രകാരം പ്രഖ്യാപിച്ച നിരോധനാജ്ഞ ലംഘിച്ച കർഷകരെ പോലീസ് തല്ലിപ്പിരിച്ചു.

ഐത്തോഛാടനത്തിന്റെ ഭാഗമായി നിട്ടൂരിൽ മിശ്രഭോജനം പോലുള്ള പരിപാടികൾ സംഘടിപ്പിച്ചിരുന്നു. വിദ്യാഭ്യാസപ്രവർത്തനങ്ങൾ, ദേശീയ പ്രസ്ഥാനത്തിനു കരുത്തേകും എന്ന ബോധത്തോടെ നടത്തിയതും നിട്ടൂരിലായിരുന്നു.

കുറ്റ്യാടിയിൽ അനാചാരങ്ങൾക്കും യാഥാസ്ഥിതികത്വത്തിനുമെതിരെ നടന്ന പ്രവർത്തനങ്ങളിൽ എം. അബ്ദുല്ലക്കുട്ടി മൗലവി വഹിച്ച പങ്ക് അവിസ്മരണീയമാണ്. ഖിലാഫത്ത് പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന മൗലവി സാഹിബ് തികഞ്ഞ ദേശഭക്തനായിരുന്നു. അന്ധവിശ്വാസങ്ങൾക്കെതിരെ മൗലവി സാഹിബ് നടത്തിയ പോരാട്ടം സമൂഹത്തിൽ പൊതുവേയും മുസ്ലിംകളിൽ വിശേഷിച്ചും ഉല്പതിഷ്ണുവിഭാഗത്തിന്റെ സ്വാധീനം വർദ്ധിപ്പിച്ചു. എം.ഐ.യു.പി. സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന പി. കുഞ്ഞിക്കണ്ണകുറുപ്പ് തന്റെ ശിഷ്യരിൽ ദേശീയബോധം വളർത്തിയെടുത്ത മാതൃകാധ്യാപകനായിരുന്നു.

കുറ്റ്യാടിമലവാരത്തെ പുനകൃഷിവാരം കുറക്കാൻ വേണ്ടി 1938-39 കാലഘട്ടത്തിൽ നടന്ന കർഷകസമരമാണ് ഈപ്രദേശത്ത് സംഘടിപ്പിക്കപ്പെട്ട ആദ്യ കർഷകപ്രക്ഷോഭം. മലയിൽ കാട് വെട്ടിത്തെളിച്ച് കൃഷി നടത്തുന്നതിനാണ് പുനകൃഷി എന്നു പറഞ്ഞിരുന്നത്. ഇതിന് ജന്മിമാർക്കു നൽകുന്ന പ്രതിഫലം 'വാരം' എന്നറിയപ്പെട്ടു. ഇതു കുറക്കാൻ നടന്ന സമരം 'വാരം' പത്തിനൊന്നായി കുറച്ചു കൊണ്ട് ഒത്തുതീർപ്പിലെത്തുകയാണുണ്ടായത്. കുറ്റ്യാടിയിലെ കോൺഗ്രസ് സോഷ്യലിസ്റ്റ് അനുഭാവികളായ നിരവധി യുവാക്കൾ എം.കെ. കേളുവിന്റെയും എം. ഗോപാലക്കുറുപ്പിന്റെയും നേതൃത്വത്തിൽ നടന്ന സമരത്തിൽ വളണ്ടിയർമാരായി പങ്കെടുത്തു. വടകരയിൽ നിന്നു വന്ന ബീഡി തൊഴിലാളികൾ കർഷകരെ സഹായിച്ചു. പാട്ടബാക്കി റദ്ദാക്കുക, പൊളിച്ചെഴുത്ത് തടയുക, തരിശുകൾ കൃഷിക്കാർക്ക് നൽകുക, കുടിയായ്മനിയമം പരിഷ്കരിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് നാദാപുരം മണ്ഡലത്തിൽ നടന്ന നിരവധി കർഷകസമരങ്ങൾക്ക് ഈ പ്രക്ഷോഭം പ്രചോദനമേകി.

1941ലെ വ്യക്തി സത്യാഗ്രഹത്തിൽ പങ്കെടുത്ത് കുറ്റ്യാടിയിൽ നിന്ന് യാത്രതിരിച്ച കെ.എം. കുട്ടികൃഷ്ണമാരാർ മദ്രാസ് വരെയും, എ.വി. കുഞ്ഞിരാമൻ നായർ പൂന വരെയും നടന്ന് അറസ്റ്റ് വരിച്ചു. ദേശീയപ്രസ്ഥാനത്തിൽ ജനങ്ങളെ അണിനിരത്തുന്നതിൽ കരുവാങ്കണ്ടി കുഞ്ഞിക്കണ്ണൻ നമ്പ്യാർ, വി. കെ. കുഞ്ഞമ്മത് ഹാജി, കുഞ്ഞിക്കണ്ണൻ വൈദ്യർ, ടി.കെ.കെ. അബ്ദുല്ല, എം.സി. കൃഷ്ണൻ, കെ. ചാപ്പൻ പണിക്കർ എന്നിവർ നേതൃത്വപരമായ പങ്ക് വഹിച്ചു.

മലബാറിലെ മറ്റു പ്രദേശങ്ങളിലെന്നപോലെ

കുറ്റ്യാടിയിലും ഭൂമി ഒരു പിടി ജന്മിമാരുടെ കൈകളിലായിരുന്നു. ക്രൂരമായ ചൂഷണവും കുടി ഒഴിപ്പിക്കലും വ്യാപകമായിരുന്നു. പാവപ്പെട്ട കുടിയാന്മാർ പാട്ടം കുടിശ്ശിക വരുത്തുമ്പോൾ, സ്ഥലം ജന്മി നാമമാത്ര പ്രതിഫലം നൽകി കൈവശപ്പെടുത്തുകയായിരുന്നു പതിവ്. പ്രസവിച്ചുകിടക്കുന്ന സ്ത്രീകളെപ്പോലും നിഷ്കരുണം കുടിയിറക്കിയ സംഭവങ്ങൾ പ്രായമായ കാരണവന്മാർ അയവിറക്കുന്നു. കണ്ണിൽ ചോരയില്ലാത്ത നടപടികൾക്കെതിരെ ഒറ്റപ്പെട്ട ചെറുത്തുനിൽപ്പുകൾ വിരളമായി ഉണ്ടാകാറുണ്ടായിരുന്നു. പക്ഷേ അനീതികൾക്കെതിരെയുള്ള പ്രക്ഷോഭങ്ങൾ സംഘടിതരൂപമാർജിച്ചത് നേരത്തെ സൂചിപ്പിച്ച പുനവാരം കുറക്കാനുള്ള സമരത്തോടെ ആയിരുന്നു. 1957ലെ കുടിയൊഴിപ്പിക്കൽ നിരോധനനിയമവും തുടർന്നുവന്ന ഭൂപരിഷ്കരണ ബില്ലും ജന്മിത്വത്തിന്റെ തായ്വേരറുത്ത രണ്ടു പ്രധാന നിയമനിർമാണങ്ങളായിരുന്നു. കുടികിടപ്പവകാശം ലഭിച്ചതോടെ സ്വന്തം മണ്ണിൽ ഒരു കൂര എന്ന കുടിയാന്മാരുടെ സ്വപ്നം സാക്ഷാൽകൃതമായി. ഈയൊരവസ്ഥ ജനങ്ങളുടെ സാമ്പത്തികനിലവാരത്തിലും സാമൂഹ്യപങ്കാളിത്തത്തിലും പ്രകടമായ മാറ്റങ്ങൾക്കിടവരുത്തി.

1882 ഒക്ടോബർ 12നാണ് കുറ്റ്യാടി സബ് രജിസ്ടാർ ഓഫീസിൽ ആദ്യ പ്രമാണം രജിസ്റ്റർ ചെയ്തതെന്ന് രേഖകളിൽ കാണുന്നു. അന്ന് ഏക്കറിന് 25 ക. വിലയുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് ലക്ഷങ്ങളായി മാറിയിരിക്കുന്നു. ഭൂഉടമസ്ഥതയിൽ കാലാകാലങ്ങളിൽ വന്ന മാറ്റം വിശദമായി വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. പക്ഷേ ഭൂമിയുടെ ക്രയവിക്രയം ത്വരിതഗതിയിൽ നടക്കുന്നതായി സബ് രജിസ്ട്രാർ ഓഫീസിലെ പെരുകുന്ന രജിസ്റ്ററുകളുടെ എണ്ണം കാണിക്കുന്നു. ഒരു വർഷം 1500നും 2000നും ഇടക്ക് പ്രമാണങ്ങൾ ഇവിടെ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്.

തെക്കെ മലബാറിൽ നിന്നു വന്ന എഴുത്തഛന്മാരുടെ നേതൃത്വത്തിൽ ആരംഭിച്ച എഴുത്തുപള്ളികളിൽ നിന്നായിരുന്നു കുറ്റ്യാടിയിലെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചത്. 'കടുപ്പട്ടൻ' എന്ന നാട്ടുനാമത്തിൽ അറിയപ്പെട്ടിരുന്ന ഇവർ കുട്ടികളെ അമരം, രൂപം, കാവ്യം എന്നിവ പഠിപ്പിച്ചിരുന്നു. നരിക്കൂട്ടും ചാലിലെ താളിക്കുനിപൊയിൽ, നിട്ടൂരിലെ പാലോക്കര എന്നിവിടങ്ങളിൽ ഇത്തരം എഴുത്തുപള്ളികൾ ഉണ്ടായിരുന്നു. കുറ്റ്യാടി ടൗണിൽ ഒരു പീടിക മുകളിൽ ഇത്തരം ഒരു വിദ്യാലയം പ്രവർത്തിച്ചിരുന്നതായും കോൽക്കാരൻ കൃഷ്ണൻ എന്നറിയപ്പെട്ടിരുന്ന ഒരാൾ അവിടെ പഠിപ്പിച്ചിരുന്നതായും പ്രായമായവർ ഓർക്കുന്നു. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പ്രവർത്തിച്ചിരുന്ന വായനശാലകൾ അനൗപചാരിക വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ പങ്കുവഹിക്കുകയുണ്ടായി. ഇക്കൂട്ടത്തിൽ സ്മരണീയമായ നാമങ്ങളാണ് കുറ്റ്യാടിയിൽ പ്രവർത്തിച്ചിരുന്ന അലി ബ്രദേഴ്സ് മെമ്മോറിയൽ വായനശാലയും പ്രബോധിനി വായനശാലയും.

1888ൽ നിട്ടൂരിൽ സ്ഥാപിച്ച ബാലഭാരതി എൽ.പി. സ്കൂളാണ് പഞ്ചായത്തിലെ ആദ്യ വിദ്യാലയം. അധികം വൈകുന്നതിനുമുമ്പ് ഊരത്ത് എൽ.പി. സ്കൂളും കുറ്റ്യാടി എം.ഐ.യു.പിയും നിലവിൽ വന്നു. ഇപ്പോൾ പഞ്ചായത്തിൽ രണ്ടു യു.പി. സ്കൂളുകളും, അഞ്ച് എൽ.പി. സ്കൂളുകളും ഒരു ഗവ. ഹയർ സെക്കണ്ടറി സ്കൂളുമാണുള്ളത്. 1974ൽ പ്രവർത്തനമാരംഭിച്ച കുറ്റ്യാടി ഗവ ഹൈസ്കൂൾ 1992ലാണ് ഗവ. ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തപ്പെട്ടത്.

1957ൽ സി.എച്ച്. കണാരൻ മുൻകൈ എടുത്ത് സ്ഥാപിച്ച കുറ്റ്യാടി പ്രൈമറി ഹെൽത്ത് സെൻറർ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യകാര്യത്തിൽ വളരെയേറെ പുരോഗതി കൈവരിക്കാൻ സഹായിച്ചു. മുക്കത്ത് മൊയ്തീൻ ഹാജി സംഭവന ചെയ്ത സ്ഥലത്താണ് പി.എച്ച്.സിയും ജീവനക്കാരുടെ ക്വാർട്ടേഴ്സുകളും നിർമ്മിച്ചത്. പി.എച്ച്.സി.യുടെ പ്രവർത്തനം താൽക്കാലികമായി തുടങ്ങാൻ മുക്കത്ത് ആലിക്കുട്ടി സാഹിബ് വെളുത്തപറമ്പത്തുള്ള തന്റെ വീടുതന്നെ വിട്ടുകൊടുക്കുകയുണ്ടായി. 1993ൽ നടുപ്പൊയിലിൽ ആരംഭിച്ച ഗവൺമെന്റ് ആയുർവേദ ആശുപത്രി പാരമ്പര്യ ചികിത്സാരംഗത്ത് ശ്രദ്ധേയമായ സേവനം നൽകിവരുന്നു. പഞ്ചായത്തിലെ ആദ്യ കാല പാരമ്പര്യവൈദ്യന്മാരായിരുന്നു രാമച്ചൻകണ്ടി കോരൻ വൈദ്യർ, മംഗലശ്ശേരി കുങ്കർ വൈദ്യർ, പി.പി. കരുണാകരൻ വൈദ്യർ എന്നിവർ. വിലങ്ങിൽ കുഞ്ഞിച്ചാത്തു നമ്പ്യാർ പേരുകേട്ട വിഷചികിത്സാവിദഗ്ദ്ധനായിരുന്നു.

പഞ്ചായത്തിലെ തൃപ്തികരമല്ലാത്ത പാർപ്പിടസ്ഥിതി പ്രത്യേക പരിഗണനയർഹിക്കുന്നു. സ്ഥലവിലയിലുണ്ടായ കുതിച്ചുകയറ്റം സാമ്പത്തികശേഷി കുറഞ്ഞവർക്ക് വീടുവെക്കാൻ സ്ഥലം കണ്ടെത്തുന്നതിന് പ്രയാസം സൃഷ്ടിക്കുന്നുണ്ട്.

ഈ നൂറ്റാണ്ടിന്റെ മദ്ധ്യംവരെ ചരക്കുകൾ കൊണ്ടുവരാനും വടകര, പയ്യോളി മുതലായ സ്ഥലങ്ങളുമായി ബന്ധപ്പെടാനും കുറ്റ്യാടി പുഴയിലൂടെയുള്ള ജലപാത ഉപയോഗപ്പെടുത്തിയിരുന്നു. മരങ്ങളും തേങ്ങയും ഈറ്റയും തെരുപ്പം കെട്ടിക്കൊണ്ടുപോവുന്നതും പുരത്തോണിയിൽ ചരക്കുകൾ കൊണ്ടുവന്നിറക്കുന്നതും മനംകവരുന്ന ദൃശ്യങ്ങളായിരുന്നു. കുറ്റ്യാടിയിലെ ഏറ്റവും പഴക്കമുള്ള റോഡ് കുറ്റ്യാടി-കൈനാട്ടി റോഡായിരുന്നു. കോഴിക്കോടുമായി ബന്ധപ്പെടാൻ വടകര വഴിയോ, പുഴകടന്ന് പാലേരി ചെന്ന് ബസ്സ് കയറിയോ പോവേണ്ടതുണ്ടായിരുന്നു. വലിയ പുഴ പാലം വന്നതോടെ കുറ്റ്യാടിയിൽ നിന്ന് കോഴിക്കോട്ടേക്കുള്ള യാത്ര സുഗമമായി. കുറ്റ്യാടി വയനാട് റോഡ്, കുറ്റ്യാടിയെ മരുതോങ്കര പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന ചെറുപുഴ പാലം എന്നിവ. കുറ്റ്യാടിയുടെ ഗതാഗതമേഖലയിലെ നാഴികക്കല്ലുകളാണ് കുറ്റ്യാടി പഞ്ചായത്തിലെ വിവിധഭാഗങ്ങൾ തമ്മിലും കുറ്റ്യാടിയെ സമീപ പഞ്ചായത്തുകളുമായും ബന്ധിപ്പിക്കുന്ന വിപുലമായ റോഡ് ശൃംഖലയുണ്ട്.

വളരെക്കാലം മുമ്പുമുതലേ കുറ്റ്യാടിക്കാർ ജോലിയാവശ്യാർത്ഥം വിദേശങ്ങളുമായി ബന്ധപ്പെട്ടിരുന്നു. ആദ്യഘട്ടത്തിൽ ഇത് ബർമ്മ, സിലോൺ, മലേഷ്യ, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിലേക്കായിരുന്നു. ഇപ്പോൾ കുറ്റ്യാടിയിലെ തൊഴിലെടുക്കാൻ കഴിവുള്ള ഒട്ടേറെ യുവാക്കൾ ഗൾഫിലാണുള്ളത്. നാലു ദശകത്തോളം പഴക്കമുള്ള ഗൾഫ് ബന്ധം വഴി പല കുടുംബങ്ങളും പട്ടിണിയിൽനിന്നു കരകയറി. സാധാരണക്കാരായ ഗൾഫുകാർ നേടിയെടുത്ത സാമ്പത്തികസ്വാശ്രയത്വം സാമൂഹ്യഘടനയിൽ തന്നെ ശ്രദ്ധേയമായ മാറ്റങ്ങൾക്കിടയാക്കിയിട്ടുണ്ട്. പക്ഷേ ഇവരുടെ വരുമാനം ഉല്പാദനമേഖലയിലേക്കു തിരിച്ചുവിടാനോ, നാടിന്റെ മൊത്തം വികസനത്തിനുതകുന്ന വിധത്തിൽ പ്രയോജനപ്പെടുത്താനോ കാര്യമായ ശ്രമങ്ങൾ നടന്നിട്ടില്ല.

നമ്മുടെ പഞ്ചായത്തിന്റെ സിരാകേന്ദ്രമായ കുറ്റ്യാടി ടൗൺ ത്വരിതവികസനത്തിന്റെ പാതയിലാണ്. 1988ൽ കുറ്റ്യാടി ചെറുപുഴപാലം ഗതാഗതത്തിനു തുറന്നുകൊടുത്തതോടെ ടൗണിൽ ഒരു 'വികസന വിസ്ഫോടനം' തന്നെ നടന്നു. കാർഷികരംഗത്ത് താല്പര്യം നഷ്ടപ്പെട്ട നാടൻ പണക്കാരും ഗൾഫ്കാരും കെട്ടിടനിർമാണത്തിലേക്കു ശ്രദ്ധതിരിച്ചതോടെ കോൺക്രീറ്റ് കെട്ടിടങ്ങളുടെ വേലിയേറ്റം തന്നെയാണ് നടക്കുന്നത്. വ്യാപാരവും അഭൂതപൂർവമായി വളരുകയുണ്ടായി. പക്ഷേ ഈ വളർച്ച പരിസ്ഥിതിക്കേൽപിച്ച ആഘാതം ചില്ലറയല്ല. ടൗണിൽ മലിനജലം ഒഴുകിപ്പോവാനുള്ള ഓവുചാലുകളുടെ അശാസ്ത്രീയ സംവിധാനവും, ദൂരക്കാഴ്ചയില്ലാതെ കെട്ടിടങ്ങൾക്കനുമതി നൽകിയ നടപടിയും ടൗണിനെ മലിനീകരണത്തിന്റെ പാരമ്യത്തിലെത്തിച്ചിരിക്കുന്നു. ടൗണിലെ വ്യാപാരികളിൽ ചിലരുടെ, പൗരബോധത്തിനു നിരക്കാത്ത പ്രവർത്തനങ്ങളും ഈ ദുരിതം വർദ്ധിപ്പിക്കുന്നു. അടിയന്തിര നടപടിയിലൂടെ ഈ പ്രശ്നം പരിഹരിക്കേണ്ടിയിരിക്കുന്നു.

വളരെക്കാലം മുമ്പു മുതലേ മതേതരസംസ്കാരത്തിനും മതേതര ജനാധിപത്യസംസ്കാരത്തിനും വേരോട്ടം ലഭിച്ച പ്രദേശമാണ് കുറ്റ്യാടി. വെള്ളിയാഴ്ച പ്രാർത്ഥന നിർവഹിക്കാൻ കൈപ്രംകടവുവരെ പോയി ബുദ്ധിമുട്ടിയിരുന്ന മുസ്ലിംകൾക്ക് നാട്ടിൽ തന്നെ പള്ളി നിർമിക്കാൻ സ്ഥലവും ധനവും നൽകിയ പഴശ്ശിയുടെ കാലത്തോളം പഴക്കമുള്ള പൈതൃകമാണിത്. ദേശീയപ്രസ്ഥാനത്തിൽ തോളോടുതോൾ ചേർന്നു പ്രവർത്തിച്ച വിവിധ ജാതി മത വിഭാഗങ്ങളിൽ പെട്ട നേതാക്കളും അനുയായികളും ഈ ഐക്യം ഊട്ടി വളർത്തുന്നതിൽ മഹത്തായ പങ്കു വഹിച്ചു. പഞ്ഞമാസങ്ങളിൽ ജാതി മത പരിഗണനയില്ലാതെ നിർദ്ധനകുടുംബങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ എത്തിച്ചുകൊടുത്ത വേങ്ങോട്ടിൽ ചെക്കോട്ടിയും നാനാ ജാതി മതസ്ഥരെ സമഭാവനയോടെ കണ്ടിരുന്ന വരപ്പുറത്ത് കുഞ്ഞമ്മത് ഹാജിയും, എല്ലാ വിഭാഗങ്ങളിൽപെട്ട വിദ്യാർത്ഥികൾക്കും പഠിക്കാൻ വടയം കുഞ്ഞിപ്പറമ്പത്ത് സന്നദ്ധ പ്രവർത്തനങ്ങളിലൂടെ സ്കൂൾ സ്ഥാപിച്ച കൈതച്ചാലിൽ കുഞ്ഞമ്മത്കുട്ടി മുസല്യാരും അദ്ദേഹത്തോടൊപ്പം സഹകരിച്ച കരുവാൻവളപ്പിൽ രാമൻ നമ്പ്യാ

രും ഒക്കെ തങ്ങളുടെ പ്രവർത്തനങ്ങളിലൂടെ രൂപപ്പെടുത്തിയ സംസ്കാരമാണിത്. ഇവർക്കു പുറമെ നാടിന്റെ പൊതുവായ ഉന്നമനത്തിനുവേണ്ടി ജാതിമത വ്യത്യാസത്തിനതീതമായി ചിന്തിക്കാനും പ്രവർത്തിക്കാനും തയ്യാറായ മഹദ്വ്യക്തികളും സമാധാനപരമായ സഹവർത്തിത്വത്തിന് കളമൊരുക്കി.

പക്ഷേ സമീപകാലത്തുണ്ടായ ചില സംഭവങ്ങൾ ഈ ഐക്യത്തിന് ഭീഷണി ഉയർത്തുന്നു എന്ന വസ്തുത കാണാതിരുന്നുകൂടാ. വിവിധ ജനവിഭാഗങ്ങളെ പ്രകോപിതരാക്കാനും അവരിൽ പ്രതികാരവാഞ്ഛ വളർത്താനും ഇത് ഇടയാക്കിയിട്ടുണ്ട്. ഈ അവസരം മുതലെടുത്ത് സ്വതവേ നിഷ്കളങ്കരും സമാധാനപ്രിയരുമായ ജനങ്ങൾക്കിടയിൽ വിദ്വേഷം വളർത്താൻ ശ്രമം നടക്കുന്നുമുണ്ട്. ഇത്തരം സംഭവങ്ങൾക്കെതിരെ പ്രതികരിക്കാനും ഛിദ്രശക്തികളെ ഒറ്റപ്പെടുത്താനും രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക സംഘടനകൾ കൈകോർത്തുവെന്നത് ശുഭോദർക്കമാണ്. അനൈക്യം സൃഷ്ടിക്കുന്ന പ്രവണതകൾ ആളിപ്പടരുന്നത് തടയാൻ അത്തരം നീക്കങ്ങൾ സഹായിച്ചിട്ടുണ്ട്. അഭിമാനാർഹമായ മതേതര സാംസ്കാരികപൈതൃകം കാത്തുസൂക്ഷിക്കാൻ നാം ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.

നമ്മുടെ പ്രദേശത്തിന്റെ ചരിത്രസ്മൃതികളിൽ നിറഞ്ഞുനിൽക്കുന്നത് സമ്പന്നമായ സാംസ്കാരിക സാമൂഹിക രാഷ്ട്രീയ പൈതൃകമാണ്. ജനങ്ങളുടെ കൂട്ടായ്മ ആർജിച്ച നേട്ടങ്ങൾ നിലനിർത്താനും നാം ഇന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും ഒരു പുതിയ അവബോധവും പ്രവർത്തനപരിപാടിയും രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. പരിഹാരം തേടുന്ന പ്രശ്നങ്ങളെ കുറിച്ചുള്ള ശരിയായ ധാരണയാണ് ഇതിനാവശ്യം. ഈ കാഴ്ചപ്പാടിലൂടെ വിലയിരുത്തുമ്പോൾ നമ്മുടെ സജീവശ്രദ്ധയർഹിക്കുന്ന പ്രശ്നങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം: കാർഷികരംഗത്തെ മുരടിപ്പും ഉത്പാദനക്കുറവും വ്യവസായങ്ങളുടെ അഭാവം, സേവനമേഖലയിലെ ഗുണനിലവാരതകർച്ച, പെരുകിവരുന്ന തൊഴിലില്ലായ്മ, വനിതകളുടെ സാമൂഹ്യതൊഴിൽ പങ്കാളിത്തക്കുറവ്, വർദ്ധിച്ചുവരുന്ന മലിനീകരണം, കുടിവെള്ളക്ഷാമം, ജനങ്ങളുടെ ഐക്യം തകർക്കാനുള്ള ശ്രമങ്ങൾ, നാടിന്റെ സർവ്വതോന്മുഖമായ വളർച്ചക്ക്, ഒരുമിച്ചൊന്നായി വെല്ലുവിളികളെ ചെറുത്തുതോല്പിക്കേണ്ടിയിരിക്കുന്നു. പുരോഗതിയിലേക്കുള്ള പ്രയാണത്തിൽ നാം അണിചേരേണ്ടിയുമിരിക്കുന്നു.

ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് കുറ്റ്യാടി പഞ്ചായത്തിനെ നാലു മേഖലയായി തരം തിരിക്കാം.

1. ഉയർന്ന കുന്നിൻപ്രദേശം
2. കുത്തനെയുള്ള ചെരിവുകൾ
3. ചെറിയ ചെരിവുകൾ
4. പരന്ന സമതല പ്രദേശങ്ങൾ

പഞ്ചായത്ത് പടിഞ്ഞാറുനിന്ന് കിഴക്കോട്ട് ചരിഞ്ഞാണു സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്തെ ഉയർന്ന കുന്നിൻപ്രദേശങ്ങളിൽ കടന്ന കല്ലുകൾ കാണപ്പെടുന്നു. താഴെവടയം ഭാഗത്ത് മണൽ കലർന്ന പശിമരാശി മണ്ണാണുള്ളത്. പഞ്ചായത്തിന്റെ കിഴക്കുഭാഗത്ത് കുറ്റ്യാടി പുഴയോടടുത്തുള്ള പ്രദേശങ്ങളിൽ എക്കൽ മണ്ണുണ്ട്. ഏറ്റവും ഫലഭൂയിഷ്ടമായ ഭൂഭാഗമാണിത്. പഞ്ചായത്തിന്റെ അധികഭാഗങ്ങളിലും കണ്ടുവരുന്നത് ചെമ്മണ്ണ് ആണ്. ഇത് വെട്ടുകല്ലു കലർന്നാണ് കാണപ്പെടുന്നത്. കൃഷി ചെയ്യുന്നവർ വളപ്രയോഗത്തിൽ ശുഷ്കാന്തി കാണിച്ചില്ലെങ്കിൽ ഇത്തരം മണ്ണിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനാവില്ല. പടിഞ്ഞാറെ ഭാഗത്തെ ഉയർന്ന പ്രദേശങ്ങളിൽ കശുവണ്ടി ഉല്പാദനമുണ്ട്. ചെരിവുകൾ, കുന്നിൻപ്രദേശം എന്നീ ഭൂഭാഗങ്ങളിൽ തെങ്ങും കവുങ്ങും കാണപ്പെടുന്നു. സമതലത്തിലുള്ള വയലുകൾ അധികവും നികത്തപ്പെട്ടതു കാരണം നെല്ലുല്പാദനം കുറവാണ്. വയൽ നികത്തൽ വെള്ളക്കെട്ടിനും റോഡ് നശീകരണത്തിനും ഇടയാക്കുന്നു. കുത്തനെയുള്ള ചെരിവുകളിൽ മണ്ണൊലിപ്പു ഭീഷണിയുണ്ട്.

കാലാവസ്ഥ, ജലവിഭവങ്ങൾ

വർഷത്തിൽ ശരാശരി 3000-3200 മി.മീ. മഴ ലഭിക്കുന്ന പ്രദേശമാണ് കുറ്റ്യാടി പഞ്ചായത്ത്. മെയ് അവസാനവാരം മുതൽ ജൂലൈ അവസാനം വരെയുള്ള കാലത്താണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. മഴ ഏറ്റവും കുറവ് ഫിബ്രവരി, മാർച്ച് മാസങ്ങളിലാ

ണ്. കുറ്റ്യാടി പഞ്ചായത്തിന്റെ തെക്കുഭാഗത്തുള്ള പാടങ്ങൾ കുറ്റ്യാടി പുഴയുടെ അതേ വിതാനത്തിലായതുകൊണ്ട് മഴ പെയ്തു വെള്ളം പൊങ്ങുമ്പോൾ അവിടെ നീർക്കെട്ടുണ്ടാവുന്നു. കാലവർഷം വൈകുകയോ തുലാവർഷം കുറയുകയോ ചെയ്താൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വരൾച്ച അനുഭവപ്പെടാറുണ്ട്.

കുറ്റ്യാടി പുഴയിലേക്കൊഴുകിയെത്തുന്ന ഒരു തോടും നിരവധി ചെറിയ നീർച്ചാലുകളും ഏതാനും കുളങ്ങളുമടങ്ങിയതാണ് കുറ്റ്യാടിയിലെ ജലസ്രോതസ്സ്. കുറ്റ്യാടി പദ്ധതിയുടെ ഭാഗമായുള്ള കനാൽ പഞ്ചായത്തിലൂടെ കടന്നുപോകുന്നില്ല. ഇതുകൊണ്ട് പഞ്ചായത്തിലെ ജലസേചനത്തിന് പദ്ധതി ഉപകരിക്കുന്നില്ല.

കുറ്റ്യാടിയിലെ ജലസ്രോതസ്സുകളിൽ ഏറ്റവും വലുത് വളയണ്ണൂർ ചിറയാണ്. 2.44 ഹെക്ടർ വിസ്തീർണമുള്ള ചിറയിൽ വർഷം മുഴുവൻ വെള്ളമുണ്ടാകും.

ജനപ്രകൃതി

അവലംബം: സെൻസസ് റിപ്പോർട്ട് 1991

1991ലെ കാനേഷുമാരി കണക്കനുസരിച്ച് കുറ്റ്യാടിയിലെ ജനസംഖ്യ ആണ്. 8461 പുരുഷന്മാരും 8647 സ്ത്രീകളുമടങ്ങുന്ന ജനസംഖ്യാ പട്ടിക 2ൽ കൊടുക്കുന്നു. മൊത്തം 3089 വീടുകളാണുള്ളത്. വീടൊന്നിന് ശരാശരി 5.5 അംഗങ്ങൾ വീതമുണ്ട്. സംസ്ഥാന ശരാശരി 5.1 ആണ്. ജനസാന്ദ്രത ച.കി. മീറ്ററിന് 1124 ആണ്. പട്ടികജാതി വിഭാഗത്തിൽ 184 പുരുഷന്മാരും 185 സ്ത്രീകളുമടക്കം 369 പേർ പഞ്ചായത്തിലുണ്ട്. 6 വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 2509 ആണ്.

കുറ്റ്യാടി പഞ്ചായത്തിലെ സാക്ഷരതാനിരക്ക് 94.82% ആണ്. ഈ പഞ്ചായത്തിൽ എസ്.എസ്.എൽ.സി. പാസ്സായവർ 1152 പേരുണ്ട്. ബിരുദം നേടിയവർ 377 ഉള്ളപ്പോൾ ബിരുദാനന്തരബിരുദവും പ്രൊഫഷനൽ ബിരുദവും നേടിയവരുടെ എണ്ണം 37 ആണ്. സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ളവർ 81 പേർ മാത്രമേ ഉള്ളൂ.

മൊത്തം ജനസംഖ്യയിൽ 23.52 ശതമാനം അതായത് 4024 ആളുകളാണ് എന്തെങ്കിലും തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളത്. അവരിൽ 417 പേർ ആറു മാസത്തിൽ താഴെ മാത്രം ജോലി ലഭിക്കുന്നവരാണ്. തൊഴിൽ പങ്കാളിത്തവുമായി ബന്ധപ്പെട്ട കണക്കുകൾ പട്ടിക 3-ൽ കൊടുത്തിരിക്കുന്നു. ഇതു പരിശോധിച്ചാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തനിരക്ക് പുരുഷന്മാരുടേതിനെ അപേക്ഷിച്ച് വളരെ കുറവാണെന്നുകാണാം. പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 39.08 ശതമാനമായിരിക്കുമ്പോൾ സ്ത്രീകളുടേത് 8.9 ശതമാനം മാത്രമാണ്. ഇതിൽതന്നെ 21% പേർ ഭാഗിക തൊഴിൽകാരാണ്. പ്രത്യക്ഷ വരുമാനം നൽകുന്ന തൊഴിലുകളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്. കാർഷികമേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം 703 ആണ്. ചരക്കുകടത്തിൽ 10.5 ശതമാനവും മൃഗപരിപാലനമേഖലയിൽ 14.72 ശതമാനവും ജോലിചെയ്യുന്നു. കുടിൽ വ്യവസായങ്ങളിലർപ്പെട്ടിരിക്കുന്നവരുടെ ശതമാനം അപ്രധാനമാണ്. മറ്റു സേവനരംഗങ്ങളിൽ 18.27 ശതമാനം ജോലി ചെയ്യുന്നു. സ്ത്രീ തൊഴിലാളികളുടെ എണ്ണം പുരുഷന്മാരുടെ 18.65 ശതമാനമേ വരൂ. നിർമാണമേഖലയിൽ 1991ൽ തൊഴിലാളികളുടെ എണ്ണം 5.43 ശതമാനം മാത്രമാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഈ മേഖലയിലെ തൊഴിലാളികളുടെ എണ്ണം വളരെയേറെ വർദ്ധിച്ചു.

പട്ടിക - 1

വാർഡ് നമ്പർ	നടന്ന സ്ഥലം	നടന്ന തിയ്യതി	ആകെ വീടുകൾ	പങ്കെടുത്തവർ സ്ത്രീ	പു.	ആകെ
I	GHSS കുറ്റ്യാടി	21.9.96	274	48	102	150
II	MIUP കുറ്റ്യാടി	22.9.96	298	36	124	160
III	ഊരത്ത് LPസ്കൂൾ	29.9.96	205	26	87	113
IV	ശിശുമന്ദിരം,വടയം	6.10.96	347	199	228	427
V	വടയം സൗത്ത് LP സ്കൂൾ	6.10.96	198	72	94	166
VI	നിട്ടൂർ LPസ്കൂൾ	29.9.96	338	145	183	328
VII	നിട്ടൂർ MLPസ്കൂൾ	22.9.96	364	99	245	344
VIII	നടുപ്പൊയിൽ യു. പി. സ്കൂൾ	21.9.96	539	209	265	474
IX	വടയം നോർത്ത് എൽ. പി. സ്കൂൾ	28.9.96	310	81	179	260
	ആകെ			915	1506	2421

പട്ടിക - 2

വാർഡ് നമ്പർ	ജനസംഖ്യ (1991)		
	പുരുഷന്മാർ	സ്ത്രീകൾ	ആകെ
1	1151	1211	2362
2	1467	1311	2778
3	1059	1183	2242
4	1037	1037	2074
5	695	718	1413
6	1149	1253	2402
7	778	812	1590
8	1125	1122	2247
ആകെ	8461	8647	17108

പട്ടിക - 3

വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം

അവലംബം: കാനേഷുമാരി 1991

തൊഴിൽ	പുരു.	സ്ത്രീ	മൊത്തം	%
കൃഷിക്കാർ	207	6	213	5.91
കർഷകത്തൊഴിലാളികൾ	319	171	490	13.58
മൃഗപരിപാലനം	518	13	531	14.72
ഖനനം, പാറപൊട്ടിക്കൽ	113	5	118	3.27
കുടിൽവ്യവസായം	8	1	9	0.25
കുടിലേതര വ്യവസായം	244	11	255	7.07
കെട്ടിട, റോഡ് നിർമ്മാണം	184	12	196	5.43
വാണിജ്യം	731	26	757	20.99
ഗതാഗതം, ചരക്കു കടത്ത്	210	169	379	10.51
മറ്റു സേവനങ്ങൾ	506	153	659	18.27
മൊത്തം തൊഴിലെടുക്കുന്നവർ	3040	567	3607	100

പട്ടിക - 4

തൊഴിലെടുക്കുന്നവരുടെ എണ്ണം

തൊഴിൽ	സ്ത്രീ	പുരു.	മൊത്തം
മുഖ്യ തൊഴിലുകൾ	567	3040	3607
ഭാഗിക തൊഴിലുകൾ	150	267	417
മൊത്തം തൊഴിൽ	717	3307	4024
പങ്കാളിത്തനിരക്ക്	8.29	39.08	23.52

പഞ്ചായത്തിന്റെ പേര്	:	കുറ്റ്യാടി ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	:	കുറ്റ്യാടി
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	1. കുറ്റ്യാടി (1, 2, 3, 4, 5, 6, 9)
		2. കുന്നുമ്മൽ (8-ാം വാർഡ്)
		3. വേളം (7-ാം വാർഡ്)
ബ്ലോക്ക് പഞ്ചായത്ത്	:	കുന്നുമ്മൽ
താലൂക്ക്	:	വടകര
ജില്ല	:	കോഴിക്കോട്
അസംബ്ലി മണ്ഡലം	:	മേപ്പയൂർ
വിസ്തീർണം	:	15.22 ച.കി. മീറ്റർ
ജനസംഖ്യ	:	17108 (1991 സെൻസസ്)
വാർഡുകളുടെ എണ്ണം	:	9
പ്രസിഡൻറിന്റെ പേര്	:	വടയം രാഘവൻ മാസ്റ്റർ
വൈ. പ്രസിഡൻറ്	:	സി.സി. ആലി മാസ്റ്റർ
സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ	:	കെ.കെ. മൊയ്തു
ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ	:	1. കെ. കുഞ്ഞമ്മത്
		2. എൻ.പി. പ്രഭാസിനി
		3. ആർ.ബി. അടിയോടി
ജില്ലാ പഞ്ചായത്ത് മെമ്പർമാർ	:	1. പി.ആർ. പത്മനാഭൻ അടിയോടി
		2. കെ.പി. വസന്തകുമാരി
അസംബ്ലിയംഗം	:	എ. കണാരൻ
പാർലിമെൻറംഗം	:	ഒ. ഭരതൻ

കൃഷിയും ജലസേചനവും

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ കുറ്റ്യാടി പഞ്ചായത്തിലെ കൃഷിഭൂമിയിൽ ഭൂരിഭാഗവും നിട്ടൂർ പന്തീരടിദേവസ്വം, പേരോട് തറവാട്, മുക്കത്ത് തറവാട്, കോവുമ്മൽ, മരപ്പുറത്ത് എന്നീ തറവാട്ടുകാരുടെ കൈവശമായിരുന്നു. ജന്മിമാർ കർഷകർക്ക് കൃഷിക്കായി ഭൂമി ചാർത്തികൊടുക്കുകയായിരുന്നു പതിവ്. കൃഷിഭൂമിയിൽ നിന്നു കിട്ടുന്ന ആദായം 'പുറപ്പാട്' എന്ന പേരിൽ പാട്ടമായി ജന്മിക്ക് നൽകണമായിരുന്നു. 12 വർഷം കൂടുമ്പോൾ ചാർത്ത് പുതുക്കണമെന്നായിരുന്നു പതിവ്. പൊളിച്ചെഴുത്ത് എന്ന പേരിലാണിത് അറിയപ്പെടുന്നത്. പുറപ്പാടിന്റെ പേരിൽ ജന്മിമാർ കർഷകരെ ക്രൂരമായി ചൂഷണം ചെയ്തിരുന്നു. 500 ഇടങ്ങഴി നെല്ലുകിട്ടുന്ന വയലുകളിൽ 400 ഇടങ്ങഴിയും 'പാട്ടം' എന്നപേരിൽ ജന്മിമാർ വസൂലാക്കിയിരുന്നു. കൂടാതെ പൊളിച്ചെഴുത്തിന്റെ അവസരങ്ങളിൽ തേങ്ങ, ചക്ക, ഓല, വാഴക്കുല, പഴുവിൻ നെയ്യ് മുതലായവ കുഴികൂർ ചായങ്ങളായി ജന്മിമാർ ഈടാക്കിയിരുന്നു. പാട്ടകുടിശ്ശിക വരുത്തുകയോ ജന്മിയുടെ ഇംഗിതങ്ങൾക്ക് എതിരുനിൽക്കുകയോ ചെയ്യുന്ന കർഷകരെ മേൽചാർത്ത് കൊടുത്ത് ഒഴുപ്പിക്കുന്ന പരിപാടിയും തുടർന്നുവന്നിരുന്നു. ഓണം, വിഷു, പെരുന്നാൾ തുടങ്ങിയ വിശേഷ വസരങ്ങളിൽ കർഷകർ വൻതോതിൽ ജന്മിമാർക്ക് കാഴ്ചകൾ നൽകണമെന്നായിരുന്നു നിബന്ധന.

ജന്മി ഫ്യൂഡൽ വാഴ്ചകൾക്കെതിരെ കേരളത്തിൽ നടന്ന ചരിത്ര പ്രസിദ്ധങ്ങളായ കർഷക മുന്നേറ്റങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ കർഷകരും പങ്കെടുത്തിരുന്നു. 1950-52 കാലഘട്ടത്തിൽ കെ.പി. ആർ.എ.കെ.ജി തുടങ്ങിയവരുടെ നേതൃത്വത്തിൽ മദിരാശി അസംബ്ലിയിലേക്ക് നടത്തിയ കർഷകമാർച്ചിന്റെ ഫലമായി പാട്ട കോടതികൾ സ്ഥാപിക്കപ്പെടുകയും 6 കൊല്ലത്തെ പാട്ടം കൊടുത്തുകഴിഞ്ഞാൽ അതുവരെയുള്ള പാട്ടബാക്കി മുഴുവൻ റദ്ദാക്കി കിട്ടും എന്ന ആശ്വാസം കർഷകർക്ക് ലഭിക്കുകയുണ്ടാ.ി 1970-71 കാലഘട്ടത്തിൽ ഉണ്ടായ ഭൂപരിഷ്കരണ നിയമത്തിന്റെ ഫലമായി കർഷകർക്ക് കൃഷിഭൂമിയിൽ അവകാശം സ്ഥാപിക്കാൻ കഴിഞ്ഞു. ഭൂപരിഷ്കരണത്തിലൂടെ നൂറുകണക്കിന് കുടിയാന്മാർക്കും കുടികിടപ്പുകാർക്കും നമ്മുടെ പഞ്ചായത്തിൽ ഭൂമി സ്വന്തമായി ലഭിച്ചു. ജന്മിമാർക്കു നൽകിയിരുന്ന പാട്ടം കൃഷിക്കാരന് സ്വന്തമായി.

പഞ്ചായത്തിലെ കൃഷിഭൂമിയിൽ 50% അധികം വരുമായിരുന്ന നെൽവയലുകളിൽ പ്രധാനമായും മുണ്ടോൻ, ചിറ്റേനി, തവളകണ്ണൻ, മലകുറവ, വെളുത്താൻ എന്നിവയായിരുന്നു കൃഷി ചെയ്തിരുന്നത്. വർഷകാലം നീർകെട്ട് ഉണ്ടാകുന്ന ഊരത്ത് കുറ്റ്യാടി പ്രദേശങ്ങളിൽ കൂടുതലായും മുണ്ടോൻ വിത്തുകളായിരുന്നു ഉപയോഗിച്ചിരുന്നത്. നിട്ടൂർ, ഞള്ളോറ, മീത്തലെ വടയം പ്രദേശങ്ങളിൽ പ്രാദേശിക ജലലഭ്യത ഉപയോഗപ്പെടുത്തി വയലുകളിൽ മൂന്ന് കൃഷികൾവരെ നടത്തിയിരുന്നു. കൊയ്ത്തിനുശേഷം വയലുകളിൽ പയർ, പച്ചക്കറി മുതലായവ കൃഷി ചെയ്തിരുന്നു. മത്സരാടിസ്ഥാനത്തിലായിരുന്നു കർഷകർ കൃഷി ചെയ്തിരുന്നത്. കുന്നുമ്മൽ ബ്ലോക്ക് നിലവിൽവന്നതോടുകൂടി (1954) IR8, ജയ, ത്രിവേണി തുടങ്ങിയ അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ കർഷകർ ഉപയോഗിച്ചിരുന്നു. ഒന്നാംവിള കഴിഞ്ഞാൽ നെൽപ്പാടങ്ങൾ കന്നുകാലികൾക്കും മേച്ചിൽപുറങ്ങളായി ഉപയോഗപ്പെടുത്തിയിരുന്നു. കരഭാഗങ്ങളിൽ വളരെ കാലങ്ങൾക്കു മുമ്പുതന്നെ

തെങ്ങുകൃഷി വ്യാപകമായിരുന്നു. തെങ്ങുകളുടെ ഉൽപ്പാദനക്ഷമത ആ കാലഘട്ടങ്ങളിൽ വളരെ ഉയർന്നതായിരുന്നു. കരഭാഗങ്ങളിൽ ഇടവിളയായി 'മോടൻ' നെൽകൃഷി നടത്തിയിരുന്നു. കുരുമുളക്, വാഴ, കവുങ്ങ്, മരച്ചീനി, മഞ്ഞൾ, ഇഞ്ചി തുടങ്ങിയവയും വളരെ വ്യാപകമായി ഇടവിളയായി കൃഷി ചെയ്തിരുന്നു.

പട്ടിക - 1

ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം
നിലം	55 ഹെക്ടർ
പുരയിടം	1543 ഹെക്ടർ
പുറമ്പോക്ക്	5 ഹെക്ടർ
കൃഷിയോഗ്യതരിശ്	5 ഹെക്ടർ
കൃഷിയോഗ്യമല്ലാത്ത തരിശ്	ഇല്ല

പട്ടിക - 2

ഭൂവിനിയോഗം

വിള	വിസ്തീർണ്ണം
നെല്ല് ഒന്നാംവിള	10 ഹെക്ടർ
നെല്ല് രണ്ടാംവിള (മുണ്ടോൻ)	52 ഹെക്ടർ
നെല്ല് മൂന്നാംവിള	
പയർ	52 ഹെക്ടർ
എള്ള്	15 ഹെക്ടർ
പച്ചക്കറികൾ	1340 ഹെക്ടർ
തെങ്ങ്	100 ഹെക്ടർ
വാഴ	70 ഹെക്ടർ
മരച്ചീനി	40 ഹെക്ടർ
കുരുമുളക്	
പ്ലാവ്	15 ഹെക്ടർ
കശുമാവ്	5 ഹെക്ടർ
റബ്ബർ	8 ഹെക്ടർ
കവുങ്ങ്	100 ഹെക്ടർ

കുറ്റ്യാടി പഞ്ചായത്തിലെ മൊത്തം കൃഷിഭൂമിയുടെ എൺപത് ശതമാനവും കൃഷിചെയ്യുന്നത് തെങ്ങാണ്. 1340 ഹെക്ടർ സ്ഥലത്താണ് തെങ്ങുകൃഷി നടത്തുന്നത്. തെങ്ങ് കൃഷിയിൽ പാലിക്കേണ്ട ശാസ്ത്രീയമായ ഇടയകലം നമ്മുടെ പഞ്ചായത്തിൽ പാലിക്കപ്പെട്ടിട്ടില്ല. പ്രധാനമായും ഡബ്ലിയു.സി.ടി. ഇനത്തിൽപെടുന്ന കുറ്റ്യാടി തെങ്ങുകൾതന്നെയാണ് നമ്മുടെ പഞ്ചായത്തിൽ കൃഷി ചെയ്തുവരുന്നത്. കുറ്റ്യാടി പുഴയോട് ചേർന്നുള്ള ഭാഗങ്ങളിലാണ് ഉല്പാദനക്ഷമത കൂടുതലായി കണ്ടുവരുന്നത്. ശരാശരി 40 മുതൽ 50 വരെയാണ് കുറ്റ്യാടി പഞ്ചായത്തിലെ തെങ്ങുകളുടെ ഉല്പാദനക്ഷമത. പഞ്ചായത്തിലെ വിവിധ ഭാഗങ്ങൾ തമ്മിൽ ഉല്പാദനക്ഷമതയിൽ വലിയ അന്തരം ദൃശ്യമാണ്. എന്നിരുന്നാലും സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ് നമ്മുടെ തെങ്ങുകളുടെ ഉല്പാദനക്ഷമത. തെങ്ങുകളുടെ ഉല്പാദനക്ഷമതയെ ബാധിക്കുന്ന പല കാര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. കുറ്റ്യാടി പുഴയിൽ നിന്നും വെള്ളം പമ്പുചെയ്ത് കൃഷി നനക്കുന്ന വളരെക്കുറച്ചു കർഷകരും ജലലഭ്യതയുള്ള സ്ഥലങ്ങളിൽ കിണർ കുഴിച്ച് ജലസേചനം നടത്തുന്ന ഇരുപത് കർഷകരുമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. പരമ്പരാഗത ജലസ്രോതസ്സുകളും നീരൊഴുക്കുകളും ഉപയോഗപ്പെടുത്തുകയാണെങ്കിൽ ഈ രംഗത്ത് വളരെയധികം പുരോഗതിയുണ്ടാക്കാൻ സാധിക്കുന്നതാണ്. വളപ്രയോഗത്തിലെ അശാസ്ത്രീയതകളാണ് ഉല്പാദനക്ഷമത കുറയാൻ മറ്റൊരു കാരണം. ഏപ്രിൽ, മെയ് മാസങ്ങളിൽ ലഭിക്കുന്ന ഇടമഴ ഉപയോഗപ്പെടുത്തി ചെയ്യുന്ന വളപ്രയോഗം വളരെ ദുർലഭമാണ്. മൂന്നും നാലും ഘട്ടങ്ങളിലായി ചെയ്യേണ്ട വളപ്രയോഗം എല്ലാമൊന്നിച്ച് കനത്ത മഴ പെയ്യുമ്പോഴാണ് കൂടുതലായും ചെയ്തുവരുന്നത്. പച്ചിലവളവും ചാണകവുമാണ് ജൈവവളമായി ഉപയോഗിക്കുന്നത്. ചാണകം വൻതോതിൽ അന്യ സ്റ്റേറ്റുകളിൽ നിന്നും ഇറക്കുമതി ചെയ്തുവരുന്നു. കന്നുകാലിവളർത്തൽ വളരെ ചുരുങ്ങിവരുന്നതാണ് പരാശ്രയത്വത്തിന് കാരണം. രാസവളപ്രയോഗത്തിലെ അശാസ്ത്രീയരീതികളും രാസവളമുപയോഗിക്കുന്നതിലെ വിമുഖതയുമാണ് ഉല്പാദനക്ഷമതയെ ബാധിക്കുന്ന ഒരു ഘടകം. മണ്ണ് അറിഞ്ഞ് വളം ചെയ്യുന്ന

തിൽ കർഷകർ യാതൊരു താല്പര്യവും കാണിക്കുന്നില്ല. അതോടൊപ്പം ഉല്പാദനചെലവിനോടൊപ്പം ഉല്പന്ന വില തട്ടിച്ചുനോക്കിയാൽ വരുന്ന നഷ്ടവും കർഷകർക്ക് വൈമുഖ്യമുണ്ടാക്കുന്ന ഒരു വസ്തുതയാണ്. വിളവെടുപ്പിലുണ്ടാവുന്ന കാലതാമസം ഇരുപതുമുതൽ ഇരുപത്തഞ്ച് ശതമാനം വരെ ഉല്പാദനക്കുറവ് ഉണ്ടാക്കുന്നതാണ്. യഥാസമയങ്ങളിൽ വിളവെടുപ്പ് നടത്താൻ ആവശ്യത്തിന് തെങ്ങുകയറ്റ തൊഴിലാളികളെ കിട്ടാനില്ലാത്തത് കർഷകർ നേരിടുന്ന പ്രശ്നമാണ്. കർഷകരും തൊഴിലാളികളും തമ്മിലുണ്ടാവുന്ന പ്രശ്നങ്ങൾ വിളവെടുപ്പിനെ ബാധിക്കുന്നു. കൃഷിഭൂമിയുടെ തുണ്ടുവത്കരണത്തിന്റെ ഭാഗമായുള്ള വൃക്ഷസാന്ദ്രത ഉല്പാദനക്ഷമതയെ ബാധിക്കുന്ന ഘടകമാണ്. വിശാലമായ തെങ്ങിൻതോപ്പുകൾ വളരെ അപൂർവ്വമാണ്. അഞ്ച് സെൻറ് മുതൽ ഇരുപത് സെൻറ് വരെയുള്ള പ്ലോട്ടുകളാണ് അധികവും. ഇടവിളകൃഷി സാധിക്കത്തക്കവിധത്തിൽ ഒരു ഏക്കറിൽ അറുപത് മുതൽ എൺപത് വരെ തെങ്ങുകൾ നടാവുന്നിടത്ത് നമ്മുടെ പഞ്ചായത്തിൽ ശരാശരി നൂറിനും നൂറ്റിമുപ്പതിനും ഇടയിൽ തെങ്ങുകൾ കാണപ്പെടുന്നു. കൃഷിഭൂമിയിൽ ഭൂരിഭാഗവും പുരയിടങ്ങളായി മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ വൃക്ഷസാന്ദ്രതയേറുന്നു. തെങ്ങൊന്നിൽ നിന്ന് ഉത്പാദനം കുറയുമെങ്കിലും ഒരു പുരയിടത്തിൽനിന്ന് ലഭിക്കുന്ന മൊത്തം തേങ്ങകളുടെ എണ്ണം കൂടുന്നു എന്നതാണ് കർഷകരുടെ ന്യായീകരണം. നടീൽവസ്തുക്കൾ ശേഖരിക്കുന്നതിലെ അശ്രദ്ധയും അജ്ഞതയും ഉത്പാദനക്ഷമതയെ ബാധിക്കുന്നു. അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകൾ പരീക്ഷിക്കാൻപോലും നമ്മുടെ കർഷകർ തയ്യാറാവുന്നില്ല. ഗുണമേന്മ കുറഞ്ഞ തെങ്ങിൻതൈകൾ ഉപയോഗിക്കുന്നത് വളരെ വ്യാപകമാണ്. നാടൻ ഇനങ്ങളോട് കർഷകർ പ്രത്യേക പ്രതിപത്തി കാണിക്കാൻ കാരണം അവയുടെ രോഗപ്രതിരോധശേഷിയും കൂടുതൽ കാലം വിളവ് ലഭിക്കുന്നു എന്നുള്ളതുമാണ്.

നമ്മുടെ പഞ്ചായത്തിൽ അൻപത് ശതമാനത്തിനടുത്ത് നെൽവയലുകളായിരുന്നത് ഇന്ന് വെറും മൂന്നരശതമാനമായി കുറഞ്ഞിരിക്കുന്നു എന്ന് സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നു. വെറും 52 ഹെക്ടർ സ്ഥലത്ത് മാത്രമാണിന്ന് നെൽകൃഷിയുള്ളത്. മീത്തലെ വടയത്തും ഊരത്തുമായി റെപത്ത് ഹെക്ടർസ്ഥലത്ത് മാത്രം ഒന്നാംവിള(കന്നികൃഷി) കൃഷി ചെയ്യുന്നു. ഒന്നാം വിളയോടൊപ്പം വിത്തിറക്കുകയും രണ്ടാവിളയുടെ വിളവെടുപ്പിനൊന്നിച്ച് കൊയ്യുകയും ചെയ്യുന്ന 'മുണ്ടോൻ' ആണ് പ്രധാന നെൽകൃഷി. ഇത് ഏകദേശം 5 ഹെക്ടർ സ്ഥലത്ത് ചെയ്തുവരുന്നു. ജലസേചനത്തിന്റെ അപര്യാപ്തത പുഞ്ചകൃഷി പൂർണ്ണമായും ഒഴിവാക്കിയിരിക്കുന്നു. കുറ്റ്യാടി-ഊരത്ത് ഭാഗങ്ങിൽ മഴക്കാലത്ത് കൂടെകൂടെയുണ്ടാവുന്ന വെള്ളപ്പൊക്കം അതിജീവിക്കാൻ മുണ്ടോൻ കൃഷിക്ക് മാത്രമേ കഴിഞ്ഞിരുന്നുള്ളൂ. ഒരു ഹെക്ടറിൽ 1400 കിലോഗ്രാം മുതൽ 1660 കി.ഗ്രാം വരെയാണ് നെല്ലിന്റെ ഉൽപാദനക്ഷമത. ജലസേചനസൗകര്യമില്ലാത്തത് നെൽകൃഷിയുടെ ഉൽപാദനക്ഷമതയെ ബാധിക്കുന്നു. മഴയെ മാത്രം ആശ്രയിച്ചാണ് ഇന്നും കൃഷിയിറക്കുന്നത്. എന്നാൽ പഴയ കാലങ്ങളിലെപ്പോലെ ഞാറ്റുവേലകളെ വിശ്വസിച്ച് കൃഷിയിറക്കാൻ സാധിക്കുന്നില്ലെന്ന് കർഷകർ പരാതിപ്പെടുന്നു. പ്രവചനങ്ങൾക്കതീതമാകുന്ന കാലാവസ്ഥാ വൈവിധ്യം കർഷകർക്ക് ഭീഷണിയാണ്. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ വർഷകാല നീർക്കെട്ട് കാരണം പരീക്ഷിക്കാൻ പോലും യുന്നില്ല. ആശ്യത്തിന് കർഷകതൊഴിലാളികള കിട്ടാനില്ലാത്തത് കർഷകർ നേരിടുന്ന പ്രധാനപ്രശ്നമാണ്. മണ്ണ് പരിശോധന നടത്താതെ, വളപ്രയോഗത്തിന്റെ സമയത്തെക്കുറിച്ചുള്ള ബോധമില്ലാതെയുള്ള വളപ്രയോഗം നെല്ലിന്റെ ഉൽപാദനക്ഷമതയെ ബാധിക്കുന്നു. രാസവളങ്ങളുടെ വിലക്കൂടുതലാണ് മറ്റൊരു പ്രശ്നം. മുൻകാലങ്ങളിൽ പച്ചിലവളങ്ങളും മറ്റ് ജൈവവളങ്ങളും വയലുകളിൽ കർഷകർ വ്യാപകമായി ഉപയോഗിച്ചിരുന്നു. എന്നാൽ ഇന്ന് ജൈവവളപ്രയോഗം തീരെയില്ലെന്ന് തന്നെ പറയാം. ഊരത്ത് പ്രദേശത്ത് മൂന്നും നിട്ടൂർ പ്രദേശത്ത് ഒന്നും ചീർപ്പുകളുണ്ടെങ്കിലും ഇവയൊന്നു തന്നെ പൂർണമായും ജലസേചനത്തിനായി ഉപയോഗപ്പെടുത്തുന്നില്ല.

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഏകദേശം അമ്പത് ശതമാനത്തിനടുത്തുണ്ടായിരുന്ന നെൽവയലുകൾ തൊണ്ണൂറ് ശതമാനവും നികത്തപ്പെട്ടു

കഴിഞ്ഞിരിക്കുന്നു. ഈ വയലുകളിൽ മുൻകാലങ്ങളിൽ ഒന്നും രണ്ടും മൂന്നും വിളകൾ കൃഷി ചെയ്തിരുന്നതായി അനുഭവസ്ഥർ പറയുന്നു. 1960 കാലഘട്ടങ്ങളിലും അതിനുശേഷവുമാണ് വയലുകൾ നികത്തപ്പെട്ട് തെങ്ങിൻതോപ്പുകളും അത് പിന്നീട് പുരയിടങ്ങളായി മാറ്റപ്പെട്ടത്. നമ്മുടെ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഈ പ്രക്രിയ തുടർന്നതായി കാണാം. നെൽവയലുകൾ നികത്തപ്പെട്ടത് പയർ, പച്ചക്കറി കൃഷികളെയും വ്യാപകമായി ബാധിച്ചതായി കാണാം. നെല്ല്, പയർ, പച്ചക്കറി എന്നതായിരുന്നു പാടങ്ങളിലെ സാധാരണ വിളക്രമം. നിട്ടൂർ, ഊരത്ത്, വടയം പ്രദേശങ്ങൾ ഒരുകാലത്ത് പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തമായിരുന്നു. നെൽപാടങ്ങൾ അപ്രത്യക്ഷമായതോടെ മൺപയർ, ചെറുപയർ എള്ള് മുതലായവ പൂർണ്ണമായും പാവൽ, വെള്ളരി, പടവലം മുതലായവ ഗണ്യമായും കുറഞ്ഞതായി നമുക്ക് കാണാം. വിഷുവിന് വിളവെടുപ്പ് നടത്തിയിരുന്ന വെള്ളരികൃഷി കർഷകർ ആവേശപൂർവ്വം മാത്സര്യബുദ്ധിയോടെയായിരുന്നു നടത്തിയിരുന്നത്. മുണ്ടോൻ പാടങ്ങളെല്ലാം തന്നെ നാലുമാസക്കാലത്തോളം കന്നുകാലികളുടെ മേച്ചിൽപുറങ്ങളായിരുന്നു. വയലുകളെ ജൈവവളസമ്പന്നമാക്കുന്നതിൽ കന്നുകൂട്ടങ്ങൾ വലിയ പങ്കു വഹിച്ചിരുന്നു. നെൽവയലുകൾ അപ്രത്യക്ഷമായത് കന്നുകാലിവളർത്തലിനെ ബാധിച്ചതായി സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ ബോധ്യപ്പെടുന്നതാണ്.

പ്രധാനപ്പെട്ട മറ്റൊരു വിള കുരുമുളകായിരുന്നു. കരിമുണ്ട്, വാലൻകോട്ടയ്ൻ കരിങ്കോട്ടയ്ൻ തുടങ്ങിയ നാടൻ ഇനങ്ങളുമാണ് വ്യാപകമായി കൃഷി ചെയ്തിരുന്നത്. നമ്മുടെ പഞ്ചായത്തിലെ എല്ലാഭാഗങ്ങളിലും നല്ല അളവിൽ അടുത്തകാലം വരെ കുരുമുളകു കൃഷി ഉണ്ടായിരുന്നു. ഉൽപാദനക്ഷമത കൂടിയ പന്നിയൂർ ഒന്ന് പോലുള്ള ഇനങ്ങൾ കർഷകർ പരീക്ഷിച്ച് പിന്മാറിയതായി കാണുന്നു. രോഗപ്രതിരോധശേഷിയില്ലായ്മയാണ് പ്രധാനകാരണം. നല്ല സൂര്യപ്രകാശം ലഭിക്കുന്നിടങ്ങളിൽ മാത്രമേ ഇവ നന്നായി വിളവു തരികയുള്ളൂ. വളപ്രയോഗത്തിലെ അലംഭാവവും അശാസ്ത്രീയവും കുരുമുളകുചെടികളുടെ ഉൽപാദനക്ഷമതയെ ബാധിക്കുന്നു. ജലസേചനം നടത്താനുള്ള അസൗകര്യവും കാലാവസ്ഥയിലെ തകിടം മറിച്ചിലുകളും ഉൽപാദനക്ഷമതയെ ബാധിക്കുന്നു. സമീപകാലത്ത് നമ്മുടെ പഞ്ചായത്തിലും ഇതരപഞ്ചായത്തിലുകളിലെപ്പോലെ കുരുമുളകുൽപാദനം മുന്നിലൊന്നായി കുറഞ്ഞതായി കാണാം. വളരെ വ്യാപകമായി കണ്ടുവരുന്ന ദ്രുതവാട്ടരോഗമാണ് ഇതിനുകാരണം. ചിലപുരയിടങ്ങളിൽ ഒന്നുപോലും അവശേഷിക്കാതെ വള്ളികൾ നാമാവശേഷമായിപ്പോയിരിക്കുന്നു. എല്ലാകാലങ്ങളിലും മെച്ചപ്പെട്ട വില ലഭിച്ചിരുന്ന കുരുമുളകുല്പാദത്തിലെ ഇടിവ് കർഷകർക്ക് വൻ തിരിച്ചടിയാണ്. പുതുതായി കുരുമുളക് ചെടികൾ നട്ടുപിടിപ്പിക്കാൻപോലും കർഷകർ താല്പര്യം കാണിക്കുന്നില്ല. നെൽവയലുകൾ നികത്തപ്പെട്ട പുരയിടങ്ങളാക്കി മാറ്റപ്പെടുമ്പോൾ സ്വാഭാവികമായും കുരുമുളകുകൃഷി വ്യാപകമാവേണ്ടതാണ്. എന്നാൽ ദ്രുതവാട്ടം കർഷകരുടെ എല്ലാ പ്രതീക്ഷകളെയും കെടുത്തിക്കളഞ്ഞിരിക്കുന്നു. കുറ്റ്യാടിയിൽ കൃഷിഭവൻ ഉണ്ടായതോടുകൂടി നടപ്പായിത്തുടങ്ങിയ സമഗ്രകുരുമുളകുകൃഷി വികസനപരിപാടിയിലൂടെ ചെറിയ ചില നേട്ടങ്ങൾ കണ്ടുവരുന്നു.

കർഷകർ ഇന്ന് താല്പര്യം കാണിക്കുന്നത് കവുങ്ങ് കൃഷിയിലാണ്. അത്യുൽപാദനശേഷിയുള്ള മംഗള, കാസർകോടൻ, എന്നിവ കൃഷി ചെയ്തുവരുന്നു. മുമ്പേയുള്ളവയിൽ പ്രധാനമായും നാടൻ ഇനങ്ങളാണ് കാണുന്നത്. നികത്തപ്പെട്ട നെൽവയലുകൾ ഒന്നാകെ കവുങ്ങിൻതോപ്പുകളാക്കി മാറ്റുന്ന പ്രവണത കുറ്റ്യാടി, നിട്ടൂർ മേഖലയിൽ കാണാം. ഇവിയൊക്കെ തന്നെയും അത്യുൽപാദനശേഷിയുള്ളവയാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി അടയ്ക്കക്ക് ലഭിച്ചുവരുന്ന മെച്ചപ്പെട്ട വില കർഷകരെ ആകർഷിക്കുന്നു. ദീർഘകാല വൃക്ഷവിളയായ കവുങ്ങുകൾ രണ്ട് ദശകങ്ങൾക്കുമുമ്പ് വ്യാപകമായി വെട്ടിമാറ്റപ്പെട്ടിരുന്നു. കവുങ്ങിൻതോപ്പുകൾക്ക് പ്ലാന്റേഷൻ ടാക്സ് ചുമത്താനുള്ള നീക്കമുണ്ടായതാണ് ഇതിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത്. ഏകദേശം നൂറിലധികം ഹെക്ടറിൽ കവുങ്ങ് കൃഷി ഇന്ന് നടത്തിവരുന്നു. വളരെ താല്പര്യപൂർവ്വം കർഷകർ ഈ രംഗത്തേക്ക് കടന്നുവരുന്നു എന്ന കാര്യം ആശാവഹമാണ്.

പഞ്ചായത്തിലെ വടയം, നിട്ടൂർ പ്രദേശങ്ങളിൽ

മൂന്ന് കർഷകർ മാത്രം റബ്ബർ കൃഷി ആരംഭിച്ചിട്ടുണ്ട്. ഏകദേശം 8 ഹെക്ടർ ഭൂമിയിലാണ് കർഷകർ പരീക്ഷണം നടത്തിവരുന്നത്. നമ്മുടെ പഞ്ചായത്തിൽ ആദ്യമായിടാണ് കർഷകർ റബ്ബർകൃഷി പരീക്ഷിക്കുന്നത്. സാധാരണക്കാരന്റെറ ഭക്ഷ്യാവശ്യത്തെ വളരെയധികം നിറവേറ്റിയിരുന്ന മരച്ചീനി(കപ്പ) കൃഷി നാമമാത്രമായി വരുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മരച്ചീനിയുടെ ഉപഭോഗത്തിൽ യാതൊരു കുറവും വന്നിട്ടില്ലെങ്കിലും ഉൽപാദനത്തിൽ സമീപകാലത്ത് വൻകുറവ് കാണിക്കുന്നു. പുരയിടങ്ങളുടെ വർധനവും വൃക്ഷവിളകളുടെ സാന്ദ്രതയുമാണ് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. വൻതോതിൽ മലപ്പുറം, വയനാട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ദിവസേന ഇറക്കുമതി ചെയ്യപ്പെടുകയും കേവലം രണ്ടോ മൂന്നോ മണിക്കൂറുകൾക്കിടയിൽ വിപണനം ചെയ്യപ്പെടുകയും ചെയ്യുന്നതായികാണാം. വൻസാധ്യതകൾ ഉൾക്കൊള്ളാവുന്നതാണ് മരച്ചീനിക്കൃഷി.

പഞ്ചായത്തിന്റെറ പടിഞ്ഞാറു ഭാഗത്തുള്ള കുന്നിൻ പ്രദേശങ്ങളിൽ കശുവണ്ടി വ്യാപകമായി കൃഷി ചെയ്തുവരുന്നുണ്ട്. തുപ്പക്കുന്ന് ഭാഗം, കാപ്പുകുന്ന്, മൊട്ടന്തറക്കുന്ന്, വിലങ്ങിൽതറകുന്ന്, ഞള്ളോ, ചോരങ്കോട് കുന്ന്, പൊന്നേലായി, നിട്ടൂർ പള്ളിപ്പറമ്പ് ശ്മശാനം തുടങ്ങിയ ഭാഗങ്ങളിലാണ് കശുവണ്ടി ഉൽപാദനം കൂടുതലുള്ളത്. നല്ല വരുമാനമുള്ള കൃഷിയാണെങ്കിലും വിളപരിപാലനം ശാസ്ത്രീയമായി ഉപയോഗിച്ച് വിളവുവർദ്ധിപ്പിക്കാം.

ഇവ കൂടാതെ ചേമ്പ്, മഞ്ഞൾ, ഇഞ്ചി, വാഴ മുതലായവയും കൃഷിചെയ്തുവരുന്നു. പത്ത് സെൻറിൽ കൂടുതൽ ഒന്നായി മഞ്ഞൾ, ഇഞ്ചി മുതലായവ കൃഷി ചെയ്യുന്ന കൃഷിക്കാർ ആരും തന്നെ നമ്മുടെ പഞ്ചായത്തിലില്ല. പച്ചക്കറി കൃഷിയുടെ കാര്യത്തിലും ഇത് വസ്തുതയായി കാണാം. വിപണനാവശ്യത്തിനായി പച്ചക്കറി കൃഷി ചെയ്യുന്നവരാരും നമ്മുടെ പഞ്ചായത്തിലില്ല. കൃഷിഭൂമി ഒന്നാകെ പുരയിടങ്ങളായി മാറിക്കൊണ്ടിരിക്കുന്നത് ഇടവിളക്കൃഷിയെ ബാധിക്കുന്നു. ജനസംഖ്യാവർധനവ് കൃഷിഭൂമിയിൽ ചെലുത്തുന്ന സമ്മർദ്ദമാണിതിന് കാരണം. മുൻകാലങ്ങളിൽ പുരയിടങ്ങളിൽ തെങ്ങ്, കുരുമുളക്, കപ്പ, കമുക്, മാവ്, പ്ലാവ് തുടങ്ങിവയെല്ലാമുണ്ടായിരുന്നുവെങ്കിൽ ഇന്ന് മിക്കപുരയിടങ്ങളിലും തെങ്ങുമാത്രമായി മാറിക്കൊണ്ടിരിക്കുന്നു. സാധാരണക്കാരന്റെറ ഭക്ഷ്യാവശ്യത്തെ നിറവേറ്റിയിരുന്ന ചക്കയുടെ ഉൽപാദനം ഗണ്യമായി കുറഞ്ഞതായി കാണാം. ഗൃഹനിർമാണത്തിനായി വൻതോതിൽ പ്ലാവുകൾ വെട്ടിമാറ്റിക്കൊണ്ടിരിക്കുന്നതാണ് പ്രധാനകാരണം. കുറ്റ്യാടി, വളയന്നൂർ മേഖലയിലാണ് ഈ പ്രവണത കൂടുതലായി കാണുന്നത്. മാവുകളുടെ കാര്യത്തിലും ഇതുതന്നെയാണ് അവസ്ഥ. ഗോമാവ്, നാട്ടുമാവ്, തുടങ്ങിയ വൻ വൃക്ഷങ്ങളായ വളരുന്ന മാവുകൾ പൂർണ്ണമായും നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. കയറ്റുമതി വിപണനസാധ്യതയുള്ള 'ഒളോർമാങ്ങ' ഉൽപാദനത്തിൽ കർഷകർ ശ്രദ്ധ പതിപ്പിക്കുന്നതായി കാണാം.

മുത്താറി, കൂർക്കൽ, കാച്ചിൽ, ചെറുകിഴങ്ങ് മുതലായവയുടെ കൃഷി നമ്മുടെ പഞ്ചായത്തിൽ അന്യം നിന്നു പോയിരിക്കുന്നതായി കാണാം.

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും നാലോളം നീരൊഴുക്കുകളാണുള്ളത്. ഇതിൽ പ്രധാനം പഞ്ചായത്തിന്റെറ വടക്കുപടിഞ്ഞാറ് ഭാഗത്ത് നിന്നു തുടങ്ങി വടയം, ഊരത്ത് കൂടെ ഒഴുകി തെക്കാൾ കടവിൽ ചേരുന്ന തോടാണ്. പ്രധാനമായും വയലിന്റെറ മധ്യഭാഗത്തുകൂടെയാണ് ഇത് ഒഴുകിപോകുന്നത്. ജൂൺ മാസം മുതൽ ജനുവരി വരെമാത്രമേ ഇതിലൂടെ നീരൊഴുക്ക് ഉണ്ടായിരിക്കുകയുള്ളൂ. ഈ തോടിൽ ഊരത്ത് ഭാഗത്ത് രണ്ട് ചീർപ്പുകൾ ഉണ്ട്. മറ്റൊന്ന് പൈക്കാട് തോട് ആണ്. എല്ലാകാലങ്ങളിലും നീലൊഴുക്കുള്ള ഈ തോട് നേരത്തെ സൂചിപ്പിച്ച തോടിൽ ചെന്നു ചേരുന്നു. മറ്റ് രണ്ട് തോടുകൾ നിട്ടൂർ പ്രദേശത്ത്കൂടെ ഒഴുകുന്ന വിലങ്ങോട്ട് തോടും പൂക്കൈതതോടുമാണ്. ഇവയും വേനൽക്കാലത്ത് വറ്റിപ്പോകുന്നവയാണ്.ഇതിൽ വെള്ളോലിപ്പിൽ എന്ന സ്ഥലത്ത് ഒരു ചീർപ്പുണ്ട്. ഇത് ഉപയോഗശൂന്യമായിക്കിടക്കുന്നു. ഏകദേശം 2.5 ഹെക്ടർ വിസ്താരമുള്ള വളയന്നൂർ ഭാഗത്തുള്ള തുറയാണ് നമ്മുടെ പഞ്ചായത്തിലെ വലിയ ജലാശയം. കാനത്തിൽ കുളം, കുറിയിൽ കുളം, കാരക്കണ്ടി കുളം, പന്നിവയൽകുളം, പന്തീരടികുളം, ഗോവിന്ദൻ കണ്ടി, അരീക്കൽ, പൂക്കണ്ടികുളം, നോമ്പുറംകണ്ടി,

വട്ടപ്പാറച്ചാലിൽ കുണ്ടുകുളം, പൈക്കാട്ട്തോട്, തൊള്ളമ്പാറ, പൊന്നേലായ്, പേരോട്കാപ്പ്, പേരോട്മഠം, കണ്ണോത്ത്കാവ് നീരൊഴുക്ക്, ചീയോട്ടുമ്മൽ, എടപ്പന, പുത്തുപ്പറ്റതാഴകുളം, മുക്കത്ത്കുളം, ഓത്യാട്ട്തോട്, വലിയ പറമ്പത്ത്കുളംതാണിക്കുളങ്ങര, കൈതച്ചാൽകുളം, കരുവാക്കണ്ടികുളം, വിലങ്ങിൽകുളം, കൈതക്കൊല്ലിക്കുളം, പൂവ്വോട്ടുചാൽ, മാണിക്കോത്തുതാഴെ, വെളുമഠത്തിൽ കുളം, തൈവച്ചകുന്ന്, മരുതോറ, കുഞ്ഞിപ്പറമ്പത്ത്, താളിക്കുനി തുടങ്ങിയവ നമ്മുടെ പഞ്ചായത്തിലെ പരമ്പരാഗത ജലസ്രോതസ്സുകളും ജലാശയങ്ങളുമാണ്. ഈ തോടുകളും ജലാശയങ്ങളും ഉപയോഗപ്പെടുത്തി ജലസേചനം നടത്തുന്നത് ഇന്ന് വളരെ ചുരുക്കം പേർ മാത്രമാണ്. ഏകദേശം നാല്പതോളം കിണറുകളിൽ പമ്പുസെറ്റുകൾ സ്ഥാപിച്ച് കൃഷിക്കായി ജലസേചനം നടത്തിവരുന്നു. കുറ്റ്യാടി പദ്ധതി എന്നു നാമകരണമുണ്ടെങ്കിലും കുറ്റ്യാടിയിലെ ഒരിഞ്ചുഭൂമി നനക്കാൻ പോലും കുറ്റ്യാടി ജലസേചനപദ്ധതിയുടെ ഭാഗമായ കനാലുകളിലെ വെള്ളം ലഭിക്കുന്നില്ല.

കർഷകരുടെ ഉൽപന്നങ്ങൾ സംഭരിക്കാനും വിപണനം നടത്താനുമുള്ള യാതൊരു സംവിധാനവും ഇന്ന് നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല, പ്രധാന കാർഷികോൽപന്നമായ തേങ്ങ, കുരുമുളക്, അടയ്ക്ക, കശുവണ്ടി മുതലായവ സ്വകാര്യക്കച്ചവടക്കാർക്ക് നേരിട്ട് വിൽക്കുകയാണ് പതിവ്. അതുകൊണ്ട് തന്നെ യഥാർത്ഥ മാർക്കറ്റു നിലവാരവുമായി വളരെ താണവിലയാണ് കർഷകർക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. ചിലവർഷങ്ങളിൽ കുറ്റ്യാടി സർവ്വീസ് സഹകരണബാങ്കിന്റെ ആഭിമുഖ്യത്തിൽ കശുവണ്ടി സംഭരണം നടത്താറുണ്ട്.

കുറ്റ്യാടി പഞ്ചായത്തിലെ 1486 പേർ ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ള നാമമാത്ര കർഷകരാണ്. 1512 പേർ ഒന്നുമുതൽ രണ്ട് ഹെക്ടർവരെ കൃഷിഭൂമിയുള്ളവരും 168പേർ 2 ഹെക്ടർമുതൽ 4 ഹെക്ടർവരെയുള്ള ഇടത്തരം കർഷകരും 93 പേർ 4 ഹെക്ടർ മുതൽ 10 ഹെക്ടർവരെ ഭൂമി കൈവശമുള്ളവരുമാണ്. 10 ഹെക്ടറിൽ കൂടുതലുള്ള വൻകിടകർഷകർ ആരും തന്നെ ഈ പഞ്ചായത്തിലില്ല. നമ്മുടെ പഞ്ചായത്തിലെ കാർഷികവ്യവസ്ഥയുടെ ഒരു പ്രധാനസവിശേഷത ചെറുകിട നാമമാത്രകർഷകരുടെ ആധിക്യമാണ്. ഭൂഉടമസ്ഥരിൽ 20% ത്തിന് 10 സെൻറിൽ താഴെ മാത്രമേ കൃഷിഭൂമിയുള്ളൂ. നാമമാത്ര കർഷകരിൽ തൊണ്ണൂറ് ശതമാനവും ഒരേക്കറിൽ താഴെ ഭൂമിയുള്ളവരാണ്. ഒരാളുടെ ഭൂമി തന്നെ പലതുണ്ടുകളായി കാണപ്പെടുന്നു. കുറ്റ്യാടി വളയന്നൂർ, ഊരത്ത് പ്രദേശങ്ങളിൽ ആണ് ഈ സ്ഥിതി കൂടുതലുള്ളത്. പലപ്പോഴും കൃഷിഭൂമിയിലെ തുണ്ടുൽകരണം ഗൃഹനിർമിതിക്കായി ഉപയോഗപ്പെടുത്തുന്നു. തുണ്ടുവൽകരണം മുഖ്യവിളയായ തെങ്ങിനെയും ഇടവിളകൃഷിയെയും ദോഷകരമായി ബാധിക്കുന്നു. വൃക്ഷസാന്ദ്രത വർദ്ധിക്കുന്നതിനും തൽഫലമായി ഉൽപാദനക്ഷമത കുറയുന്നതിനും കാരണമായിത്തീരുന്നു. ആധുനികശാസ്ത്രീയകൃഷിമുറകൾ പരീക്ഷിക്കുന്നതിന് തുണ്ടുഭൂമികൾ തടസ്സമായി നിൽകുന്നു. മൊത്തം കൃഷിഭൂമിയിൽ 1543 ഹെക്ടർ പുരയിടമാണ്. ഇത് മൊത്തം കൃഷിഭൂമിയുടെ 90 ശതമാനത്തിലധികംവരും. 5 ഹെക്ടറോളം പുറമ്പോക്ക് ഭൂമിയുണ്ട്. ഇത് കൂടുതലായും കുറ്റ്യാടി പുഴയുടെ തീരത്താണ്. കൃഷിയോഗ്യമായ ഈ തരിശുഭൂമി പൂർണ്ണമായും എക്കൽ മണ്ണാണ്. ഇതിൽ കൂടുതലും സ്വകാര്യവ്യക്തികൾ കൈവശം വെച്ചു വരുന്നതായിട്ടുണ്ട്. കുറ്റ്യാടി പഞ്ചായത്തിലെ അമ്പത് ശതമാനത്തിലധികം കുടുംബങ്ങളും കുടുംബങ്ങളും കൃഷിയെ ആശ്രയിച്ച് കഴിയുന്നവരാണ്. പത്ത് ശതമാനം പേർ മാത്രമേ കൃഷിഭൂമിയിൽ സ്വന്തമായി കൃഷി ചെയ്യുന്നവരായുള്ളൂ. കാർഷികജനസംഖ്യയിൽ കർഷകതൊഴിലാളികളുടെ എണ്ണം ശതമാനം വരും. അമ്പത്തഞ്ച് കർഷകർ നാടൻ കലപ്പ ഉപയോഗിക്കുന്നവരാണ്. 40 പേർ മരുന്നുതളി ഉപകരണങ്ങളും 3 പേർ മെതിയന്ത്രവും 6 പേർ തെങ്ങുകയറ്റയന്ത്രവും ഉപയോഗിക്കുന്നു. ആധുനികയന്ത്രോപകരണങ്ങളുടെ ഉപയോഗം വെറും രണ്ടു ശതമാനത്തിൽ താഴെ മാത്രമാണ്. ഭൂരിഭാഗം കർഷകരുടെയും കാർഷികവരുമാനം വളരെ തുച്ഛമാണ്. ഭൂരിഭാഗം ചെറുകിടകർഷകരും കടക്കെണിയിൽ അകപ്പെട്ടവരാണ്.

കർഷകതൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ടാണ് കാർഷികരംഗത്തെ മറ്റൊരു പ്രശ്നം. ആധുനികവിദ്യാഭ്യാസം സാർവ്വത്രികമായതോടുകൂടി, കർഷകതൊഴിലാളികുടുംബങ്ങളിലെ യുവതലമുറ കാർ

ഷികവൃത്തിയോട് വിപ്രതിപത്തികാണിച്ചുതുടങ്ങിയിരിക്കുന്നു. യുവാക്കളും യുവതികളും കെട്ടിടനിർമ്മാണമേഖലയിലേക്ക് മാറിയിരിക്കുന്നു. തൊഴിൽ സുരക്ഷിതത്വം, മെച്ചപ്പെട്ട വേതനം, സാമൂഹികമാന്യത എന്നിവയാണ് അവരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നത്. കാലാവസ്ഥയെ മാത്രം ആശ്രയിച്ച് കൃഷിചെയ്യുമ്പോൾ തൊഴിലാളികളുടെ ലഭ്യതകുറവ് കർഷകർക്ക് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. നെൽകൃഷിയുടെ മേഖലയിലാണ് ഈ പ്രശ്നം കൂടുതലായി അനുഭവപ്പെടുന്നത്.

കാളകളെ ഉപയോഗിച്ച് നിലം ഉഴവുനടത്തുന്നവർക്ക് 125/-രൂപയും കിളക്കലിന് 50/-മുതൽ 65 രൂപവരെയും, ഞാറ് നടൽ, കളപറി, കൊയ്ത്ത് തുടങ്ങിയ ജോലികൾക്ക് സ്ത്രീകൾക്ക് 40 രൂപയുമാണ് കൂലി വ്യവസ്ഥ. കൊയ്ത്തിന് ചിലസ്ഥലങ്ങളിൽ കൂലി പണമായും ഊരത്ത്, വടയം പ്രദേശങ്ങളിൽ നെല്ലും കൂലിയായി വാങ്ങിവരുന്നു. തെങ്ങുകയറ്റ തൊഴിലാളികൾക്ക് 40 തെങ്ങിന് 20 തേങ്ങയും 10 രൂപയും നൽകിവരുന്നു. കാർഷികജോലികൾക്ക് പുരുഷന്മാർക്ക് 55 രൂപയും സ്ത്രീകൾക്ക് 40 രൂപയുമാണ് നൽകിവരുന്നത്. കാർഷികജോലികളിൽ നിന്നുകിട്ടുന്ന വേതനമുപയോഗിച്ച് ഉപജീവനത്തിനുതകുകയില്ലെന്ന് തൊഴിലാളികൾ പരാതിപ്പെടുമ്പോൾ, തൊഴിലാളികൾ കൃഷിപണികളിൽ ആത്മാർത്ഥ കാണിക്കുന്നില്ലെന്ന് കർഷകരും പരാതിപ്പെടുന്നു. രാവിലെ 8 മുതൽ 2 മണിവരെയാണ് പൊതുവെ ജോലി സമയം. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ കൂലിവ്യവസ്ഥയിൽ ഏകീകരണമില്ല.

കുറ്റ്യാടി പഞ്ചായത്തിൽ രണ്ട് രാസവളവിൽപന കേന്ദ്രങ്ങളാണുള്ളത്. അതിലൊന്ന് കുറ്റ്യാടി സർവ്വീസ് സഹകരണബാങ്കിന്റെ കീഴിലുള്ളതും മറ്റൊന്ന് സ്വകാര്യഉടമസ്ഥയിലുള്ളതുമാണ്. രണ്ടും കുറ്റ്യാടി ടൗണിലാണ്. സഹകരണബാങ്കിന്റെ വകയായി നടുപ്പൊയിൽ ഭാഗത്ത് ഒരു വിൽപനകേന്ദ്രം ഉണ്ടായിരുന്നത് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 1995-96 വർഷത്തിൽ ഈ സ്ഥാപനങ്ങളിൽ നിന്ന് യൂറിയ 1500 കി.ഗ്രാം. പൊട്ടാഷ് 7000 കി.ഗ്രാം 17:17:17 - 4000 കി.ഗ്രാം, 8:8:16- 5000 കി.ഗ്രാം, 10:5:20 - 10000 കിഗ്രാം 18:18:18 - 65000 കി.ഗ്രാം കനകം 2000 കിഗ്രാം, നീം കേക്ക് 4000 കിഗ്രാം, മസ്സൂറിഫോസ് 2000കിഗ്രാം, അക്ഷയ 7000 കിഗ്രാം എന്നിങ്ങനെ രാസവളം വിപണനം നടത്തിയതായി കാണുന്നു. എന്നാൽ ഇത്രയും രാസവളം കുറ്റ്യാടി പഞ്ചായത്തിലെ കൃഷിഭൂമികളിൽ ഉപയോഗിക്കപ്പെട്ടിട്ടില്ല. കുറ്റ്യാടി ടൗണിലെ വിപണനകേന്ദ്രമായതുകൊണ്ട് മറ്റുപഞ്ചായത്തുകളിലേക്കാണ് രാസവളം അധികം വാങ്ങിക്കപ്പെട്ടതെന്ന് മനസ്സിലാക്കുന്നു. വളപ്രയോഗത്തിൽ പ്രധാനമായും പച്ചിലവളവും ചാണകവുമാണ് കർഷകർ പ്രധാനമായും ഉപയോഗിക്കുന്നത്. കാലിസമ്പത്ത് കുറഞ്ഞതോടെ ജൈവവളപ്രയോഗത്തിൽ സാരമായ കുറവു വന്നതായി കാണുന്നു. ചെറുകിട -ഇടത്തരം കർഷകർ സീസണാകുന്നതോടെ കാലിവളം മൈസൂരിൽ നിന്നും ഇറക്കുമതിചെയ്ത് ഉപയോഗിക്കുന്നു. പക്ഷേ ഇതിന്റെ അളവും കഴിഞ്ഞ രണ്ടുവർഷങ്ങളിൽ കുറഞ്ഞുവരുന്നതായി കാണാം. നാളികേരത്തിന്റെ വിലയിടിവാണ് പ്രധാനകാരണം. ഇവ കൂടാതെ എല്ലുപൊടി, മറ്റ് പാക്കറ്റ് വളങ്ങളും ജൈവവളങ്ങളായി ചുരുക്കം കർഷകർ ഉപയോഗിച്ചുവരുന്നു.

കൃഷിഭവനിൽ നിന്നും അത്യുൽപാദനശേഷിയുള്ള നടീൽ വസ്തുക്കൾ വിതരണം ചെയ്തു വരുന്നു. 1993-94ൽ 60 TxD തെങ്ങിൻതൈകളും 94-95ൽ 60ഉം, 95-96ൽ 30ഉം സൗജന്യനിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. അതുപോലെതന്നെ 93-94ൽ 400 മംഗള കവുങ്ങിൻ തൈകളും ഗ്രാമ്പൂ, സപ്പോട്ട, ഒട്ടുമാവിൻ തൈകൾ, പച്ചക്കറിവിത്തുകളും, കുരുമുളകുവള്ളികളും വിതരണം ചെയ്തിട്ടുണ്ട്. സമഗ്രകുരുമുളക് കൃഷി വികസനപരിപാടി പ്രകാരം വളരെയധികം കർഷകർ വളവും കീടനാശിനിയും സബ്സിഡിയും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയുടെ ഉപയോഗം മോണിട്ടറിംഗ് ചെയ്യുന്ന രീതി ഉണ്ടാവുന്നില്ല. ഒപെക് ധനസഹായത്തോടെ പ്രധാന നീരൊഴുക്ക് തോടുമായി ബന്ധപ്പെടുത്തി നീർമറി വികസനപരിപാടി നടപ്പാക്കിവരുന്നു. കിണർ കുഴിക്കുന്നതിനും, പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും കാർഷികയന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും, മണ്ണ് ജലസംരക്ഷണം, ഇടവിളകൃഷി, പശു, ആട് വളർത്തിൽ മുതലായവക്ക് 35000 രൂപ മുതൽ 4500രൂപ വരെ സബ്സിഡി നൽകിവരുന്നു. ഒപെക് പദ്ധതിപ്രകാരം സഹായം ലഭിക്കുന്നതിന് ബാങ്ക് വായ്പ

അനിവാര്യമാണ്. ബാങ്കുകളിൽ നിന്ന് ലോൺ അനുവദിക്കുന്നതിൽ വരുന്നകാലതാമസവും നടപടിക്രമങ്ങളിലെ സാങ്കേതികത്വവും കർഷകർക്ക് യഥാർത്ഥ ഗുണം ലഭിക്കാതെയാക്കുന്നു.

പഞ്ചായത്തിൽ വിതരണത്തിനായെത്തുന്ന നടീൽവസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കാൻ സ്ഥലമില്ലാത്തത് കൃഷിഭവന് ബുദ്ധിമുട്ടുകളുണ്ടാക്കുന്നു. പഞ്ചായത്തിന് ആവശ്യമില്ലാത്ത നടീൽവസ്തുക്കൾ നിർബന്ധമായി അടിച്ചേൽപിക്കുന്ന രീതിയാണുള്ളത്. ഇത്തരം വസ്തുക്കൾ കർഷകർ സ്വീകരിക്കാതെ കൃഷിഭവനിൽ കിടന്ന് നശിക്കുന്നു. അതുപോലെ തന്നെ നടീൽ വസ്തുക്കൾ നിർബന്ധമായി അടിച്ചേൽപിക്കുന്ന രീതിയാണുള്ളത്. ഇത്തരം വസ്തുക്കൾ കർഷകർ സ്വീകരിക്കാതെ കൃഷിഭവനിൽ കിടന്ന് നശിക്കുന്നു. അതുപോലെതന്നെ നടീൽവസ്തുക്കൾ സമയം തെറ്റിയാണ് എത്തിച്ചേരുന്നത്. സീസൺ കഴിഞ്ഞെത്തുന്നവ മുഴുവൻ നശിച്ചുപോവുന്നു. കീടനാശിനി ലൈസൻസുള്ള ഒരു ഡീലറും നമ്മുടെ കൃഷിഭവൻ ഏരിയായിൽ ഇല്ല. കർഷക ബോധവൽകരണക്യാമ്പുകൾ, പഠനയാത്രകൾ മുതലായവയിൽ യഥാർത്ഥ കർഷകരെ പങ്കെടുപ്പിക്കാൻ കഴിയുന്നില്ല. കൃഷിഭവൻ മുഖേന നടപ്പിലാവുന്ന പദ്ധതിയുടെ ആനുകൂല്യങ്ങൾ സ്ഥിരമായി കുറെപേർ മാത്രം ഉപയോഗപ്പെടുത്തിവരുന്നു.

കുറ്റ്യാടി ജലസേചനപദ്ധതിയുടെ ഭാഗമായി കുറ്റ്യാടി പഞ്ചായത്തിലൂടെ കനാലുകൾ തുറക്കുകയാണെങ്കിൽ കൃഷിയിൽ വൻതോതിൽ നേട്ടങ്ങൾ ഉണ്ടാക്കാം. 75 ഹെക്ടർ ഭൂമിയിൽ ജലസേചനം നടത്തി 150 ടൺ നെല്ല് അധികം ഉൽപാദിപ്പിക്കാം. 390 ഹെക്ടർ തെങ്ങുകൃഷി നനയ്ക്കാം. പ്രതീക്ഷിക്കാവുന്ന അധികവിളവ് 45000 തേങ്ങയാണ്. കമുക് 64 ഹെക്ടർ വിളവർദ്ധനവ് 2880 ടൺ, വാഴ 50 ഹെക്ടർ വിളവ് 250 ടൺ, പച്ചക്കറി ഇരുപത് ഹെക്ടർ 15 ലക്ഷം രൂപയുടെ അധികവരുമാനം ഉണ്ടാക്കാം. ഇവകൂടാതെ ആയിരത്തിലധികം കിണറുകളിലെ ജലക്ഷാമം പരിഹരിക്കാനും കഴിയുന്നതാണ്.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെയും ശേഖരിച്ച ദ്വിതീയ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ കാർഷികമേഖലയിൽ അടിയന്തിരശ്രദ്ധ പതിയേണ്ട പ്രശ്നങ്ങളെ താഴെ പറയും പ്രകാരം സംഗ്രഹിക്കാം.

1. ചില പ്രദേശങ്ങളിൽ മണ്ണിന് ഫലപുഷ്ടി കുറവാണ്.
2. തുണ്ടുഭൂമികളിൽ ആധുനികകൃഷിരീതികൾ പരീക്ഷിക്കാൻ കഴിയുന്നില്ല.
3. നെൽകൃഷി പ്രായേണ നഷ്ടമാണ്.
4. തേങ്ങക്കും മറ്റു ഉൽപന്നങ്ങൾക്കും ആവശ്യമായ വില കിട്ടുന്നില്ല.
5. ഊരത്ത്, വടയം, പ്രദേശങ്ങളിൽ വർഷകാല നീർക്കെട്ട് അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ പരീക്ഷിക്കാൻ തടസ്സമാവുന്നു.
6. ഊരത്ത്, നിട്ടൂർ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് ഗണ്യമാണ്.
7. വട്ടപ്പാറച്ചാലിൽ, കൊയ്യമ്പാറ, തുവ്വക്കുന്ന്, കോരങ്കോട്, കാപ്പുകുന്ന്, ചോരങ്കോട്കുന്ന്, തൊള്ളമ്പാറ മുതലായ സ്ഥലങ്ങളിൽ ജലലഭ്യത തീരെ കുറവാണ്.
8. നല്ലയിനം നടീൽ വസ്തുക്കൾ ആവശ്യമായ സമയത്ത് ലഭിക്കുന്നില്ല.
9. നെൽപാടങ്ങൾ വ്യാപകമായി നികത്തി പുരയിടങ്ങളാക്കുന്നു.
10. പച്ചക്കറി കൃഷിക്ക് കീടബാധ പ്രധാന പ്രശ്നമാവുന്നു.
11. ഉൽപാദനക്ഷമത കുറഞ്ഞുവരുന്നു,
12. ജൈവവസ്തുക്കൾ കിട്ടാനില്ല.
13. കർഷക തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.
14. കർഷക തൊഴിലാളികളുടെ കൂലിനിരക്കിനനുസരിച്ച് അവരുടെ സേവനനിലവാരം ഉയരുന്നില്ല.
15. തെങ്ങിന്റെ ഇടയകലം അസാധാരണമാംവിധം കുറവാണ്.
16. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടത്തിവരുന്നത്.
17. കാർഷികയന്ത്രോപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല.
18. ജലസേചനസൗകര്യങ്ങൾ വളരെ പരിമിതമാണ്.

കൃഷി മിക്കവാറും മഴയെ ആശ്രയിച്ചാണ് നടക്കുന്നത്.

19. നിലവിലുള്ള ചീർപ്പുകളും പരമ്പരാഗതജല സ്രോതസ്സുകളും ഉപയോഗിക്കാൻ കഴിയുന്നില്ല.

20. വിള ഇൻഷൂറൻസ് ആനുകൂല്യങ്ങൾ യഥാ വസരങ്ങളിൽ ലഭിക്കുന്നില്ല.

21. ബാങ്കുകളിൽ നിന്നും വായ്പാസൗകര്യം യഥാ വസരങ്ങളിൽ ലഭ്യമാകുന്നില്ല.

22. കൊപ്ര വിപണനത്തിന് പ്രാദേശിക സൗകര്യ ങ്ങളില്ല.

23. അശാസ്ത്രീയമായ രാസവളപ്രയോഗമാണ് നടക്കുന്നത്.

24. ചിലരോഗങ്ങൾ വ്യാപകമായി കണ്ടുവരുന്നു, തെങ്ങിന് കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, കു രുമുളകിന് ദ്രുതവാട്ടം, വാഴയ്ക്ക് കൂമ്പടപ്പ്, പച്ചക്കറിക്ക് കീടബാധ.

25. കൃഷിഭവന്റെ സേവനം വേണ്ട അളവിൽ ലഭി ക്കുന്നില്ല.

26. ഇരുപത് സെന്റിൽ താഴെയുള്ളവർക്ക് കാർ ഷികവായ്പകൾ ലഭിക്കുന്നില്ല.

27. ഒപെക് ധനസഹായം 35 സെന്റിന് മുകളിൽ മാത്രമേ ലഭിക്കുന്നുള്ളൂ.

28. കാർഷികവായ്പകൾ കാർഷികേതരപ്രവർത്ത നത്തിന് ഉപയോഗിക്കുന്നു.

29. പ്രധാന നീരൊഴുക്കുതോടുകൾ വിസ്താരം കുറച്ചുകൊണ്ടുവരുന്നു.

30. രാസവളം സമയത്തിന് ലഭിക്കുന്നില്ല.

നിർദേശങ്ങൾ-സാധ്യതകൾ

1. കുറ്റ്യാടി പുഴയോരത്തെ തരിശുഭൂമിയിൽ പച്ചക്കറി-കൂട്ടുകൃഷിസംരംഭമായി നടത്താം.

2. മൊബൈൽ മണ്ണുപരിശോധനായൂണിറ്റ് സ്ഥാ പിക്കണം.

3. കർഷകർക്ക് മണ്ണ് പരിശോധന നടത്തുന്നതി ന് ബോധവൽകരണം നടത്തുക.

4. വളയന്നൂർ ചിറയെ ഉപയോഗപ്പെടുത്തി ഊരത്ത് വയലിൽ മൂന്നുവിള കൃഷി നടത്താവുന്നതാണ്.

5. നടീൽ വസ്തുക്കളുടെ നഴ്സറി പഞ്ചായത്തിൽ തന്നെ ആരംഭിക്കുക.

6. വിള ഇൻഷൂറൻസിന്റെ ഘടന ലഘൂകരിക്കു ക.

7. ഉൽപന്നങ്ങൾക്ക് സംഭരണകേന്ദ്രം ഏർപ്പെടുത്തു ക.

8. കൊപ്രസംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കു ക.

9. നിലവിലുള്ള ചീർപ്പുകൾ റിപ്പയർ ചെയ്ത് ഉപ യോഗയോഗ്യമാക്കണം

10. വട്ടോളി കനാലിൽ നിന്നും കുറ്റ്യാടി പഞ്ചായത്തി ലേക്ക് കൈവഴി ഉപയോഗപ്പെടുത്തിയാൽ ജല സേചനം നടത്താം. വട്ടക്കണ്ടിപ്പാറക്കടുത്തു നിന്നും കനാൽവഴി നിട്ടൂർ പ്രദേശത്ത് ജല സേചനം നടത്തുക.

11. പഞ്ചായത്തിലെ എല്ലാ വീടുകളും പച്ചക്കറി കൃ ഷി നടത്താൻ പരിപാടികൾ തയ്യാറാക്കുക.

12. കർഷകർക്ക് അവാർഡുകളും പ്രോത്സാ ഹനങ്ങളും നൽകുക.

13. പരമ്പരാഗത ജലസ്രോതസ്സുകളും സ്വകാര്യകു ളങ്ങളും ഉപയോഗപ്പെടുത്തി ജലസേചനസൗ കര്യം മെച്ചപ്പെടുത്തുക.

14. നൂതനകാർഷിക യന്ത്രോപകരണങ്ങൾ ഉപയോ ഗിക്കാൻ പരിശീലനവും ധനസഹായവും നൽ കുക.

15. ഇടവിള കൃഷി പ്രോത്സാഹിപ്പിക്കാൻ ആക്ഷൻ പ്ലാൻ തയ്യാറാക്കുക.

16. കർഷക-കർഷക തൊഴിലാളിബന്ധം മെച്ചപ്പെടു ത്താനുതകുന്ന ബോധവൽകരണം നടത്തുക.

17. പ്രാദേശികമായി ഉൽപന്നങ്ങൾക്ക് വിപണനകേ ന്ദ്രങ്ങൾ കണ്ടെത്തി ഇടത്തട്ടുകാരെ ഒഴിവാക്കു ക.

18. നെൽകൃഷി ലാഭകരമാക്കാൻ പദ്ധതികൾ ആവി

ഷ്കരിക്കുക.

19. നെൽപാടങ്ങൾ നികത്തുന്നതിനെതിരെ നിയന്ത്രണങ്ങൾ കൊണ്ടുവരിക; സാമൂഹികസമ്മർദ്ദം ഉയർത്തിക്കൊണ്ടുവരിക.

20. ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നും കാർഷിക വായ്പകൾ ലഭിക്കുന്നതിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുക.

21. രാഷ്ട്രീയസംഘട്ടനങ്ങൾ ഉണ്ടാവുമ്പോൾ വിളനാശം വരുത്തുന്നത് ശക്തമായി നേരിടണം.

22. അലങ്കാരചെടികൾ, പട്ടുനൂൽപുഴു വളർത്തൽ, തേനീച്ച വളർത്തൽ, കൂൺകൃഷി, ഔഷധചെടികൾ, പുഷ്പചെടികൾ(ഓർക്കിഡ്, കുറ്റിമുല്ല) മുതലായവ പ്രോത്സാഹിപ്പിക്കുക.

23. വാർഡുതലത്തിൽ വിളമത്സരങ്ങൾ സംഘടിപ്പിക്കുക

24. പച്ചിലവളക്കൃഷി പ്രോത്സാഹിപ്പിക്കുക.

25. കമ്പോസ്റ്റുകുഴി പ്രോത്സാഹിപ്പിക്കുക

26. കമ്മ്യൂണിറ്റി ഇറിഗേഷന്റെ സാധ്യതകൾ ഉപ ഉപയോഗപ്പെടുത്തുക.

27. നടുപ്പൊയിൽ പ്രദേശത്ത് പൈക്കാട് തോട്ടിൽ തടയണ കെട്ടി ജലം സംഭരിച്ച് ജലസേചനവും കുടിവെള്ളക്ഷാമവും പരിഹരിക്കാം.

28. പുരയിടകൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതി ആവിഷ്കരിക്കുക.

29. കൃഷിഭവന്റെ സേവനം ജനകീയ സമിതികളിലൂടെ എല്ലാവിഭാഗങ്ങൾക്കും ലഭ്യമാക്കുക.

30. കേരസംരക്ഷണ സമിതികൾ പുനഃസംഘടിപ്പിക്കുക.

31. തുണ്ടുഭൂമികൃഷിക്കാർക്ക് കാർഷികാനുകൂല്യങ്ങൾ ലഭിക്കാൻ നടപടികൾ സ്വീകരിക്കുക.


32. മേൽപറഞ്ഞ കാര്യങ്ങൾ മുഴുവൻ ഉൾപെടുത്താവുന്ന തരത്തിൽ സമഗ്രനീർത്തടവികസന പദ്ധതി നടപ്പാക്കുക.

33. ദേശീയ നീർത്തട വികസനപരിപാടിയിൽ കുറ്റ്യാടി കുറ്റ്യാടി പഞ്ചായത്തിനെ മുഴുവനായി ഉൾപ്പെടുത്തുക.

34. തെങ്ങ്, നെല്ല്, മുതലായ കൃഷികളിൽ കൂട്ടുകൃഷി സമ്പ്രദായത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുക.

35. ഗാർഹികാവശ്യത്തിനുപയോഗിക്കുന്ന പമ്പുസെറ്റുകൾ കാർഷികാവശ്യങ്ങൾക്കുകൂടി ഉപയോഗപ്പെടുത്തുക.

36. കാർഷികപ്രസിദ്ധീകരണങ്ങൾ ജനങ്ങളിലെത്തിക്കുക.



പൊതുജനാരോഗ്യം

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ എടുത്തു പറയത്തക്ക ചികിത്സാസൗകര്യങ്ങൾ ഒന്നും ഇല്ലാതിരുന്ന കുറ്റ്യാടി പഞ്ചായത്ത് ചികിത്സാരംഗത്ത് വൻ നേട്ടങ്ങളുമായാണ് അടുത്തനൂറ്റാണ്ടിലേക്കു കടക്കുന്നത്. രോഗശാന്തിക്കായി നാട്ടുവൈദ്യന്മാരെയും മന്ത്രവാദികളെയും ആശ്രയിച്ചിരുന്ന ഈ നാട്ടുകാർ ഈ നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ഇംഗ്ലീഷ് ചികിത്സ എന്ന അലോപ്പതിയിലേക്ക് കടുന്നുവരുന്നത് ഡോ. ഡി.ഡി. ഭട്ടിന്റെ കുറ്റ്യാടിയിലേക്കുള്ള ആഗമനത്തോടുകൂടിയാണ്. അദ്ദേഹം ഒരുപാട് സേവനങ്ങൾ ഈ രംഗത്ത് അർപ്പിക്കുകയുണ്ടായിട്ടുണ്ട്, ശ്രീ കരുണാകരൻ വൈദ്യരും ആദ്യകാല ചികിത്സകരിൽ ഒരാളാണ്.

1957ലാണ് ധർമ്മാസ്പത്രി എന്ന് നാട്ടുകാർ വിളിച്ചിരുന്ന കുറ്റ്യാടി പ്രൈമറി ഹെൽത്ത് സെൻററർ പ്രവർത്തനമാരംഭിക്കുന്നതും. മുക്കത്ത്മൊയ്തീൻ ഹാജി പ്രസ്തുത ആസ്പത്രിക്ക് സ്ഥലം സൗജന്യമായി നൽകുകയും മകൻ ആലിക്കുട്ടി പ്രത്യേക താൽപര്യമെടുത്ത് സ്വന്തം വീടായ വെളുത്ത പറമ്പത്ത് എന്ന വീട്ടിൽ പ്രൈമറി ഹെൽത്ത് സെൻറർ താൽകാലികമായി തുടങ്ങുകയും ചെയ്തു. അന്നത്തെ ആരോഗ്യമന്ത്രിയായിരുന്ന ഡോ: എ. ആർ മേനോനായിരുന്നു ഇതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്.

ആധുനിക ചികിത്സാ രംഗത്ത് നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞ ഏതാനും വർഷങ്ങൾക്കള്ളിൽ ഒരുപാടു നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും രോഗികളുടെ എണ്ണം വർഷം പ്രതിവർദ്ധിച്ചുവരുന്നതായാണ് കാണൻ കഴിഞ്ഞിട്ടുള്ളത്.

സംസ്ഥാനത്തെ പൊതുമരണനിരക്ക് 5.9 ആണെങ്കിൽ നമ്മുടെ പഞ്ചായത്തിൽ സംസ്ഥാന ശരാശരിയെക്കാൾ അൽപം താഴെ 5.72 ആണ്. അതുപോലെ ശിശുമരണനിരക്കിലും നാം സംസ്ഥാനശരാശരിയെക്കാൾ വളരെ താഴെ 6.15ൽ നിൽക്കുന്നു. സംസ്ഥാന ശരാശരി 16 ആണ്. എന്നാൽ ജനനനിരക്ക് നമ്മുടെ പഞ്ചായത്തിൽ സംസ്ഥാനശരാശരിയായ 17നെക്കാൾ കൂടുതലാണ് (19).

1958ൽ പ്രൈമറി ഹെൽത്ത് സെൻററായി ആരംഭിച്ച ഇന്നത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ ആണ് പഞ്ചായത്തിലെ ആരോഗ്യരംഗത്തെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനം. ഇത് സൗകര്യപ്രദമായ പുതിയ കെട്ടിടത്തിലേക്കു മാറ്റിയത് കഴിഞ്ഞമാസമാണ്. അതുപോലെ പഞ്ചായത്തിലെ നടുപ്പൊയിലിൽ പ്രവർത്തിക്കുന്ന മറ്റൊരു ആരോഗ്യസ്ഥാപനമായ സർക്കാർ ആയുർവേദ ആശുപ്രതിക്ക് പുതുതായി പണിയുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനവും ഈയടുത്ത് നടക്കുകയുണ്ടായി.

ചികിത്സാരംഗത്ത് നെടുംതൂണുകളായി രണ്ട് സ്വകാര്യനഴ്സിംഗ് ഹോമുകൾ കുറ്റ്യാടി ടൗണിൽ പ്രവർത്തിക്കുന്നു. സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ സേവനവും എക്സ്റേ, ഇ.സി.ജി., അൾട്രാസൗണ്ട് സ്കാനിംഗ് എന്നീ സൗകര്യങ്ങളും പ്രസ്തുത സ്ഥാപനങ്ങളിൽ ലഭ്യമാണ്. ആധുനികസൗകര്യങ്ങളോടുകൂടിയ രണ്ട് ഡൻറൽ ക്ലിനിക്കുകളും കുറ്റ്യാടിയിൽ

പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ ഹോമിയോക്ലിനിക്കുകളും ആയുർവേദ ഫാർമസികളും ആയുർവേദ പ്രകൃതിചികിത്സാനഴ്സിംഗ്ഹോമും, യൂനാനി ചികിത്സാസൗകര്യവും കുറ്റ്യാടിയിലുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽ പറയത്തക്ക ചികിത്സാസൗകര്യങ്ങൾ ലഭ്യമല്ല.

1991ലെ സെൻസസ് അനുസരിച്ച് കുറ്റ്യാടി പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 17108 ആണ്. ഇതിൽ ഒരുവയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 302ഉം ഒരുവയസ്സുമുതൽ രണ്ടു വയസ്സുവരെ പ്രായമുള്ള കുട്ടികൾ 309 ഉം ആകുന്നു. രണ്ടുമുതൽ മൂന്നുവരെ വയസ്സ് പ്രായമുളഅള കുട്ടികൾ 386ഉം 3നും 5നും ഇടയിൽ വയസ്സുപ്രായമുള്ളവർ 542ഉം ആകുന്നു.

പഞ്ചായത്തിലെ അംഗവൈകല്യമുള്ളവരുടെ എണ്ണം 74ഉം സ്ഥായിയായ രോഗബാധിതരുടെ എണ്ണം 90ഉം ആകുന്നു.

ആരോഗ്യശീലവുമായി ബന്ധപ്പെട്ടതാണല്ലോ കക്കൂസ്. പഞ്ചായത്തിൽ മൊത്തം 2151 വീടുകൾക്ക് കക്കൂസ് ഉണ്ട്. എന്നാൽ 772 വീടുകൾക്ക് കക്കൂസ് ഇല്ല.

ഏതെങ്കിലും തരത്തിലുള്ള പകർച്ചവ്യാധികൾ സ്ഥിരമായി പഞ്ചായത്തിന്റെ ഒരു ഭാഗത്ത് കാണപ്പെടുന്നില്ല. ജനങ്ങളിൽ രോഗാതുരത കൂടുതലാണ് എന്നാണ് ഹെൽത്ത് സെന്ററിൽ ചികിത്സക്കെത്തുന്ന രോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവ് കാണിക്കുന്നത്. ത്വക്രോഗം, വാതരോഗം എന്നിവയിൽ രോഗികളുടെ എണ്ണം പ്രതിവർഷം വർദ്ധിച്ചു വരുന്നതായി സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു. പകർച്ചവ്യാധിരോഗികളുടെ എണ്ണവും വായുജന്യരോഗികളുടെ എണ്ണവും വർദ്ധിച്ചു തന്നെയാണ് വരുന്നത്.

കുറ്റ്യാടിക്കും സമീപപഞ്ചായത്തുകൾക്കും ആശ്രയമായ കമ്മ്യൂണിറ്റ് ഹെൽത്ത് സെന്ററിന് സൗകര്യപ്രദമായ കെട്ടിടം ആയെങ്കിലും ആവശ്യമായത്ര സ്റ്റാഫും, ചികിത്സോപകരണങ്ങളും ഇനിയും ആയിട്ടില്ല. എക്സ്-റേ സ്ഥാപിക്കാൻ മുറി സജ്ജീകരിച്ചിട്ടുണ്ടെങ്കിലും യന്ത്രങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടില്ല. ചികിത്സക്കാവശ്യമായ പല ഉപകരണങ്ങളും ഇനിയും സ്ഥാപിക്കേണ്ടിയിരിക്കുന്നു. ലബോറട്ടറി സൗകര്യം പൊതുജനങ്ങൾക്ക് വേണ്ടവിധത്തിൽ ഉപകാരപ്പെടുന്നില്ല. ചികിത്സക്കാവശ്യമായ മരുന്നുകൾ ആശുപത്രിയിൽ ലഭിക്കുന്നില്ല എന്ന പരാതി ശരിയാണെന്നാണ് കുറ്റ്യാടി ടൗണിലെ പെരുകിക്കൊണ്ടിരിക്കുന്ന സ്വകാര്യമെഡിക്കൽ ഷാപ്പുകളുടെ എണ്ണം കാണിക്കുന്നത്.

മൊത്തം 85 സ്റ്റാഫ് വേണ്ട സ്ഥാപനത്തിൽ 65 പേരെ ഇന്നുള്ളൂ. 2 ഡോക്ടർമാർ 4 സ്റ്റാഫ് നഴ്സുമാർ തുടങ്ങി 20 പോസ്റ്റുകളിൽ ആളില്ല. ആശുപത്രിയിൽ ഒരു അസ്ഥിരോഗവിദഗ്ധൻ ഇല്ലാത്തതിനാൽ ഈ പ്രദേശത്തുകാർ അനുഭവിക്കുന്ന വൈഷമ്യം കുറച്ചല്ല.

ആശുപത്രിയുമായി ബന്ധപ്പെട്ട നടക്കുന്ന ആരോഗ്യക്ളാസുകളെ പറ്റിയും സെമിനാറുകളെപറ്റിയും ടൗണിനുപുറത്തുള്ള ജനങ്ങൾ അറിയുന്നില്ല., അഥവാ അവർക്ക് ഉപയുക്തമാക്കാൻ കഴിയുന്നില്ല. ഹെൽത്ത് സെന്ററിൽ നിന്ന് ഗർഭിണികൾക്കും കുട്ടികൾക്കും നൽകുന്ന പ്രതിരോധകുത്തിവെയ്പ്പുകൾ യഥാസമയം നടക്കുകയും അമ്മമാർ അത് ഉപയുക്തമാക്കുകയും ചെയ്യുന്നുണ്ട്. കഴിഞ്ഞവർഷം 325 ജനനം നടന്നപ്പോൾ ശിശുമരണം നടന്നത് 2 മാത്രമാണ്.

ആശുപത്രിയുടെ പുരോഗതിക്കും വികസനത്തിനും ബഹുജനങ്ങൾ സഹകരിക്കുന്നുണ്ട്. ആശുപത്രി വികസനസമിതിയിൽഎല്ലാ വിഭാഗം ജനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ആശുപത്രിയിൽ നടക്കുന്ന പ്രതിരോധ കുത്തിവെപ്പുകളിൽ മഹിളാസമിതി സംഘം(എം.എസ്.എസ്) സഹായിക്കുന്നുണ്ട്.

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മരുന്നിനും ചികിൽസോപകരണങ്ങൾക്കുമായി കഴിഞ്ഞവർഷം 436200 രൂപ ചെലവഴിക്കുകയുണ്ടായി. ഫാമിലിപ്ലാനിംഗ് ടി.ബി. എന്നിവയ്ക്കുള്ള മരുന്നുകളുടെ ചെലവ് ഇതിൽ ഉൾപെടില്ല.

കമ്മ്യൂണിറ്റ് ഹെൽത്ത് സെന്ററിന്റെ കീഴിൽ ഒരു സബ്സെന്റർ 6ാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. അവിടെ ഒ.പി. സൗകര്യം ഇല്ല. ടൗണിൽ നിന്നും അകന്ന് സ്ഥിതിചെയ്യുന്ന 3,8,9 വാർഡുകളിൽകൂടി സബ്സെന്ററുകൾ സ്ഥാപിക്കണം. ഇതിനായി 3-ാം വാർഡിലും 9ാം വാർഡിലും സ്ഥലം സൗജന്യമായി

നൽകാൻ തദ്ദേശവാസികൾ തയ്യാറാണ്. 8ാം വാർഡിലെ ആയുർവേദ ആശുപത്രിയുടെ കെട്ടിടം പണി ഉടനെ പൂർത്തിയാക്കണം. ഇവിടെ മരുന്നു സൂക്ഷിക്കുവാനും മറ്റുമുള്ള സൗകര്യം ഏർപ്പാടു ചെയ്യണം. പഞ്ചായത്തിലെ ചില വാർഡുകളിൽ നിന്ന് അഞ്ചും ആറും കിലോമീറ്റർ സഞ്ചരിച്ചാലേ ടൗണിലെ ഹെൽത്ത് സെൻററിൽ എത്തുകയുള്ളൂ. സർക്കാർ ഹോമിയോ ഡിസ്പൻസറി പഞ്ചായത്തിൽ ഇല്ല. 3,4,6,7,9 വാർഡുകളിൽ ഹോമിയോ ഡിസ്പൻസറികൾ സ്ഥാപിക്കണം എന്ന നിർദേശവും അഞ്ചും ആറും വാർഡുകളിൽ ആയുർവേദ ഡിസ്പൻസറികൾ സ്ഥാപക്കണമെന്ന നിർദേശവും വന്നിട്ടുണ്ട്.

ക്യാൻസർ തുടങ്ങിയ മാരകരോഗങ്ങൾ ബാധിച്ചവർ പഞ്ചായത്തിലുണ്ട്. ജനങ്ങളെ ബോധവാന്മാരാക്കാൻ ക്യാൻസർ ഡിറ്റക്ഷൻ ക്യാമ്പുകളും ആരോഗ്യക്ലാസുകളും സംഘടിപ്പിക്കണം.

നമ്മുടെ പഞ്ചായത്തിലെ പൊതുജനാരോഗ്യത്തിന് ഭീഷണിയായി വളരുന്ന വിഷയത്താണ് ടൗണിലെ മലിനീകരണം. ഹോട്ടലുകൾ, കൂൾബാറുകൾ സ്വകാര്യആശുപത്രികൾ എന്നിവയിൽ നിന്ന് മലിനജലം ഓടയിലേക്കൊഴുകുകയാണ്. ഇത് ഓടയിൽ കെട്ടിക്കിന്നും പൊതുസ്ഥലങ്ങളിലേക്കൊഴുകിയും കൊതുകും ഈച്ചയും പെരുകുന്നു. മഴവെള്ളവും മലിനജലവും ശരിയായ രീതിയിൽ ഒഴുകാൻ പാകത്തിലല്ല ഓടകളുടെ നിർമ്മാണം. പലസ്ഥലങ്ങളിലും മണ്ണും മാലിന്യങ്ങളും നിറഞ്ഞ് അശുദ്ധജലം കെട്ടിക്കിടക്കുന്നു. ഇവിടെ വളരുന്ന കൊതുകുൾ അക്ഷരാർത്ഥത്തിൽ തന്നെ ജനങ്ങളുടെ ഉറക്കം കെടുത്തുന്നു. മലിനജലം സാംസ്കാരിക നിലയത്തിലേക്കുള്ള വഴിയിൽ കൂടി എം.ഐ.യുപി. സ്കൂൾ ഗ്രൗണ്ടിലേക്കൊഴുകി സ്കൂളിനും യാത്രക്കാർക്കും ദുരിതം സൃഷ്ടിക്കുന്നു. മത്സ്യമാർക്കറ്റിൽ നിന്നും മാംസസ്റ്റാളുകളിൽ നിന്നുമുള്ള അവശിഷ്ടങ്ങൾ കെട്ടിക്കിടന്ന് അവിടമാകെ വൃത്തിഹീനമായിരിക്കുന്നു. റിവർറോഡിൽ രോഗികളും അല്ലാത്തവരുമായ നാടോടികൾ കൂട്ടമായി വന്ന് താമസിച്ച് പരിസരം വൃത്തികേടാക്കുകയും രോഗം പരത്തുകയും ചെയ്യുന്നു.

ടൗൺ അടിച്ചുവാരി മാലിന്യങ്ങൾ ചെറുപുഴ പാലത്തിനടുത്ത് നിക്ഷേപിക്കുന്നത് തുടർന്നാൽ അവിടെയും മാലിന്യപ്രശ്നം ഗുരുതരമാകാൻ സാധ്യതയുണ്ട്.

മോട്ടോർ വാഹനങ്ങളുടെ ഹോണും, ഇടയ്ക്കിടെ ഏറ്റവും ഉയർന്ന ശബ്ദത്തിലുള്ള ഉച്ചഭാഷിണികൾ ഘടിപ്പിച്ചുപോകുന്ന പരസ്യവാഹനങ്ങളും ടൗണിൽ സൃഷ്ടിക്കുന്ന ശബ്ദശല്യവും ആരോഗ്യത്തിന് ഭീഷണിയായി വളരുകയാണ്.

പ്രശ്നങ്ങൾ

1. കുറ്റ്യാടി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ എക്സറേ, ഇ.സി.ജി., ലാബ്, ബ്ലഡ് ബാങ്ക് സൗകര്യങ്ങൾ ഇല്ല.
2. ആവശ്യമായത്ര വിദഗ്ദ്ധ ഡോക്ടർമാരും സ്റ്റാഫും ആശുപത്രിയിൽ ഇല്ല.
3. പഞ്ചായത്തിൽ ടൗണുമായി ബന്ധമില്ലാത്ത ഉൾപ്രദേശങ്ങളിൽ ചികിത്സാ സൗകര്യങ്ങൾ ഇല്ല.
4. ആരോഗ്യവകുപ്പ് ജീവനക്കാരുടെ ബോധനക്ലാസും സെമിനാറുകളും ഫീൽഡ് വർക്കുകളും കൂടുതൽ ജനങ്ങളിലെത്തിക്കുന്നില്ല.
5. ടൗണിലെ പരിസര മലിനീകരണം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
6. 3-ാം വാർഡിലെ എടവന്താഴ നാലുസെൻറുകോളനി 4-ാം വാർഡിലെ മാവുള്ളചാൽ ലക്ഷംവീട് എന്നിവിടങ്ങളിൽ കക്കൂസ് സൗകര്യം ഇല്ല.
7. ചില പ്രദേശങ്ങളിൽ വർഷകാലാരംഭത്തിൽ വയറിളക്കരോഗം കാണപ്പെടുന്നു.
8. പൊതുജനാരോഗ്യവകുപ്പിലെ സ്റ്റാഫിൻെറ പ്രവർത്തനങ്ങളിലെ കാര്യക്ഷമതയില്ലാത്ത അവസ്ഥ ടൗണിലെ ശുചീകരണപ്രവർത്തനത്തെ സാരമായി ബാധിക്കുന്നു.

സാധ്യതകൾ

1. കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ ആവശ്യമുള്ള ഡോക്ടർമാർ അടക്കമുള്ള സ്റ്റാഫിനെ ഉടൻ നിയമിക്കുക.
2. ആശുപത്രിയിൽ എക്സ്-റേ, ബ്ലഡ്ബാങ്ക്, ഇ.സി.ജി. ലാബ് സൗകര്യങ്ങളും പോസ്റ്റ്മോർട്ടം

സൗകര്യവും ഏർപ്പെടുത്തുക.

3 ടൗണിൽ നിന്ന് അകലെയുള്ള പ്രദേശങ്ങളിൽ സബ്സെൻററുകളും ഹോമിയോ ഡിസ്പൻസറികളും സ്ഥാപിക്കുകയും നിലവിലുള്ള നിട്ടൂർ സബ്സെൻററിൽ ഒ.പി. സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

4. ടൗണിലെ മാലിന്യപ്രശ്നം പരിഹരിക്കാൻ ഓടകളിലെ മണ്ണും മുഴുവൻ നീക്കം ചെയ്ത് സ്ലാബിട്ട് മൂടുക.

5. മത്സ്യ, മാംസമാർക്കറ്റുകൾ ആധുനികരീതിയിൽ പണിത് വൃത്തിയായി സംരക്ഷിക്കുക.

6. ആൾ താമസമില്ലാത്ത സ്ഥലത്ത് സ്ഥലം കണ്ടെത്തി ട്രഞ്ചിംഗ് ഗ്രൗണ്ട് നിർമ്മിച്ച് മാലിന്യങ്ങൾ വളമായി മാറ്റാനുള്ള സംവിധാനം ഉണ്ടാക്കുക.

7. ഹെൽത്ത് ഡിപ്പാർട്ട്മെൻറിലെ ഫീൽഡ്സ്റ്റാഫിൻെറ സേവനം ഉൾപ്രദേശങ്ങളിൽ ഉറപ്പുവരുത്തുക.

8. കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൻെറ കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ ആരോഗ്യപ്രവർത്തകരുടെയും സേവനം ഗ്രാമപഞ്ചായത്തിൻെറ നിയന്ത്രണത്തിൽ കൊണ്ടുവരിക.

9 ചില പ്രദേശങ്ങളിൽ വർഷകാലാരംഭത്തിൽ കാണുന്ന വയറിളക്കരോഗം തടയാൻ യഥാസമയം കിണറുകളിൽ ജലശുദ്ധീകരണം നടത്തുക.

10. ആധുനികരീതിയിലുള്ള അഴുക്കുചാൽ കുറ്റ്യാടി ടൗണിൽ നിർമ്മിക്കുക.

പട്ടിക - 1

കക്കൂസിനെ സംബന്ധിച്ച വിവരം

വാർഡ് നമ്പ്ർ	ആകെ വീടുകളുടെ എണ്ണം	കക്കൂസുകൾ	
		ഉണ്ട്	ഇല്ല
1	274	209	65
2	370	289	81
3	254	176	78
4	347	284	63
5	198	107	91
6	338	207	131
7	364	194	170
8	539	402	137
9	390	333	57
	3074	2201	873





കുടിവെള്ളം

കുറ്റ്യാടി ഗ്രാമപഞ്ചായത്തിന്റെ കിഴക്കുഭാഗത്തു കൂടി ഒഴുകുന്ന കുറ്റ്യാടിപുഴ ഈ പ്രദേശത്തുകാർക്ക് വലിയ ഒരനുഗ്രഹമാണ്. ഇതുകൂടാതെ നിരവധി തോടുകളും ഗ്രാമത്തിൽ കൂടി ഒഴുകുന്നു. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് സ്വന്തം പുരയിടത്തിലെ കിണറുകളാണ്. ബാക്കിയുള്ളവർ അടുത്തവീടുകളിലെ കിണറുകളും അപൂർവ്വമായി പൊതുവിതരണടാപ്പിനെയും പൊതുകിണറുകളെയും ആശ്രയിക്കുന്നു. പഞ്ചായത്തിൽ ആകെ 19 പൊതുകിണറുകളും 13 പൊതുടാപ്പുകളും 7കുഴൽ കിണറുകളുമുണ്ട്.

പഞ്ചായത്തിൽ സ്വകാര്യവ്യക്തികൾക്ക് 2009 കിണറുകളുണ്ടെങ്കിലും ആണ്ടുമുഴുവൻ വെള്ളം കിട്ടുന്നത് 1501 ആകുന്നു. 508 കിണറുകളിൽ 2 മാസം മുതൽ നാല് മാസം വരെ വെള്ളം കിട്ടുന്നില്ല.

കുറ്റ്യാടിക്കും സമീപപഞ്ചായത്തുകൾക്കും കുടിവെള്ളമെത്തിക്കാനായി കേരള വാട്ടർ അതോറിറ്റി വക കിണർ കുറ്റ്യാടി പുഴയിലും, ട്രീറ്റ്മെൻറ് പ്ലാൻറും ടാങ്കും ഒന്നാംവാർഡിലെ കൊയ്യമ്പാറക്കുന്നിലുമാണ് സ്ഥാപിച്ചിട്ടുള്ളത്. വർഷങ്ങളായി പണി നടന്നുകൊണ്ടിരിക്കുന്ന പ്രസ്തുത പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്കിതുവരെ ലഭ്യമായിട്ടില്ല. പഞ്ചായത്തിലെ പല വാർഡുകളിലും ഇതിന്റെ ഭാഗമായി പൈപ്പ് ഇടുകയും ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ശുദ്ധജലത്തിനായി നാട്ടുകാരുടെ കാത്തിരിപ്പ് തുടരുകയാണ്. ടൗണിലും പരിസരങ്ങളിലുമുള്ള പൊതുടാപ്പുകളും സ്വകാര്യകണക്ഷനുകളും നേരത്തെ കുറ്റ്യാടിയിലുള്ള ജലവിതരണശൃംഖലയുടെ ഭാഗമാണ്.

കുറ്റ്യാടി പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും ഉയർന്ന പ്രദേശങ്ങളിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങളുണ്ട്. കഴിഞ്ഞവർഷത്തെ വരൾച്ചക്കാലത്ത് ഈ പ്രദേശങ്ങളിൽ മാസങ്ങളോളം ലോറിയിൽ കുടിവെള്ളമെത്തിക്കുകയുണ്ടായിട്ടുണ്ട്. കുടിവെള്ളക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങളെ വാർഡടിസ്ഥാനത്തിൽ താഴെ പറയുംപ്രകാരം സംഗ്രഹിക്കാം.

ഒന്നാംവാർഡ്: കൊയ്യമ്പാറക്കുന്ന്

രണ്ടാംവാർഡ്: കൊത്തകോട്ടുമ്മൽ, ഊരത്ത് ആശാരിക്കണ്ടിമീത്തൽ, വാഴയിൽ മീത്തൽ, കല്ലും പുറത്ത്ഭാഗം.

മൂന്നാംവാർഡ്: പാറയുള്ള പറമ്പത്ത് മുക്ക്, വെള്ളഞ്ചേരിച്ചാൽ, അമ്മച്ചിക്കണ്ടിക്കുന്ന്, അറുണിത്തറ ഭാഗം, എടവന്താഴ കോളനി, ആന്തിയൂർ ഭാഗം, കൊല്ലോറ്റ മീത്തൽ, ഉരുണിക്കുന്ന്, തടവട്ടത്ത് മീത്തൽ

നാലാം വാർഡ്: മാവുള്ള കോളനി, മാപ്പിളാണ്ടിഭാഗം, തൊള്ളമ്പാറക്കുന്ന്, നരിപ്പാറക്കുന്ന്, കളത്താംകുഴി, പാമ്പൻകോട് ഭാഗം, ചോരങ്കോട് കുന്ന്.

അഞ്ചാം വാർഡ്: കൊളത്താംകുഴി , കാരക്കണ്ടി, വള്ളിയുള്ളതറ, പന്നിവയൽ, വിലങ്ങൽ തറഭാഗം.

ആറാംവാർഡ്: കരണ്ടോട്ടുമ്മൽ ഭാഗം, കുയ്യാനോട് കുന്ന്, കാപ്പുകുന്ന്, ഞെള്ളോറകുന്ന്, പൂക്കുന്ന്, ആനപ്പാറ.

ഏഴാം വാർഡ് : തരിപ്പ, വിലങ്ങോട്ട്-കൂരങ്കോട്

എട്ടാംവാർഡ്: മത്തത്ത് പാത്തിപ്പാറ, വട്ടപ്പാറച്ചാൽ ഭാഗം, ഏകരത്ത് പുനത്തിൽ ഭാഗം, പൊന്നോലായി ഭാഗം, കുഴിക്കാട്, പുത്തമ്പുരയിൽ ഭാഗം, പൂളക്കണ്ടി ഭാഗം, കിളരിമലയിൽ ഭാഗം, കേളക്കണ്ടി

ഒമ്പതാംവാർഡ്: തരിപ്പയിൽ ഭാഗം, കൂരാറഭാഗം, കാര്യാട്ട്ഭാഗം, ചാലിൽ ഭാഗം, കൊടകപ്പറമ്പ് ഭാഗം

രൂക്ഷമായ ജലക്ഷാമത്തിന് പരിഹാരം കണ്ടെത്താൻ 3ാം വാർഡിലെ തറവട്ടത്ത് മീത്തൽ 4ാം വാർഡിലെ തൊള്ളമ്പാറ ഭാഗം 5ാംവാർഡിലെ പന്നിവയൽ കാരക്കണ്ടിഭാഗം, ആറാവാർഡിൽ പൂക്കുന്ന്, കുയ്യാനോട്കുന്ന്, ഞള്ളോറകുന്ന്, ഏലാവാർഡിലെ തരിപ്പക്കുന്ന്, കൂരങ്കോട് കുന്ന്, ഒമ്പതാംവാർഡിലെ കൂരാറ ഭാഗം എന്നിവിടങ്ങളിൽ പൊതുകിണറുകൾ കുഴിക്കാൻ സ്ഥലം സൗജന്യമായി നൽകാൻ തദ്ദേശവാസികൾ തയ്യാറാണ്. നാലാംവാർഡിൽ ചിട്ടയിൽ സ്ഥലം വിലക്കെടുത്ത് കിണറുകുഴിക്കാം. എട്ടാംവാർഡിലെ ഏകരത്ത്പുനത്തിൽ കിണറിന് സ്ഥലം സൗജന്യമായി നൽകും. അതുപോലെ അഞ്ചാം വാർഡിലെ വള്ളിയുള്ള തറയിൽ പൊതു സ്ഥലത്ത് കിണർകുഴിക്കാം.

കിണറുകൾ കുഴിക്കാൻ സാധ്യമല്ലാത്ത 10വാർഡിലെ പൊന്നേലായി ഏഴാംവാർഡിലെ തരിപ്പഭാഗം എട്ടാംവാർഡിലെ കിളറിമല എന്നിവിടങ്ങൾ ടാങ്കുകൾ നിർമ്മിച്ച് ജലവിതരണം നടത്തണം. 10ാം വാർഡിലെ തൈവച്ച പൂക്കുന്നുമ്മൽ നീരുറവയും ഗോവിന്ദൻകണ്ടിത്താഴ, മരുതോറ നീരുറവ, കുഞ്ഞിപ്പറമ്പ് നീരുറവ, ഏഴാംവാർഡിലെ അരീക്കൽ നീരുറവ എന്നിവ വികസിപ്പിച്ചാൽ ജലക്ഷാമത്തിന് അൽപമെങ്കിലും പരിഹാരമുണ്ടാക്കാം. ഒമ്പതാംവാർഡിലെ കൂരാറയിൽ കുഴൽകിണർ സ്ഥാപിക്കണം.

കുറ്റ്യാടി സമഗ്രജലവിതരണപദ്ധതി പൂർത്തിയാക്കുകയും കൂടിവെള്ളം ലഭിക്കാൻ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈൻ അൽപംകൂടി നീട്ടുകയും ചെയ്താൽ ഒരു പരിധിവരെ ജലക്ഷാമത്തിന് പരിഹാരമാകും. ഇതിനായി പല സ്ഥലത്തും പൈപ്പ് 75 മീറ്റർ മുതൽ 1 കി.മീ വരെ പുതുതായി പൈപ്പ് ലൈൻ ഇടണം.

കുറ്റ്യാടി ജലസേചനപദ്ധതിയുടെ ഭാഗമായ കനാൽ പഞ്ചായത്തിന്റെ അതിർത്തിയായ കുന്നുമ്മൽ പഞ്ചായത്തിലെ കടത്തനാടൻ കല്ലിനടുത്തുകൂടിയാണ് കടന്നുപോകുന്നത്. അവിടെ നിന്ന് ഒരു സബ്കനാൽ കുറ്റ്യാടിയിലേക്ക് നിർമ്മിച്ച് റഗുലേറ്ററി വാൽവ് ഉപയോഗിച്ച് വെള്ളം തുറന്നുവിട്ടാൽ പഞ്ചായത്തിൽ പലസ്ഥലത്തും ജലസേചനസൗകര്യമാകുന്നതോടെ കുടിവെള്ളക്ഷാമത്തിന് അൽപം പരിഹാരമാകും.

വേനൽക്കാലത്ത് ശുഷ്കിച്ചു പോവുന്ന കുറ്റ്യാടി പുഴയിൽ വാഹനങ്ങൾ നിർത്തിയിട്ട് കഴുകുന്നത് ജലമലിനീകരണത്തിന് കാരണമാകുന്നു.

പഞ്ചായത്തിൽ പൊതുശ്മശാനം ഉണ്ടെങ്കിലും അതുപയോഗിക്കാതെ തങ്ങളുടെ തുണ്ടുഭൂമിയിൽ തന്നെ ശവം മറവുചെയ്യുന്നതും കുടിവെള്ളം മലിനമാകാൻ കാരണമായേക്കും.

കുറ്റ്യാടി പുഴയിൽ നിന്ന് അനിയന്ത്രിതമായി മണൽവാരുന്നതും വയലുകൾ നികത്തി കെട്ടിടങ്ങൾ പണിയുന്നതും ജലനിരപ്പ് താഴാൻ ഇടയാക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമുള്ള ഉയർന്ന പ്രദേശങ്ങളിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
2. കുറ്റ്യാടിയിൽ നിലവിലുള്ള സമഗ്ര ശുദ്ധജലവിതരണപദ്ധതിപ്രകാരമുള്ള ടാപ്പുകൾ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം പരിഹരിക്കാൻ പര്യാപ്തമല്ല.
3. പുതിയ ടാപ്പുകൾ പല സ്ഥലത്തും സ്ഥാപിച്ചത് അശാസ്ത്രീയമായ രീതിയിലാണ്.
4. ചിലസ്ഥലങ്ങളിൽ ഭൂമിക്കടിയിൽ കരിങ്കൽ പാറകൾ ഉള്ളതിനാൽ കിണർ കുഴിക്കാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു.
5. കുറ്റ്യാടി പുഴയിൽ നിന്ന് അനിയന്ത്രിതമായി മണൽവാരുന്നത് ജലനിരപ്പ് താഴാനിടയാക്കുന്നു.

സാധ്യതകൾ

1. കുറ്റ്യാടി സമഗ്ര ശുദ്ധജലവിതരണപദ്ധതിയുടെ പണി ഉടനെ പൂർത്തീകരിക്കുകയും ആവശ്യമുള്ള പ്രദേശങ്ങളിൽ കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുകയും കൂടുതൽ സ്വകാര്യകണക്ഷനുകൾ നൽകുകയും ചെയ്ത് ജലക്ഷാമത്തിന് പരിഹാരം കാണുക.

2. ജലക്ഷാമപ്രദേശങ്ങളിൽ ആവശ്യമായ കിണറുകൾ കുഴിച്ചും പഴയവ റിപ്പയർ ചെയ്തും ജലലഭ്യത ഉറപ്പുവരുത്തുക.

3. പ്രകൃതിദത്തമായ നീരുറവകൾ വികസിപ്പിച്ചും ടാങ്കുകൾ നിർമ്മിച്ചും ചില സ്ഥലങ്ങളിൽ ശുദ്ധജലം ലഭ്യമാക്കാം.

4. പൊതുകിണറുകൾ റിപ്പയർ ചെയ്യാനുള്ള പൂർണ്ണാധികാരവും ഫണ്ടും ബന്ധപ്പെട്ട വകുപ്പ് ഗ്രാമപഞ്ചായത്തിനു നൽകുക.

5. മണ്ണിൽ കുഴികളുണ്ടാക്കിയും കൽവെട്ടുകുഴികൾ നിലനിർത്തിയും മണ്ണിന്റെ ജലസംഭരണശേഷി വർദ്ധിപ്പിക്കുക.

പട്ടിക -1

കിണറുകളെ സംബന്ധിച്ച വിവരം

വാർഡ് നമ്പ്ർ	ജലലഭ്യത			ആകെ	കിണറില്ലാത്തവർ
	12 മാസം	8 മാസം	6 മാസം		
1	135	36	9	180	94
2	211	36	12	259	111
3	109	28	9	146	108
4	109	109	18	236	111
5	78	36	16	130	68
6	203	11	5	219	119
7	157	51	7	215	149
8	290	31	12	333	206
9	209	85	17	311	79
	1501	423	105		1045

വിദ്യാഭ്യാസം

ആമുഖത്തിൽ പരാമർശിച്ച, തെക്കെ മലബാറിൽ നിന്നുവന്ന എഴുത്തച്ഛന്മാർ നടത്തിയിരുന്ന എഴുത്തുപള്ളികളിൽ നിന്നായിരുന്നു കുറ്റ്യാടി പഞ്ചായത്തിലെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചത്. സവർണജാതിയിൽപെട്ടവരും ഇതര സമുദായങ്ങളിലെ സമ്പന്നരുടെ മക്കളുമായിരുന്നു ഇവിടെ പഠിച്ചിരുന്നത്. 1910ൽ നരിക്കൂട്ടുംചാലിലെ താളിക്കുനിപൊയിലിൽ ആരംഭിച്ച എഴുത്തുപള്ളിയാണ് ഇവയിൽ ആദ്യത്തെത്. നിട്ടൂരിലെ പാലോങ്കരയിലും കുറ്റ്യാടി ടൗണിലും ഇത്തരം അനൗപചാരിക വിദ്യാലയങ്ങൾ ഉണ്ടായിരുന്നു.

1888ൽ നിട്ടൂരിൽ സ്ഥാപിച്ച ബാലഭാരതി സ്കൂളാണ് പഞ്ചായത്തിലെ ആദ്യവിദ്യാലയം. ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ സ്ഥാപിതമായ മറ്റു രണ്ടു വിദ്യാലയങ്ങളാണ് ഊരത്ത് എൽ.പി.യും എം.ഐ.യു.പി. സ്കൂൾ കുറ്റ്യാടി എന്നിവ. എൽ.പി. സ്കൂളായി തുടങ്ങിയ ബാലഭാരതി യു.പി. സ്കൂളായി ഉയർത്തി. പക്ഷേ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കുറവുകാരണം ബാലഭാരതി അടച്ചുപൂട്ടുകയാണുണ്ടായത്. ഇതിന്റെ സ്ഥാപകൻ പഴയമഠത്തിൽ രാമൻ നമ്പീശൻ ആയിരുന്നു.

1925ലാണ് എം.ഐ.യു.പി. സ്കൂൾ പ്രവർത്തനമാരംഭിച്ചത്. മദ്രസത്തുൽ ഇസ്ലാമിയ ഹയർ എലിമെൻററി സ്കൂളായി 8-ാം ക്ലാസുവരെ പഠനം നടന്നിരുന്ന വിദ്യാലയം കേരളപ്പിറവിക്കു ശേഷം എം.ഐ.യു.പി. സ്കൂളായി മാറി. 1927ൽ 'സലാഹുൽ ഇസ്ലാം സഭ' കുറ്റ്യാടി മദ്രസക്കു നിർമിച്ചുകൊടുത്ത കെട്ടിടത്തിലേക്കു മാറി. ആദ്യഘട്ടത്തിൽ ഇസ്ലാമിക മതപഠനവും ഇവിടെ വെച്ചു നടന്നിരുന്നു. ഒരു സമുദായം അതിന്റെ മതപരമായ ആവശ്യാർത്ഥം നിർമിച്ച കെട്ടിടം സമൂഹത്തിന്റെ പൊതു ഉപയോഗത്തിനു വിട്ടുകൊടുത്ത അപൂർവ ചരിത്രസംഭവമായിരുന്നു അത്. ഈ ഒരു സൗഹൃദം കുറ്റ്യാടി ഗവ. ഹൈസ്കൂളിന്റെ തുടക്കത്തിലും കാണാൻ കഴിയും. കുറ്റ്യാടി ഗവ. ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചത് കുറ്റ്യാടി ഇസ്ലാമിയാ കോളേജ് കെട്ടിടത്തിലായിരുന്നു. ദേശീയപ്രസ്ഥാനത്തിന്റെ സ്വാധീനം ജനമനസ്സുകളിൽ സൃഷ്ടിച്ച മതേതര സാംസ്കാരിക പൈതൃകത്തിന്റെ നിർദ്ദേശങ്ങളാണ് വിദ്യാഭ്യാസമേഖലയിലുണ്ടായ ഈ സഹകരണം.

ഞള്ളോറ ഭാഗത്ത് 'ലീലാവതി' എൽ.പി. സ്കൂൾ എന്ന പേരിൽ ഉണ്ടായിരുന്ന സ്കൂൾ പിൽക്കാലത്ത് അടച്ചുപൂട്ടുകയാണുണ്ടായത്. നടുപ്പൊയിൽ ഭാഗത്ത് ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലുണ്ടായിരുന്ന എൽ.പി. സ്കൂൾ ആദ്യകാല വിദ്യാലയങ്ങളിലൊന്നാണ്.

1974ൽ ആണ് കുറ്റ്യാടി ഗവൺമെൻറ് ഹൈസ്കൂൾ നിലവിൽ വന്നത്. ഹൈസ്കൂൾ പ്രവർത്തനമാരംഭിക്കാൻ കാലതാമസം നേരിട്ടത് പഞ്ചായത്ത്വാസികൾക്കിടയിൽ പൊതുവേയും സ്ത്രീകളിൽ വിശേഷിച്ചും ഉന്നതവിദ്യാഭ്യാസം നേടിയവർ കുറയാനിടയാക്കി. പി.എം. ബാവാച്ചി ഹാജി സംഭാവന ചെയ്ത സ്ഥലത്ത് നാട്ടുകാർ നിർമിച്ചുകൊടുത്ത കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. ഈ വിദ്യാലയത്തിൽ ആവശ്യത്തിന് കെട്ടിടമില്ലാത്തത് പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു. പുതിയ കെട്ടിടത്തിന് അനുമതി ആയിട്ടുണ്ടെങ്കിലും നിർമാണപ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. 1992ലാണ് കുറ്റ്യാടി ഗവ. ഹൈസ്കൂൾ ഹയർ സെക്കണ്ടറിയായി ഉയർത്തപ്പെട്ടത്.

കുറ്റ്യാടി എം.ഐ.യു.പി. സ്കൂൾ, നടുപ്പൊയിൽ യു.പി. സ്കൂൾ, ഊരത്ത് എൽ.പി. സ്കൂൾ, നിട്ടൂർ എൽ.പി. സ്കൂൾ, വടയം സൗത്ത് എൽ.പി. സ്കൂൾ, നിട്ടൂർ എം.എൽ.പി. സ്കൂൾ, വടയം നോർത്ത് എൽ.പി. സ്കൂൾ എന്നിവയാണ് പഞ്ചായത്തിലുള്ള എയിഡഡ് വിദ്യാലയങ്ങൾ. ഗവ. ഹയർ സെക്കണ്ടറി സ്കൂളാണ് ഏക സർക്കാർ വിദ്യാലയം. ഇവയുടെ വിശദാംശങ്ങൾ പട്ടിക 2ൽ കൊടുത്തിരിക്കുന്നു.

ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു പുറമെ 2 പാരലൽ കോളേജുകൾ, ഒരു അറബിക് കോളേജ്, 10 മദ്രസകൾ 2 ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, 2 കംപ്യൂട്ടർ ട്രെയ്നിങ്ങ് സെൻററുകൾ, ഒരു ഇൻഡസ്ട്രിയൽ ട്രെയ്നിങ്ങ് സെൻറർ, രണ്ട് അൺ എയിഡഡ് വിദ്യാലയങ്ങൾ എന്നിവയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കോളേജ് വിദ്യാഭ്യാസത്തിന് മുഖ്യമായി ആശ്രയിക്കുന്നത് മടപ്പള്ളി, പേരാമ്പ്ര, മൊകേരി എന്നിവിടങ്ങളിലുള്ള ഗവ. കോളേജുകളെയും പാരലൽ കോളേജുകളെയുമാണ്. നഗരങ്ങളിലെ ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം വളരെ കുറവാണ്.

കുറ്റ്യാടിയിൽ പ്രവർത്തിക്കുന്ന അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം യു.പി. സ്കൂളിൽ സി.ബി.എസ്.ഇ. സിലബസ്സനുസരിച്ചും എൽ.പി. സ്കൂളിൽ സ്റ്റേറ്റ് സിലബസ്സനുസരിച്ചുമാണ് അധ്യയനം നടക്കുന്നത്. സാമ്പത്തികശേഷിയുള്ളവരുടെ കുട്ടികളാണ് ഈ വിദ്യാലയങ്ങളിൽ പഠിക്കുന്നത്.

ഇതോടനുബന്ധിച്ചുള്ള പട്ടിക 2ൽ പഞ്ചായത്തിനകത്തുള്ള വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കൊടുത്തിരിക്കുന്നു. ഇതിനു പുറമെ പഞ്ചായത്തിലെ വടയം നടുപ്പൊയിൽ ഭാഗത്തുനിന്നുള്ള കുട്ടികൾ കുന്നുമ്മൽ പഞ്ചായത്തിലെ വട്ടോളി നാഷനൽ ഹൈസ്കൂൾ, വട്ടോളി ജി.യു.പി. സ്കൂഷ്, ചേരാപുരം യു.പി. സ്കൂൾ, വേളം ഹൈസ്കൂൾ എന്നിവിടങ്ങളിലും പഠിക്കുന്നു. താഴെ വടയം നിട്ടൂർ ഭാഗത്തുള്ള വിദ്യാർത്ഥികൾക്ക് യു.പി., ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുവേണ്ടിയും ഊരത്ത് തെക്കാൾ ഭാഗം ഊരത്ത് മാവുള്ളചാൽ ഭാഗം എന്നിവിടങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് എൽ.പി., യു.പി., ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുവേണ്ടിയും മൂന്നു കിലോമീറ്റർ വരെ യാത്ര ചെയ്യേണ്ടിവരുന്നു. ഇതു കാരണം പഞ്ചായത്തിലെ 5, 6, 7, 9 വാർഡുകളിലെ ഗ്രാമസഭകളിൽ നിലവിലുള്ള എൽ.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യമുയരുകയുണ്ടായി.

കുറ്റ്യാടി ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ മരുതോങ്കര, കായക്കൊടി പഞ്ചായത്തിൽ നിന്നുള്ള കുട്ടികൾ പഠിക്കുന്നുണ്ട്. എന്നാൽ എസ്. എസ്. എൽ. സി. വിജയശതമാനം കുറഞ്ഞത് കാരണം പഞ്ചായത്തിൻെറ കിഴക്കുഭാഗത്തുള്ള കുട്ടികൾ സമീപ പഞ്ചായത്തിലെ മെച്ചപ്പെട്ട വിദ്യാലയങ്ങളിലേക്കു പോവുന്ന പ്രവണത വർദ്ധിച്ചുവരുന്നു.

സാമൂഹ്യ സാമ്പത്തിക ചുറ്റുപാടുകളുടെ അപര്യാപ്തത കാരണം ചെറിയ തോതിലുള്ള കൊഴിഞ്ഞുപോക്ക് ദൃശ്യമാകുന്ന സ്കൂളുകളുണ്ട്. രക്ഷിതാക്കളുടെ അശ്രദ്ധയും ഇതിൽ പങ്കുവഹിക്കുന്നു. ഇവരെ തിരികെ സ്കൂളുകളിൽ കൊണ്ടുവരാൻ ശ്രമം നടത്തേണ്ടതുണ്ട്.

കഴിഞ്ഞ നാലുവർഷത്തെ കണക്കുകൾ പരിശോധിച്ചാൽ മിക്ക വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണാം. ഇംഗ്ലീഷ് മീഡിയ ഭ്രമം, ജനനനിരക്കിലുള്ള കുറവ്, പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ നിലവാരത്തകർച്ച കാരണം സമീപ പഞ്ചായത്തിലെ വിദ്യാലയങ്ങളിലേക്കുള്ള ആകർഷണം എന്നിവ ഇതിൻെറ മുഖ്യ കാരണങ്ങളാണ്. കുട്ടികൾ കുറഞ്ഞതിൻെറ ഫലമായി നിട്ടൂർ എൽ.പി. സ്കൂൾ അൺ ഇക്കണോമിക്കായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

മിക്ക സ്കൂളുകളുടെ ഭൗതികസാഹചര്യം തൃപ്തികരമല്ല. കേട്ടിടങ്ങളുടെ ശോച്യാവസ്ഥയും പ്രാഥമികസൗകര്യങ്ങളുടെ അപര്യാപ്തതയും മിക്ക വിദ്യാലയങ്ങളിലും നിലനിൽക്കുന്നു. സ്റ്റാഫ് റൂം, പാചകമുറി എന്നിവ ഇല്ലാത്ത വിദ്യാലയങ്ങളുണ്ട്. ഒറ്റ വിദ്യാലയത്തിലും ആവശ്യമായത്ര മൂത്രപ്പുരകളില്ല. കുടിവെള്ളം 2 സ്കൂളുകളൊഴികെ എല്ലാ വിദ്യാലയങ്ങളിലും ലഭ്യമാണ്

നിട്ടൂർ എം.എൽ.പി. സ്കൂൾ മാനേജ്മെൻറ് കൈമാറ്റം സാങ്കേതികകാരണങ്ങളാൽ നടക്കാ

ത്തതും ക്വാളിഫൈഡ് ഹെഡ്മാസ്റ്റർ ഇല്ലാത്തതും സ്കൂൾ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്.

കുറ്റ്യാടി ഗവ. ഹൈസ്കൂളിലെ കഴിഞ്ഞ 5 വർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനം ചുവടെ കൊടുക്കുന്നു.

പട്ടിക 1

എസ്.എസ്.എൽ.സി. വിജയശതമാനം

ക്രമനമ്പർ	വർഷം	വിജയശതമാനം
1	1992	21
2	1993	16
3	1994	24
4	1995	13
5	1996	18

പഠനനിലവാരം സംബന്ധിച്ച വിശദമായ പഠനം നടത്താൻ കഴിഞ്ഞിട്ടില്ല. 1996 ആഗസ്റ്റിൽ നടത്തിയ കാൽക്കൊല്ല പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ നടത്തിയ പഠനത്തിൽ നിന്ന് മനസ്സിലാകുന്നത് 30%നു മേൽ മാർക്കു ലഭിച്ച കുട്ടികൾ 40% മാത്രമേ ഉള്ളൂ എന്നാണ്.

പഞ്ചായത്ത് വക രണ്ടു നഴ്സറി സ്കൂളുകളും സ്വകാര്യ ഏജൻസികൾ നടത്തുന്ന രണ്ടു നഴ്സറി സ്കൂളുകളും ഭരത്മാതാ മഹിളാസമാജം നടത്തുന്ന സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള ഒരു നഴ്സറി സ്കൂളുമാണ് കുറ്റ്യാടി പഞ്ചായത്തിലുള്ളത്. സാമ്പത്തികമായി ഉയർന്ന വിഭാഗത്തിൽ പെട്ടവരുടെ കുട്ടികളാണ് ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകളിൽ പഠിക്കുന്നത്.

പ്രശ്നങ്ങൾ

1. കുറ്റ്യാടി ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ എസ്.എസ്.എൽ.സി. ഹയർ സെക്കണ്ടറി വിജയശതമാനം സംസ്ഥാന ശരാശരിക്കു വളരെ താഴെയാണ്.
2. മിക്ക സ്കൂളുകളിലെയും ഭൗതികസാഹചര്യം തൃപ്തികരമല്ല.
3. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറയാനുള്ള സാധ്യത മിക്ക വിദ്യാലയങ്ങളിലും നിലനിൽക്കുന്നു.
4. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ചേർന്നു പഠിക്കുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നു.
5. സാധാരണക്കാർക്ക് പ്രാപ്യമായ നഴ്സറി സ്കൂളുകൾ വേണ്ടത്ര ഇല്ല.
6. എം.ഐ.യു.പി. സ്കൂൾ അധ്യാപകരും വിദ്യാർത്ഥികളും പരിസരമലിനീകരണത്തിന്റെ കെടുതികൾ അനുഭവിക്കുന്നു.
7. നഴ്സറി സ്കൂളുകളിൽ അശാസ്ത്രീയമായ അധ്യാപനരീതി പിന്തുടരുന്നു.
8. കുറ്റ്യാടി ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ ചില വിദ്യാർത്ഥികളിലെ അക്രമവാസന അധ്യയനദിവസങ്ങൾ നഷ്ടപ്പെടുത്തുന്നു. അനാരോഗ്യകരമായ ബാഹ്യ ഇടപെടൽ പ്രശ്നം സങ്കീർണമാക്കുന്നു.
9. ഊരത്ത് എൽ.പി. സ്കൂളുകളിലെ ക്ലാസ് മുറികളിൽ വേണ്ടത്ര വെളിച്ചം ലഭിക്കുന്നില്ല.
10. നടുപ്പൊയിൽ വടയം ഭാഗത്തുള്ള വിദ്യാർത്ഥികൾ യു.പി., ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി സമീപ പഞ്ചായത്തുകളിലെ വിദ്യാലയങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.
11. തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ നിലച്ചത് നവസാക്ഷരരെ പ്രതികൂലമായി ബാധിച്ചു. അവരുടെ ആത്മവീര്യം നശിപ്പിക്കാനിട വരുത്തി.
12. അധ്യാപനം വിരസമായ പാരമ്പര്യരീതിയിൽ തന്നെയാണ് നടക്കുന്നത്. പഠന സഹായികൾ ഉപയോഗിക്കാനോ പരീക്ഷണങ്ങൾ കാണിച്ചുകൊടുക്കാനോ ഉള്ള സൗകര്യം മിക്ക വിദ്യാലയങ്ങളിലുമില്ല.
13. ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ പരിമിതമാണ്. ഉള്ളിടങ്ങളിൽ അവ പ്രയോജനപ്പെടുത്തുന്നില്ല.
14. പഠനം മെച്ചപ്പെടുത്താൻ ഫലപ്രദമായ ജനകീയ ഇടപെടൽ നടക്കുന്നില്ല.
15. മാതൃ പി.ടി.എ.കൾ മിക്ക വിദ്യാലയങ്ങളിലും ഇല്ല.

16. മാതൃസംഗമം വർഷംതോറുമുള്ള അനുഷ്ഠാനമായി മാറുന്ന പ്രവണതയുണ്ട്.

17. പഞ്ചായത്തിൽ സാങ്കേതിക വിദ്യാലയങ്ങൾ ഇല്ല.

18. മെയിൻറനൻസ് ഗ്രാൻറ് പല മാനേജർമാരും നിർദ്ദിഷ്ടകാര്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല.

പരിഹാരങ്ങൾ, സാധ്യതകൾ

പി.ടി.എ. പ്രവർത്തനം ശക്തിപ്പെടുത്തി ഭൗതികസാഹചര്യം മെച്ചപ്പെടുത്താനുള്ള ശ്രമം നടത്തണം. മാതൃസംഗമങ്ങൾ കുട്ടികളുടെ പഠനകാര്യങ്ങളിൽ ശ്രദ്ധചെലുത്താൻ പ്രചോദനമേകുന്ന വേദിയാക്കിത്തീർക്കണം. ക്ലാസ് റൂം പി.ടി.എ. സാദ്ധ്യമായേടത്തെല്ലാം രൂപീകരിക്കണം. പഠനനിലവാരം മെച്ചപ്പെടുത്താൻ ഇവ സഹായിക്കും.

വിദ്യാലയങ്ങളുടെ നിലവാരം ഉയർത്താൻ കോഴിക്കോട് ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച ജനകീയ വിദ്യാഭ്യാസപദ്ധതി പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും പ്രാവർത്തികമാക്കുന്നുണ്ട്. ബഹുജനപങ്കാളിത്തം വർദ്ധിപ്പിച്ച് ഈ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

പഞ്ചായത്തിൽ സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങളില്ലാത്ത കുറവു നികത്താൻ ഒരു പോളിടെക്നിക്കോ ടെക്നിക്കൽ ഹൈസ്കൂളോ തുടങ്ങാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമായ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൻെറ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ബഹുജനസഹകരണത്തോടെ പരിപാടികൾ തയ്യാറാക്കണം. അനുവദിച്ചു കിട്ടിയ കെട്ടിടത്തിൻെറ നിർമാണം ഉടൻ ആരംഭിക്കാൻ സർക്കാറിൽ സമ്മർദ്ദം ചെലുത്തണം. അക്രമവാസന പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കളുമായി ബന്ധപ്പെട്ട് വിദ്യാലയന്തരീക്ഷം മെച്ചപ്പെടുത്താൻ അവരുടെ സഹായം തേടണം. ഹയർ സെക്കണ്ടറി സ്കൂളിൽ പഞ്ചായത്ത് മുൻകൈ എടുത്ത് ഒരു സ്റ്റേഡിയം നിർമിച്ചാൽ കുറ്റ്യാടിക്ക് അതൊരു മുതൽക്കൂട്ടാവും.

എം.ഐ.യു.പി. സ്കൂളിലെ മലിനീകരണപ്രശ്നം പരിഹരിക്കാൻ അധികൃതരുടെ ഭാഗത്തുനിന്ന് നടപടിയുണ്ടാവണം. ഊരത്ത് എൽ.പി. സ്കൂളിലെ ക്ലാസ്മുറികളിൽ വെളിച്ചം കിട്ടാൻ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണം.

പാവപ്പെട്ടവർ താമസിക്കുന്ന പ്രദേശങ്ങളിലും കോളനികൾക്കടുത്തും പഞ്ചായത്ത് കൂടുതൽ മലയാളം മീഡിയം നഴ്സറി സ്കൂളുകൾ ആരംഭിക്കണം.

എയിഡഡ് സ്കൂളുകളെ ഗ്രാമ പഞ്ചായത്തിൻെറ നിയന്ത്രണത്തിൽ കൊണ്ടുവരാൻ സർക്കാറിനോടാവശ്യപ്പെടണം. നിലവാരം മെച്ചപ്പെടുത്താൻ ഇതു സഹായിക്കും.

നവസാക്ഷരർ വീണ്ടും നിരക്ഷരരാവാതിരിക്കാൻ തുടർ സാക്ഷരതാ പരിപാടി സജീവമായി നടത്തണം.

അദ്ധ്യാപകർക്ക് തുടർ പരിശീലനത്തിന് പഞ്ചായത്ത് പരിപാടികൾ ആവിഷ്കരിക്കണം.


ആവശ്യമായ സ്ഥലങ്ങളിൽ എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളായി ഉയർത്തണം.

പട്ടിക 2

വിദ്യാലയവിവരം

ക്രമ നമ്പർ	വിദ്യാലയത്തിൻെറ പേര്	കുട്ടികളുടെ എണ്ണം				അധ്യാപകരുടെ എണ്ണം		
		1993-94	94-95	95-96	96-97	പു	സ്ത്രീ	ആകെ
1	വടയം നോർത്ത് എൽ.പി.എസ്	170	174	177	165	2	4	6
2	നിട്ടൂർ എൽ.പി.എസ്	111	101	94	85	2	2	4
3	വടയം സൗത്ത് എൽ.പി.എസ്	230	227	218	220	5	4	9
4	ഊരത്ത് എൽ.പി.എസ്	243	244	241	228	6	3	9
5	നിട്ടൂർ എം.എൽ.പി.എസ്	140	132	138	130	3	3	6
6	നടുപ്പൊയിൽ യു.പി.എസ്	854	813	802	770	20	10	30
7	എം.ഐ.യു.പി.എസ്. കുറ്റ്യാടി	1783	1513	1720	1578	39	16	55
8	ഗവ. ഹയർ സെക്കണ്ടറി സ്കൂൾ കുറ്റ്യാടി	1533	1665	1552	1465	39	14	53

വിദ്യാലയങ്ങളിലെ ആൺകുട്ടി - പെൺകുട്ടി അനുപാതം



മുകളിലെ വൃത്തം ആൺകുട്ടികളുടെ എണ്ണം

കുറ്റ്യാടി ഗ്രാമ പഞ്ചായത്ത് 1996-97 വിദ്യാഭ്യാസവർഷം
യൂണിഫോം, തുണി, കുട, ക്യാഷ് അവാർഡ് വിതരണം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	യൂണിഫോം, തുണി ലഭിച്ച കുട്ടികളുടെ എണ്ണം	കുട ലഭിച്ച കുട്ടികളുടെ എണ്ണം	ക്യാഷ് അവാർഡ് ലഭിച്ച കുട്ടികളുടെ എണ്ണം
1	ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂൾ, കുറ്റ്യാടി	-	6	6
2	എം.ഐ.യു.പി. സ്കൂൾ, കുറ്റ്യാടി	35	50	7
3	നടുപ്പൊയിൽ യു.പി. സ്കൂൾ, വടയം	30	45	7
4	വടയം നോർത്ത് എൽ.പി. സ്കൂൾ, വടയം	24	12	5
5	വടയം സൗത്ത് എൽ.പി. സ്കൂൾ, വടയം	30	15	4
6	നിട്ടൂർ എൽ.പി. സ്കൂൾ, നിട്ടൂർ	14	8	4
7	നിട്ടൂർ എം.എൽ.പി. സ്കൂൾ, നിട്ടൂർ	16	10	4
8	ഊരത്ത് എൽ.പി. സ്കൂൾ, ഊരത്ത്	19	19	4



ഗതാഗതം

ഒരു പ്രദേശത്തിന്റെ വികസനത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളിൽ പരമപ്രധാനമാണ് ഗതാഗത സൗകര്യങ്ങൾ. കേരളത്തിലെ ഗ്രാമങ്ങളിൽ കഴിഞ്ഞ ഏതാനും വർഷങ്ങളിൽ നടന്ന ഏറ്റവും പ്രധാനപ്പെട്ട വികസനപ്രവർത്തനവും റോഡുനിർമ്മാണം തന്നെ. അഖിലേന്ത്യാ ശരാശരിയേക്കാൾ വളരെ ഉയർന്ന ശരാശരി റോഡ് ലഭ്യത ഇന്ന് കേരളത്തിലുണ്ട്. ഈ വിഷയത്തിൽ പ്രാദേശിക സന്നദ്ധപ്രവർത്തനവും ജനപങ്കാളിത്തവും വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളും ഈ ഇനത്തിൽ വലിയ തുക ചിലവഴിച്ചതായി കാണാം. ഉൽപാദനരംഗത്ത് മാറ്റങ്ങളുണ്ടാക്കാൻ ഉദ്ദേശിച്ചുള്ള പല പദ്ധതികളുടെയും വിഹിതംപോലും റോഡു നിർമ്മാണത്തിന് വേണ്ടി തിരിച്ചുവിട്ടതായി കാണാം.

കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന കൃഷിഭൂമി നികത്തലിന്റെ ഫലമായി ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിന് മുഖ്യകാരണം അശാസ്ത്രീയമായ റോഡുനിർമ്മാണമാണെന്ന് കാണാൻ കഴിയും. വയലുകൾക്ക് കുറുകെ റോഡുണ്ടാക്കുമ്പോൾ ജലനിർഗ്ഗമനം അസാധ്യമാവുകയും വെള്ളക്കെട്ടുണ്ടാക്കി കൃഷിനാശം സംഭവിക്കുകയും ചെയ്യാറുണ്ട്.

കുറ്റ്യാടി പഞ്ചായത്തിൽ മെച്ചപ്പെട്ട ഒരു റോഡു ശൃംഖലയാണുള്ളത് എന്ന് പറയാമെങ്കിലും മിക്ക റോഡുകളും ഗതാഗതയോഗ്യമല്ല. 1964 ജനുവരി 1-ാം തിയ്യതി കുറ്റ്യാടി പഞ്ചായത്ത് ഭരണസമിതി നിലവിൽ വരുന്ന കാലത്ത് പഞ്ചായത്തിൽ ഗതാഗതസൗകര്യം വളരെ കുറവായിരുന്നു. കുറ്റ്യാടിയെ നേഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുന്ന കുറ്റ്യാടി - കൈനാട്ടി റോഡു മാത്രമാണ് ടാർ റോഡായി ഉണ്ടായിരുന്നത്. ഹമീദലി ഷംനാട്, നാദാപുരം നിയോജകമണ്ഡലം എം.എൽ.എ. ആയിരുന്ന കാലത്ത് അദ്ദേഹം പ്രത്യേക താല്പര്യം ഇക്കാര്യത്തിൽ കാണിച്ചിരുന്നു. കുറ്റ്യാടി പഞ്ചായത്ത് അന്ന് നാദാപുരം നിയോജകമണ്ഡലത്തിന്റെ ഭാഗമായിരുന്നു. മലബാർ ഭാഗത്തെ തേങ്ങയുടെ പ്രധാന വിപണന കേന്ദ്രമായി അറിയപ്പെട്ടിരുന്ന മയ്യണ്ണൂരിലേക്ക് കൊപ്രയും ബോഡയും (ഉണ്ട കൊപ്ര) കാൽനടയായി (കാവാക്കി) തുലാറ്റംനടവഴിയായിരുന്നു പോയിരുന്നത്. കാളവണ്ടിയായിരുന്നു പ്രധാന വാഹനമായി ചരക്കു കയറ്റാൻ ഉപയോഗിച്ചിരുന്നത്. ചാത്തുമ്പറമ്പത്ത് അമ്മതും, പൊന്നാർകണ്ടി രാമൻ നായരും, പൊന്നാർകണ്ടി കണ്ണൻ നായരും, പൂളത്തറ ചെക്കായിയും സ്വന്തമായി കാളവണ്ടി ഉള്ളവരും ഈ രംഗത്ത് പ്രധാന സേവനമർപ്പിച്ചിരുന്നവരുമാണ്. രോഗികളെയും മറ്റും കൊണ്ടുപോകാൻ അക്കാലങ്ങളിൽ മഞ്ചലും ഉപയോഗിച്ചിരുന്നു. വടകര ഭാഗത്തുനിന്നും വേളം പഞ്ചായത്തിലെ തീക്കുനിയിൽ നിന്നും കുറ്റ്യാടി ഭാഗത്തേക്ക് മത്സ്യവും കൊണ്ടുവന്നിരുന്നത് കാൽനടയായി തന്നെയാണ്. കുറ്റ്യാടിയിൽ ആദ്യകാലങ്ങളിൽ സ്വന്തമായി ടാക്സി വാഹനങ്ങൾ (വേൻ) ഉള്ളവരിൽ കെ.പി. മൊയ്തീൻ ഹാജി (കുറ്റ്യാടി) പ്രമുഖനായിരുന്നു. ഗതാഗതരംഗത്തെ മാറ്റത്തിൽ ബസ്സുകളുടെ രൂപത്തിൽ വന്ന മാറ്റവും ശ്രദ്ധേയമാണ്. കുറ്റ്യാടി ബസ്സ്റ്റാൻഡിൽ കൂടി മാത്രം നിത്യേന കെ.എസ്.ആർ.ടി.സി. ബസ്സുകൾ കൂടാതെ 131 സ്വകാര്യബസ്സുകൾ കടന്നുപോവുന്നു. സൗകര്യപ്രദമായ രീതിയിലുള്ള ടാക്സി സ്റ്റാൻറുകൾ (ഓട്ടോ, ജീപ്പ്, കാർ) പഞ്ചായത്തിൽ ഇനിയും സ്ഥാപിക്കപ്പെടേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 96.379 കി.മീറ്ററാണ്. ഇതിൽ 20 കിലോമീറ്റർ മാത്രമാണ് ടാർ ചെയ്ത റോഡുകൾ. പഞ്ചായത്തിനു കീഴിലുള്ള റോഡുകളുടെ ദൈർഘ്യം 84.479 കി.മീറ്ററാണ്. ഇതിൽ 8.100 കി.മീ മാത്രമാണ് ടാൻ ചെയ്തത്. എന്നാൽ 5.2 കി.മീറ്റർ മെറ്റൽ ചെയ്ത റോഡുകളുണ്ട്.

കരുവാങ്കണ്ടി കുഞ്ഞിക്കണ്ണൻ നമ്പ്യാർ പ്രസിഡണ്ടായ പ്രഥമ പഞ്ചായത്ത് ഭരണസമിതിയുടെ കാലം മുതൽ ഇന്നുവരെ പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങളുടെ ഭാഗമായി റോഡുശൃംഖലയുടെ നീളം വർദ്ധിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ നീളം 11.9 കി.മീ. മാത്രമാണ്.

പഞ്ചായത്തിൽ മൊത്തം 96.379 കി.മീറ്റർ നീളത്തിൽ റോഡ് ശൃംഖലയുണ്ടെങ്കിലും റോഡുകളുടെ സ്ഥിതി പൊതുവേ മോശമാണ്. കുറ്റ്യാടി ടൗണിൽ പോലും റോഡുകൾക്ക് നടപ്പാതയോ ആവശ്യമായത്ര കലുങ്കുകളോ ഓവുചാലുകളോ ഇല്ല. ഉള്ളവ തന്നെ അടഞ്ഞുകിടക്കുന്നതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾക്ക് പോലും മഴക്കാലത്ത് നഷ്ടം സംഭവിച്ചുപോവുകയാണ്. സാമ്പത്തിക പ്രയാസം മൂലം റോഡുകളുടെ അറ്റകുറ്റപ്പണികൾ കൃത്യസമയത്ത് നടത്താൻ പഞ്ചായത്തിന് പലപ്പോഴും സാധിക്കാതെ വരുന്നു. ശരിയായ രീതിയിൽ ഓവുചാലുകൾ നിർമ്മിക്കുകയും ആവശ്യമായ കലുങ്കുകൾ സ്ഥാപിക്കുകയും ചെയ്താൽ റോഡുകളുടെ നില മെച്ചപ്പെടുത്താനാവും. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ആവശ്യമായ നടപ്പാതകൾ നിർമ്മിക്കണമെന്ന് ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

പ്രശ്നങ്ങൾ

1. കാലവർഷത്തെ അതിജീവിക്കാൻ പര്യാപ്തമായ രീതിയിലല്ല ഇന്ന് നിലവിലുള്ള ടാർ റോഡുകൾ പോലും നിർമ്മിക്കപ്പെട്ടത്.
2. അറ്റകുറ്റപ്പണികൾ കാലവർഷം തുടങ്ങുന്നതിന് മുമ്പ് നടത്തുകയും മഴപെയ്യുമ്പോൾ വീണ്ടും പൊട്ടിപ്പൊളിഞ്ഞുപോവുകയും ചെയ്യുന്നു.
3. മൺറോഡുകൾ മിക്കതും മഴക്കാലങ്ങളിൽ വഴി നടക്കാൻപോലും പറ്റാത്ത അവസ്ഥയിലാണ്.
4. പല റോഡുകൾക്കും വാഹനഗതാഗതത്തിന് വേണ്ട വീതിയോ വെള്ളം വാർന്നുപോകാൻ ആവശ്യമായ ഓവുചാലുകളോ ഇല്ല.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പമികൾ യഥാവസരങ്ങളിൽ നടത്തുക.
2. മഴക്കാലങ്ങളിൽ ഇടക്കിടെ റോഡു പരിശോധന നടത്തി ഓവുചാലുകൾ വൃത്തിയാക്കാനും ഓവിനുവേണ്ട അറ്റകുറ്റപ്പണികൾ നടത്താനും സ്ഥിരം സ്റ്റാഫിനെ നിയമിക്കുക.
3. ആവശ്യമായത്ര പുതിയ റോഡുകൾ പാലങ്ങൾ, നടപ്പാതകൾ എന്നിവ നിർമ്മിക്കുക.
4. ഒരു പ്രദേശത്തിലൂടെ കടന്നുപോകുന്ന റോഡിന്റെ നിർമ്മിതിയിൽ തദ്ദേശീയരുടെ പങ്കാളിത്തം ഉറപ്പുവരുത്തിയാൽ അഴിമതി, ഒരു പരിധിവരെ അവസാനിപ്പിക്കാനും റോഡിന്റെ ഗുണനിലവാരം ഉയർത്താനും കഴിയും.
5. റോഡു ടാർ ചെയ്യാനും കുറഞ്ഞത് 6 മീറ്റർ വീതി വേണം എന്ന നിർബന്ധം ഒഴിവാക്കേണ്ടതാണ്. എങ്കിൽ മാത്രമേ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ ഗതാഗതസൗകര്യം മെച്ചപ്പെടുത്താൻ കഴിയുകയുള്ളൂ. ഇതിനാവശ്യമായ നിയമ നിർമ്മാണം ഉണ്ടാവണം.
6. നിർമ്മാണം പൂർത്തിയായ റോഡുകളുടെ പരിപാലനത്തിനായി ജനകീയ കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.
7. വിവിധ രാഷ്ട്രീയപാർട്ടികൾ, കലാ സാംസ്കാരിക സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ റോഡുകളും, നടപ്പാതകളും നിർമ്മിക്കാൻ ശ്രമിക്കണം.

പുനരുദ്ധരിക്കേണ്ട റോഡുകൾ

1. നിട്ടൂർ പള്ളി പന്നിവയൽ റോഡ്
2. വടയം ചോരങ്കോട് റോഡ്
3. പൊന്നേലായിൽ താഴ കുഞ്ഞൂർമൻകണ്ടി റോഡ്
4. കുഴിക്കാട് ഞള്ളോറ നിട്ടൂർ റോഡ്
5. ചാലിൽ ലക്ഷം വീട് കക്കോട്ടുകണ്ടി താഴെ റോഡ്
6. പുത്തംപുരയിൽ ഞള്ളോറ റോഡ്
7. നരിക്കൂട്ടും ചാൽ പുത്തംപുരയിൽ താഴ നടുപ്പൊയിൽ റോഡ്

8. നരിക്കൂട്ടുംചാൽ പാറക്കൽ പള്ളി - പുള്ളൂണിച്ചാൽ റോഡ്
9. നരിക്കൂട്ടുംചാൽ പാറക്കൽ ലക്ഷംവീട് റോഡ്
10. കുടകപ്പറമ്പ് നടുപ്പൊയിൽ റോഡ്
11. ചെല്ലട്ടം വീട്ടിൽ താഴ പാറപ്പള്ളി റോഡ്
12. നരിക്കൂട്ടുംചാൽ - കോട്ടക്കാരൻ കണ്ടി താഴ റോഡ്

പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ

1. ഓത്തേ്യാട്ട് ബസ്സ്റ്റോപ്പ് നെച്ചോളി മുക്ക് റോഡ്
2. കുന്നുമ്മൽ താഴ മുതൽ ചിറക്കര മുക്ക് വരെ.
3. തറവട്ടത്ത് മുക്ക് പരതാണ്ടി റോഡ്
4. കാരക്കണ്ടി മുക്ക് - കൈതച്ചാൽ - കിഴക്കേവളപ്പിൽ താഴെ റോഡ്
5. തയ്യുള്ളതിൽ മുക്ക് വള്ളിയുള്ള തറ ക്ഷേത്രം വഴി കുളത്താംകുഴി റോഡ്
6. കക്കട്ടിൽ മുക്ക് - തയ്യിൽ മുക്ക്
7. പാലോങ്കര - മൂന്നാംമുക്ക്
8. പാണ്ടങ്കുനിമുക്ക് കണ്ടീൽ താഴ റോഡ്
9. അരിപ്പൂവുള്ള പറമ്പത്ത് താഴ - പൂളത്തറ റോഡ്
10. ആനപ്പാറ - ഗോവിന്ദൻകണ്ടി റോഡ്
11 കുനിയിൽ താഴ - കിളിയിടത്ത് റോഡ്
12. പാലോങ്കര - പന്തീരടി താഴ റോഡ്
13. തൊടുവളപ്പ് - ചീയ്യോട്ടുമ്മൽ താഴ
14. മലയിൽ പീടിക - വലകെട്ട്
15. മതുക്കോത്തു താഴ - വേളം അതിർത്തി
16. വലിയപറമ്പത്ത് മുക്ക് - അരീക്കൽ
17. വിലങ്ങോട്ടിൽ മുക്ക-മലയാടൻപൊയിൽ
18. കണ്ണംകണ്ടി താഴ - പാലയുള്ള പറമ്പിൽ
19. പെരുമ്പടതാഴ ലക്ഷംവീട് നാലുസെൻറ് കോളനി
20. താഴെ ഇടപ്പന - പാലോങ്കര പീടിക
21. മൊട്ടം തറ - തരിപ്പക്കുന്ന്
22. അരീക്കൽ - ചാമയിൽ മുക്ക്
23. പുത്തം പുരയിൽ താഴ - പാത്തിപ്പാറ
24. കോട്ടക്കാരൻ കണ്ടി - നെല്ലിക്കണ്ടി പീടികവരെ
25. അറയിൽ മുതൽ-തീയ്യർകണ്ടികുന്ന് കല്ലിൽതാഴം
26. പനമ്പ്രടം - താഴത്തിടം
27. കേളോത്ത് താഴ - പുതിയോട്ടിൽ താഴ

റീ ടാർ ചെയ്യേണ്ട റോഡുകൾ

		നീളം കി.മീ.
1.	കുറ്റ്യാടി ഊരത്ത് റോഡ്	1.000
2.	നങ്ങീലിക്കണ്ടിമുക്ക് വളയണൂർ റോഡ്	1.400
3.	കടേക്കച്ചാൽ ലക്ഷം വീട് ഊരത്ത് റോഡ്	2.800
4.	നീലേച്ചുകുന്ന് വട്ടക്കണ്ടിപ്പാറ റോഡ്	3.500
5.	മൊകേരി പൂക്കോട്ടു പൊയിൽ റോഡ്	3.500
6.	അമ്പലക്കുളങ്ങര - വട്ടക്കണ്ടിപ്പാറ റോഡ്	3.600
7.	കുറ്റ്യാടി റിവർ റോഡ്	0.350

പുതുതായി ടാർ ചെയ്യേണ്ടവ

1.	ആശുപത്രി - കൊത്തംകോട് റോഡ്	0.700
2.	കുറ്റ്യാടി-സാമ്പിതട്ടാർകണ്ടി താഴെ റോഡ്	0.200
3.	പൊൻമിനിയോട്ട് താഴ - പനയുള്ളതുകണ്ടി താഴെ	0.700
4.	കൈതക്കൊല്ലി - ചാലക്കുളം റോഡ്	1.600
5.	വടയം - കക്കട്ടിൽ പീടിക - ഫാമിലി വെൽഫയർ സെൻറർ നിട്ടൂർ	1.700
6.	ഞള്ളോപ്പള്ളി - വിലങ്ങോട്ട്മുക്ക്	0.800
7.	ഊരത്ത് - ചെറുകുന്ന് റോഡ്	0.500
8.	പൊയിൽമുക്ക് - പുല്ലൂത്തൊഴ റോഡ്	0.600

ഓവുപാലങ്ങൾ

1. കക്കോട്ടുകണ്ടി
2. കുനിയേൽതാഴ
3. ചക്കിട്ടാണ്ടി താഴ
4. കുന്നത്ത്താഴ

5. പന്തീരടി കുളത്തിന്റെ താഴ
6. പുത്തംപുരതാഴ
7. താഴെമടത്തിൽ താഴ
8. കല്ലിൽതാഴ
9. വിലങ്ങോട്ടിൽ താഴ
10. ചാലിൽ ലക്ഷം വീട് - കക്കോട്ടുകണ്ടി താഴ
11. കൂരാറ കണ്ണോത്ത് കാവ് റോഡിൽ

തെരുവുവിളക്കുകൾ വേണ്ട റോഡുകൾ

1. നങ്ങീലക്കണ്ടി മുക്ക് മുതൽ വളയന്നൂർ വരെ
2. കൊത്തംകോടു മുതൽ ആശുപത്രി വരെ
3. വളയണൂർ വടയം റോഡ് മുഴുവൻ
4. വളയണൂർ മുക്ക് - ഊരത്ത് സ്കൂൾ വരെ
5. നീലേച്ചുകുന്ന് - വട്ടക്കണ്ടി പാറ വരെ
6. കൈതക്കൊല്ലി - കുരിയേരിപ്പൊയിൽ മുക്ക്
7. പൊയിൽമുക്ക് - പുല്ലൂറത്താഴ
8. അമ്പലക്കുളങ്ങര - വട്ടക്കണ്ടിപ്പാറ റോഡിൽ
9. മൊകേരി മുതൽ നടുപ്പൊയിൽ പൂക്കോട്ടുപൊയിൽ മുക്ക് വരെ
10. സ്റ്റേറ്റ് ഹൈവേയുടെ നരിക്കൂട്ടുംചാൽ ഭാഗത്ത

പുനരുദ്ധരിക്കേണ്ട റോഡുകൾ

1. കടേക്കച്ചാൽ ലക്ഷം വീട് - ശ്മശാനം റോഡ്
2. വളയണൂർ - വടയംറോഡ്
3. വളയണൂർ പള്ളി-കുറ്റ്യാടി ഹൈസ്കൂൾ റോഡ്
4. കാപ്പുങ്കരമുക്ക് - എടത്തുംവേലിക്കാത്ത് റോഡ്
5. കുറ്റ്യാടി ഐ.ടി.സി. റോഡ്
6. ചന്തവയൽ - പഴയമടം റോഡ്
7. കുറ്റ്യാടി ടൗൺ - ഹൈസ്കൂൾ റോഡ്
8. കുറ്റ്യാടി - പാച്ചാക്കൂർകാവ് റോഡ്
9. വലിയവീട്ടിൽ താഴ - മുക്കിൽ പീടിക റോഡ്
10. തെന്നാരംപൊയിൽ കൊടുമയിൽ - നൊട്ടിക്കണ്ടി റോഡ്
11. മമ്പള്ളിതാഴ വയലിലേക്കുള്ള റോഡ്
12. മാവുള്ളചാൽ ഊരത്ത് റോഡ്
13. കൊരട്ടോടി താഴ വയൽ റോഡ്
14. വടക്കേപ്പറമ്പത്ത് മുക്ക് കൊല്ലിൽ താഴ റോഡ്
15. പൂളത്തറ കൊളങ്ങര താഴ റോഡ്
16. പന്നിവയൽ - വടയം റോഡ്

പട്ടിക - 1

ഗ്രാമീണറോഡുകളെ സംബന്ധിച്ച വിവരങ്ങൾ

റോഡിന്റെ സ്വഭാവം (നീളം കിലോമീറ്ററിൽ)


ടാർ							
കച്ച	പക്ക	മെറ്റൽ	പഞ്ചായത്ത്	PWD	S. H	മറ്റുള്ളവ	ആകെ
71.179	-	5.200	8.100	11.900	3.000	42.449	141.828

നടപ്പാലങ്ങൾ

1. ചേറ്റൂക്കുനി
2. പേരോട്ടുതാഴ
3. ആലത്തോട്ടത്തിൽ താഴ
4. തെക്കെയിൽ താഴ
5. കുരിയേരിപ്പൊയിൽ താഴ
6. മംഗലശ്ശേരി താഴ
7. കൊരട്ടോടി താഴ
8. തൈക്കണ്ടിക്കുനി
9. തറപ്പുറം താഴ
10. കക്കോട്ട്കണ്ടി

നടപ്പാതകൾ

1. കുറ്റ്യാടി ഹൈസ്കൂൾ നടപ്പാത കുനിയേൽ വരെയും കല്ലാറത്താഴവരെയും നീട്ടുക
2. ചിറക്കരമുക്ക് മുതൽ കൊയ്യമ്പാകകുന്ന് വരെ
3. ചാരുമ്മൽ താഴ കൊയ്യമ്പാറ
4. പുഴക്കൽ സ്രാമ്പി പാലം
5. ചോരങ്കോട്ടുമ്മൽ - കുന്നുമ്മൽ
6. ചിട്ടയിൽ താഴവയൽ വഴിശിശുമന്ദിരം
7. വടയം വയൽ ശിശുമന്ദിരം
8. പുല്ലൂരാറോഡ് നരിക്കോട്ട്മുക്ക്
9. പന്നിവയൽ പാറക്കെട്ട് മലപ്പുറമ്പ്വരെ
10. പാലോങ്കാര പന്തീരടിതാഴ കൊളോങ്കോട്ടുതാഴ കുഴിച്ചാൽ മുക്ക്
11. വടയം ചെട്യാം വയൽ-കുനിതാഴ മംഗലശ്ശേരിമുക്ക്



ഊർജ്ജം

കുറ്റ്യാടി പഞ്ചായത്തിൽ കുറ്റ്യാടിയെ മരുതോങ്കര പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന കുറ്റ്യാടി ചെറുപുഴ പാലത്തിന്നടുത്തായി സ്ഥിതിചെയ്യുന്ന 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നാണ് പഞ്ചായത്തിനാവശ്യമായ വൈദ്യുതി വിതരണം ചെയ്യുന്നത്. പഞ്ചായത്തുപരിധിക്കുള്ളിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും പരിശോധിച്ചാൽ മിക്ക ട്രാൻസ്ഫോർമറുകളും കഴിവിലധികം ഭാരം വഹിക്കുന്നവയാണെന്ന് കാണാം. ഗാർഹികാവശ്യത്തിനായി നിത്യേന പുതിയ കണക്ഷനുകൾ നല്കിക്കൊണ്ടിരിക്കുന്നതിനാൽ കണക്ടഡ് ലോഡിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കയാണ്.

വൈദ്യുത ഊർജ്ജ ഉപയോഗത്തിന്റെ 76.71%വും ഗാർഹികമേഖലയിലെ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുമ്പോൾ കാർഷിക വ്യവസായിക മേഖലകളിൽ യഥാക്രമം 0.78%വും 22%വും വീതമാണ് ഉപയോഗിക്കുന്നത്. പ്രധാനപ്പെട്ട വ്യവസായങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ ഈ മേഖലയിൽ വൈദ്യുത ഉപയോഗം കുറവാണ്. പഞ്ചായത്തിലെ 37%ത്തിലധികം വീടുകൾ വൈദ്യുതീകരിച്ചതാണ്. ഉപഭോക്താക്കൾക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന് വോൾട്ടേജ് ക്ഷാമം തന്നെയാണ്. യഥാർത്ഥത്തിൽ ലഭിക്കേണ്ടതിന്റെ പകുതിയോളം ഭാഗം മാത്രമാണ് പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ലഭിക്കുന്നത്. പീക്കിലോഡ് സമയത്ത് വോൾട്ടേഡ് ക്ഷാമം വളരെ കൂടുതലുമാണ്. ബോർഡിന്റെ പ്രഖ്യാപിത പവർകട്ടിന് പുറമെ ഇടക്കിടെ കരണ്ട് ഇല്ലാതാവുക എന്നത് പഞ്ചായത്തിൽ നിത്യ സംഭവമാണ്. മുൻ വർഷങ്ങൾക്ക് വിപരീതമായി നല്ല മഴ കിട്ടുന്ന സമയങ്ങളിൽ പോലും പവർക്കട്ട് എന്ന പുതിയ അവസ്ഥയും സംജാതമായ സ്ഥിതിയാണ്.

കുറ്റ്യാടി പദ്ധതിയിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഇടുക്കിയിൽ നിന്ന് വരുന്ന ലൈൻവഴിയാണ് മലബാർ പ്രദേശത്ത് വിതരണം ചെയ്യുന്നത്. വോൾട്ടേജ് കുറയുന്നതിന്റെ ഒരു പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് ഈ ലൈൻ തന്നെ ധാരാളം ഭാരം വഹിക്കുന്നു എന്നതാണ്. ദ്വിതീയ വിതരണ ശൃംഖലയിൽ എത്തുമ്പോൾ പ്രശ്നം കൂടുതൽ രൂക്ഷമാവുകയും ചെയ്യുന്നു.

വോൾട്ടേജ് കമ്മി കാരണം പല ഉപഭോക്താക്കളും 110 V ബൾബ് ഉപയോഗിക്കുന്നവരും സ്റ്റെപ്പ് അപ്പ് ട്രാൻസ്ഫോർമറുകൾ ഉപയോഗിക്കുന്നവരുമാണ്. പല വീടുകളിലെയും കണക്ടഡ് ലോഡ് വൈദ്യുതി ബോർഡിന്റെ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വളരെ കൂടുതലാണ്. പല മീറ്ററുകളും പ്രവർത്തനരഹിതമാണെങ്കിൽ മറ്റു ചിലത് യഥാർത്ഥ റീഡിംഗ് കാണിക്കാത്തവയാണ്. മാസത്തിൽ കൃത്യമായ റീഡിംഗ് എടുത്ത് ബില്ല്

നിർണ്ണയിക്കുന്ന രീതി നിലവിലില്ലാത്തതിനാൽ പല പ്പോഴും ഉപഭോക്താക്കൾക്ക് കനത്ത അഡീഷണൽ ബില്ല് അടക്കേണ്ടിവരാറുണ്ട്. വൈദ്യുതി മോഷണം കുറവാണെങ്കിലും വൈദ്യുതി നഷ്ടം സാധാരണമാ ണ്. പ്രേഷണ-വിതരണസംവിധാനങ്ങളുടെ തകരാറ്, ട്രാൻസ്ഫോർമറുകളുടെ അധിക ഭാരം, ദൈർഘ്യ മേറിയ വിതരണലൈനുകൾ, ഇവ വൈദ്യുതി നഷ്ടത്തിന് കാരണമാകുന്നു. ജമ്പറുകൾ മെച്ച പ്പെടുത്തുകയും ലൈനിൽ മുട്ടിക്കിടക്കുന്ന മരച്ചി ല്ലകൾ മുറിച്ചുമാറ്റുകയും ആവശ്യമായത്ര ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്താൽ വൈദ്യു തി നഷ്ടം കുറക്കാൻ കഴിയും.

മിക്കവാറും വെളിച്ചത്തിന് വേണ്ടിതന്നെ വൈദ്യു തി ഉപയോഗപ്പെടുത്തുന്ന ഈ പഞ്ചായത്തിൽ കണക്ഷനുവേണ്ടി അപേക്ഷ കൊടുത്തെങ്കിലും വൈദ്യുതി ലഭിക്കാത്ത 128 വീടുകളുണ്ട്. സ്ട്രീറ്റ് ലൈറ്റിനായി പ്രതിമാസം 1591 രൂപ പഞ്ചായത്തടക്കു മ്പോൾ 60 W ന്റെ 46 ബൾബുകളും 6 ട്യൂബുകളും 9 സോഡിയം വേപ്പർ ബൾബുകളും സ്ഥാപിച്ചിട്ടുണ്ട്. 24.5 കി.മീ നീളമുള്ള വൈദ്യുതി ലൈനാണ് പഞ്ചാ യത്തിലുള്ളത്. വൈദ്യുതി എത്താത്ത പ്രദേശങ്ങൾ താഴെ പറയുന്നു.

1. കൊയ്യംപാറക്കുന്ന് കാപ്പുങ്കര ലക്ഷംവീട്.
2. തോട്ടംഭാഗം 110 KV സബ്സ്റ്റേഷനിന് സമീപം, ഊരത്ത് കിണറ്റുംകണ്ടി മീത്തൽ ഭാഗം, തുരുത്തി മുക്ക്
3. പനമുറിച്ചാൽ - ഊരത്ത്, ചോരങ്കോട്, മാവു ള്ളചാലിൽ, പൂളത്തറ, മാപ്പിളാണ്ടി
4. കാരക്കണ്ടിക്കുന്ന്, വിലങ്ങിത്തറക്കുന്ന്, നിട്ടൂർ പള്ളി ഭാഗം
5. കുയ്യാനോട്, പൂക്കുന്ന്, കാപ്പുകുന്ന്, ഞള്ളോറ കുഴിക്കാട്ട് - കരണ്ടോട്ട്
6. വിലങ്ങോട്ട് - മൊട്ടംതറ, തരിപ്പ, തൂവക്കുന്ന്, തുമ്പക്കുന്ന് ലക്ഷം വീട് കോളനി, കൂരൻകോട്
7. വേപ്പാഞ്ചേരി നാലുസെൻറ് കോളനി മത്തത്ത് ഭാഗം കുഴിക്കാട്, പൊന്നേലായി
8. പാറക്കൽ ലക്ഷം വീട് കോളനി - കൂരാറ

പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളിലും പാ രമ്പര്യരീതിയിലുള്ള അടുപ്പുകൾ തന്നെയാണ് പാചകത്തിനുപയോഗിക്കുന്നത്. തേങ്ങയുടെ ചിരട്ട, തേങ്ങാത്തൊണ്ട് ഇവയാണ് പ്രധാന ഇന്ധനം. മുൻകാലങ്ങളെ അപേക്ഷിച്ച് വിറകിന് വളരെയധികം ക്ഷാമം നേരിട്ടുകൊണ്ടി രിക്കയാണ്. പാവപ്പെട്ട കർഷകതൊഴിലാളികൾ നാലുസെൻറ് കോളനിയിൽ താമസിക്കുന്നവർ, ലക്ഷംവീട് നിവാസികൾ എന്നിവർ വിറകിന് വളരെയധികം പ്രയാസം അനുഭവിക്കുന്നു. പാ ചകഗ്യാസ് ഉപയോഗിക്കുന്നവർ വളരെ കുറവാ ണ്. മുമ്പ് പല വീടുകളിലും സ്ഥാപിച്ച ഗോർ ഗ്യാസ് പ്ലാൻറുകൾ ഒന്നുംതന്നെ ഇപ്പോൾ പ്രവർത്തനക്ഷമമല്ല.

പ്രശ്നങ്ങൾ

1. വൈദ്യുതി പഞ്ചായത്തിന്റെ പല ഭാഗങ്ങളി ലും പ്രത്യേകിച്ച് നാലുസെൻറ് ലക്ഷം വീട് കോ ളനികളിൽ ലഭ്യമായിട്ടില്ല.
2. അപേക്ഷ നല്കിയാലും വളരെയധികം താമസി ച്ചുമാത്രമേ കണക്ഷൻ ലഭിക്കുന്നുള്ളൂ. സമയാ സമയങ്ങളിൽ മീറ്റർ റീഡിംഗ് നടത്താത്തതി നാൽ ഉപഭോക്താക്കൾ വളരെയധികം വിഷമം അനുഭവിക്കുന്നു.
3. ട്രാൻസ്ഫോർമറുകൾ ആവശ്യത്തിനില്ല. ഉള്ളവതന്നെ ശക്തി കുറഞ്ഞവയുമാണ്
4. ലൈനിൽ വല്ല തകരാറും സംഭവിച്ചാൽ അറ്റകുറ്റ പ്പണികൾ നടത്താൻ താമസിക്കുന്നതിനാൽ ദി വസങ്ങളോളം ഉപഭോക്താക്കൾ ഇരുട്ടിൽ കഴി യേണ്ടിവരുന്നു.
5. വൈദ്യുതി ഉപയോഗത്തെക്കുറിച്ച് സാധാരണ ജനങ്ങൾ ബോധവാന്മാരല്ല.
6. പഴയരീതിയിലുള്ള അടുപ്പുകൾ ഉപയോഗി ക്കുന്നതുകൊണ്ട് കുറഞ്ഞ പാചകത്തിന് പോ ലും കൂടുതൽ ഇന്ധനം ആവശ്യമായി വരുന്നു.
7. ദക്ഷത കൂടിയ അടുപ്പുകളെക്കുറിച്ച് സാധാരണ ജനങ്ങൾ ബോധവാന്മാരല്ല.
8. തെരുവ് വിളക്ക് സ്ഥാപിക്കാൻ ഗ്രാമ പഞ്ചാ യത്ത് O.Y.E.C. പ്രകാരം പണം അടച്ചിട്ടും ഇതു വരെ തെരുവ് വിളക്ക് സ്ഥാപിച്ചിട്ടില്ല.

സാധ്യതകൾ

1. വൈദ്യുതിയുടെ ശരിയായ ഉപയോഗത്തെക്കുറിച്ചും ദക്ഷത കൂടിയ അടുപ്പിന്റെ ഉപയോഗത്തെക്കുറിച്ചും ബോധവൽക്കരണം നടത്തുക.
2. പുകയില്ലാത്ത അടുപ്പുകൾ എളുപ്പത്തിൽ കുറഞ്ഞ വിലക്ക് ലഭ്യമാക്കാൻ പഞ്ചായത്തു തലത്തിൽ പദ്ധതികൾ തയ്യാറാക്കണം.
3. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകളുപയോഗിച്ച് സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ വേണ്ട ഏർപ്പാടുകൾ സംഘടിപ്പിക്കുക.
4. അനെർട്ടിന്റെ ഒരു സബ് സെൻറർ കുറ്റ്യാടിയിൽ സ്ഥാപിക്കുക.
5. സഹകരണാടിസ്ഥാനത്തിൽ വിറക് കച്ചവടസ്ഥാപനങ്ങൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സ്ഥാപിക്കുകയും കുറഞ്ഞ വിലക്ക് വിറക് ലഭ്യമാക്കുകയും ചെയ്യുക.
6. ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് കത്തിക്കാൻ K.S.E.B. ഉടൻ നടപടി സ്വീകരിക്കണം.

പട്ടിക - 1

വൈദ്യുതീകരിച്ച വീടുകളുടെ വിവരം

വാർഡ് നമ്പർ	വീടുകൾ		
	വൈദ്യുതീകരിച്ചത്	വൈദ്യുതീകരിക്കാത്തത്	ആകെ
I	199	75	274
II	286	84	370
III	155	99	254
IV	66	281	347
V	65	133	198
VI	130	208	338
VII	112	252	364
VIII	209	330	539
IX	148	242	390
ആകെ	1370	1704	3074

സഹകരണം

കുറ്റ്യാടി പഞ്ചായത്തിലെ പ്രമുഖ സഹകരണ സ്ഥാപനം കുറ്റ്യാടി പഞ്ചായത്ത് സർവ്വീസ് സഹകരണ ബേങ്കാണ്. ഈ അടുത്തകാലം മുതൽ കോഴിക്കോട് ജില്ല സഹകരണ ബേങ്കിന്റെ ഒരു ശാഖയും ഇവിടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിന് പുറമേ സ്കൂളുകളിൽ പ്രവർത്തിക്കുന്ന സഹകരണ സ്റ്റോറുകളുമുണ്ട്.

സഹകരണമേഖലയേയും അതിന്റെ പ്രാധാന്യത്തെയും സംബന്ധിച്ച് നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് വേണ്ടത്ര ബോധം ഇല്ല. അതുകൊണ്ടു തന്നെ നമ്മുടെ പഞ്ചായത്തിൽ മറ്റു പ്രദേശങ്ങളിലുള്ളപോലെ സഹകരണസംഘങ്ങളുമില്ല. എന്നാൽ നിരവധി സഹകരണസംഘങ്ങൾ വളർന്നുവരാനുള്ള ഭൗതിക സാഹചര്യം നമ്മുടെ പഞ്ചായത്തിലുണ്ട്.

1957 ജനുവരി 6-ാം തിയ്യതി വിവിധോദ്ദേശ്യ ഐക്യനാണയ സംഘമായി വടയം ഐക്യ നാണയ സംഘം രജിസ്റ്റർ ചെയ്യപ്പെട്ടതോടുകൂടിയാണ് നമ്മുടെ പഞ്ചായത്തിന്റെ സഹകരണമേഖലയുടെ ചരിത്രം ആരംഭിക്കുന്നത്. വടയം സൗത്ത് എൽ.പി. സ്കൂളിൽ നടന്ന യോഗത്തിൽ വെച്ചാണ് വടയം ഐക്യനാണയ സംഘം രൂപീകൃതമായത്. സംഘത്തിന്റെ പ്രസിഡണ്ടായി വിലങ്ങിൽ നാരായണൻ നമ്പ്യാർ തിരഞ്ഞെടുക്കപ്പെട്ടു. ഹോണററി സെക്രട്ടറിയായി കൂട്ടോലിൽ കുഞ്ഞിരാമ മാരാറും പ്രവർത്തിച്ചു.

ഹുണ്ടികക്കാരിൽ നിന്ന് കൃഷിക്കാരെ രക്ഷിക്കുക, കൃഷിക്കാർക്ക് ലോണുകൾ ലഭ്യമാക്കുക എന്നിവയായിരുന്നു സംഘത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ. ഇതിന്റെ ഭാഗമായി കെട്ട് തെങ്ങ് ലോൺ വാഴ കൃഷി, തെങ്ങ് കൃഷി, കയറ്റുവല കെട്ടൽ എന്നീ കൃഷി ആവശ്യങ്ങൾക്ക് സംഘം [illegible] നൽകി. ഇതിനിടയിൽ സംഘം വടയം സർവ്വീസ് സഹകരണ ബേങ്കായി പ്രവർത്തനം തുടങ്ങിയിരുന്നു. 1969 വരെ നല്ല നിലയിൽ നടന്നുവന്ന സംഘത്തിന്റെ പ്രവർത്തനം ഇടക്കാലത്തം മന്ദീഭവിക്കുകയുണ്ടായി.

കുറ്റ്യാടി പഞ്ചായത്ത് മുഴുവൻ പ്രവർത്തനപരിധിയാക്കി നിശ്ചയിച്ച് 1979 മാർച്ച് 29ന് കുറ്റ്യാടി സർവ്വീസ് സഹകരണബേങ്കായി പ്രവർത്തനമേഖല വ്യാപിപ്പിക്കുകയും പ്രവർത്തനകേന്ദ്രം കുറ്റ്യാടി ടൗണിലേക്ക് മാറ്റുകയും ചെയ്തു. ഇതോടുകൂടി ബേങ്കിന്റെ പുരോഗതി ദ്രുതഗതിയിലായി. ഇപ്പോൾ ബേങ്ക് സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വി.വി. മുഹമ്മത് മാസ്റ്റർ പ്രസിഡണ്ടും എ. കൃഷ്ണൻ വൈസ് പ്രസിഡണ്ടുമായി 9 ആംഗ ഡയറക്ടർ ബോർഡാണ് ബേങ്കിന്റെ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നത്. ബേങ്കിൽ നാലു അംഗീകൃത സ്റ്റാഫുമ്ട്. 3692 'എ ക്ലാസ്', 10706 'സി ക്ലാസ്' മെമ്പർമാരും 5 ലക്ഷം രൂപയുടെ അംഗീകൃത ഓഹരിമൂലധനവും ഇപ്പോൾ ബേങ്കിനുണ്ട്. (ഓഹരി വിശദ വിവരത്തിന് പട്ടിക ഒന്ന് നോക്കുക). 10000വരെ ജാമ്യക്കടവും, 25000 രൂപ വരെ സ്വത്തു പണയത്തിന്മേലുള്ള കടവും 10000 രൂപ വരെ സ്വർണ്ണ പണയത്തിന്മേലുള്ള കടവും ഇപ്പോൾ ബേങ്ക് നല്കിവരുന്നുണ്ട്. ബേങ്കിന് സ്ഥിരം, ഹ്രസ്വകാലനിക്ഷേപങ്ങളിലായി യഥാക്രമം 7088333 രൂപയും, 1736801 രൂപയുമുണ്ട്. കാർഷിക-കാർഷികേതരവായ്പകളും, പ്രത്യേക വായ്പയും ബേങ്ക് നല്കിവരുന്നു. (വായ്പയുടെ സ്വഭാവം പട്ടിക രണ്ട് നോക്കുക.) നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു വളം ഡിപ്പോയും, സീസണിൽ ഉത്സവ ചന്തകളും, കൃഷിക്കാർക്ക് ന്യായവില ലഭിക്കാൻ കഴിയുന്ന രീതിയിൽ കശുവണ്ടി സംഭരണവും ബേങ്ക് നടത്തുന്നുണ്ട്.

ബേങ്ക് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാന വെല്ലുവിളി ഭീമമായ അവധിബാക്കിയാണ്. ബേങ്ക് വിതരണം ചെയ്യുന്ന ലോൺ സംഖ്യ യഥാസമയത്ത് അംഗങ്ങൾ തിരിച്ചടക്കാത്തത് മൂലം ബേങ്കിന് ലാഭകരമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. ബേങ്കിൽ നിന്നും കൈപ്പറ്റുന്ന ലോൺ സംഖ്യ യഥാവശ്യത്തിന് ഉപയോഗിക്കാക്കതും കാലാവധിക്കുതന്നെ ലോൺ സംഖ്യ തിരിച്ചടക്കണമെന്ന യാഥാർത്ഥ്യബോധം അംഗങ്ങൾക്കില്ലാത്തതും ബേങ്കിന്റെ പുരോഗതിക്ക് തടസ്സമായി നില്ക്കുന്ന വസ്തുതയാണ്. കുറ്റ്യാടി പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്താൻ ബേങ്കിന് ഇനിയും കഴിഞ്ഞിട്ടില്ല. അംഗങ്ങൾക്ക് അവരുടെ വിവിധ ഉദ്ദേശങ്ങൾക്ക് അനുസരിച്ച് ആവശ്യത്തിന് ലോൺ നല്കാനും ബേങ്കിന് കഴിയുന്നില്ല. അംഗങ്ങൾക്ക് ലോൺ ലഭ്യമാക്കാൻ വിവിധ നടപടിക്രമങ്ങൾ മൂലം കാലതാമസം നേരിടുന്നു എന്നതാണ് മറ്റൊരു പ്രധാന പ്രശ്നം.

സഹകരണസ്ഥാപനങ്ങൾ തങ്ങളുടെ കൂടി പങ്കാളിത്തത്തോടെ വ്യത്തിയെടുക്കേണ്ട സംരംഭമാണെന്ന ധാരണ നമ്മുടെ പ്രദേശത്തെ ജനങ്ങൾക്കില്ല. നിക്ഷേപങ്ങൾക്കും ഇടപാടുകൾക്കുമായി ദേശസാൽകൃതബേങ്കുകളെയും ഷെഡ്യൂൾഡ് ബേങ്കുകളെയുമാണ് ഇവിടെയുള്ളവർ കാര്യമായും ആശ്രയിക്കുന്നത്. എളുപ്പത്തിൽ ലോൺ വാങ്ങി എടുക്കാൻ മാത്രം ആശ്രയിക്കാവുന്ന ഒരു സ്ഥാപനമാണ് സഹകരണ ബേങ്ക് എന്ന മിഥ്യാ ധാരണയിലാണ് ജനങ്ങളുള്ളത്. ഇതിൽ സാരമായ മാറ്റം അനിവാര്യമാണ്. നിക്ഷേപ സമാഹരണത്തിന് വമ്പിച്ച സാധ്യതയുള്ള ഈ പ്രദേശത്ത് ജനങ്ങളുടെ ബോധനിലവാരത്തിൽ മാറ്റം വന്നാൽ ബേങ്കിന്റെ വളർച്ചക്ക് അനന്തര സാധ്യതകളുണ്ട്.

സഹകണസംഘങ്ങൾക്ക് വളർന്നുവരാനുള്ള വളക്കൂറുള്ള മണ്ണാണ് നമ്മുടേതെങ്കിലും ധൈര്യസമേതം ഈ രംഗത്ത് ഇടപെടാനും നേതൃത്വം കൊടുക്കാനും നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ കാണിക്കുന്ന അനാസ്ഥ കാരണം ഈ മേഖലയിൽ നേട്ടങ്ങൾ കൊയ്യാൻ നമുക്ക് കഴിയുന്നില്ല.

പ്രശ്നങ്ങൾ

1. സഹകരണ മേഖലയെപ്പറ്റി ജനങ്ങൾ ബോധവാന്മാരല്ല.
2. വായ്പകൾ തിരിച്ചടക്കുന്നതിൽ വീഴ്ച്ച വരുത്തുന്നു.
3. പഞ്ചായത്തിന്റെ വിപുലമായസാധ്യതക്കനുസരിച്ച് നിക്ഷേപങ്ങൾ സഹകരണബേങ്കിലേക്ക് ലഭിക്കുന്നില്ല.
4. മെമ്പർമാരുടെ ആവശ്യത്തിനനുസരിച്ച് ലോൺ വിതരണം ചെയ്യാൻ കഴിയുന്നില്ല.
5. ബേങ്ക് ലോൺ ലഭ്യമാകാൻ, നിരവധി നടപടിക്രമങ്ങൾ മൂലം കാലതാമസം നേരിടുന്നു.
6. സഹകരണമേഖലയിൽ ധൈര്യസമേതം ഇടപെടാനും മുൻകൈ എടുത്ത് പ്രവർത്തിക്കാനും ജനങ്ങൾ തയ്യാറാവുന്നില്ല.
7. ബേങ്ക് ലോൺ യഥാആവശ്യത്തിന് ഉപയോഗിക്കുന്നില്ല.

സാധ്യതകൾ

പുതിയ സഹകരണസംഘങ്ങൾ രൂപീകരിക്കുക. പഞ്ചായത്തിൽ തുടങ്ങാൻ കഴിയുന്ന സഹകരണസംഘങ്ങളെ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

1. ക്ഷീരോൽപാദക സഹകരണ സംഘം

   പാൽ ശേഖരിക്കുകയും വിതരണം ചെയ്യുകയും പാലുമായി ബന്ധപ്പെട്ട ഉൽപന്നങ്ങൾ ഉണ്ടാക്കുകയും വില്പന നടത്തുകയും ചെയ്യുക.

2. ലേബർ കോൺട്രാക്ടർ സൊസൈറ്റീസ്

   കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വസ്തുക്കൾ ശേഖരിക്കുകയും, കെട്ടിട നിർമ്മാണം, പൊതുമരാമത്ത് പ്രവർത്തനം തുടങ്ങിയവ ഏറ്റെടുത്ത് നടത്തുകയും ചെയ്യുക.

3. വനിതാ സഹകരണ സംഘം

   നിരവധി വനിതാ സഹകരണസംഘങ്ങൾ വളർത്തിക്കൊണ്ടുവരാനുള്ള സാധ്യത പഞ്ചായത്തിലുണ്ട്.

ബേക്കറി പലഹാരങ്ങൾ, സോപ്പ്, റെഡിമെയ്ഡ് വസ്ത്രങ്ങൾ, സൂപ്പർ വൈറ്റ്, കറിമസാല, അച്ചാർ, ജാം, സ്കാഷ്, പ്ലാസ്റ്റിക് ബാഗ്, കസേര, ചൂരൽ കസേര, മെഴുകുതിരി, തീപ്പെട്ടി, ചോക്ക് എന്നിവയുടെ ഉല്പാദനവും വില്പനയും നടത്തുക. കൂടാതെ ഇലക്ട്രോണിക് സാധനങ്ങളുടെ അസംബ്ലിരഗും, വിണനവും നടത്താനും ഓരോ മേഖലയിലും പ്രത്യേകമായ വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കുക.

4. വ്യവസായ സഹകരണ സംഘം

ടിമ്പർ, ഓട്ടോമൊബൈൽ, ഫ്ളോർ മിൽ, കൊപ്ര സംസ്കരണം, പണിയായുധനിർമ്മാണ്, പ്രിൻറിംഗ് പ്രസ്സ് എന്നീ മേഖലകളിൽ വ്യവസായ സഹകരണസംഘം തുടങ്ങാൻ കഴിയും.

5. കൺസ്യൂമർ സ്റ്റോർ

ഈ മേഖലയിൽ പലവ്യഞ്ജന സ്റ്റോർ, മെഡിക്കൽ ഷോപ്പ് എന്നിവയും കുറ്റ്യാടി സി.എച്ച്.സി.യിൽ ഒരു കാൻറീനും തുടങ്ങാനുള്ള സാധ്യതയുണ്ട്.

6. സ്റ്റുഡൻറ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

കുറ്റ്യാടി ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികളെ സംഘടിപ്പിച്ച് പുസ്തകം നിർമ്മിക്കാനായി സ്റ്റുഡൻറ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കാം.

7. ഹൗസിംഗ് സൊസൈറ്റി

കുറ്റ്യാടി പഞ്ചായത്തിൽ ധാരാളം സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാരും, കർഷകരും തൊഴിലാളികളുമുണ്ട്. ഇവരുടെ സ്വന്തമായ ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ കുറ്റ്യാടി പഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി നിലവിൽ വന്നാൽ സാധിക്കും എന്നുള്ളത് ഒരു തർക്കമറ്റ കാര്യമാണ്. വടകര കാർഷിക വികസന ബാങ്ക്, കക്കട്ടിൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കക്കട്ടിൽ റൂറൽ കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നിവയുടെ പരിധിയിൽ കുറ്റ്യാടി പഞ്ചായത്ത് വരുമെങ്കിലും ഇവയിൽ നിന്നും മറ്റ് ഏജൻസികൾ വഴിയും ലഭിക്കുന്ന സഹായങ്ങൾ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്ക് മുഴുവനും പരിഹാരമാകുന്നില്ല.

8. ഇതിനു പുറമേ സംഘങ്ങളായി രജിസ്റ്റർ ചെയ്യാതെ തന്നെ 10ഓ, 25ഓ പേർ കൂടിച്ചേർന്ന് കാർഷിക മേഖലയിലും, കോഴി വളർത്തൽ, തേനീച്ച വളർത്തൽ തുടങ്ങിയ മേഖലകളിലും യോജിച്ച് പ്രവർത്തിക്കാവുന്നതാണ്. ഇതിന് ആവശ്യമായ സാമ്പത്തികസഹായങ്ങളും, പരിശീലനങ്ങളും സർക്കാർ മുഖേനയോ മറ്റ് ഏജൻസികൾ വഴിയോ ലഭ്യമാക്കേണ്ടതാണ്.

സഹകരണബേങ്കുമായി ബന്ധപ്പെട്ട സാധ്യതകൾ

1. സർവ്വീസ് സഹകരണ ബേങ്കിൽ നിന്ന് അംഗങ്ങൾ വാങ്ങിയ വായ്പകൾ തിരിച്ചടപ്പിക്കാനുള്ള പ്രവർത്തനം നടത്തുക.
2. സർവ്വീസ് സഹകണബേങ്കിലേക്ക് നിക്ഷേപം ആകർഷിപ്പിക്കുക.
3. ബാങ്കിലെ അംഗങ്ങൾക്ക് ആവശ്യത്തിനനുസരിച്ച് ലോൺ ലഭ്യമാകാനുള്ള സ്കീമുകൾ തയ്യാറാക്കുക.
4. ബാങ്ക് ലോൺ യഥാ ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ എന്ന് അംഗങ്ങളെ ബോധ്യപ്പെടുത്തുക.
5 ലോൺ ലഭിക്കാനുള്ള കാലതാമസവും വിവിധ നടപടിക്രമങ്ങൾ മൂലം അംഗങ്ങൾക്ക് അനുഭവപ്പെടുന്ന പ്രയാസവും ലഘൂകരിക്കുക.
6. ബേങ്കിൻെറ ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
7. ബേങ്കിൻെറ പ്രവർത്തനം വൈവിധ്യവൽക്കരിക്കുക.
8. കൂടുതൽ അംഗങ്ങളെ ചേർത്ത് ജനപങ്കാളിത്തം ഉറപ്പുത്തുക.

പാർപ്പിടം

നമ്മുടെ പഞ്ചായത്തിൽ ആകെ 3074 വീടുകളാണുള്ളത്. ഇതിൽ 615 എണ്ണം വാർപ്പുവീടുകളും 1409 എണ്ണം ഓടുമേഞ്ഞ വീടുകളും 1050 എണ്ണം ഓല മേഞ്ഞ വീടുകളും ആണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത 81 കുടുലുകളുമുണ്ട്. രജിസ്റ്റർ ചെയ്യാത്ത 100ഓളം കുടിലുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. വീടുകളിൽ ഏകദേശം 1500ഓളം എണ്ണം ബഹുനില കെട്ടിടങ്ങളാണ്. നമ്മുടെ പഞ്ചായത്തിൽ വിവിധ ഏജൻസികളുടെ സഹായത്താൽ 89 വീടുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ജെ.ആർ.വൈ., ഇന്ദിരാ ആവാസ് യോജന, മില്യൺ വെൽ സ്കീം, രാജീവ് ദശലക്ഷം ഭവന നിർമ്മാണ പദ്ധതി, കൈരളി ഭവന നിർമ്മാണ പദ്ധതി എന്നിവയിലൂടെ വീടുനിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടുണ്ട് എങ്കിലും നമ്മുടെ പഞ്ചായത്തിൽ ഇപ്പോഴും പാർപ്പിടപ്രശ്നം രൂക്ഷമായി നിലനില്ക്കുന്നു. ഏകദേശം 1000ത്തോളം വീടുകൾ കൂടി നിർമ്മിച്ചാലെ പാർപ്പിടപ്രശ്നത്തിന് താല്ക്കാലികമായെങ്കിലും പരിഹാരം കാണാൻ കഴിയൂ. ഇതിൽ 65% കുടുംബങ്ങളും വീടുണ്ടാക്കാൻ കഴിയാത്തവരാണ്. 35% കുടുംബങ്ങൾക്ക് വീടുണ്ടാക്കാൻ സ്വന്തമായി സ്ഥലമില്ലാത്തവരാണ്.

നമ്മുടെ പഞ്ചായത്തിൽ 5 ലക്ഷം വീടം കോളനികളും 5 നാലു സെൻറ് കോളനികളുമാണുള്ളത്. ചാലിൽ, പാറക്കൽ, തുമ്പക്കുന്ന്, കടേക്കച്ചാൽ, കാപ്പുങ്കര എന്നിവിടങ്ങളിൽ ലക്ഷംവീടുകളും വേപ്പാഞ്ചേരി, നിട്ടൂർ, പൂളത്തറ, ഇടവന്താഴ, മാവുള്ളചാലിൽ എന്നിവിടങ്ങളിൽ നാലുസെൻറ് കോളനികളുമുണ്ട്. കോളനികളിൽ മിക്കതും അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്തവയാണ്. കോളനികളിൽ പലതും ഉയർന്ന പ്രദേശങ്ങളിലായതിനാൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. വൈദ്യുതി ലഭിച്ചത് രണ്ട് കോളനികളിൽ മാത്രമാണ്. കോളനികളിലെ വീടുകളിൽ ചിലത് സുരക്ഷിതമല്ലാത്തതാണ്. അശാസ്ത്രീയമായ ഇരട്ട വീടുകളടങ്ങിയ ഘടന പല സാമൂഹ്യപ്രശ്നങ്ങൾക്കും വഴിവെക്കുന്നു. പ്രാഥമിക സൗകര്യങ്ങൾ പോലും നിറവേറ്റാൻ പറ്റാത്ത അവസ്ഥ കാരണം പല കുടുംബങ്ങളും വീടുവിട്ടൊഴിയാൻ നിർബന്ധിതരാകുന്നു.

ചേരിപ്രദേശങ്ങളും പുറമ്പോക്കുകളിൽ കുടിൽ കെട്ടി താമസിക്കുന്നവരും നമ്മുടെ പഞ്ചായത്തിലില്ല. കടത്തിണ്ണകളിൽ കുടുംബങ്ങൾ കഴിഞ്ഞുകൂടുന്നില്ല. തമിഴ്നാട്ടിൽ നിന്നും കുടിയേറി താമസിക്കുന്നവർ ലോഡ്ജു മുറികളിലും വാടക വീടുകളിലും കഴിഞ്ഞുവരുന്നു. പുതുതായി നിർമ്മിക്കുന്ന വീടുകളിൽ പരമ്പരാഗത വാസ്തുശില്പമാതൃകകൾ പിന്തുടരുന്നില്ല. ഇടത്തരം സമ്പന്ന വിഭാഗങ്ങളിൽ പ്രത്യേകിച്ച് ഗൾഫ് ജോലിക്കാരിൽ കോൺക്രീറ്റ് ഭ്രമം വർദ്ധിച്ചുവരുന്നു. കോൺക്രീറ്റു വീടുകൾ കുടുതലും കേന്ദ്രീകരിച്ചിരിക്കുന്നത് കുറ്റ്യാടി ടൗണിനടുത്താണ്. ഗ്രാമപ്രദേശങ്ങളിൽ ഓട്, ഓല വീടുകൾ ധാരാളമായി കണ്ടുവരുന്നു. കെട്ടിടനിർമ്മാണരംഗത്തെ ആഢംബരഭ്രമം കൂടിവരുന്നതായും കാണുന്നു. ഇത് അനാവശ്യചിലവുകൾക്ക് ഇടവരുത്തുന്നു. ഇതിൻെറ ഫലമായി പല കുടുംബങ്ങളും സാമ്പത്തികച്ചുഴിയിൽ അകപ്പെടുന്നു. ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള വൈദഗ്ധ്യം ഇല്ലാത്തതും അത്തരം നിർമ്മാണശൈലിക്ക് പ്രചാരം ലഭിക്കാത്തതുമാണ് ഇതിനു കാരണം.

കെട്ടിട നിർമ്മാണ സാമഗ്രികൾ ആവശ്യത്തിന് ലഭ്യമല്ല. നിർമ്മാണവസ്തുക്കളുടെ വൻ വിലവർ

ദ്ധനവ് ഇടത്തരക്കാരന്റെ പോലും പാർപ്പിട സ്വപ്നങ്ങൾക്ക് മങ്ങലേല്പിക്കുന്നു. ചിലവ് കുറഞ്ഞ കെട്ടിട നിർമ്മാണസാമഗ്രികൾ ഉല്പാദിപ്പിക്കാനുള്ള യാതൊരു സംരംഭവും നമ്മുടെ പഞ്ചായത്തിലില്ല. വീട് നിർമ്മിക്കാനാവശ്യമായ ധനസഹായ ഏജൻസികളോ ഹൗസിംഗ് സൊസൈറ്റികളോ നമ്മുടെ പഞ്ചായത്തിൽ ഇല്ല.

സർക്കാർ ഏജൻസികളിൽ നിന്നും വായ്പ ലഭിക്കാൻ പലവിധ പ്രയാസങ്ങളും അനുഭവപ്പെടുന്നു. വായ്പ അനുവദിക്കുന്നതിനുള്ള കാലതാമസവും നിബന്ധനകളും സാധാരണക്കാരനെ ബുദ്ധിമുട്ടിലാക്കുന്നു. ചില പദ്ധതികളുടെ വായ്പയിലെ പലിശ നിരക്ക് ഉയർന്നതാണ്. വായ്പാ ഗഡുക്കൾ കൃത്യ സമയത്ത് ലഭിക്കാത്തത് കൊണ്ട് യഥാസമയത്ത് വീടുനിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്നില്ല. ഇത് കൂടുതൽ സാമ്പത്തികബാധ്യതക്ക് ഇടവരുത്തുന്നു. വിവിധ സർക്കാർ ഏജൻസികൾ വഴി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള വിവരം സാധാരണക്കാരിൽ യഥാസമയത്ത് എത്താത്തതിനാൽ പലർക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല.

ഭൂമിക്ക് അടുത്ത കാലത്തായി ഉണ്ടായ വൻവിലക്കയറ്റം സാധാരണക്കാരന്റെ പാർപ്പിട പ്രശ്നത്തിന് കൂടുതൽ പ്രയാസങ്ങൾ ഉണ്ടാക്കുന്നു.

കെട്ടിടനിർമ്മാണ രംഗത്ത് വിദഗ്ധ തൊഴിലാളികളുടെ ക്ഷാമം അനുഭവപ്പെടുന്നു. യഥാസമയം ജോലിക്കാരെ ലഭിക്കാത്തത് വീടുപണി നീണ്ടുപോകുന്നതിന് ഇടയാക്കുന്നു. തൊഴിലാളികളുടെ വൈദഗ്ധ്യം ചില മേഖലകളിൽ തൃപ്തികരമല്ല. മറ്റു പ്രദേശങ്ങളിലെ ധാരാളം തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിൽ ജോലി ചയ്തുവരുന്നു. തെക്കൻ ജില്ലകളിൽ നിന്ന്പോലും വിദഗ്ദ്ധ തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നുണ്ട്.

കാർഷികരംഗത്തെ അപേക്ഷിച്ച് കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലാളികൾക്ക് ഉയർന്ന് കൂലി നിരക്ക് നിലനിൽക്കുന്നു. അതുകൊണ്ട് അടുത്ത കാലത്തായി കാർഷികമേഖലയിലെ തൊഴിലാളികൾ കെട്ടിട നിർമ്മാണ രംഗത്തേക്ക് മാറിവരുന്ന അവസ്ഥയുണ്ട്. ഈ രംഗത്തും സ്ത്രീപുരുഷ തൊഴിലാളികളുടെ കൂലി നിരക്കിൽ ഗണ്യമായ അന്തരം കാണാൻ കഴിയും.

വലിയ വീടുകളിലെ പ്രത്യേകിച്ച് കോൺക്രീറ്റ് വീടുകളുടെ നിർമ്മാണത്തിന് കോൺട്രാക്ട് സമ്പ്രദായം വ്യാപകമായി വരുന്നു.

മുമ്പു കാലത്ത് വീടുകൾക്ക് മുമ്പിലും പറമ്പുകളുടെ അതിർ തിരിക്കാനും ജൈവവേലികൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് മതിലുകൾ വ്യാപകമായി വരുന്നു. ഇത് പല പരിസ്ഥിതി പ്രശ്നങ്ങൾക്കും ഇടവരുത്തുന്നു. നമ്മുടെ പഞ്ചായത്തിലെ പാർപ്പിട നിർമ്മാണരംഗത്ത് ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിശോധിക്കുമ്പോൾഅടിയന്തിരമായി ചില കടമകൾ ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. പാർപ്പിട പ്രശ്നത്തിന് താല്കാലികമായെങ്കിലും പരിഹാരം കാണാൻ താഴെ പറയുന്ന സാധ്യതകൾ പരിഗണിക്കേണ്ടതുണ്ട്.

സാധ്യതകൾ

1. നിർധനരായ ഭൂരഹിതർക്ക് വീടു വെക്കാൻ ആവശ്യമായ സ്ഥലം പഞ്ചായത്ത് വിലകൊടുത്ത് വാങ്ങി നൽകേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലെ മിച്ചഭൂമി ഇത്തരക്കാർക്ക് പതിച്ചു നൽകാവുന്നതാണ്.

2. നിർധനരും ഭൂരഹിതരുമായ കുടുംബങ്ങൾക്കായി പ്രത്യേക ഭവന നിർമ്മാണപദ്ധതി ആവിഷ്കരിക്കുന്നതാണ്

3. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി വാർഡിൽ ഒന്ന് എന്ന തോതിലെങ്കിലും ആസൂത്രിത കോളനികൾ സ്ഥാപിക്കാവുന്നതാണ്.

4. ഭവനനിർമ്മാണ പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളിലെത്തിക്കാനാവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ പഞ്ചായത്ത് ഏറെടുത്ത് നടത്താവുന്നതാണ്.

5 ഭവന നിർമ്മാണ പദ്ധതികളിലെ വായ്പാ നിരക്ക് വർദ്ധിപ്പിക്കേണ്ടതാണ്. പലിശ നിരക്ക് കുറക്കേണ്ടതാണ്. വായ്പാ വ്യവസ്ഥയിൽ ഇളവ് അനുവദിക്കേണ്ടതാണ്.

6. ഭവന നിർമ്മാണ പദ്ധതികളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് വാർഡ്

തലജനകീയ കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

7. സാധാരണക്കാരന്റെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണുന്നതിന് പഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കാവുന്നതാണ്.

8. കുടിലുകൾ, താമസയോഗ്യമായ വീടുകളാക്കി മറ്റാനും ഓലമേഞ്ഞവ ഓട് മേയാനും പഞ്ചായത്ത് ധനസഹായം നൽകേണ്ടതാണ്.

9. നിലവിലുള്ള ലക്ഷംവീട്, നാല്സെന്റ് വീടുകളുടെ ശോച്യാവസ്ഥ മാറ്റാൻ പദ്ധതി ആവിഷ്കരികരിക്കേണ്ടതാണ്.

10. ലക്ഷം വീട് കോളനികളിലെ ഇരട്ടവീട്, ഒറ്റവീടുകളാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കണം.

11. വീടു നിർമ്മാണത്തിലെ ദുർവ്യയം ഒഴിവാക്കാൻ ആവശ്യമായ ബോധവൽകരണം നടത്തേണ്ടതാണ്. ചിലവ് കുറഞ്ഞ വീട് നിർമ്മാണത്തിനുള്ള പരിശീലനം നൽകേണ്ടതാണ്.

12. വീടു നിർമ്മാണത്തിലെ ആർഭാടം നിരുത്സാഹപ്പെടുത്താൻ ആഢംബരവീടുകൾക്ക് പ്രത്യേക നികുതി ചുമത്താവുന്നതാണ്. ഈ വരുമാനം ദരിദ്രരുടെ ഭവനനിർമ്മാണപദ്ധതിക്ക് ഉപയോഗിക്കാവുന്നതാണ്.

13. കെട്ടിട നിർമ്മാണ സാമഗ്രികൾ കുറഞ്ഞ നിരക്കിൽ നല്കാൻ കഴിയുന്ന വിധത്തിൽ സഹകരണഅടിസ്ഥാനത്തിൽ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

14. കെട്ടിട നിർമ്മാണപ്രവർത്തനം ഏറെറടുത്ത് നടത്തുന്നതിന് ഒരു ലേബർ സൊസൈറ്റി രൂപീകരിക്കാവുന്നതാണ്.

15. ചെറിയ വീടുകളെ ബാധിക്കുന്ന കെട്ടിട നിർമ്മാണ നിയമത്തിലെ വ്യവസ്ഥകൾ ലഘൂകരിക്കേണ്ടതാണ്. കുടിലുകളെ നിയമപരിധിയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

16. രജിസ്ട്രേഷൻ ലഭിക്കാത്ത വീടുകൾക്ക് നിയമവശം പരിശോധിച്ച് പെട്ടെന്ന് റജിസ്ട്രേഷൻ ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.


17. കെട്ടിടനിർമ്മാണരംഗത്തെ തൊഴിലാളികളെ പരിശീലിപ്പിക്കാനും വൈദഗ്ധ്യം ഉയർത്താനും പരിശീലനകേന്ദ്രം സ്ഥാപിക്കാവുന്നതാണ്.

18. മതിലുകൾക്ക് പകരം ജൈവ വേലി പ്രചരിപ്പിക്കേണ്ടതാണ്.

പട്ടിക - 1

പഞ്ചായത്തിലെ വീടുകളുടെ സംബന്ധിച്ച വിവരം

വാർഡ് നമ്പർ	വീടുകളുടെ എണ്ണം			
	വാർപ്പ്	ഓട്	ഓല	ആകെ
I	109	118	47	274
II	196	125	49	370
III	74	94	86	254
IV	37	128	182	347
V	38	76	84	198
VI	37	188	113	338
VII	24	190	150	364
VIII	41	356	142	539
IX	59	134	197	390
ആകെ	615	1409	1050	3074



സാമൂഹ്യക്ഷേമം

ഏറ്റവും ഒടുവിലത്തെ ഐ.ആർ.ഡി.പി. സർവ്വേപ്രകാരം 1679 കുടുംബങ്ങൾ ദാരിദ്രരേഖക്ക് കീഴെ ഉള്ളവരാണ്. ഇവരിൽ 31 കുടുംബങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപെടുന്നവരാണ് ഇവരിൽ 184 കുടുംബങ്ങൾക്ക് വിവിധ സാമ്പത്തിക സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപെട്ട ഭൂരിപക്ഷം കുടുംബങ്ങൾക്കും ധനസഹായം ലഭിച്ചിട്ടുണ്ട്. ധനസഹായം ലഭിച്ചത് വഴി 33 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് കീഴെ തന്നെ തുടരുന്നു. ഇവരെ കൂടാതെ അർഹരായ 1646 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് കാഴെ തന്നെ തുടരുന്നു. ഇവരെ കൂടാതെ അർഹരായ ധാരാളംപേർ ഐ.ആർ.ഡി.പി. സർവ്വയിൽ ഉൾപ്പെട്ടതായിട്ടുണ്ട്. ഈ കുടുംബങ്ങളെ സാമ്പത്തികപുരോഗതിയിലെത്തിക്കുക എന്നതാണ് നമ്മുടെ പ്രാഥമിക ലക്ഷ്യം. മാത്രമല്ല ദാരിദ്ര്യരേഖക്ക് മുകളിലായി കണക്കാക്കിയ കുടുംബങ്ങൾ പലതും കിടപ്പാടംപോലും പണയത്തിലായി കഷ്ടപ്പെടുന്ന കാഴ്ചയും നിലനിൽക്കുന്നു. വീടുനിർമ്മാണത്തിലും വിവാഹത്തിലും കാണിക്കുന്ന ധൂർത്തും ആർഭാഢപൂർണ്ണമായ ജീവിതരീതിയും വർദ്ധിച്ചുവരുന്ന ചികിത്സാചിലവും ഇതിന് പ്രധാനകാരണങ്ങളാണ്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യപാനാസക്തിയും പലകുടുംബങ്ങളെയും നിത്യദുരിതത്തിലാഴ്ത്തുന്നു. ഇത്തരക്കാരെ ചൂഷണം ചെയ്യാൻ ബ്ലേഡ് കമ്പനികൾ കൂണുപോലെ മുളച്ചുപൊന്തുന്നു. ഇത്തരം സാമൂഹ്യപ്രവർത്തനങ്ങൾക്കെതിരായ ബോധവൽകരണം അത്യാവശ്യമാണ്. കാർഷിക വ്യാവസായിക മേഖലയിലെ ഉൽപാദനവർദ്ധനവിലൂടെയും പുതിയ തൊഴിലവസരങ്ങളിലൂടെയും മാത്രമേ ഇതിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ.

ഐ.ആർ.ഡി.പി. പദ്ധതിപ്രകാരം സ്വയം തൊഴിൽ കണ്ടുപിടിക്കാൻ ഉതകുന്ന രൂപത്തിലുള്ള സബ്സ്ഡിയോടു കൂടിയ വായ്പാപദ്ധതി നിലവിലുണ്ടെങ്കിലും ഇത്തരം വായ്പകൾ അധികവും മറ്റു കാര്യങ്ങൾക്കാണ് ഉപയോഗപ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ പദ്ധതിയുടെ യഥാർത്ഥ ഉദ്ദേശം നടപ്പിലാകുന്നില്ല. മാത്രമല്ല ഐ.ആർ.ഡി.പി. പദ്ധതിപ്രകാരം വായ്പ വാങ്ങിയവരിൽപോലും തുക തിരിച്ചടക്കാത്തതും പുതുതായുള്ള അപേക്ഷകർക്ക് വായ്പ അനുവദിക്കുന്നതിൽ വിമുഖത കാണിക്കുന്നു.

ബ്ലോക്കോഫീസിലെ കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ട്രൈസം, തൊഴിൽ പരിശീലനം ലഭിച്ചത് 6 പേർക്ക് മാത്രമാണ്. ഓട്ടോ മെക്കാനിസം-1, വയറിംഗ് -1, പ്ലാസ്റ്റിക് വർക്ക്സ്-3, പ്രിൻറിംഗ് കമ്പോസിംഗ് -1 എന്നീ മേഖലകളിലാണ് പരിശീലനം നേടിയത്. എന്നാൽ പരിശീലനം ലഭിച്ചവരിൽ പലരും ആ മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തിയില്ല. ഇത്തരം പദ്ധതികളെപ്പറ്റിയുള്ള വിവരം ജനങ്ങൾക്ക് ലഭിക്കാത്തത് കൊണ്ടാണ് പരിശീലനപരിപാടിക്ക് പങ്കാളിത്ത കുറവ് അനുഭവപ്പെടുന്നത്.

സി.ഡബ്ളിയു.ആർ.സി.എ. യൂണിറ്റ് പദ്ധതി പ്രകാരം രണ്ട് യൂണിറുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 8-ാംവാർഡിലെ 'അക്ഷയ' അവൽ നിർമ്മാണ യൂണിറ്റും 4-ാം വാർഡിലെ 'സഹൃദയ ഗാർമെൻറ്സും' രണ്ട് സ്ത്രീകൾക്ക് തൊഴിൽ നൽകാനുള്ള ഉദ്ദേശത്തിലാണ് അവ തുടങ്ങിയത്. നടത്തിപ്പിലെ കുഴപ്പം കാരണം അവിൽ നിർമ്മാണ യൂണിറ്റിൻെറ പ്രവർത്തനം തുടർക്കാലത്ത് നിലച്ചുപോയിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തനം വീണ്ടും തുടങ്ങിയിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 121 വിധവാ പെൻഷനും

രണ്ട് കാൻസർ രോഗപെൻഷനും 326 കർഷകതൊഴിലാളി പെൻഷനും ലഭിച്ചുവരുന്നു. ഇതിനുപുറമേ മറ്റുമേഖലകളിലെ തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിച്ചുവരുന്നു. അർഹരായവരിൽ പലർക്കും പെൻഷൻ ലഭിക്കുന്നില്ല എന്ന പരാതി നിലനിൽക്കുന്നു. ലഭിക്കുന്ന പെൻഷനുകളിൽ വരുന്ന കാലതാമസം മറ്റൊരുപ്രശ്നമാണ്. പെൻഷൻ അപേക്ഷകളിൽ തീർപ്പു കല്പിക്കാനും കാലതാമസമുണ്ടാകുന്നു.

ഒരു മഹിളാസമാജം നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും പ്രവർത്തനം സജീവമല്ല. അംഗണവാടികൾ ഒന്നും പ്രവർത്തിക്കുന്നില്ല. കുറ്റ്യാടി ടൗണിൽ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള ഒരു ബാലവാടിയും ഒരു ക്രഷേയും, നടുപ്പൊയിലിൽ, താഴെവടയം പ്രദേശങ്ങളിൽ ഓരോ ശിശുമന്ദിരവും പ്രവർത്തിച്ചുവരുന്നു.

നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും സാമൂഹികനിലവാരം ഉയർത്താൻ ഉതകുന്നതിനുള്ള പദ്ധതികൾ എത്രയും പെട്ടെന്ന് ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടിയിരിക്കുന്നു. താഴെ പറയുന്ന സാധ്യതകൾ പരിഗണിക്കപ്പെടേണ്ടതാണ്.

സാധ്യതകൾ

1. അർഹരായ മുഴുവൻ കുടുംബങ്ങളേയും ഐ. ആർ.ഡി.പി. ലിസ്റ്റിൽ ഉൾപ്പെടുത്തണം. അർഹരെ കണ്ടെത്താനും അനർഹരെ ഒഴിവാക്കാനും വാർഡ്തല ജനകീയ കമ്മിറ്റികൾ രൂപീകരിക്കണം
2. വിവിധ സാമൂഹിക പദ്ധതികളെപ്പറ്റി ജനങ്ങളിൽ ബോധവൽകരണം നടത്തണം.
3. അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം
4. പെൻഷൻ തുക ഉയർത്തണം.
5. പെൻഷൻ പദ്ധതികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തുകളെ ഏൽപിക്കണം.
6. പെൻഷൻ പദ്ധതിയിലെ അർഹരെ കണ്ടുപിടിക്കാൻ പഞ്ചായത്തുതല ജനകീയ കമ്മിറ്റി രൂപീകരിക്കണം.
7. പെൻഷൻ വ്യവസ്ഥകൾ ഉദാരമാക്കണം.
8. വാർഡിൽ ഒന്നങ്കിലും അങ്കണവാടികളും മഹിളാസമാജങ്ങളും രൂപീകരിക്കണം.
9. മഹിളാസമാജങ്ങൾ സജീവമാക്കി ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള പോഷകാഹാര വിതരണപരിപാടി കകാര്യക്ഷമമാക്കണം.
10. പ്രധാനമന്ത്രി, മുഖ്യമന്ത്രിമാരുടെ ദുരിതാസ്വാസനിധിയിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായം താമസം കൂടാതെ ലഭ്യമാക്കണം. രോഗി മരണപ്പെട്ടാൽ സംഖ്യ കുടുംബത്തിന് ലഭ്യമാക്കണം.
11. പഞ്ചായത്തുതലത്തിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിക്കണം.
12. പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും ഇൻഷൂറൻസ് അനുകൂലനത്തിന് കീഴിൽ കൊണ്ടുവരണം.
13. ട്രൈസം, തൊഴിൽ പരിശീലനപരിപാടിയിൽ കൂടുതൽ തൊഴിൽ സാധ്യതയുള്ള മേഖല പരിഗണിക്കണം.

പൊതുവിതരണം

പഞ്ചായത്തിൽ ആറ് റേഷൻഷോപ്പുകൾ ഉണ്ട്. വിലക്കയറ്റം മൂലം വിഷമമനുഭവിക്കുന്ന സാധാരണക്കാർക്ക് ഇവ ആശ്വാസമരുളുന്നു. പക്ഷേ ഇവയിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങൾ ഗുണമേന്മ കുറഞ്ഞവയാണെന്ന പരാതിയുണ്ട്. കുറ്റ്യാടി ടൗണിൽ സഹകരണാടിസ്ഥാനത്തിൽകൺസ്യൂമർ സ്റ്റോർ ആരംഭിക്കണമെന്ന നിർദേശം ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്. പുതിയ റേഷൻ കാർഡ് കിട്ടാനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കണം.

ഐ.ആർ.ഡി.പി. സർവ്വേപ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ വിവരം

വാർഡ് നമ്പർ	ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	189	4	18	4	2	187
2	132	2	15	2	3	129
3	217	8	26	8	4	213
4	183	6	30	6	5	178
5	188	5	22	5	4	184
6	252	3	24	3	5	247
7	182	1	26	1	6	176
8	234	2	23	2	4	230
9	002	-	-	-	-	-
	1579	31	184	31	33	1544

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

ജാതിയുടെ പേരിൽ കടുത്ത അവഗണനയ്ക്ക് വിദേയമാവുകയും മാനുഷിക അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്ത സമുദായമാണ് പട്ടികജാതിക്കാർ. അയിത്തത്തിന്റെ പേരിൽ പിന്തള്ളപ്പെട്ട ഇവർ സാമൂഹ്യസാമ്പത്തിക വിദ്യാഭ്യാസ മേഖലകളിൽ പിന്നോക്കം നിൽക്കുന്നു. മൃഗീയ ചൂഷണത്തിനും പീഢനത്തിനും വിധേയരായ ഇവർക്ക് മോചനത്തിന്റെ പാത ഒരുക്കിയത് മണ്ണിൽ പണിയെടുക്കുന്നവന്റെ വീറുറ്റ പോരാട്ടമാണ്. കേരളത്തിൽ നടപ്പിലാക്കിയ ഭൂപരിഷ്കരണ നിയമത്തിലൂടെ ഭൂമിയിൽ അവകാശം സ്ഥാപിക്കാൻ ഇവർക്ക് കഴിഞ്ഞു.

1991ലെ കാനേഷുമാരി കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 369 പട്ടികജാതിക്കാരുണ്ട്. 93 കുടുംബങ്ങളിലായി കഴിയുന്ന ഇവരിൽ 184 പേർ പുരുഷന്മാരും 185 പേർ സ്ത്രീകളുമാണ്. പഞ്ചായത്ത് ജനസംഖ്യയുടെ 2.16% പേർ മാത്രമാണ് പട്ടികജാതിയിലുള്ളത്. പട്ടികജാതി കോളനി പഞ്ചായത്തിലില്ല.

പട്ടികജാതിക്കാരിൽ ഭൂരിപക്ഷവും 4 സെൻറിലും ലക്ഷം വീടുകളിലും പതിച്ചുകിട്ടിയ മിച്ചഭൂമിയിലുമായി താമസിക്കുന്നു. ചുരുക്കം ചിലർ സ്വന്തമായുള്ള 10 സെൻറ് വരെയുള്ള ഭൂമിയിൽ കഴിഞ്ഞുകൂടുന്നു. ഇവർ താമസിക്കുന്ന മിക്ക വീടുകളും ഓലമേഞ്ഞതാണ്.

പഞ്ചായ്തതിലെ പട്ടികജാതിക്കാർ താമസിക്കുന്ന സ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ തുലോം പരിമിതമാണ്. ഏതാണ്ട് 41% വീടുകൾക്ക് കിണറോ, 30% വീടുകൾക്ക് കക്കൂസോ46%ത്തോളം വീടുകൾക്ക് വൈദ്യുതിയോ ഇല്ല. പഞ്ചായത്തിലെ പട്ടികജാതിക്കാരിൽ അധികംപേരും കർഷകതൊഴിലാളികളാണ്. ചുരുക്കം ചിലർ ടൈലറിംഗ്, നിർമ്മാണ പ്രവർത്തനം എന്നീ ജോലികളിൽ ഏർപ്പെടുന്നു. പരമ്പരാഗത തൊഴിൽ ചെയ്യുന്നവരും സർക്കാർ ജോലിക്കാരും നാമമാത്രമായെ ഇവർക്കിടയിലുള്ളൂ.

മുതിർന്നവരിൽ നിരക്ഷരർ ഉണ്ടെങ്കിലും കുട്ടികൾ മുഴുവനും കൃത്യമായി സ്കൂളിൽ പോകുന്നുണ്ട്. എന്നാൽ കുട്ടികൾക്ക് വീടുകളിൽ പഠനസൗകര്യം തീരെ ഇല്ലെന്നുതന്നെ പറയാം. പട്ടികജാതികൾക്ക് സർക്കാർ അനുവദിച്ച അനവധി പദ്ധതികൾ നിലവിലുണ്ടെങ്കിലും ഇതിന്റെ ആനുകൂല്യം വേണ്ടത്ര ഇവർക്ക് ലഭിച്ചിട്ടില്ല. പദ്ധതിയെ സംബന്ധിച്ച് അറിവില്ലായ്മയും പദ്ധതി വിഹിതം ലഭിക്കുന്നതിനുള്ള കാലതാമസവുമാണ് ഇതിന് കാരണം.

സാമ്പത്തികമായ പിന്നോക്കാവസ്ഥ കാരണം സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിൽ സമൂഹത്തിന്റെ മുഖ്യധാരയിലെത്താൻ ഇവർക്ക് കഴിയുന്നില്ല. വിവിധ മേഖലകളിൽ ജോലിചെയ്യുന്നുവെങ്കിലും ആ വരുമാനം കൊണ്ട് മെച്ചപ്പെട്ട ജീവിതം ഉറപ്പുവരുത്താനും അതുവഴി കുട്ടികൾക്ക് ഉയർന്ന വിദ്യാഭ്യാസം നേടിക്കൊടുക്കാനും ഇവർക്ക് കഴിയുന്നില്ല.

ജാതിയമായ ഉച്ചനീചത്വങ്ങൾ നമ്മുടെ പഞ്ചായത്തിലെ പട്ടികജാതിക്കാർക്ക് ഇപ്പോൾ അനുഭവപ്പെടുന്നില്ല. വിവാഹംപോലുള്ള ചടങ്ങുകളിൽ ഇതര ജനവിഭാഗങ്ങളോടൊപ്പം പങ്കെടുക്കാൻ ഇവർക്ക് കഴിയുന്നു. ഇതര സമുദായങ്ങളിൽപ്പെട്ടവർ ഇവരുടെ വീടുകളിൽ നടക്കുന്ന ആഘോഷങ്ങളിൽ പങ്കെടു

ക്കാറുണ്ട്. പക്ഷേ ഈ അനുകൂല സാഹചര്യം പ്രയോജനപ്പെടുത്തി നേതൃപദവിയിലേക്ക് ഉയർന്ന്വന്നവർ വളരെ പരിമിതമാണ്.

അന്യസംസ്ഥാനത്തുനിന്ന് വന്ന് ചെരുപ്പ് നിർമ്മാണ ജോലിയിൽ ഏർപ്പെടുന്ന ചക്ലിയൻ വിഭാഗത്തിൽപ്പെട്ട 5 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഇവർക്ക് പട്ടികജാതി-വർഗ്ഗക്കാർക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

ഐ. ആർ. ഡി. പി. സർവ്വേ അനുസരിച്ച് ദരിദ്ര രേഖയ്ക്ക് താഴെയുള്ള പട്ടികജാതി കുടുംബങ്ങളുടെ എണ്ണം 31 ആണ്. ഐ. ആർ. ഡി. പി. പദ്ധതി അനുസരിച്ച് 26 പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായ ലഭിക്കുകയുണ്ടായി. ഈ ധനസഹായം ലഭിച്ച കുറേ കുടുംബങ്ങൾ ശരിയായ രീതിയിൽ വായ്പകൾ വിനിയോഗിച്ചിട്ടില്ല. ചിലഗുണഭോക്താക്കൾ വായ്പ സംഖ്യ ബേങ്കിൽ കൃത്യമായി തിരിച്ചടക്കുന്നില്ല.

ഗ്രൂപ്പ് ഹൗസിംഗ് പദ്ധതിപ്രകാരം നമ്മുടെ പഞ്ചായത്തിലെ 12 പട്ടികജാതി കുടുംബങ്ങൾക്ക് തിരിച്ചടക്കേണ്ടതില്ലാത്ത ഗ്രാൻറ് ലഭിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി 9 വീടുകൾ മാത്രമേ പണി പൂർത്തിയായിട്ടുള്ളൂ. നിശ്ചിത പരിധിക്കുള്ളിൽ വീടു നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

8-ാം പദ്ധതികാലത്ത് പട്ടികജാതി വിഭാഗങ്ങൾക്ക് മില്യൺ വെൽസ് പദ്ധതി പ്രകാരം 6 കിണറുകൾ അനുവദിച്ചിട്ടുണ്ട്. ഇവയിൽ നാല് കിണർ മാത്രമാണ് പണിപൂർത്തിയായത്.

പ്രശ്നങ്ങൾ:

1. പട്ടികജാതിക്കാരുടെ വീടുകളിൽ പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്.
2. പട്ടികജാതിക്കാരുടെ വീടുകളിൽ ആവാസയോഗ്യമായവ കുറവാണ്.
3. പട്ടികജാതിക്കാർക്കായുള്ള പ്രത്യേക പദ്ധതിയെ സംബന്ധിച്ച് വിവരം അവർക്ക് അറിയാൻ കഴിയുന്നില്ല.
4. തങ്ങൾക്ക് അനുവദിക്കപ്പെട്ട ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ പട്ടികജാതിക്കാർ വൈമുഖ്യം കാണിക്കുന്നു.
5. പരമ്പരാഗത തെഴിലിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതിക്കാർക്ക് അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നില്ല.
6. പട്ടികജാതിക്കാരുടെ കുട്ടികൾക്ക് വീടുകളിൽ പഠന സൗകര്യമില്ല. ഇവർക്ക് ഉന്നത വിദ്യാഭ്യാസം നേടാനും കഴിയുന്നില്ല.
7. സമൂഹത്തിൻെറ നേതൃനിരയിലേക്ക് പട്ടികജാതിക്കാർ ഉയർന്നുവരുന്നില്ല.
8. പട്ടികജാതിക്കാർക്ക് സർക്കാർ നൽകുന്ന ധനസഹായം അപര്യാപ്തമാണ്.
9. അന്യ സംസ്ഥാനങ്ങളിൽ നിന്ന് വന്ന് ജോലി ചെയ്യുന്ന ചക്ലിയൻ ജാതിക്കാരെ കേരളത്തിൽ പട്ടികജാതിക്കാരായി അംഗീകരിക്കുന്നില്ല.
10. പട്ടികജാതി കുടുംബങ്ങളിൽ തൊഴിലില്ലായ്മ നിലവിലുണ്ട്.

സാധ്യതകൾ

1. പട്ടികജാതിക്കാരുടെ വീടുകളിൽ കിണർ, കക്കൂസ് നിർമ്മാണം വൈദ്യുതീകരണം എന്നിവ നടത്താൻ സഹായം നൽകണം.
2. ആവാസയോഗ്യമായ വീടുകൾ പട്ടികജാതിക്കാർക്ക് വേണ്ടി നിർമ്മിച്ചുകൊടുക്കണം. സർക്കാർ നേരിട്ടുതന്നെ പ്ലാൻ അനുസരിച്ച് വീടുകൾ നിർമ്മിച്ചുകൊടുക്കുന്നത് നന്നായിരിക്കും.
3. പട്ടികജാതിക്കാർക്കിടയിൽ അവർക്ക് അനുവദിക്കപ്പെട്ട പദ്ധതിയെ സംബന്ധിച്ച് ബോധവൽക്കരണം നടത്തണം.
4. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതിക്കാർക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കണം.
5. പട്ടികജാതിക്കാരുടെ കുട്ടികൾക്ക് പഠനോപകരണവും മറ്റും നൽകി വീടുകളിലെ പഠന സൗകര്യം മെച്ചപ്പെടുത്തുകയും ഉന്നത വിദ്യാഭ്യാസം നേടാൻ പ്രോത്സാഹനം കൊടുക്കുകയും വേണം.
6. അന്യ സംസ്ഥാനങ്ങളിൽ നിന്ന് വന്ന് ഇവിടെ ചെരുപ്പ് നിർമ്മാണ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ചക്ലിയൻ വിഭാഗത്തിൽപ്പെട്ട പട്ടികജാതിക്കാരെ കേരളത്തിൽ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ചെരുപ്പ് നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഇവർക്ക് ആ

മേഖലയിൽ പരിശീലനവും സാമ്പത്തികസഹായവും നൽകണം. സഹകരണമേഖലയിൽ ചെറുപ്പ് വ്യവസായം തുടങ്ങുവാനുള്ള പദ്ധതി ആവിഷ്കരിക്കണം.

7. പട്ടികജാതിക്കാർക്കിടയിലെ കലാസാംസ്കാരിക പ്രതിഭകളെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം നൽകണം.
8. പട്ടികജാതിക്കാരെ സമൂഹത്തിന്റെ നേതൃനിരയിലേക്ക് ഉയർത്തികൊണ്ടുവരണം.
9. പട്ടികജാതിക്കാർക്കിടയിൽ ഇന്നുള്ള തൊഴിലില്ലായ്മ പരിഹരിക്കാൻ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ നേതൃത്വത്തിൽ സഹകരണ മേഖലയിൽ ഒരു കൊപ്ര സംസ്കരണയൂണിറ്റ് തുടങ്ങുക.

പട്ടിക - 1

സാമ്പത്തികാനുകൂല്യം ലഭിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾ

ക്രമ നമ്പ്ർ	സ്ക്കൂൾ	ലംപസ് ഗ്രാൻറ് ലഭിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം		
		ആൺ	പെൺ	ആകെ
1.	ഗവ. ഹയർ സെക്കണ്ടറി സ്ക്കൂൾ, കുറ്റ്യാടി	20	14	34
2.	എം. ഐ. യു പി. എസ്., കുറ്റ്യാടി	28	16	44
3.	നടുപ്പൊയിൽ യു. പി. എസ്.	10	8	18
4.	നിട്ടൂർ എൽ. പി. സ്ക്കൂൾ	2	-	2
5.	നിട്ടൂർ എം. എൽ. പി. എസ്.	-	-	-
6.	ഊരത്ത് എൽ. പി. എസ്.	5	5	10
7.	വടയം സൗത്ത് എൽ. പി. എസ്.	4	1	5
8.	വടയം നോർത്ത് എൽ. പി. എസ്.	2	2	4
	ആകെ	71	46	117

മൃഗസംരക്ഷണം മത്സ്യബന്ധനം

മൃഗസംരക്ഷണം:

കാർഷികഗ്രാമമായ കുറ്റ്യാടിയിൽ കൃഷിയുടെ അഭിഭാജ്യ ഘടകമായ കന്നുകാലി വളർത്തൽ തൊഴിലാക്കിയ വളരെയധികം പേർ മുമ്പുണ്ടായിരുന്നു. നിലം ഉഴുകുന്നതിനും, വഞ്ചിവലിക്കുന്നതിനും, പാലുൽപാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ ജൈവവളത്തിനു വേണ്ടിയും കന്നുകാലികളെ വളർത്തിയിരന്നു.

മകരകൊയ്ത്ത് കഴിഞ്ഞാൽ കന്നുകാലികളെ വയലുകളിൽ മേയാൻ വിടുന്ന പതിവായിരുന്നു. മുമ്പുണ്ടായിരുന്നത്. ഇടവഴികളിലും പറമ്പുകളിലേക്കുള്ള വഴികളിലും കന്നുകാലികൾ കയറുന്നത് തടയാൻ പ്രത്യേകതരം വേലികൾ (ആനവാതിലുകൾ) അക്കാലങ്ങളിൽ നിർമ്മിക്കുമായിരുന്നു.

കന്നുകാലികളെ വളർത്താൻ ഏൽപിക്കുന്ന പതിവും മുമ്പ് കാലങ്ങളിലുണ്ടായിരുന്നു. ആദ്യ പ്രസവത്തിലെ കുട്ടിയും ആക്കാലത്തെ കറവയും പോറ്റുന്നയാൾ എടുത്ത് രണ്ടാമത്തെ പ്രസവത്തോടുകൂടി കന്നുകാലികളെ ഉടമസ്ഥർക്ക് തിരിച്ചേൽപിക്കുന്ന രീതിയായിരുന്നു തുടർന്നുവന്നിരുന്നത്.

മകരകൊയ്ത്തിനുശേഷം വയലുകളിൽ മറ്റു കൃഷികൾ (വെള്ളരി, പയർ, പച്ചക്കറികൾ) ഇറക്കുകയും വയലുകൾ നികത്തി ദീർഘകാല വിളകളായ തെങ്ങ്, കവുങ്ങ് എന്നിവ നട്ടുപിടിപ്പിക്കുകയും മരച്ചീനി വാഴ എന്നിവ കൃഷിചെയ്യുകയും ചെയ്തു. തുടങ്ങിയതോടുകൂടി കാലികളെ അഴിച്ചുവിട്ട് മേയ്ക്കുന്ന സമ്പ്രദായം അവസാനിപ്പിക്കേണ്ടിവന്നു. കയറൂരിവിടുന്ന കന്നുകാലികൾ കൃഷി നശിപ്പിക്കുന്നതിനെതിരെ പഞ്ചായത്തിൽ പരാതിവന്നപ്പോൾ അത്തരം കന്നുകാലികളെ പിടിച്ചുകെട്ടാൻ നിയമമുണ്ടാക്കി. അങ്ങിനെ പിടിച്ചുകെട്ടപ്പെടുന്ന കന്നുകാലികളുടെ ഉടമസ്ഥൻ പിടിച്ചുകെട്ടിയ ദിവസങ്ങളിലെ വളർത്തുകൂലി, ഫൈൻ എന്നിവ നൽകി കന്നുകാലികളെ തിരിച്ചുകൊണ്ടുപോകാമെന്നായിരുന്നു വ്യവസ്ഥ. ഇങ്ങിനെ കന്നുകാലികളെ കെട്ടാൻ 'കച്ചേരിആല' എന്ന പേരിൽ കുറ്റ്യാടിയിലും വടയത്തും ഓരോ കേന്ദ്രങ്ങളും നിലവിൽ വന്നു. വടയത്ത് സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് ഈ ആവശ്യത്തിന നിർമ്മിച്ച വാടക കെട്ടിടം (ആല) ഇന്നും നിൽക്കുന്നു.

പശു, എരുമ, ആട്, കാള എന്നിവയാണ് കുറ്റ്യാടിയിൽ വളർത്തിയിരുന്ന പ്രധാന മൃഗങ്ങൾ കാളകളെ നിലമുഴുന്നതിനും വണ്ടി വലിക്കുന്നതിനും ഉപയോഗപ്പെടുത്തിയിരുന്നു. വിത്തുകാളകളെ പ്രത്യേകം പരിപാലനം നടത്തി വളർത്തുന്ന പക്ഷികളിൽ പ്രധാന ഇനം കോഴികളാണ്. ചില വീടുകളിൽ വളരെ കുറച്ച് എണ്ണം താറാവുകളെ വളർത്തുന്നുണ്ട്.

പഞ്ചായത്തിലെ ജനങ്ങൾ മൃഗസംരക്ഷണാവശ്യത്തിന് മുമ്പ് വട്ടോളി മൃഗാശുപത്രിയെയായിരുന്നു ആശ്രയിച്ചിരുന്നത്. 1990ൽ വടയത്ത് ഒരു മൃഗസംരക്ഷണ ഉപകേന്ദ്രം പ്രവർത്തനമാരംഭിച്ചെങ്കിലും സ്ഥിരമായ സ്റ്റാഫില്ലാത്തതിനാൽ വലിയ പ്രയോജനമൊന്നും അതുകൊണ്ട് കൃഷിക്കാർക്കു ലഭിച്ചിരുന്നില്ല. 1996ൽ ഇവിടെ ഒരു മൃഗാശുപത്രി ഉൽഘാടനം ചെയ്യപ്പെട്ടു. ഇവിടെയും ഡോക്ടറുടെ സേവനം സ്ഥിരമായി ലഭ്യമല്ലാത്തതിനാൽ കന്നുകാലി വളർത്തുകാർ പ്രയാസമനുഭവിക്കുന്നു. ഈ സ്ഥാപനത്തിൽ കൃത്രിമ ബീജ സങ്കലനത്തിന് സൗ

കര്യമുണ്ടെങ്കിലും ഭൂരിഭാഗം ആളുകളും ഇന്നും വിത്തുകാളകളെ ഉപയോഗപ്പെടുത്തുവാൻ താല്പര്യം കാണിക്കുന്നു.

ക്ഷീര വിപണന രംഗത്ത് സംഘടിതമായ ഒരു പ്രവർത്തനവും കുറ്റ്യാടിയിൽ നിലവിലില്ല. കന്നുകാലി വളർത്തുകാർ നേരിടുന്ന പ്രധാന പ്രശ്നം കാലിത്തീറ്റയുടെ ദൗർലഭ്യമാണ്. മേച്ചിൽ സ്ഥലങ്ങൾ തീരെ ഇല്ലെന്നു തന്നെ പറയാം. നെൽകൃഷി ഗണ്യമായി കുറഞ്ഞതോടെ വൈക്കോൽ കിട്ടാൻ വളരെ പ്രയാസമായിരിക്കുന്നു. ദിവസേന പാലക്കാട്, മലപ്പുറം, വയനാട് ഭാഗങ്ങളിൽ നിന്നും വിലക്ക് വാങ്ങിയാണ് കാലികളെ വളർത്തുന്നത്.

ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രം ഒന്ന് വടയത്തും മറ്റൊന്ന് കടേക്കച്ചാലിലും പ്രവർത്തിക്കുന്നു. ഇത് പഞ്ചായത്തിലെ ആവശ്യത്തിന് അടുത്തുപോലും എത്തുന്നില്ല. കുറ്റ്യാടി ടൗണിൽ 2 കോഴി വിപണന കേന്ദ്രം പ്രവർത്തിക്കുന്നു. തമിഴ്നാട്ടിൽ നിന്നാണ് ഈ കേന്ദ്രങ്ങളിൽ കോഴികളെത്തുന്നത്, മുട്ടക്കോഴി വ്യവസായികാടിസ്ഥാനത്തിൽ വളർത്തുന്ന ഒരു യൂണിറ്റ്പോലും കുറ്റ്യാടി പഞ്ചായത്തിലില്ല.

പേപ്പട്ടി ശല്യം രൂക്ഷമല്ലെങ്കിലും നായ്ക്കൾ സംഘടിച്ചുവന്ന് ആടുകളെയും കന്നുകുട്ടികളെയും വകവരുത്തുന്ന സ്വഭാവം പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഇത്തരം നായ്ക്കളെ പട്ടി പിടുത്തക്കാർക്ക്പോലും കണ്ടെത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്.

മത്സ്യബന്ധനം:

പഞ്ചായത്തിന്റെ കിഴക്കേ അതിരായ കുറ്റ്യാടി പുഴയുടെ ഏകദേശം രണ്ട് കിലോമീറ്ററോളം വരുന്നഭാഗം, വളയന്നൂരിൽ സ്ഥിതിചെയ്യുന്ന മൂന്ന് ഏക്കറോളം വരുന്ന ചിറ സ്വകാര്യവ്യക്തിയുടെ സ്ഥലങ്ങളിലുള്ള നിരവധി കുളങ്ങൾ, ആറ് കി. മീറ്ററോളം വരുന്ന തോടുകൾ എന്നിവയാണ് പഞ്ചായത്തിലെ ഉപരിതല ജലസ്രോതസ്സുകൾ. മത്സ്യബന്ധനം തൊഴിലാക്കിയ ആരും തന്നെ കുറ്റ്യാടി പഞ്ചായത്തിലില്ല. സ്വന്തമായ ആവശ്യത്തിനു വേണ്ടി മത്സ്യം പിടിക്കാൻ വീശുവല സംഘടിപ്പിച്ചുവെച്ച കുറെ പേരെങ്കിലുമുണ്ട്. ഇവർ പിടിക്കുന്ന മത്സ്യം വിപണനത്തിന് ഉപയോഗിക്കാറില്ല. മത്സ്യകൃഷി നടത്താൻ പറ്റിയ കുളങ്ങൾ ചിലതെങ്കിലും ഉണ്ടെങ്കിലും വീടിനടുത്തല്ലാത്തതിനാൽ സംരക്ഷിക്കാനുള്ള പ്രയാസം കൊണ്ട് പലരും അതിന് മുതിരുന്നില്ല. പഞ്ചായത്തിന്റെ അധീനതയിലുള്ള വളയന്നൂർ ചിറ സഹകരണാടിസ്ഥാനത്തിൽ മത്സ്യകൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. അമിതമായ രാസവള, കീടനാശിനി പ്രയോഗം കാരണമാകാം. പലയിനം പുഴമത്സ്യങ്ങളും നാമാവശേഷമായിക്കൊണ്ടിരിക്കയാണ്. മുമ്പ്കാലങ്ങളിൽ വയലുകളിലും തോടുകളിലും കുളങ്ങളിലും ധാരളം കാണാറുള്ള വരാൽ (കയിച്ചിൽ) മത്സ്യം ഇതിനുദാഹരണമാണ്. കുറ്റ്യാടി പുഴയിൽ നിന്നും വ്യാപകമായി മത്സ്യകുഞ്ഞുങ്ങളെ ഊറ്റിനശിപ്പിക്കുന്നതിനാൽ പുഴയിലെ മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നു. പഞ്ചായത്തിലെ പ്രധാനമത്സ്യമാംസ വിപണനകേന്ദ്രം കുറ്റ്യാടി ടൗണിൽ പ്രവർത്തികുന്നു. നരിക്കൂട്ടുംചാൽ, വടയം എന്നിവിടങ്ങളിൽ മത്സ്യ വിപണനം റോഡിൽ തന്നെയാണ് നടക്കുന്നത്.

പ്രശ്നങ്ങൾ

1. കന്നുകാലികളെ മേയ്ക്കാൻ സൗകര്യമില്ല.
2. ചുരുങ്ങിയ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമല്ല.
3. പാൽ വിപണനത്തിനുള്ള സൗകര്യം വളരെ കുറവ്
4. മൃഗസംരക്ഷണത്തിനുള്ള സംവിധാനം പര്യാപ്തമല്ല.
5. സങ്കരയിനം കന്നുകാലികളെ വാങ്ങാൻ സാമ്പത്തിക സഹായം ലഭ്യമല്ല.
6. കുറ്റ്യാടി ടൗണിലെ മത്സ്യമാംസ മാർക്കറ്റ് തീരെ സൗകര്യപ്രദമല്ല
7. വടയത്തും നരിക്കൂട്ടുംചാലും റോഡരുകിൽ മത്സ്യ വിപണനം നടത്തുന്നതിനാൽ മലിനീകരണ പ്രശ്നം രൂക്ഷമാണ്.

സാദ്ധ്യതകൾ

1. തീറ്റ പുൽകൃഷിയെക്കുറിച്ച് കൃഷിക്കാർക്ക് ബോധവൽക്കരണം നടത്തുകയും സഹകരണാടിസ്ഥാനത്തിൽ തീറ്റ പുൽകൃഷി സംഘടിപ്പിക്കുകയും ചെയ്യുക.
2. പഞ്ചായത്ത് തലത്തിൽ ക്ഷീരവികസന സഹകരണസംഘം രൂപീകരിക്കുകയും വാർഡുകൾ തോറും ക്ഷീരസംഭരണ കേന്ദ്രങ്ങൾ സ്ഥാ

പിക്കുകയും ചെയ്യുക.

3. കന്നുകാലികൾ കോഴികൾ എന്നിവയ്ക്ക് പിടി പെടുന്ന സാംക്രമിക രോഗങ്ങൾ തടയാൻ മൃഗാ ശുപത്രി കേന്ദ്രീകരിച്ച് സൗകര്യങ്ങൾ ഏർ പ്പെടുത്തുകയും കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യാം.
4. സഹകരണാടിസ്ഥാനത്തിൽ മുട്ടക്കോഴികളെ വളർത്തുന്ന കേന്ദ്രം തുറക്കുക. പഞ്ചായത്തിന്നു ള്ളിൽ തന്നെ വിപണനസൗകര്യവുമേർപ്പെടു ത്തുക.
5. മൃഗാശുപത്രിയിൽ മുഴുവൻ സമയ ഡോക്ടറെ ലഭ്യമാക്കുക.
6. ആധുനികരീതിയിലുള്ള മത്സ്യമാംസ വിപണന കേന്ദ്രം കുറ്റ്യാടി ടൗണിലും വടയത്തും സ്ഥാപി ക്കുക.
7. പഞ്ചായത്തിലെ കന്നുകാലികളെ മുഴുവൻ ഇൻ ഷ്യൂർ ചെയ്യാൻ പദ്ധതി തയ്യാറാക്കുക.
8. ഓരോ വാർഡിലും തിരഞ്ഞെടുക്കപ്പെടുന്ന വ്യ ക്തികൾക്ക് ഇറച്ചിക്കോഴി വളർത്താൻ സബ്സി ഡി നൽകുക.

പട്ടിക - 1

വളർത്തുമൃഗങ്ങളും പക്ഷികളും

മൃഗങ്ങൾ/പക്ഷികൾ	എണ്ണം
പശു	1333
എരുമ	4
കാള	37
ആട്	689
പോത്ത്	3
കോഴി	5408
താറാവ്	53

വനിതാക്ഷേമം

കുറ്റ്യാടി പഞ്ചായത്തിലെ ആകെ ജനസംഖ്യയായ 17108-ൽ 8647 പേർ സ്ത്രീകളാണ്. ഇത് നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയുടെ 50.54 ശതമാനമാണ് സംസ്ഥാനത്തുള്ള ജനസംഖ്യ അനുപാതത്തിന് സമാനമാണ് ഇത്. എന്നാൽ ജനസംഖ്യാനുപാതകമായുള്ള ഈ വർദ്ധനവ് മറ്റ് മേഖലകളിൽ ഒന്നുംതന്നെ കാണുന്നില്ല.

വിദ്യാഭ്യാസം

പഞ്ചായത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസത്തിന്റെ അവസ്ഥ പരിശോധിച്ചാൽ സ്ത്രീ-പുരുഷ അനുപാതം തുല്യമാണെന്ന് കാണാം. സാക്ഷരതാ പ്രവർത്തനത്തിൽ പഠിതാക്കളായി വന്നത്കാരണം സ്ത്രീകളെല്ലാംതന്നെ കേവല സാക്ഷരത കൈവരിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ രംഗത്തും മറ്റ് വിദ്യാഭ്യാസ മേഖലകളിലും സ്ത്രീകൾ നാമമാത്രമായ പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്. സ്ത്രീകൾക്കായി തൊഴിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ ഇല്ലെങ്കിലും ടെയിലറിംഗ്, എംബ്രോയ്ഡറി, കമ്പ്യൂട്ടർ, ടൈപ്പ്റൈറ്റിംഗ് എന്നീ മേഖലകളിൽ സ്ത്രീകൾ പരിശീലനം നേടിവരുന്നുണ്ട്. സ്ക്കൂളുകളിൽ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളുടെ എണ്ണത്തേക്കാൾ കുറവാണ്. ഇതിന്റെ കാരണം പരിശോധിക്കപ്പെടേണ്ടതാണ്.

ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ
2656	2350	5006

ആരോഗ്യം

സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യം സംരക്ഷിക്കുന്നതിന് വേണ്ടി കുറ്റ്യാടിയിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെൻററും നിട്ടൂരിൽ ഒരു കുടുംബക്ഷേമ കേന്ദ്രവും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 4 ഫീ ഡിംഗ് സെൻററുകളും ഒരു മഹിളാസമാജവും പ്രവർത്തിക്കുന്നു. കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ ഒഴിച്ചാൽ മറ്റുള്ളവയ്ക്ക് ഒന്നുംതന്നെ വേണ്ടത്ര സൗകര്യങ്ങൾ ഇല്ല. ഇവയുടെയെല്ലാം പ്രവർത്തനങ്ങൾ അപര്യാപ്തമാണ്. 1996-ലെ കണക്കനുസരിച്ച് ജനന നിരക്ക് 19 ആണ്. ശിശുമരണങ്ങൾ തീരെ ഇല്ല എന്നുതന്നെ പറയാം. ഫീഡിംഗ് സെൻററുകളിൽ നിന്ന് 182 ഗർഭിണികൾക്കും 149 മുലയൂട്ടുന്ന അമ്മമാർക്കും ഭക്ഷണം വിതരണം ചെയ്യുന്നുണ്ട്. ഇത് ആരോഗ്യരംഗത്തുള്ള പൊതുവായ വളർച്ച കാണിക്കുന്നുവെങ്കിലും വേണ്ട രീതിയിൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് പോരായ്മയാണ് കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ ആവശ്യത്തിന് ഡോക്ടർമാരില്ല. ഒരു ലേഡി ഗൈനക്കോളജിസ്റ്ററിനെ നിയമിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഇവിടെയുള്ള സ്റ്റാഫിന്റെ നിലയും തൃപ്തികരമല്ല. നിട്ടൂരിലെ കുടുംബക്ഷേമ കേന്ദ്രം കൂടുതൽ ഫലപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കേണ്ടതാണ്.

തൊഴിൽ

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം പുരുഷന്മാരുടെതിനെ അപേക്ഷിച്ച് വളരെ കുറവാണ്. 3607 പേർ തൊഴിൽ ഉപജീവനമാർഗ്ഗമായി സ്വീ

കരിച്ചതിൽ 567 സ്ത്രീകൾ മാത്രമാണുള്ളത്. ഭാഗികമായി തൊഴിൽ ചെയ്യുന്ന 417 പേരിൽ 150 പേർ മാത്രമാണ് സ്ത്രീകൾ. ആകെ പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 39.08 ആണെങ്കിൽ സ്ത്രീകളുടേത് 8.29 ശതമാനമാണ്. ആകെ 13084 തൊഴിൽ എടുക്കാത്തവരിൽ 7930 സ്ത്രീകളാണ്.

തൊഴിലിന്റെ സ്വഭാവം	പുരുഷൻ	സ്ത്രീ	ആകെ
മുഴുവൻ സമയ			
ജോലിക്കാർ	3040	567	3607
ഭാഗിക തൊഴിലാളികൾ	267	150	417
തൊഴിൽ എടുക്കാത്തവർ	5154	7930	13084

കാർഷികരംഗത്തായിരുന്നു സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ ലഭിച്ചിരുന്നത്. എന്നാൽ ഇന്ന് പല കാരണങ്ങളാലും സ്ത്രീകൾക്ക് ആമേഖലയിൽ അവസരങ്ങൾ കുറഞ്ഞ് വരികയാണ്. കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് വർഷത്തിൽ ശരാശരി 50 ദിവസത്തോളം മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളൂ. ഈ കാരണങ്ങൾ കൊണ്ട് തന്നെ മറ്റ് മേഖലകളിലേക്ക് തൊഴിൽ തേടി പോകുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിച്ചുവരുന്നു. നെൽകൃഷിക്ക് പകരം നാണ്യവിളകൾ കൃഷിചെയ്യാൻ തുടങ്ങിയത് കാരണമാണിത്. നാടൻ പാട്ടുകൾ പാടി നിരനിരയായി നിന്ന് ഞാറുകൾ നടുന്ന സ്ത്രീകളുടെ ചിത്രം ഇന്ന് കേവലം മുത്തശ്ശിക്കഥയായിമാറിയിരിക്കുന്നു. കാർഷിക രംഗത്തുള്ള സ്ത്രീ തൊഴിലാളികൾ തൊഴിലിന്റെ ദൗർലഭ്യം നിമിത്തം കെട്ടിട നിർമ്മാണ രംഗത്താണ് തൊഴിൽ തേടിയെത്തുന്നത്. ഇത് കെട്ടിട നിർമ്മണ രംഗത്ത് സ്ത്രീ തൊഴിലാളികളുടെ എണ്ണം കൂടിവരുന്നതിന് കാരണമാകുന്നു.

ചെറുകിട വ്യവസായ രംഗത്ത് ഡി. ഡബ്ലിയു. സി. ആർ. എ യുടെ രണ്ട് യൂണിറ്റുണ്ട്. മീത്തലെ വടയത്തെ അവിൽ നിർമ്മാണ യൂണിറ്റും ഊരത്തെ ടെയിലറിംഗ് യൂണിറ്റുമാണിത്. ഈ മേഖലയിൽ കേവലം 20 വനിതകൾ മാത്രമാണ് ജോലി ചെയ്യുന്നത്. കുറ്റ്യാടിയിലെ ഒരു പർദ്ദ നിർമ്മാണ യൂണിറ്റും വടയത്തെ മറ്റൊരു ടെയിലറിംഗ് യൂണിറ്റും സ്വകര്യ വ്യക്തികൾ നടത്തുന്ന സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങളാണ്. ഐ. ആർ. ഡി. പി. യുടെ ഭാഗമായി 135 പേർ തൊഴിൽ ചെയ്യുന്നതിൽ 65 പേർ സ്ത്രീകളാണ്. എന്നാൽ ഔപചാരിക വിദ്യാഭ്യാസ രംഗത്ത് 160 പേർ ജോലി ചെയ്യുമ്പോൾ 70 പേർ മാത്രമേ സ്ത്രീകളായുള്ളൂ. പരമ്പരാഗത വ്യവസായമായ കളിമൺ നിർമ്മാണ രംഗത്ത് നാമമാത്രമായ സ്ത്രീകൾ തൊഴിൽ ചെയ്യുന്നുണ്ട്. മറ്റ് പരമ്പരാഗത തൊഴിൽ ചെയ്യുന്നതിൽ സ്ത്രീകൾ പൊതുവേ വിമുഖരാണ്. സ്ത്രീകളുടെ കൂലി നിരക്ക് പല രംഗങ്ങളിലും പുരുഷന്മാരുടേതിനേക്കാൾ കുറവാണ്. കാർഷികരംഗത്ത് പുരുഷനമാർ 55 രൂപ കൂലി വാങ്ങുമ്പോൾ സ്ത്രീകളുടെ കൂലി 45 രൂപയാണ്. കെട്ടിട നിർമ്മാണ രംഗത്തും സ്ത്രീകൾക്ക് കുറഞ്ഞ കൂലി തന്നെയാണ് ലഭിക്കുന്നത്. ഈ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലെ കൂലി നിരക്ക് വ്യത്യസ്ഥമാണ്. 1961ലെ സംസ്ഥാനത്തെ ആകെ തൊഴിലാളികളുടെ 70.1 ശതമാനം പുരുഷന്മാരും 29.9% സ്ത്രീകളുമാണെങ്കിൽ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളുടെ തൊഴിലിന്റെ സ്ഥിതി വളരെ മോശമാണ്. ആകെ തൊഴിലാളികളുടെ 84.3% പുരുഷന്മാരും 15.7% സ്ത്രീകളുമാണ്. ഇത് പഞ്ചായത്തിലെ സ്ത്രീകളുടെ പൊതുവേ തൊഴിൽ രംഗത്തുള്ള പങ്കാളിത്തത്തിന്റെ സ്ഥിതി വ്യക്തമാക്കുന്നു.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് സ്ത്രീകൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല. പഞ്ചായത്തിൽ വിധവാ പെൻഷൻ ലഭിക്കുന്ന സ്ത്രീകളുടെ ആകെ എണ്ണം 121 മാത്രമാണ്. ഇത് വിധവകളിൽ ചുരുങ്ങിയ ഒരു ശതമാനത്തിന്മാത്രമേ ഈ ആനുകൂല്യം ലഭിക്കുന്നുള്ളൂ വെന്ന് കാണിക്കുന്നു. പ്രസവാനുകൂല്യം നല്കുന്നുണ്ടെങ്കിലും അത് ലഭിക്കാനുള്ള സാങ്കേതികമായ തടസ്സങ്ങൾ വളരെയാണ്. ഇതെല്ലാം തന്നെ കാണിക്കുന്നത് ആനുകൂല്യങ്ങൾ വാങ്ങിയെടുക്കുന്ന കാര്യത്തിലുള്ള സ്ത്രീകളുടെ നിസ്സഹായാവസ്ഥയാണ്. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ പൊതുവേ ഈ പഞ്ചായത്തിൽ കുറവാണ്. എന്തെങ്കിലും സംഭവങ്ങൾ ഉണ്ടായാൽ തന്നെ ഇത് ജനങ്ങളിൽ എത്തിക്കുന്നതിൽ സ്ത്രീകൾ പൊതുവേ വിമുഖരാണ്. അത് സ്ത്രീകൾക്കിടയിലുള്ള സാമൂഹിക-രാ

ഷ്ട്രീയ-സാംസ്കാരിക പ്രവർത്തനത്തിന്റെ അഭാവത്തെയാണ് കാണിക്കുന്നത്. പൊതുപ്രവർത്തനരംഗത്ത് വിവിധ മേഖലകളിലായി വിരലിൽ എണ്ണാവുന്ന സ്ത്രീകൾ മാത്രമേ ഉള്ളൂ. പഞ്ചായത്തിലെ വനിതാസംവരണ വാർഡുകൾ മൂന്നെണ്ണാണ്. ആകെ ജനപ്രതിനിധികളുടെ മൂന്നിലൊന്ന് സ്ത്രീകളാണെങ്കിലും അത് പഞ്ചായത്തിലെ സ്ത്രീകളുടെ പൊതുപ്രവർത്തനത്തിന്റെ നിലവാരവുമായി പൊരുത്തപ്പെടുന്നില്ല. കൂടുതൽ സ്ത്രീകളെ പൊതുപ്രവർത്തനരംഗത്തേക്ക് കൊണ്ടുവരാൻ പ്രചോദനം നൽകേണ്ടതുണ്ട്. നിയമ നിർമ്മാണ പൊതുജനസേവന രംഗങ്ങളിൽ സ്ത്രീകൾക്ക് നൽകിയ സംവരണം കൂടുതൽ ഫലപ്രദമാക്കേണ്ടതും സ്ത്രീകൾ പൊതുപ്രവർത്തനരംഗത്ത് വരുന്നതിനെതിരായുള്ള പുരുഷന്മാരുടെ മനോഭാവം മാറ്റാൻ വേണ്ട ബോധവൽക്കരണം നടത്തേണ്ടതുമുണ്ട്. സാക്ഷരതാപ്രവർത്തനരംഗത്തെ ഇൻസ്ട്രക്ടർമാരായി പഞ്ചായത്തിൽ സ്ത്രീകൾ തന്നെയാണ് മുൻ പന്തിയിൽ ഉണ്ടായിരുന്നത്. ഇത് ബോധവൽക്കരണത്തിന്റെ ഭാഗമായി സ്ത്രീകളെ സാമൂഹ്യപ്രവർത്തന രംഗത്തെത്തിക്കാൻ കഴിയുമെന്നതിന്റെ തെളിവാണ്.

കുടുംബക്ഷേമം

നമ്മുടെ പഞ്ചായത്തിലെ ആകെയുള്ള 3089 കുടുംബങ്ങളിൽ 181 കുടുംബങ്ങൾ മാത്രമാണ് സ്ത്രീകൾ കുടുബനാഥരായിട്ടുള്ളത്. വിദേശത്ത് ജോലി ചെയ്യുന്ന പുരുഷന്മാരുടെ കുടുംബങ്ങളിലും സ്ത്രീകൾ തന്നെയാണ് കാര്യങ്ങൾ നടത്തുന്നത്. കുടുംബത്തിന്റെ ഭദ്രതയും വൈര്യതയും ഉറപ്പുവരുത്തുന്ന കാര്യത്തിൽ സ്ത്രീകൾ വലിയ പങ്കാണ് വഹിക്കുന്നത്. അടുക്കള തോട്ടവും പച്ചക്കറി കൃഷിയും കുടുംബത്തിന്റെ ആരോഗ്യത്തിനും സാമ്പത്തിക ഭദ്രതയ്ക്കും സഹായകമാണ്. എന്നാൽ വളരെ കുറച്ച് പേർ മാത്രമേ ഇതിൽ ഏർപ്പെടുന്നുള്ളൂവെന്നത് ഖേദകരമായ വസ്തുതയാണ്. വീട്ട് തൊഴിലുകളെ തൊഴൽ ആയി അംഗീകരിക്കാനുള്ള പുരുഷന്മാരുടെ വിമുഖത മാറേണ്ടതുണ്ട്. മദ്യനിരോധനം സമ്പൂർണ്ണമാക്കുക വഴി സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ കുറയ്ക്കാനും കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയും സാമൂഹ്യനിലവാരവും മെച്ചപ്പെടുത്താൻ കഴിയും.

പ്രശ്നങ്ങൾ

1. ചെറുകിട വ്യവസായ യൂണിറ്റുകൾ കൂടുതൽ ആരംഭിക്കുവാനുള്ള സ്ത്രീകളുടെ നേതൃത്വത്തിന്റെ അഭാവം, തൊഴിൽ രംഗത്ത് കടന്ന്വരുവാനുള്ള സ്ത്രീകളുടെ വിമുഖത.
2. തുല്യ ജോലിക്ക് തുല്യവേതനമെന്ന തത്വം എല്ലാ രംഗത്തും കൊണ്ടുവരുവാനുള്ള തടസ്സങ്ങൾ തൊഴിൽ രംഗത്തുള്ള സ്ത്രകീളുടെ പങ്കാളിത്തക്കുറവ്.
3. നേതൃത്വപരമായ ചുമതലകൾ ഏറ്റെടുക്കുന്നതിൽ സ്ത്രീകൾക്കുള്ള തടസ്സങ്ങൾ. ജനസംഖ്യാനുപാതികമായി സ്ത്രീകൾക്ക് പ്രാധിനിത്യം ലഭിക്കായ്മ.
4. പഞ്ചായത്തിൽ സ്ത്രീകൾക്ക് വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിലുള്ള പോരായ്മ. അംഗൺവാടികൾ മറ്റ് വനിതാക്ഷേമ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുവാനുള്ള തടസ്സങ്ങളും വിമുഖതയും.
5. വനിതകൾക്ക് സാങ്കേതിക പരിജ്ഞാനം നൽകുന്നതിനുള്ള സ്ഥാപനങ്ങൾ ഇല്ലായ്മ.
6. കമ്യൂണിറ്റി ഹെൽത്ത് സെൻററിന്റെയും നിട്ടൂരിലെ കുടുംബക്ഷേമ കേന്ദ്രത്തിന്റെയും സൗകര്യക്കുറവ്.
7. ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്ത് സ്ത്രീകൾക്കുള്ള കടമയെ കുറിച്ചുള്ള ബോധവൽക്കരണം.
8. വേണ്ടത്ര മഹിളാ സമാജങ്ങളുടെ അഭാവവും നിലവിലുള്ളവയ്ക്ക് കെട്ടിടമില്ലായ്മയും.
9. കാലാകാലമായി സ്ത്രീകളുടെ സമൂഹത്തിലുള്ള പിന്നോക്കാവസ്ഥ.

നിർദ്ദേശങ്ങൾ

1. പരമ്പരാഗത വ്യവസായ രംഗത്തും ചെറുകിട വ്യവസായ രംഗത്തും കൂടുതൽ യൂണിററുകൾ സ്

ത്രകീളുടെ നേതൃത്വത്തിൽ തുടങ്ങുന്നു.

2. പുരയിട കൃഷിവികസിപ്പിക്കാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും ലോണുകളും അനുവദിക്കുക.

3. പൊതു പ്രവർത്തനരംഗത്ത് കടന്നുവരുന്നതിനുള്ള അവസരം വർദ്ധിപ്പിക്കുകയും ഇതിനെതിരായി ഉയർന്നുവരുന്ന തടസ്സങ്ങൾ നീക്കാൻ വേണ്ട ബോധവൽക്കരണം നടത്തുകയും ചെയ്യുക.

4. നിട്ടൂരിലെ കുടുംബക്ഷേമ കേന്ദ്രം കുറ്റ്യാടിയിലെ കമ്യൂണിറ്റി ഹെൽത്ത് സെൻറർ സ്ത്രീകളുടെ ആരോഗ്യരംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

5. സഹകരണ വനിതാ സൊസൈറ്റികൾ ഉണ്ടാക്കുകയും അത്വഴി സ്ത്രീകൾക്ക് തൊഴിലും സാമൂഹ്യക്ഷേമവും ഉറപ്പ് വരുത്തുകയും ചെയ്യുക.

6. ഗർഭിണികൾ, വിധവകൾ, അഗതികൾ, വൃദ്ധകൾ എന്നിവർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുക.

7. കുറ്റ്യാടി ബസ്സ്റ്റാൻറിൽ സ്ത്രീകൾക്കുള്ള പ്രത്യേക ഇരിപ്പിട സൗകര്യങ്ങളും ഉണ്ടാക്കുക.

8. സ്ത്രീപരുഷ സമത്വബോധം വളർത്തിയെടുക്കാനുള്ള ശ്രമങ്ങൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുക.

വ്യവസായം

കുറ്റ്യാടി ഗ്രാമപഞ്ചായത്ത് വ്യവസായികമായി വളരെ പിന്നോക്കം നിൽക്കുന്നു. വ്യവസായ വകുപ്പിന്റെ കണക്കുപ്രകാരം 53 വ്യവസായിക യൂണിറ്റുകൾ പഞ്ചായ്തതിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ എടുത്തു പറയത്തക്ക ഒരു വ്യവസായവും ഇവിടെയില്ല. രജിസ്റ്റർ ചെയ്തവയിൽ തന്നെ പലതും അപ്രത്യക്ഷമായിട്ടുണ്ട്. 289 കടകൾ, 18 ഹോട്ടലുകൾ, 5 വർക്ക്ഷോപ്പുകൾ, 5 പ്രസ്സുകൾ, 4 കോഴിവളർത്തുകേന്ദ്രങ്ങൾ, 5 ബേക്കറികൾ, 2 സോമില്ലുകൾ, 4 ഫ്ളോർ ആൻറ് ഓയിൽ മില്ലുകൾ, ചെറിയ ചില യൂണിറ്റുകൾ ഇവയാണ് പഞ്ചായത്തിലെ സ്ഥാപനങ്ങളായി പറയാനുള്ളത്. ഇവയുടെ ഇന്നത്തെ അവസ്ഥ, പ്രശ്നങ്ങൾ പഞ്ചായത്തിൽ തുടങ്ങാൻ സാധ്യതയുള്ള പുതിയ യൂണിറ്റുകൾ എന്നിവയെ പറ്റിയുള്ള ചുരുങ്ങിയ ഒരു വിവരണം മാത്രമാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതിനുമുമ്പ് കുറ്റ്യാടിയിൽ ഉണ്ടായിരുന്ന പ്രസിദ്ധമായ തടിവ്യവസായത്തെ പ്പറ്റി അല്പം പരാമർശിക്കേണ്ടതുണ്ട്.

കുറ്റ്യാടിയും മരത്തടി വ്യവസായചരിത്രവും

ഈ നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ കുറ്റ്യാടി ഒരു മരത്തടി വ്യവസായ കേന്ദ്രമായിരുന്നു. കല്ലായി, ഫറൂഖ്, മൂരാട് എന്നി മരവ്യവസായ കേന്ദ്രങ്ങൾക്ക് പ്രശസ്തിയും പെരുമയും നേടിക്കൊടുക്കുന്നതിൽ കുറ്റ്യാടിക്ക് വലിയ പങ്കുണ്ടായിരുന്നു. എണ്ണിതീർക്കാൻ കഴിയാത്ത മരത്തടി തൊരുപ്പങ്ങൾ കിലോമീറ്ററുകളോളം നീളത്തിൽ കുറ്റ്യാടിപ്പുഴയിൽ കിടന്നിരുന്ന കാലമുണ്ടായിരുന്നു. കിഴക്കൻ മലയോരങ്ങളിൽ നിന്ന് ആനയെയും, കാളകളെയും ഉപയോഗിച്ച് മരത്തടികൾ പുഴയിൽ എത്തിച്ചിരുന്നു. നൂറോളം ആനകളും, ആയിരക്കണക്കിന് മരപ്പണിക്കാരും, ഇരുനൂറോളം തിരുപ്പക്കാരും, അനവധി കാളകളും ഈ രംഗത്ത് പ്രവർത്തിച്ചിരുന്നു. ഇങ്ങനെ വയനാവ്, തേക്ക്, വീട്ടി പാലിപുന്ന, പ്ളൈവുഡ് ആവശ്യത്തിനും റയിൽവേ സ്ലീപ്പർ ആവശ്യത്തിനും വേണ്ട മരങ്ങൾ എന്നിവ കുറ്റ്യാടിയിൽ എത്തിച്ചിരുന്നു. മലയോരങ്ങളിൽ നിന്ന് എത്തുന്ന എല്ലാ മരത്തടികളും ഇവിടെ കേന്ദ്രീകരിച്ചും ഈ മരത്തടികളുടെ ഗുണവിശേഷം മനസ്സിലാക്കിയ ബ്രിട്ടീഷുകാർ നേരിട്ട് ഈ വ്യവസായത്തിൽ ഇടപെട്ട് കുഞ്ഞാലി മരയ്ക്കാറുടെ പാരമ്പര്യമുള്ള മരവ്യവസായികളും അന്നിവിടെയുണ്ടായിരുന്നു. ഉരുളൻ മരക്കച്ചവടത്തിന് പുറമേ ഈർച്ച ഉരുപ്പടികളുടെ വമ്പൻ കച്ചവടവും ഇവിടെ നടന്നിരുന്നു. ഒരു മരത്തൊഴിലാളി യൂണിയനും ഇവിടെ രൂപംകൊണ്ടു. മലബാറിന്റെ പല ഭാഗത്തു നിന്നും ഇവിടെ കച്ചവടക്കാർ വന്നു. 1950 കാലത്ത് ഹാജി, ടി. കെ. കെ. കുറ്റ്യാടി കോ-ഓപ്പറേറ്റീവ് ടിമ്പർ സൊസൈറ്റി സ്ഥാപിച്ചു. യന്ത്രങ്ങളുപയോഗിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചുവന്ന ഈ മില്ലിൽ ഈർച്ചപ്പണിയും കടയലും നടന്നിരുന്നു.

അക്കാലത്ത് ഊരത്ത് കളിമൺപാത്ര നിർമാണമുണ്ടായിരുന്നു. ഇതുമായി ബന്ധപ്പെട്ട ഒരു സൊസൈറ്റിയും രൂപംകൊണ്ടു. സൊസൈറ്റി നൽകിയ വായ്പ തിരിച്ച് വരാത്തതിനാൽ അത് പൊളിഞ്ഞു. ഉറി, കയിൽ, ചൂല്, മുറം, പായ, കുട്ട എന്നിവ വീടുകളിൽ ഉണ്ടാക്കിയിരുന്നു. റോഡരുകിൽ കൊണ്ടുവന്ന് വില്ക്കുകയായിരുന്നു, ഇത്തരം സാധനങ്ങൾ.

ചക്ക് ഉപയോഗിച്ച് വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്ന അഞ്ച് കേന്ദ്രങ്ങൾ ഈ പ്രദേശത്ത് ഉണ്ടായിരുന്നുവത്രെ. രണ്ടോ മൂന്നോ കുമ്മായചൂളകളും അന്ന് പ്രവർത്തിച്ചിരുന്നുവെന്ന് അറിയാൻ കഴിഞ്ഞു.

ഇന്ന് നിലവിലുള്ള ഏതാനും യൂനിറ്റുകളുടെ വിവരങ്ങൾ പ്രശ്നങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

1. മൺപാത്രനിർമ്മാണം :

നടുപ്പൊയിൽ പേപ്പാഞ്ചേരി കളിമൺപാത്രങ്ങൾ ഒരു വീട്ടിൽ നിർമ്മിക്കുന്നു. കുടുംബങ്ങളാണ് ജോലി ചെയ്യുന്നത്, ചോറോട് നിന്നും കളിമൺ വലിയ വിലയ്ക്ക് കൊണ്ടുവരുന്നു. ഒരു ലോഡ് കളിമണ്ണിന് 5000 രൂപ വില. ഈ വിലകൊടുത്ത് കളിമണ്ണ് വാങ്ങി ഈ പ്രവർത്തനം നടത്തികൊണ്ടുപോകാൻ പ്രയാസകരമാണ്. രാത്രിയിലും പകലും പണി ചെയ്താൽ 50 രൂപ വരുമാനമുണ്ടാക്കാനേ കഴിയൂ. ഒരു വലിയ പാത്രത്തിന് 15ക വരെ കിട്ടും. ഒരു മാസം പണി ചെയ്താലെ പാത്രങ്ങൾ ചൂളയിൽ വെക്കാൻ കഴിയൂ. ചൂളയിൽ വെച്ച പാത്രങ്ങളിൽ വലിയ ഒരു പങ്ക് ഉപയോഗയോഗ്യമാകില്ല. സാമ്പത്തികമായും സാമൂഹ്യപരമായും ഈ ജോലിയിൽ ഏർപ്പെട്ട കുശവ കുടുംബം വലിയ പരാധീനതയിലാണ്. ഇവരെ പട്ടികജാതിയിൽ പെടുത്തിയതായി സർട്ടിഫിക്കറ്റ് ഉണ്ടെങ്കിലും പട്ടികജാതിക്ക് ലഭിക്കുന്ന ഒരു ആനുകൂല്യവും ഇവർക്ക് ജോലി സംബന്ധിച്ച് ലഭിക്കുന്നില്ല. പഠിക്കുന്ന കുട്ടികൾക്ക് സ്കൂളിൽ നിന്ന് ലഭിക്കുന്ന ഗ്രാൻറ് മാത്രം ഇപ്പോൾ കിട്ടുന്നുണ്ട്. മൺ പാത്രത്തിന് വിപണനസാധ്യതയുണ്ട്. വില കൊടുത്തു പാത്രം വാങ്ങുന്നവരുടെ വിലപേശലിന് മുന്നിൽ ഇവർ നിസ്സഹായരാകുന്നു.

കളിമണ്ണ് കുറഞ്ഞ ചെലവിൽ കിട്ടാനുള്ള സൗകര്യമുണ്ടാക്കുക, പട്ടിക ജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ കിട്ടാൻ ഏർപ്പാട് ചെയ്യുക, പാത്രങ്ങൾ വാങ്ങുന്നവരുടെ സമീപനത്തിൽ മാറ്റം വരുത്തുക വായ്പാ സൗകര്യങ്ങൾ ചെയ്തുകൊടുക്കുക എന്നിവയാണ് പ്രശ്നപരിഹാരങ്ങൾ. ഈ പരമ്പരാഗത കുടിൽ വ്യവസായം നിലനിർത്താൻ ഗ്രാമപഞ്ചായത്തിൻെറ എല്ലാ കഴിവും ഉപയോഗിക്കേണ്ടതാണ്.

ഊരത്ത് കളിമൺ ലഭ്യമാണ്. പക്ഷേ വയലുടമകൾ കളിമണ്ണെടുക്കുന്നതിന് തടസ്സം നില്ക്കുന്നു. കളിമൺ പാത്രമുണ്ടാക്കുന്ന വിഭാഗം കുടംബങ്ങൾ ഇവിടെയുണ്ട്. മുമ്പ് കളിമൺ പാത്ര നിർമ്മാണവും മുണ്ടായിരുന്നു. ഇനി പാത്രമുണ്ടാക്കുന്ന കാര്യത്തിൽ ഈ പ്രദേശത്തുള്ളവർ തയ്യാറല്ല. സാങ്കേതിക അറിവുള്ളവർ ഇല്ലായ്മ, നഷ്ടഭയം കളിമണ്ണിൻെറ ലഭ്യതയില്ലായ്മയും ഗുണകുറവുമെല്ലാം ഇവർക്ക് പ്രശ്നമാണ്. എന്നാൽ ഇവിടെ കിട്ടുന്ന കളിമണ്ണുകൊണ്ട് ഇഷ്ടിക ഉണ്ടാക്കിയാൽ നല്ല രീതിയിൽ നടത്തികൊണ്ടുപോകാൻ കഴിയുമെന്നവർ കരുതുന്നു. സാമ്പത്തിക സഹായം കിട്ടിയാൽ ഒന്നിച്ച് പ്രവർത്തിക്കാനുള്ള താല്പര്യം ഇവർ കാണിക്കുന്നുണ്ട്. പഞ്ചായത്തിൽ മറ്റൊരിടത്തും ഇത്തരം ഇഷ്ടികനിർമ്മാണം നടക്കുന്നില്ല.

പേര്	കോഴികളുടെ എണ്ണം	ഇനം	പ്രവർത്തന ക്ഷമത	തൊഴിലാളികളുടെ എണ്ണം	കൂലി
പോപ്പുലർ (നരിക്കൂട്ടുംചാൽ)	400	ബ്രോയിലർ	ലാഭകരം	2	30രൂപ
നേഷനൽ (കടേക്കച്ചാൽ)	150	ബ്രോയിലർ നാടൻ കാട	പ്രവർത്തനം തുടങ്ങിയതേയുള്ളൂ	2 (കുടുംബങ്ങൾതന്നെ)	
ന്യൂ ചിക്കൻ സ്റ്റാൾ, കുറ്റ്യാടി	200	ബ്രോയിലർ	ലാഭകരം	2	30 രൂപ
സ്വദേശി ചിക്കൻസ്റ്റാൾ കുറ്റ്യാടി	200	ബ്രോയിലർ ലഗോൺ	ലാഭകരം	2	30 രൂപ

2. കോഴിവളർത്തു കേന്ദ്രം - സ്റ്റാളുകൾ

രണ്ട് കോഴിവ്വളർത്തൽ കേന്ദ്രങ്ങളും രണ്ട് ചിക്കൻ സ്റ്റാളുകളും പഞ്ചായത്തിലുണ്ട്. പൊതുവേ ലാഭകരണാണ് ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം. സ്റ്റാളുകളിൽ വില്ക്കുന്ന ബ്രോയ്ലറുകളുടെ വിലയേക്കാൾ 5 രൂപ കുറച്ചാണ് ഗ്രാമപ്രദേശത്തെ കേന്ദ്രങ്ങളിൽ വില്പന നടത്തുന്നത് 'വിവരങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

3. അപ്പം നിർമ്മിക്കൽ

ടൗണിനടുത്ത് പഴയ ആശുപത്രിക്ക് മുന്നിൽ ഒരു കുടുംബം, വീട്ടിൽ വച്ച് അപ്പങ്ങൾ ഉണ്ടാക്കി ഹോട്ടലുകളിൽ വില്പന നടത്തുന്നു. കുടുംബത്തിലെ 3 പേർ ഇതിൽ ഏർപ്പെട്ടിരിക്കുന്നു. ലാഭകരമായി നടത്തുന്ന ഈ സംരഭത്തിൽ പൊറോട്ട, നെയ്യപ്പം, ഉള്ളിവട, ഉണ്ട എന്നിവ ഉണ്ടാക്കുന്നു. ഊരത്ത് പത്തോളം വീടുകളിൽ കിണ്ണത്തപ്പം ഉണ്ടാക്കി വില്പന നടത്തുന്നുണ്ട്. കൂടാതെ ഇടിയപ്പം, വെള്ളപ്പം എന്നിവ നിർമ്മിച്ചു വില്ക്കുന്ന കുടുംബങ്ങളും ടൗണിൽ ഉണ്ട്.

4. സൂപ്പർവൈറ്റ്

താഴെ വടയത്ത് ഒരു കുടംബം സൂപ്പർവൈറ്റ് ഉണ്ടാക്കി വില്പന നടത്തിയിരുന്നു. ഊരത്തും നിട്ടൂരിലും ഇപ്പോൾ സൂപ്പർവൈറ്റ് നിർമ്മിക്കുന്ന രണ്ടു കുടുംബങ്ങൾ ഉണ്ട്.

5. കുമ്മായ നിർമ്മാണം

വടയത്ത് ഒരു വീട്ടിൽ സീസണിൽ മാത്രമായി കുമ്മായ നിർമ്മാണം നടക്കുന്നു. മൂരാട് നിന്നും കക്ക കൊണ്ടുവന്നാണ് ഈ യൂണിറ്റ് നടത്തുന്നത്. ഒരു ലോഡ് കക്കയ്ക്ക് 4000 രൂപ വില. ഇത് കുമ്മായമാക്കി വിറ്റാൽ എല്ലാ ചിലവും കഴിച്ച് 2000 ക.വരെ മിച്ചമുണ്ടാകും.

മേൽ കാണിച്ച പ്രവർത്തനങ്ങൾ അധികമായും വീടുകളിൽ വച്ചു നടക്കുന്നവയാണ്. വളരെ കുറച്ച് അതായത് പഞ്ചായത്തിലെ ആറ് വീടുകളിൽ മാത്രമായി ഇവ ഒതുങ്ങുന്നു.

6. മെറ്റൽ ഇൻഡസ്ട്രീസ്

കുറ്റ്യാടി ഗ്രാമപഞ്ചായത്തിലെ ഏറ്റവും അധികം പേർക്ക് ജോലി നൽകുന്ന ഒരു സ്ഥാപനമാണ് ഈ അടുത്തു തുടങ്ങിയ മന്ന ഇൻഡസ്ട്രീസ് റോളിംഗ് ഷട്ടർ ഗ്രിൽസ് എന്നിവ ഇവിടെ നിർമ്മിക്കുന്നു. 16 തൊഴിലാളികൾ 100 രൂപ കൂലിയിൽ ഇവടെ പ്രവർത്തിച്ചുവരുന്നു. വളരെ മെച്ചമായാണ് ഇന്ന് ഇതിന്റെ പ്രവർത്തനം. ഓർഡറനുസരിച്ച് സാധനങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ കഴിയാത്ത പ്രയാസമാണ് ഇവിടെ. വികസന സാധ്യതയേറെയുള്ള ഒരു സ്ഥാപനമാണ് ഇത്.

കടേക്കച്ചാലിൽ പ്രവർത്തിക്കുന്ന പാലത്ത് ഇൻഡസ്ട്രീസും ലാഭകരമായി പ്രവർത്തിക്കുന്നു. ഗ്രിൽസ് ഉണ്ടാക്കലാണ് പ്രധാനമായി നടക്കുന്നത്. കക്കട്ടിൽ നിന്നുമാണ് കമ്പി വാങ്ങുന്നത്. 3 തൊഴിലാളികൾ ശരാശരി 85 രൂപ കൂലിയിൽ പണിയെടുക്കുന്നു.

വി. കെ. ഇൻഡസ്ട്രിയൽസ് എന്ന പേരിൽ വെൽഡിംഗും വർക്ക്ഷോപ്പും നടത്തുന്ന ഒരു സ്ഥാപനം തളീക്കര റോഡിൽ പ്രവർത്തിക്കുന്നു. 5 പേർ പണിക്കാരായും പണിപഠിക്കുന്നവരായും ഇവിടെയുണ്ട്. ഇത് ലാഭകരമാണ്.

ഗ്രിൽസ് ഉണ്ടാക്കുന്ന ഒരു സ്ഥാപനം വീടുമായി ബന്ധപ്പെട്ട് നിട്ടൂരിൽ പ്രവർത്തിക്കുന്നു. ലാഭകരമായി പ്രവർത്തിക്കുന്ന ഇവിടെ കുടംബാംഗങ്ങളാണ് തൊഴിലെടുക്കുന്നത്.

പണിയായുധങ്ങൾക്ക് മൂർച്ചകൂട്ടികൊടുക്കുന്ന 3 കേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്. 6 പേർ ഇവിടെങ്ങളിൽ ജോലി ചെയ്യുന്നു. ഗ്രാമത്തിലുള്ള 2 കേന്ദ്രത്തിൽ കുടുംബാംഗങ്ങൾ തന്നെയാണ് ജോലി ചെയ്യുന്നത്. കുറ്റ്യാടി ടൗണിലുള്ള കേന്ദ്രത്തിൽ ഒരാൾ പുറംപണിക്കാരനായുണ്ട്. അവിടെ ഉപകരണങ്ങൾ വിൽക്കുകയും ചെയ്യുന്നുണ്ട്. പണി കുറഞ്ഞ അവസ്ഥയില്ലെന്ന് മാത്രമല്ല നല്ല വരുമാനമുള്ളവയാണ് ഇവ.

കുറ്റ്യാടിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വിൻടെക്സ്, ബീന എന്നീ മെറ്റൽ ഇൻഡസ്ട്രീസ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. മറ്റു സ്ഥലങ്ങളിലേക്ക് മാറ്റികൊണ്ടുപോയതാണ് എന്ന് അറിയുന്നു.

7. വർക്ക്ഷോപ്പുകൾ:

ധാരാളം വാഹനങ്ങൾ ഉള്ള കുറ്റ്യാടിയിൽ 3 വർക്ക്ഷോപ്പുകൾ പ്രവർത്തിക്കുന്നു. ഇവയിൽ തന്നെ ഒന്ന് ടൂവിലേഴ്സ് മാത്രം നന്നാക്കുന്നവയാണ്.

ഫേമസ് ഓട്ടോമൊബൈയിൽസ് എന്നുപേരുള്ള ഈ സ്ഥാപനം നടത്തുന്ന രണ്ട് പേർ തന്നെയാണ് ഇളടെ പണിക്കാരും. സ്ഥാപനത്തിന് നൽകേണ്ടിവരുന്ന വാടക വലിയ പ്രശ്നമാണ് എന്നവർ പറയുന്നു. ഇത് ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. സുധീഷ് ഓട്ടോമൊബൈൽസ്, ശ്രീകല വർക്ക്ഷോപ്പ് എന്നീ സ്ഥാപനങ്ങളും ലാഭത്തിലാണ് നടത്തിവരുന്നത്. രണ്ടിലുമായി 16 പേർ ജോലി ചെയ്യുന്നു. 75 ക, 50 ക യഥാക്രമം തൊഴിലാളികൾക്ക് നൽകുന്നുണ്ട്. ഈ രംഗത്ത് ഇനിയും സ്ഥാപനങ്ങൾ വരേണ്ടതുണ്ട്. സ്ഥല സൗകര്യകുറവ്, ഉയർന്നവാടക എന്നിവ ഈ രംഗത്തെ പ്രശ്നങ്ങളാണ്.

8. ടയർ വർക്സ്

ഈ രംഗത്ത് മൂന്ന് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. പ്രധാനപ്പെട്ടത് 6 പണിക്കാർ ജോലി ചെയ്യുന്നതും ലാഭകരമായി പ്രവർത്തിക്കുന്നതുമായ ഈ സ്റ്റേൺ ടയർ റിട്രെഡിംഗ് കമ്പനിയുണ്ട്. റിട്രെഡിംഗ് രംഗത്ത് കുറ്റ്യാടിയിലുള്ള ഏക സ്ഥാപനമാണിത്. ലാഭകരമായി പ്രവർത്തിക്കുന്നു. ദുർഗ്ഗാ ടയേഴ്സ്, ജ്യോതി ടയേഴ്സ് എന്നിവ ഉടമ മാത്രം കൈകാര്യം ചെയ്യുന്നവയാണ്. ടയർ റിപ്പയറിംഗ് ആണ് ഇവിടെ നടക്കുന്നത്. വിപുലമാക്കാൻ തടസ്സം വായ്പ കിട്ടാനുള്ള പ്രയാസമാണ്.

9. ഫ്ളോർ-ഓയിൽ - സോമില്ലുകൾ

ആറ് സ്ഥാപനങ്ങൾ ഈ രംഗത്തുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

പൊതുവേ എല്ലാ മില്ലുകളിലും പണിയുണ്ട്. ലാഭകരവുമാണ്. സോമില്ലുമായി ബന്ധപ്പെട്ട് കുറേ പേർ അനുബന്ധ ജോലികളിൽ ഏർപ്പെടുന്നു.

10. ബേക്കറി

കുറ്റ്യാടി ഗ്രാമപഞ്ചായത്തിൽ 5 ബേക്കറികളും, വിപണനം നടത്തുന്ന 12 സ്റാളുകളുമുണ്ട്. എല്ലാം ലാഭകരമായി പ്രവർത്തിക്കുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

പേര്	ഇനം	തൊഴിലാളികൾ എണ്ണം	കൂലി	സാമ്പത്തിക സ്ഥിതി
കുറ്റ്യാടി ടിമ്പർ ഏൻറ് സോമിൽ	മരം ഈർച്ച	4	100ക.	ലാഭകരം
ഷാലിമാർ ടിമ്പർമിൽ	മരം ഈർച്ച	4	100ക.	,,
ആശ ഫ്ളോർമിൽ	ധാന്യംപൊടിക്കൽ	1	75ക.	,,
ന്യൂ ഷാലിമാർ ഓയിൽമിൽ	തേങ്ങയാട്ടൽ	3	75ക.	,,
ഡിലൈറ്റ് മിനി ഓയിൽ & ഫ്ളോർമിൽ	ധാന്യംപൊടിക്കൽ എണ്ണയാട്ടൽ	1	60ക.	,,
ആസ്യ ഫ്ളോർ മിൽ	ധാന്യംപൊടിക്കൽ	2	50ക.	,,

പേര്	തൊഴിലാളികളുടെ എണ്ണം	കൂലി	സാമ്പത്തിക നില
എ. പി. കെ. ബേക്കറി	11	40ക.	ലാഭകരം
കാലിക്കറ്റ് ബേക്കറി	4	30ക.	,,
പേരില്ല	1	60ക.	,,
ന്യൂ കേരളാബേക്കറി	10	50ക.	,,
ശോഭ ബേക്കറി	1	40ക.	,,

11. പ്രസ്സുകൾ

അഞ്ച് പ്രസ്സുകൾ ലാഭകരമായി പ്രവർത്തിച്ചു വരുന്നു.

പേര്	തൊഴിലാളികൾ	കൂലി	സാമ്പത്തിക നില
മൈത്രി	കുടുംബാംഗങ്ങൾ	-	ലാഭകരം
ശക്തി	3	35ക.	,,
വസന്ത	2	40ക.	,,
കോട്ടയിൽ	2	75ക.	,,
ഉപാസന	1	50ക.	,,

വസന്ത പ്രസ്സിൽ ട്രൈസം പരിശീലകരായി രണ്ടു പേരുണ്ട്. പൊതുവേ ഈ രംഗത്ത് കൂലി കുറവ് അനുഭവപ്പെടുന്നു. അതിനാൽ തന്നെ പണിക്കാരും കുറവ്. ഓഫ്സെറ്റ് പ്രിൻറിംഗിനോട് മത്സരിക്കാൻ ഇത്തരം ലറർ പ്രിൻറിംഗ് നടത്തുന്നവർക്ക് കഴിയുന്നില്ല. ഫാക്ടറി ലൈസൻസുള്ള ഒന്നാണ് വസന്താ പ്രസ്സ്.

12. ഫർണിച്ചർ

ആറ് ഫർണിച്ചർ യാർഡുകളും കടയൽ കേന്ദ്രവും ഗ്രാമപഞ്ചായത്തിലുണ്ട്. രണ്ടെണ്ണമൊഴികെ എല്ലാം ടൗണിലാണ് പ്രവർത്തിക്കുന്നത്. ഒമ്പത് പണിക്കാർ ഇവയിൽ ജോലി നോക്കുന്നു. മരപ്പണിക്കാർക്ക് 100 രൂപയാണ് കൂലി. വായ്പ ലഭിച്ചാൽ വിപുലപ്പെടുത്താൻ ഉടമകൾ തയ്യാറാണ്. മദീനാ ഫർണിച്ചർ എടുത്തുപറയാൻ പറ്റുന്ന സ്ഥാപനമാണ്. ഓഡർ അനുസരിച്ച് സാധനം കൊടുക്കാൻ കഴിയായ്മയാണ് ഇവിടെ പ്രശ്നം. പതിനാറ് കൊല്ലമായി വാതരോഗം കൊണ്ട് അവശനായ മുറിച്ചോർ മണ്ണിൽ സൂപ്പി എന്ന ആൾ ഉപജീവനാർത്ഥം ഒരു മരപണിക്കാരനെ നിർത്തി ഫർണിച്ചർ ഉണ്ടാക്കുന്ന അതിശയകരമായ കാഴ്ചയും റിവർ റോഡിലുണ്ട്. മറ്റുള്ളവരുടെ മുന്നിൽ കൈനീട്ടാതിരിക്കാനുള്ള അനതി സാധാരണമായ ആത്മ ധൈര്യമാണ് ഇദ്ദേഹത്തിൻറെ പ്രത്യേകത. ഈ രംഗത്ത് സഹായം നൽകേണ്ട ആദ്യ വ്യക്തി ഇദ്ദേഹമാണ്.

13. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം- പരിശീലനം

റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ പരിശീലനം നന്നായി നടക്കുന്ന എ.എസ്. പർദ്ദാസ് എന്ന യൂനിറ്റ് റിവർ റോഡിൽ പ്രവർത്തിക്കുന്നു. എംബ്രോയിഡറി പരിശീലനവും ടൈലറിംഗ് പരിശീലവും ഇവിടെ നടക്കുന്നു. ഉടമയൊഴികെ ജോലി ചെയ്യുന്ന ആറു പേരും പരിശീലിക്കുന്ന പതിമൂന്ന് പേരും സ്ത്രീകളാണ്. പണിക്കനുസരിച്ച് കൂലി നല്കുന്നു. ഈ നാട്ടുകാരനല്ലാത്ത ഉത്സാഹ ശാലിയായ നടത്തിപ്പുകാരന് ഈ സ്ഥാപനം വിപുലപ്പെടുത്താനുള്ള താല്പര്യമുണ്ട്. വായ്പ ലഭിക്കാനുള്ള പ്രയാസമാണ് വികസനത്തിന് പ്രശ്നം. കുറ്റ്യാടിയിൽ ഒരു ബാലവാടി ടെയിലറിംഗ് പരിശീലനം നടത്തുന്നുണ്ട്. ടൗണിൽ ടൈലറിംഗ് ജോലിയിലേർപ്പെട്ട അമ്പതിലധികം പേരുണ്ട്. വീടുകളിൽ ഈ ജോലി ചെയ്യുന്ന സ്ത്രീകളുമുണ്ട്. വടയത്ത് നാല് സ്ത്രീകൾ ജോലി ചെയ്യുന്ന ഒരു ടൈലറിംഗ് സ്ഥാപനം പുതുതായി തുടങ്ങിയിട്ടുണ്ട്. DWRCA പദ്ധതി പ്രകാരം വനിതകൾ മാത്രം പരിശീലനം നേടുന്ന സഹൃദയാ ഗാർമെൻറ്സ് ഊരത്ത് പ്രവർത്തിക്കുന്നു. കുറ്റ്യാടി - വയനാട് റോഡിൽ ഒരു ഗാർമെൻറ്സ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. നാട്ടിലുണ്ടാക്കുന്ന റെഡിമെയ്ഡ് വസ്ത്രങ്ങൾ വാങ്ങാൻ നാട്ടുകാർ മടിക്കുന്നു എന്നതാണ് ഇത്തരം സ്ഥാപനങ്ങളെ അലട്ടുന്ന പ്രശ്നം.

14. കെമിക്കൽസ്

സ്ത്രീകൾ മാത്രം നടത്തുന്ന ഷാജി കെമിക്കൽസ്, സത്യാ കെമിക്കൽസ് എന്നീ സ്ഥാപനങ്ങൾ ടൗണിനടുത്ത് പ്രവർത്തിക്കുന്നു. എട്ട് സ്ത്രീകൾ ഇവിടെ ജോലി ചെയ്യുന്നു. പെനോയിൽ, ബ്ലീച്ചിംഗ് പൗഡർ, ക്ലീനിംഗ് പൗഡർ എന്നിവ ഉണ്ടാക്കി വീടുകളിൽ വില്പന നടത്തുന്ന ഈ സ്ഥാനങ്ങൾ വിജയകരമായി പ്രവർത്തിച്ചുവരുന്നു.

15. പപ്പട നിർമ്മാണം

അശ്വതി പപ്പടം, ലക്ഷ്മി പപ്പടം, ഒ. പി. കെ. പപ്പടം എന്നിങ്ങനെ മൂന്ന് ചെറിയ സ്ഥാപനങ്ങൾ പപ്പട നിർമ്മാണത്തിലേർപ്പെട്ടിട്ടുണ്ട്. ആറ് പണിക്കാർ പണി

ക്കനുസരിച്ച് കൂലിവാങ്ങുന്നു. മഴക്കാലത്ത് പപ്പടം ഉണ്ടാക്കാനുള്ള പ്രശ്നമുണ്ട്. വിറക് ക്ഷാമം, വിറകിന്റെ വില ഇവയാണ് പ്രശ്നങ്ങൾ. എങ്കിലും മറ്റ് കാലങ്ങളിൽ വളരെ ലാഭകരമായി നടത്താൻ കഴിയുന്നുണ്ട്.

16. സ്റ്റുഡിയോ

റജിസ്റ്റർ ചെയ്ത മൂന്ന് സ്റ്റുഡിയോകൾ ലാഭകരമായി പ്രവർത്തിച്ചുവരുന്നു.

17. വാച്ച് വർക്സ്

റജിസ്റ്റർ ചെയ്ത രണ്ട് സ്ഥാപനങ്ങൾക്ക് പുറമേയും വാച്ച് റിപ്പയർ കടകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

18. ചെരിപ്പു നിർമ്മാണം

നെടുങ്ങാടി ബാങ്ക് വായ്പാ സഹായത്തോടെ ചെരിപ്പു നിർമ്മിക്കുന്ന ഒരാൾ ടൗണിലുണ്ട്. ദിവസം നാല് ചെരിപ്പുണ്ടാക്കാൻ കഴിയുന്നതിന് പുറമെ റിപ്പയറിംഗ് ഉണ്ട്. കൂടുതൽ സഹായം ലഭിച്ചാൽ അഞ്ച് പേർക്ക് ജോലി എടുക്കാൻ കഴിയുന്ന ഒരു യൂണിറ്റാക്കി വികസിപ്പിക്കാൻ ഇദ്ദേഹം തയ്യാറാണ്.

ജസ്സൽ ചപ്പൽസ് എന്ന പേരിൽ റബ്ബർ ഷീറ്റ് കൊണ്ട് വന്ന് ഹവായ് ചെരിപ്പുണ്ടാക്കുന്ന ഒരു സ്ഥാപനമുണ്ട്. ഉടമയടക്കം രണ്ടുപേർ ജോലി ചെയ്യുന്ന ഈ സ്ഥാപനം ലാഭകരമല്ല. റബ്ബർ ഷീറ്റ്, ചെരിപ്പു വള്ളി എന്നിവയ്ക്കുള്ള കൂടിയ വില ഈ സ്ഥാപനത്തിന്റെ വില പരുങ്ങലിലാക്കിയിട്ടുണ്ട്.

19. അവിലിടി കേന്ദ്രം

DWRCD പദ്ധതിപ്രകാരം പത്ത് സ്ത്രീകൾ ജോലി ചെയ്യുന്ന വികാസ് ബീറ്റൺ റൈസ് ആൻറ് ഫ്ളോർ മില്ല് മീത്തലെ വടയത്ത് വിജയകരമായി പ്രവർത്തിച്ചുവരുന്നു. നെല്ല് കിട്ടാൻ പ്രയാസപ്പെടുന്നു.

20. അച്ചാർ നിർമ്മാണം

കുറ്റ്യാടി രണ്ടാം വാർഡിൽ ഡൽഹി അച്ചാർ എന്ന പേരിൽ ഒരു കുടംബം അച്ചാർ നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുണ്ട്. കുടുംബത്തിലെ അംഗങ്ങൾ തന്നെ ജോലി ചെയ്യുന്ന ഈ സ്ഥാപനം ലാഭകരമായി പ്രവർത്തിക്കുന്നു.

ഇലക്ട്രോണിക് സ്ഥാപനങ്ങൾ കമ്പ്യൂട്ടർ പരിശീലന കേന്ദ്രം, ഇലക്ട്രിക്കൽ വർക്സ്, സെൽ ചാർജിംഗ് എന്നിവ നടത്തുന്ന സ്ഥാപനങ്ങളും കുറ്റ്യാടിയിലുണ്ട്. PMRY പദ്ധതി വഴി സഹായം ലഭിച്ച ഒരു ഓട്ടോ ജീവനക്കാരൻ ഈ പഞ്ചായത്തിലുണ്ട്. യൂനൈറ്റഡ് പ്ലാസ്റ്റിക് വർക്സിൽ ട്രൈസം പരിശീലകർ ഉണ്ട്.

പഞ്ചായത്തിൽ ജോലി ചെയ്യുന്നവരിൽ പത്ത് ശതമാനം മാത്രമാണ് നിലവിലുള്ള യൂനിറ്റുകളിൽ പ്രവർത്തിക്കുന്നത്. അതിൽ കൂടുതൽ പേരും ഹോട്ടൽ, വസ്ത്രനിർമ്മാണ ജോലികളിലാണ് ഏർപ്പെട്ടിരിക്കുന്നത്.

പ്രശ്നങ്ങൾ

1. വ്യവസായ രംഗത്ത് പുത്തൻ പണക്കാർ കടന്നു വരാത്ത അവസ്ഥ.
2. വ്യവസായത്തെപ്പറ്റിയുള്ള ബോധവൽക്കരണത്തിന്റെ അഭാവം.
3. സാമ്പത്തിക പരാധീനത
4. വായ്പ ലഭിക്കാനുള്ള സാങ്കേതിക തടസ്സങ്ങൾ.
5. ഉദ്യോഗസ്ഥന്മാരുടെ നിരുത്സാഹജനകമായ പെരുമാറ്റം.
6. സാങ്കേതിക പരിജ്ഞാനക്കുറവ്
7. അസംസ്ക്യത സാധനങ്ങളുടെ ദൗർലഭ്യം
8. ഗ്രാമീണ ഉൽപന്നങ്ങളോടുള്ള താൽപര്യക്കുറവ്.
9. പുറത്തുനിന്ന് ജോലിക്കാരെ വിളിക്കാനുള്ള ഭയം
10. തൊഴിലുടമയും തൊഴിലാളിയും തമ്മിൽ പരസ്പരധാരണ ഇല്ലായ്മ
11. ചെറുകിട വ്യവസായ യൂണിറ്റുകളെ തളർത്തുന്ന രീതിയിലുള്ള പണമിടപാട് സ്ഥാപനങ്ങളുടെ സമീപനം.
12. ധനമിടപാട് സ്ഥാപനങ്ങൾ നല്കിയ വായ്പകൾ ശരിയാംവിധം ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ നിലവിൽ സംവിധാനമില്ല.
13. സ്ത്രീകൾ ഈ രംഗത്തേക്ക് കടന്നുവരുന്നില്ല.
14. ഗതാഗതത്തിന്റെ അപര്യാപ്തത, വൈദ്യുതിയുടെ ദൗർലഭ്യം
15. ഉൽപന്നങ്ങളുടെ സാങ്കേതിക മേന്മ ഇല്ലായ്മ

16. സ്ഥലത്തിന്റെ അഭാവം.
17. വ്യവസായത്തിൽ പണം മുടക്കാനുള്ള ഭയം.

സാധ്യതകൾ

1. കോഴിവളർത്തൽ: ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കോഴി വളർത്തുകേന്ദ്രങ്ങൾ തുടങ്ങാവുന്നതാണ്. അല്പം ശ്രദ്ധ കൊടുത്താൽ ലാഭകരമായി നടത്താൻ കഴിയും. കുടുംബജോലിയായി ചെയ്യുന്നതായിരിക്കും നല്ലത്.
2. ക്ഷീര വികസനം: ഓരോ വാർഡിലും തെരഞ്ഞെടുക്കപ്പെട്ട പത്ത് പേർ വീതം പശുക്കളെ വളർത്താൻ താല്പര്യത്തോടെ വന്നാൽ കുറ്റ്യാടി കേന്ദ്രമാക്കി ഒരു പാൽ സൊസൈറ്റി സ്ഥാപിക്കാൻ കഴിയും ഓരോ വാർഡിലും പുൽ വളർത്താനും ജൈവവള പ്രയോഗത്തിനും ഇത് സഹായകരമാകും.
3. തേങ്ങ ഉപയോഗിച്ച് വ്യവസായങ്ങൾ
തേങ്ങയ്ക്ക് പ്രസിദ്ധമായ കുറ്റ്യാടിയിൽ അതുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ തുടങ്ങാവുന്നതാണ്. പ്രോത്സാഹനം ലഭിച്ചാൽ ഭൂമി, മൂലധനം യന്ത്രങ്ങൾ എന്നിവ സംഘടിപ്പിക്കാൻ പറ്റിയവർ കുറ്റ്യാടിയിലുണ്ട്. കോക്കനറ്റ് പൗഡർ തേങ്ങാവെള്ളമുപയോഗിച്ച് ശീതളപാനീയം, ചിരട്ട വ്യവസായം, ചൂടിവ്യവസായം, തേങ്ങയാട്ടൽ, പിണ്ണാക്കാക്കുന്നതിനു മുമ്പുള്ള അവസ്ഥ ഉപയോഗിച്ച് ബിസ്ക്കറ്റ് നിർമ്മാണം, പിണ്ണാക്കുല്പാദനം ഇവയെല്ലാം സാധ്യതയുള്ള നല്ലൊരു വ്യവസായ സ്ഥാപനം കുറ്റ്യാടിയിൽ ഉയർന്നുവരണം. ധാരാളം പേർക്ക് ജോലി സാധ്യത, തേങ്ങയ്ക്ക് പുതിയ വിപണി ഇവയെല്ലാം സാധിച്ചെടുക്കാൻ കഴിയും.
4. സോപ്പ്, സൂപ്പർവൈറ്റ്, ചന്ദനത്തിരി
വളരെ ചെലവ് കുറവിൽ ഉൽപാദിപ്പിക്കാൻ കഴിയുന്നവയാണിവ. സംഘടിപ്പിക്കാനും, ധനസഹായമെത്തിക്കാനും സാഹചര്യമുണ്ടാക്കിയാൽ സ്ത്രീകൾക്ക് ഈ യൂണിറ്റുകളിൽ ജോലിചെയ്ത് വിജയിപ്പിക്കാവുന്നതാണ്.
5. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം: നിലവിലുള്ള സ്ഥാപനങ്ങൾക്ക് പ്രയാസം സൃഷ്ടിക്കാതെ ഈ ഗ്രാമപഞ്ചായത്തിന്റെ മറ്റ്സ്ഥലങ്ങളിൽ സ്ത്രീകൾക്ക് ഈ രംഗത്ത് സ്ഥാപനങ്ങൾ തുടങ്ങാവുന്നതാണ്. ഈരത്തെ സ്ഥാപനം മാതൃകയായെടുക്കാം.
6. അച്ചാർ കറിപ്പൊടി നിർമ്മാണം: അച്ചാർ പൊടി കരിപൊടി, പറങ്കിപ്പൊടി, മല്ലിപ്പൊടി, സാമ്പാർ പൊടി, രസപൊടി, ചട്ട്ണിപ്പൊടി, ദോശപ്പൊടി എന്നിവയുണ്ടാക്കി പാക്കറ്റുകളിലാക്കി വീടുകളിലും ടൗണിലും വില്പനനടത്താം.
7. പപ്പടനിർമ്മാണം: ഗ്രാമപഞ്ചായത്തിന്റെ പല സ്ഥലങ്ങളിലും പപ്പടം ഉണ്ടാക്കാൻ കഴിയും ചെലവ് കുറഞ്ഞതും വിപണന സാധ്യതയുള്ളതുമായ ഒരു രംഗമാണിത്
8. അവിലിടി കേന്ദ്രം: മീത്തലെ വടയത്തുള്ള സ്ഥാപനത്തിന്റെ മാതൃകയിൽ ഇത്തരം ഒരു സ്ഥാപനം മറ്റ് സ്ഥലങ്ങളിലും വിജയകരമായി നടത്താവുന്നതാണ്.
9. ബേക്കറി: കായവറുത്തത്, കിഴങ്ങ് വറുത്തത്, പൊടിയപ്പം അച്ചപ്പം തുടങ്ങിയവ വീടുകളിലുണ്ടാക്കി വിജയകരമായി വിപണനം നടത്താൻ കഴിയും. നേന്ത്രവാഴ കൃഷി, ഉരുളക്കിഴങ്ങ് കൃഷി എന്നിവക്ക് പ്രോത്സാഹവനുമാകും. സ്ത്രീകൾക്ക് ഈ രംഗത്ത് ജോലി ലഭിക്കും.
10. കരിങ്കൽ മെറ്റൽ നിർമ്മാണം: ഈ രംഗത്ത് ഒരു പരീക്ഷണം വടയം, കക്കട്ടിൽപീടികക്ക് സമീപം നടത്താൻ പോകുന്നുണ്ട്. മറ്റ് സ്ഥലങ്ങളിലും ഇത് നടത്താവുന്നതാണ്. മെറ്റലിന്റെ ദൗർലഭ്യം നിർമ്മാണ പ്രക്രിയക്ക് വിഷമിക്കുന്ന ഇക്കാലത്ത് വിജയകരമാകും. മെറ്റൽ വില്പനക്കുശേഷം ബോളറിന്റെ പണം കൊടുത്താൽ മതിയാകുന്ന സംവിധാനമുണ്ടാക്കിയാൽ ഒരു ചെലവുമില്ലാതെ തുടങ്ങാം.
11. കുമ്മായ നിർമ്മാണം: കാർഷികമേഖലയ്ക്ക് പ്രാധാന്യം നൽകിവരുമ്പോൾ കുമ്മായത്തിനുണ്ടാക്കുന്ന ആവശ്യം കണക്കിലെടുത്ത് സാധ്യതയുള്ള ഒരു രംഗമാണിത്. ഇത്തരം കേന്ദ്രങ്ങൾ പഞ്ചായത്തിൽ ഇനിയും തുടങ്ങാൻ കഴിയും.
12. ഫ്ളോർമിൽ: ഫ്ളോർമില്ലുകൾ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടങ്ങിയാൽ വിജയപ്രദമാക്കാൻ കഴിയും.
13. ചെരിപ്പ് നിർമ്മാണം: കുറ്റ്യാടിയിൽ ഇന്ന് നിലവി

ലുള്ള ചെരിപ്പ് നിർമ്മാതാവിന് സഹായം നൽകി ആ യൂനിറ്റ് വികസിപ്പിക്കാൻ കഴിയും.

14. വീട് നർമ്മാണസൊസൈറ്റി: സിമൻറ് കട്ട, കട്ടില, ജാലക നിർമ്മാണം ചുരുങ്ങിയ ചെലവിൽ വീടുണ്ടാക്കി കൊടുക്കുന്ന ഒരു സൊസൈറ്റി രൂപീകരിച്ച് സിമൻറ് കട്ട, കട്ടില-ജാലകം, ഹോളോ ബ്രിക്സ് എന്നിവയുണ്ടാക്കുന്ന ചെറു യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

16. പ്രസ്സ്: സഹകരണാടിസ്ഥാനത്തിൽ ഒരു ഓഫ്സെറ്റ് പ്രിൻറിംഗ് പ്രസ് കുറ്റ്യാടിയിൽ തുടങ്ങാൻ കഴിയും.

17. തേനീച്ച വളർത്തൽ: എളുപ്പമുള്ള ഒരു വരുമാന മാർഗ്ഗമാണിത്. ചുരുങ്ങിയ ചെലവിൽ തേനുല്പാദിപ്പിക്കാൻ ഉള്ള സാധ്യതയുണ്ട്.

18. കുട, നോട്ട്ബുക്ക് നിർമ്മാണം, ബൈൻറിംഗ് ഗ്രാമപഞ്ചായത്തിനാവശ്യമായ കുട, നോട്ട്ബുക്ക് എന്നിവ നിർമ്മിക്കാൻ കഴിയുംവിധമുള്ള ഒരു യൂനിറ്റെങ്കിലും തുടങ്ങാനുള്ള സാധ്യത പഞ്ചായത്തിലുണ്ട്. ബൈൻറിംഗിന് വിദ്യാർത്ഥികളെയും ഉപയോഗിക്കാം.

19. അടയ്ക്കാ സംസ്കരണം: അടക്കപാക്കാക്കി വില്ക്കുന്നതും, പാൻ മസാല ഉണ്ടാക്കുന്നതുമായി ഒരു യൂനിറ്റ് ടൗൺ കേന്ദ്രമാക്കി തുടങ്ങാവുന്നതാണ്. വിപണന സാധ്യതയുണ്ട്.

20. മോട്ടോർ വാഹനറിപ്പയറിംഗ്: ഈ രംഗത്ത് വേണ്ട സഹകരണാടിസ്ഥാനത്തിൽ നല്ലൊരു സ്ഥാപനത്തിന് സാധ്യതയുണ്ട്.

21. പരമ്പരാഗത വ്യവസായങ്ങൾ:
നെയ്ത്ത്: പഞ്ചായത്തിൽ ഒരു വീട്ടിൽ മാത്രമേ ഇന്ന് നെയ്ത്ത് പണിയുള്ളൂ. സാമ്പത്തിക സഹായവും പ്രോത്സാഹനവും നൽകിയാൽ കൂടിൽ വ്യവസായമായി മറ്റു വീടുകളിലേക്ക് ഇത് വ്യാപിപ്പിക്കാൻ കഴിയുന്നതാണ്.

22. പായ, കുട്ടമടയൽ
പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഈ രംഗത്ത് പ്രവർത്തിക്കാൻ തയ്യാറാണ്. അസംസ്കൃത സാധനം എത്തിച്ചുകൊടുക്കാൻ സംവിധാനമുണ്ടാക്കണം. വിപണന സാധ്യതയുണ്ട്. ഈ ജോലി കുടുംബത്തിലെ മറ്റുള്ളവരും പഠിക്കാൻ ഇപ്പോൾ തന്നെ ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തേണ്ടതാണ്.

23. ഇഷ്ടിക നിർമ്മാണം: ഊരത്ത് വയലിൽ നിന്നും കളിമൺ എടുക്കാനുള്ള സഹായം ചെയ്തുകൊടുക്കുകയും ഇഷ്ടിക നിർമ്മിക്കാൻ വേണ്ട സാമ്പത്തിക സഹായവും ചെയ്തുകൊടുത്താൽ 20ഓളം കുടംബങ്ങൾക്ക് ജീവിതമാർഗ്ഗമാക്കും.

24. കൂൺകൃഷി: കൂൺ ഉണ്ടാക്കാൻ കഴിയുമോ എന്ന പരിശോധന ഗ്രാമപഞ്ചായത്തിൽ പരീക്ഷിച്ചുനോക്കിയിട്ടുണ്ട്. വിത്തുകൾ വാങ്ങാനുള്ള പണം മാത്രമേ ചിലവഴിക്കേണ്ടതുള്ളൂ. വീടുകളിൽ കൂൺ ഇൽപാദിപ്പച്ച് പാക്കറ്റുകളാക്കി വിറ്റാൽ വിപണിയിൽ എളുപ്പം ചെലവാക്കാൻ കഴിയും. ഒരു വിഷമവുമില്ലാതെ തുടങ്ങാൻ കഴിയുന്നതുമാണ്. കാര്യമായ മൂലധനമില്ലാതെ നടത്താൻ പറ്റും. സ്ത്രീകളെ ഈ രംഗത്തേക്ക് കൊണ്ടുവരാൻ കഴിയും.

25. ടൂറിസവികസനം: വളയന്നൂർ തുറ ഒരു കളിപൊയ്കയാക്കി മാറ്റാവുന്നതാണ്. ഗ്രാമീണ ടൂറിസ വികസന പരിപാടിയിൽ ഉൾപ്പെടുത്താൻ കഴിയും. കുറ്റ്യാടി, പൊരുവണ്ണാമൂഴി ബോട്ടുഗതാഗതത്തിന് സാധ്യതയുണ്ട്.

26. വനിതസംരഭമെന്ന നിലയിൽ കുറ്റ്യാടി ടൗൺ സഹകരണഹോട്ടൽ തുടങ്ങാവുന്നതാണ്.

27. മിനി വ്യവസായ എസ്റ്റേറ്റ്

28. ഗ്രാമപഞ്ചായത്തിൽ നാളികേരം അടിസ്ഥാനമായുള്ള ഒരു വ്യവസായ ശാല സ്ഥാപിക്കുക.

സാംസ്കാരികരംഗം

ആമുഖം:

ഗ്രാമാന്തരീക്ഷത്തിന് ഭംഗം വരാതെ, നാഗരികതയുടെ ബഹുമുഖ വികാസം ലക്ഷ്യമാക്കി കുതിക്കുന്ന കുറ്റ്യാടി പ്രദേശത്തിന് തനതായ ഒരു സാംസ്കാരിക പാരമ്പര്യമുണ്ട്. നൂറ്റാണ്ടുകളായി തുടരുന്ന സംസ്കാരത്തിന്റെ കണ്ണികൾ - പുരോഗതിയിലേക്കുള്ള വെമ്പലിലാണെന്ന് തോന്നുന്നു. നമുക്ക് കൈമോശം വന്നിരിക്കുന്നു. സംസ്കാരത്തനിമയുടേതായ പാരമ്പര്യകലകളും ആചാരാനുഷ്ഠാനങ്ങളും ദർശനം തന്നെയും മറഞ്ഞുകൊണ്ടിരിക്കുന്നു. പൈതൃകത്തിന്റെതായ മൂല്യബോധവും ജീവിതലക്ഷ്യവും ചൈതന്യവത്താക്കുകയും കാലത്തിന്റെ വെല്ലുവിളികൾ നേരിട്ട് ഭൗതിക പുരോഗതിയിലേക്ക് മുന്നേറുകയും ചെയ്യണമെങ്കിൽ നാം സ്വന്തം സംസ്കാരത്തെ പുനരുജ്ജീവിപ്പിക്കുകയും ചലനാത്മകമാക്കുകയും വേണം.

ക്ഷേത്രങ്ങളും പള്ളികളും കലാസമിതികളും വായനശാലകളുമെല്ലാം സാംസ്കാരിക പുനരുദ്ധാരണത്തിനുള്ള ചുവുടുവെപ്പുകളാണെന്നതിൽ സംശയമില്ല. പ്രസ്തുത സ്ഥാപനങ്ങൾ സ്തുത്യർഹമായ സേവനത്തിലൂടെ മാതൃക പുലർത്തുന്നുണ്ട്. എന്നാൽ ജനപങ്കാളിത്തം വേണ്ടുവോളമില്ലാത്തതിനാൽ സാംസ്കാരിക പ്രവർത്തനങ്ങൾ ശോഷിച്ചു പോകുന്ന ദുഃഖകരമായ സ്ഥിതിയാണ് ഇന്നുള്ളത്. അതിനാൽ സാംക്കാരിക നിലയങ്ങളുടെ ബാഹുല്യമല്ല, അവയുടെ പ്രവർത്തനങ്ങളുടെ വ്യാപ്തിയാണ് ഈ പ്രദേശത്തിന് അത്യാവശ്യം ജനങ്ങളെ ആകർഷിക്കാൻ പര്യാപ്തമാംവിധം സാംസ്കാരിക പ്രവർത്തനങ്ങൾ കൂടുതൽ അർപ്പണ ബോധത്തോടെയും കലാബോധത്തോടെയും ആസൂത്രണം ചെയ്യേണ്ടുന്ന കാര്യത്തിൽ നാം ഈന്നൽ കൊടുക്കേണ്ടതുണ്ട്. വിവിധ വിഭാഗങ്ങൾ തമ്മിലുള്ള അനുരജ്ഞനവും സൗഹാർദ്ദവും ഉറപ്പുവരുത്തുവാൻ സാംസ്കാരിക സ്ഥാപനങ്ങൾക്ക് ചുമതലയുണ്ട്. മത-ജാതി വ്യത്യാസമോ രാഷ്ട്രീയ വിദ്വേഷമോ തീണ്ടാത്ത സേവനം കാഴ്ചവെക്കുന്ന ഇത്തരം സ്ഥാപനങ്ങൾ ജനങ്ങളിലേക്ക് എത്തിച്ചേരാൻ നാം യത്നിക്കേണ്ടതുണ്ട്.

പൈതൃകം

ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ധാരാളം സംഭവങ്ങൾ കുറ്റ്യാടിയിലും പരിസരങ്ങളിലും ഉണ്ടായിട്ടുണ്ട്. ബ്രിട്ടീഷുകാർക്ക് എതിരെ ധീരോദാത്തമായ പോരാട്ടം നടത്തിയ വീര കേരളവർമ്മ പഴശ്ശിരാജാവുമായി ബന്ധപ്പെട്ടാണ് ഈ പ്രദേശത്തിനെ കുറ്റ്യാടി എന്ന് പേർ ലഭിച്ചത് എന്നു പറയപ്പെടുന്നു. എന്നാൽ ഇന്ന് കുറ്റ്യാടിയെ ജനങ്ങൾ അറിയുന്നത് കേരളത്തിലെ ഒരു വൻകിട ജലസേചന പദ്ധതിയുടെ പേരുമായും; മികച്ച നാളികേര ഉൽപാദന കേന്ദ്രമെന്ന നിലയിലുമാണ് ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനവുമായി ബന്ധമുള്ള നിരവധി പേർ ഈ പഞ്ചായത്തിന്റെ അതിർത്തിയിൽ ഉണ്ടായിരുന്നു. ജന്മിത്വത്തിന് എതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമായി കരിങ്ങാട് ഒടേരിപ്പൊയിൽ മൊകേരി മുതലായ പ്രദേശങ്ങളിൽ നടന്ന വിവിധ പ്രക്ഷോഭ പരിപാ

ടികളിൽ ഈ പ്രദേശത്തുള്ളവർ നിർണ്ണായകമായ പങ്കുവഹിച്ചിരുന്നു. ദേശീയ പ്രക്ഷോഭത്തോടൊപ്പം തന്നെ ആ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലുമായി നിരവധി വിദ്യാഭ്യാസ-സാംസ്കാരിക സ്ഥാപനങ്ങൾ ഉയർന്നുവന്നിരുന്നു. നിട്ടൂരിൽ ഉണ്ടായിരുന്ന കുടിപ്പള്ളികൂടം, ബാലഭാരതി സ്കൂൾ, കുറ്റ്യാടിയിലെ മദ്രസ സ്കൂൾ, പ്രബോധിനി ഗ്രന്ഥാലയം, അലിബ്രദേഴ്സ് മെമ്മോറിയൽ വായനശാല എന്നിവ ഇവയിൽ ചിലതാണ്. കഥകളി, പാഠകം, കൈകൊട്ടിക്കളി, കോൽക്കളി മുതലായ കേരളീയകലകൾ വളർത്താനും ആസ്വദിക്കാനും പഠിക്കാനും വേണ്ട പരിശീലനകളരികൾ ഇക്കാലത്ത് നിട്ടൂർ പോലുള്ള പ്രദേശങ്ങളിൽ ഉണ്ടായിരുന്നു.

ജാതിമത ഘടന:

ഹിന്ദുക്കളും മുസ്ലിംകളും ഇടകലർന്നു ജീവിക്കുന്ന ഒരു പ്രദേശമാണ് ഇത്. മതസൗഹാർദത്തിനു കോട്ടം വരുത്തുന്ന വിധത്തിലുള്ള യാതൊരു സംഭവങ്ങളും ഇവിടെ ഉണ്ടായിട്ടില്ല എന്നത് ശ്രദ്ധേയമാണ്. കുറ്റ്യാടി പ്രദേശത്തെ മുസ്ലിങ്ങളിൽ ഭൂരിഭാഗവും ദേശീയവാദികളും കോൺഗ്രസ് പ്രവർത്തകരും ആയിരുന്നു. ഇക്കാരണത്താൽ തന്നെ ഹിന്ദുക്കളും മുസ്ലിംകളും സ്വാതന്ത്ര്യസമരകാലങ്ങളിൽ ഐക്യത്തോടെ പ്രവർത്തിച്ചിരുന്നു. ഹിന്ദുമതത്തിലെവിവിധ ജാതികളിൽപെട്ട ജനവിഭാഗങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും പണ്ടുകാലത്ത് നിലവിലുണ്ടായിരുന്ന വിവേചനങ്ങൾ എല്ലാംതന്നെ മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഹരിജനോദ്ധാരണത്തിന് വേണ്ടി നടത്തിയിരുന്ന പരിപാടികളുടെ ഭാഗമായി മിശ്രഭോജനവും വിദ്യാഭ്യാസപരിപാടികളും വിജയകരമായി ഈ പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും നത്തിയിരുന്നു. നമ്മുടെ രാഷ്ട്രഭാഷയായ ഹിന്ദിയുടെ പ്രചാരണത്തിനായി നിരവധി പ്രവർത്തനങ്ങളും പലപ്പോഴായി ഇവിടെങ്ങളിൽ നടന്നിരുന്നു.

ഉത്സവങ്ങൾ:

ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഹിന്ദുക്കളുടെയും മുസ്ലിംകളുടെയും നിരവധി ആരാധനാലയങ്ങൾ ഉണ്ട്. കുറ്റ്യാടിയിൽ വർഷംതോറും നടത്തിവരാറുള്ള കന്നുകാലി ചന്ത, നടോൽ ക്ഷേത്രത്തിലെ തിറമഹോൽസവവുമായി ബന്ധപ്പെട്ടതാണ്. നിട്ടൂരിലുള്ള പ്രസിദ്ധമായ മഹാശിവക്ഷേത്രത്തിൽ അനുഷ്ഠാന കലകളായ കളമെഴുത്തും പാട്ടും, തിടമ്പു നൃത്തം, കൂത്ത് മുതലായവ ക്ഷേത്രോത്സവത്തിന്റെ ഭാഗമായി ഇപ്പോഴും നടന്നു വരുന്നു. ഊരത്ത്, താഴെ വടയം, കോറോത്ത് ചാൽ മുതലായ ക്ഷേത്രങ്ങളിൽ പലതിലും ഉത്സവാതികൾ നടക്കാറുണ്ട്. വാദ്യകലകൾ തിറ മുതലായ കലാരൂപങ്ങൾ ഇവിടെ അരങ്ങേറാറുണ്ട്. കുറ്റ്യാടി, നരിക്കൂട്ടുംചാൽ, നടുപ്പൊയിൽ, പാറമ്മൽ, ഞള്ളോറ, തൊടുവളപ്പ്, നിട്ടൂർ വടയം മുതലായ സ്ഥലങ്ങളിലുള്ള മുസ്ലിം ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട് നബിദിനാഘോഷം വലിയ പെരുന്നാൾ മുതലായ ആഘോഷങ്ങൾ നടത്തിവരാറുണ്ട്. പഞ്ചായത്ത് നേതൃത്വത്തിൽ നടത്തപ്പെടുന്ന കേരളോത്സവം സ്കൂളുകളിൽ നടത്തപ്പെടുന്ന യുവജനോത്സവ പരിപാടികൾ എന്നിവയും പഞ്ചായത്തിൽ നടത്തപ്പെടുന്ന ഉത്സവപരിപാടികളിൽ ഉൾപ്പെടുന്നു.

കൊട്ടിയൂർ, ശബരിമല, പഴനിമുതലായ തീർത്ഥാടന കേന്ദ്രങ്ങളിലേക്ക് ഈ പ്രദേശത്തുനിന്നും എല്ലാ വർഷവും നിരവധി തീർത്ഥാടകർ അനുഷ്ഠാനത്തോടുകൂടി പോകാറുണ്ട്. മുസ്ലിംകളുടെപ്രധാന തീർത്ഥാടനമായ പരിശുദ്ധ ഹജ്ജ് കർമ്മം നിർവ്വഹിക്കുന്നതിന് നിരവധി പേർ ഇവിടെ നിന്നും പോകാറുണ്ട്.

കലാകായിക സാംസ്കാരിക സ്ഥാപനങ്ങൾ

ഈ പഞ്ചായത്തിലെ കലാ സാംസ്കാരിക സ്ഥാപനങ്ങളെ കുറിച്ച് വിലയിരുത്തുമ്പോൾ ഉയർന്നു വന്ന ഒരു സ്ഥാപനവും കുറ്റ്യാടിയിലില്ല എന്നത് ദുഃഖകരമായ വസ്തുതയാണ്. 1936ൽ കുറ്റ്യാടിയിൽ ആരംഭിച്ച പ്രബോധിനി ഗ്രന്ഥാലയം 1939ൽ നിലവിൽ വന്ന അലി ബ്രദേഴ്സ് വായനശാല ഗ്രന്ഥാലയം, നിട്ടൂരിലുണ്ടായിരുന്ന ഗ്രാമോദയ വായനശാല എന്നിവ അക്കാലത്തെ സാംസ്കാരിക കേന്ദ്രങ്ങളായിരുന്നുവെങ്കിലും സാമ്പത്തികവും സാമൂഹ്യവുമായ കാരണങ്ങളാൽ പ്രവർത്തനം നിലച്ചുപോയി. സ്വാതന്ത്ര്യാനന്തരം നിരവധി സ്ഥാപനങ്ങൾ ഈ രംഗത്ത് ഉയർന്നുവന്നെങ്കിലും സാമൂഹ്യ അവബോധമില്ലാ

യ്മയും വേണ്ട രീതിയിലുള്ള സംഘടന ഇല്ലായ്മയും കൊണ്ടും അതെല്ലാം തന്നെ ഇല്ലാതെയായി.

കായികരംഗം

വോളിബോൾ രംഗത്ത് വളരെയധികം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ പഞ്ചായത്താണ് കുറ്റ്യാടി. കുറ്റ്യാടി ഈഗിൾസ് കേരളത്തിലങ്ങോളമിങ്ങോളം ടൂർണമെൻറുകളിൽ പങ്കെടുത്തിരുന്ന വോളിബോൾ ടീമായിരുന്നു. ഈഗിൾസ് നല്കിയ പ്രചോദനം ഒട്ടനവധി വോളിബോൾ താരങ്ങളെ സംഭാവന ചെയ്യാൻ കുറ്റ്യാടിയെ സഹായിച്ചു. സതേൺ റെയിൽവേ, വെസ്റ്റേൺ റെയിൽവേ, കാലിക്കറ്റ് യൂണിവേഴ്സിറ്റി, അഖിലേന്ത്യാ കമ്പൈൻഡ് യൂണിവേഴ്സിറ്റി, എ. എസ്. സി. തുടങ്ങിയ ടീമുകളെ പ്രതിനിധാനം ചെയ്യാൻ കുറ്റ്യാടിക്കാർക്ക് അവസരം ലഭിച്ചത് ഇതിൻെറ ഫലമായാണ്. സമീപകാലത്തായി കുട്ടികളിലും യുവാക്കളിലും ക്രിക്കറ്റ് ജ്വരം പടരുന്നതായി കാണാൻ കഴിയും. കുറ്റ്യാടിയിലെ കായികരംഗം നേരിടുന്ന പ്രധാന പ്രശ്നം കളിക്കളങ്ങളുടെ അഭാവമാണ്.

നമ്മുടെ പഞ്ചായത്തിലിപ്പോൾ 16 വായനശാലകൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ കേവലം 3 എണ്ണത്തിൽ ഗ്രന്ഥാലയവും പ്രവർത്തിക്കുന്നുണ്ട്. ഇവയെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ചുവടെ കൊടുത്തിരിക്കുന്ന പട്ടിക ശ്രദ്ധിക്കുക.

മേൽ സൂചിപ്പിച്ചത് കൂടാതെ വടയാത്തുള്ള സർഗ്ഗ വായനശാലയിൽ ചെറിയ രീതിയിൽ പുസ്തക വിതരണം നടത്തുന്നുണ്ട്. കൂടാതെ 12 വായനശാലകളിൽ മീത്തലെ വടയത്തുള്ള അഞ്ചു നെല്ലിക്കണാരൻ സ്മാരക വായനശാല, നടുപ്പൊയിൽ സഫ്ദർ ഹാഷ്മി വായനശാല, നരികൂട്ടുംചാലിൽ യുവധാര വായനശാല എന്നിവക്ക് സ്വന്തമായി കെട്ടിടമുണ്ട്. കുറ്റ്യാടി അൾട്ര കുറ്റ്യാടി ഐ. എസ്.എം. ഊരത്ത് പ്രിദർശിനി, ഊരത്ത് അക്ഷര, വടയം ഗ്രാമം വളയന്നൂർ യുവശക്തി മാവുള്ളചാലിൽ എ. കെ. ജി. നരിക്കൂട്ടുംചാലിൽ വേദിക പാറമ്മൽ പൗർണ്ണമി എന്നിവയാണ് മറ്റുള്ളവ.

സാംസ്കാരിക നിലയം കുറ്റ്യാടി:

കേരള സർക്കാരിൻെറ പതിനൊന്നിന പരിപാടിയുമായി ബന്ധപ്പെടുത്തി കുറ്റ്യാടിയിൽ 1991ൽ സ്ഥാപിച്ച സാംസ്കാരിക നിലയം തദ്ദേശ വാസിയായ ഒരാൾ സംഭാവന ചെയ്ത സ്ഥലത്ത് നിർമ്മിച്ച സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന 75000 രൂപക്കുള്ള പുസ്തകങ്ങൾ ഇവിടെയുണ്ട്. ഹോണറേറിയം അടിസ്ഥാനത്തിൽ പഞ്ചായത്തുവകയായി ഒരു ലൈബ്രേറിയനെ നിയമിച്ചിട്ടുണ്ട്. മനോഹരമായ കെട്ടിടമുണ്ടെങ്കിലും സ്ഥാപനത്തിലേക്ക് എത്തിച്ചേരാൻ നല്ല വഴി ഇല്ല എന്നതാണ് പ്രധാന പ്രശ്നം.

പട്ടിക

നമ്പർ	പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	ശരാശരി പ്രതിമാസ വിതരണം	ആനുകാലികങ്ങൾ പത്രം+	അംഗങ്ങളുടെ എണ്ണം	സ്വന്തമായി കെട്ടിടം	ടി.വി.
1.	പഞ്ചായത്ത് സാംസ്കാരിക നിലയം, കുറ്റ്യാടി	1991	-	2790	775	10+5	605	ഉണ്ട്	ഉണ്ട്
2.	തപസ്യ ഗ്രന്ഥാലയം വടയം	1987	ഡി	2500	320	4+10	491	ഉണ്ട്	ഉണ്ട്
3.	ഭഗത്സിംഗ് സ്മാരക വായനശാല, ഗ്രന്ഥാലയം, നിട്ടൂർ	1990	-	1342	250	3+7	245	ഉണ്ട്	ഉണ്ട്

തപസ്യാ ഗ്രന്ഥാലയം വടയം

1987 ആരംഭിച്ച പ്രസ്തുത ഗ്രന്ഥാലയം ജനപങ്കാളിത്തത്തോടെ പ്രവർത്തിച്ചതിന്റെ ഫലമായി 1989ൽ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുകയും കേരളാ ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്. കേരളോത്സവം പോലുള്ള സാംസ്കാരിക പരിപാടികളിൽ സജീവ സാന്നിദ്ധ്യവും പങ്കാളിത്തവും ഈ സ്ഥാപനം ഉറപ്പുവരുത്താറുണ്ട്. സ്ത്രീകളുടെ ഇടയിൽ വായന ശീലം വളർത്താനുതകുന്ന വിവിധ പരിപാടികൾ രൂപീകരിച്ച് നടപ്പിലാക്കാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്.

ഭഗത്സിംഗ് സ്മാരക വായനശാല, ഗ്രന്ഥാലയം, നിട്ടൂർ

1990ൽ വായനശാല മാത്രമായി പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനം 1991ൽ ഗ്രന്ഥാലയമാക്കാൻ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാനും സാധിച്ചിട്ടുണ്ട്. വൈവിധ്യമാർന്ന കലാകായിക സാംസ്കാരിക പരിപാടികൾ ഗ്രാമത്തിൽ സംഘടിപ്പിക്കുന്നതിന് ഈ സ്ഥാപനം പ്രത്യേകം ഊന്നൽ നൽകിവരുന്നു. കുറ്റ്യാടി പഞ്ചായത്തിലെ പ്രഥമ ജനവിദ്യാകേന്ദ്രം ഇവിടെ പ്രവർത്തിച്ചുവരുന്നു. ആസാദ് കലാ മന്ദിർ കുറ്റ്യാടിയിലെ കലാ-സാംസ്കാരിക മണ്ഡലത്തിൽ വളരെയേറെ സ്വാധീനം ചെലുത്തിയ സംഘമായിരുന്നു. നിരവധി നാടകങ്ങളിലൂടെ ചൂഷണത്തെ തുറന്നുകാണിക്കുവാനും അവക്കെതിരെ ശബ്ദിക്കാൻ ജനങ്ങളെ ഉൽബുദ്ധരാക്കാനും ആസാദ് കലാ മന്ദിർ ശ്രമിച്ചിരുന്നു.

കുറ്റ്യാടിയിലുള്ള സംസ്കാര, ഫാസ്, അൾട്രാ എന്നിവയും ഊരത്ത് എവർഷൈൻ, വടയം ബ്രദേഴ്സ് കലാകേന്ദ്രം, വടയം സർഗ്ഗ, വേദിക നരിക്കൂട്ടുംചാൽ, പൊന്നേലായി യുവശക്തി തുടങ്ങി പത്തോളം കലാ സാംസ്കാരിക സമിതികൾ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഇവയിൽ ചിലവ ശ്ലാഘനീയമായ പ്രവർത്തനം കാഴ്ചവെക്കുന്നുണ്ട്.

കേരളത്തിലെ പ്രധാന പത്രങ്ങളെല്ലാം തന്നെ പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടുന്നുണ്ടെങ്കിലും വളരെ പരിമിതമായ എണ്ണം മാത്രമേ ചെലവഴിക്കപ്പെടുന്നുള്ളൂ. പഞ്ചായത്തിലെ മൊത്തജനങ്ങളിൽ 50%ത്തിൽ അധികം പേർ ദിവസേന പത്രം വായിക്കുന്നവരായുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 200ഓളം വീടുകളിൽ ടി. വി. ഉണ്ട്. കുറ്റ്യാടി കേന്ദ്രീകരിച്ച് കേബിൾ ടി. വി. നെറ്റ് വർക്ക് പ്രവർത്തിക്കുന്നു. കേവലം 10%ഓളം വരുന്ന പ്രേക്ഷകർ മാത്രമേയുള്ളൂവെങ്കിലും ഈ മാധ്യമം ജനങ്ങളിൽ വളരെയധികം സ്വാധീനം ചെലുത്തുന്നുണ്ട്. വായനാശീലം കുറയുവാൻ ഒരു പരിധിവരെ ഈ മാധ്യമത്തിന്റെ സ്വാധീനമാണെന്ന് കാണാം.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കുറ്റ്യാടി പഞ്ചായത്തിൽ നിന്നും സാംസ്കാരിക പ്രവർത്തനങ്ങളുടെ ഇനങ്ങളിലേക്കായി മൊത്തം ചെലവിന്റെ 3.17%ആയ 27022 രൂപ മാത്രമാണ് ചെലവഴിച്ചത്. ഈ തുക വളരെ അപര്യാപ്തമാണ്.

പ്രശ്നങ്ങൾ

1. ഗ്രന്ഥാലയങ്ങളുടെയും വായനശാലകളുടെയും പ്രവർത്തന വ്യാപനത്തിനായി കൂടുത്ത സാമ്പത്തിക സഹായം ലഭിക്കേണ്ടതുണ്ട്.
2. നോവലുകൾ പോലെയുള്ള പ്രത്യേക വിഭാഗത്തിൽപ്പെട്ട പുസ്തകങ്ങൾ ആണ് വായനക്കാർ കൂടുതൽ വായിക്കുന്നതും ലഭിക്കുന്നതും. അതിനാൽ ഗഹനമായ വായനാശീലം ഇല്ലാതാകുന്നു.
3. കുറ്റ്യാടി ടൗൺ കേന്ദ്രീകരിച്ചുള്ള അശ്ലീല പുസ്തകങ്ങളുടെയും മയക്കുമരുന്നിന്റെയും വ്യാപനം.
4. വിവാഹം മുതലായ ചടങ്ങുകളിൽ കണ്ടുവരുന്ന ആർഭാഢവും ധൂർത്തും ഒഴിവാക്കാനുള്ള സാംസ്കാരിക ബോധം ജനങ്ങളിൽ വളരണം.
5. കായിക രംഗത്ത് അത്യാവശ്യമായി വേണ്ട കളിസ്ഥലങ്ങളുടെ അഭാവം.
6. കലാവാസനകൾ പോഷിപ്പിക്കാൻ വേണ്ട പരിശീലനം ലഭിക്കായ്മ, ആസൂത്രണത്തിന്റെ അഭാവം, സാമ്പത്തിക പരാധീനത.
7. തനതുകലകളായ തെയ്യം, തിറ, കോൽക്കളി മുതലായവയെ പോഷിപ്പിക്കാനുതകുന്ന പദ്ധതികളുടെ അഭാവം.
8. കലാകാരന്മാർ നേരിടുന്ന സാമ്പത്തിക പരാധീനത.

9. സ്ത്രീകളെ ഉപഭോഗവസ്തുവായി കാണുന്ന പ്രവണത വർദ്ധിച്ചുവരുന്നു.
10. കളിക്കളങ്ങളുടെ അഭാവം, കായിക രംഗത്തെ വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്നു.

പരിഹാരങ്ങൾ, നിർദ്ദേശങ്ങൾ

1. ഗ്രന്ഥാലയങ്ങളുടെ പ്രവർത്തന മേഖലയെ വ്യാപിപ്പിക്കുകയും വൈവിധ്യ വൽക്കരിക്കുകയും ചെയ്യുക.
2. സാംസ്കാരിക സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രത്യേക ആഘോഷങ്ങൾ സംഘടിപ്പിച്ചുകൊണ്ട് മതസൗഹാർദ്ദം ഊട്ടി ഉറപ്പിക്കുക.
3. കായിക വികസനത്തിനായി വിദ്യാലയങ്ങളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുക. പഞ്ചായത്ത് വകയായി കളിസ്ഥലങ്ങൾ നിർമ്മിക്കുകയും കായിക സമിതികൾക്ക് ആവശ്യമായ രീതിയിൽ ഉള്ള പ്രോത്സാഹനവും പരിശീലനവും നൽകുക.
4. പഞ്ചായത്ത് കേന്ദ്രീകരിച്ചുകൊണ്ട് കലാകായിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വാർഷിക കലണ്ടർ തയ്യാറാക്കുക.
5. സാധ്യമെങ്കിൽ വീഡിയോ ക്ലബ്ബ്, ഫിലിം സൊസൈറ്റി എന്നിവ സ്ഥാപിക്കുക.
6. കലാസമിതി അംഗങ്ങൾക്കായി വിഭിന്ന മേഖലകളിലെ വികസനം സാധ്യമാക്കുന്ന രീതിയിലുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുക.
7. അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുക.
8. നാശോൻമുഖമായി വരുന്ന കലാരൂപങ്ങൾ വളർത്തുന്നതിന് വേണ്ടിയുള്ള കളരികൾ സംഘടിപ്പിക്കുകയും വേണ്ട പ്രോത്സാഹനം നൽകുകയും ചെയ്യുക.
9. കുറ്റ്യാടി ഗവൺമെൻറ് ഹൈസ്കൂളിലുള്ള സ്ഥലം ഉപയോഗപ്പെടുത്തി സ്റ്റേഡിയം നിർമ്മിക്കുക.
10. വളർന്നുവരുന്ന വോളീബോൾ താരങ്ങൾക്കു പ്രോത്സാഹനം നൽകാൻ വോളിബോൾ അക്കാദമി സ്ഥാപിക്കുക.

അല്പം കൂടി

സാംസ്കാരിക സമന്വയമാണല്ലോ നമ്മുടെ നാടിൻെറ അസ്തിത്വം നിലനിർത്തുന്നത് സാർവ്വ ജനീന പുരോഗതിയാണ് നാടിനെ ക്ഷേമരാഷ്ട്രമാക്കി മാറ്റുന്നത്. അതിലേക്കുള്ള വഴി തുറന്നുകൊടുക്കുന്ന ധർമ്മം ഇത്തരം സാംസ്കാരിക സ്ഥാപനങ്ങൾ ആഴത്തിലും പരപ്പിലും ഉള്ള സേനവങ്ങൾ കൊണ്ട് പൂർവ്വാധികം ഫലവത്തായി നിറവേറ്റട്ടെ!

പട്ടിക - 2

കഴിഞ്ഞ 1 വർഷത്തിൽ കുറ്റ്യാടി പഞ്ചായത്തിൽ നടത്തിയ പൊതുമരാമത്ത് പ്രവർത്തികൾ

ക്രമ നമ്പർ	പ്രവർത്തി നടത്തിയ സ്ഥലത്തിന്റെ പേര്	വാർഡ്	മുടക്കിയ സംഖ്യ	ഫണ്ടുകൾ	അൺടയിഡ്	ജെ.ആർ.വൈ
1	പൊൻമിനിയോട്ട് താഴ പനയുള്ളകണ്ടി താഴ റോഡ്	II	60955	✔	-	-
2	വളയന്നൂർ - വടയം റോഡ്	I & IV	39000	-	✔	-
3	നങ്ങേലികണ്ടി മുക്ക് - വളയനൂർ റോഡ്	I & II	17584	-	✔	-
4	കുറ്റ്യാടി മെയിൻ റോഡ് - പഴയമഠം റോഡ്	II	3620	✔	-	-
5	നരിക്കൂട്ടുംചാൽ കേളോത്ത് താഴ റോഡ്	IX	4923	✔	-	-
6	ചോരേമാക്കൂൽ കേളോത്ത് താഴ റോഡ്	VIII	4768	✔	-	-
7	ഹൈസ്കൂൾ - വളയന്നൂർ റോഡ്	I	4138	✔	-	-
8	വിലങ്ങിൽ താഴ - കക്കട്ടിൽ പീടിക റോഡ്	VI & IX	4953	✔	-	-
9	കുളമുള്ള പറമ്പ് - മംഗലശ്ശേരി റോഡ്	IX	4410	✔	-	-
10	പാറേമ്മൽ പള്ളി - കരുവാണ്ടി താഴ റോഡ്	IX	4889	✔	-	-
11	ചോരങ്കോട് റോഡ്	V	4712	✔	-	-
12	കക്കട്ടിൽ പീടിക ഫേമിലി വെൽഫേർ സെൻറർ	VI	1601	✔	-	-
13	കടത്തന്തടൻ കല്ല് - പാറോള്ളതിൽ താഴ റോഡ്	VIII	2088	✔	-	-
14	കൂരാറത്താഴ - കോട്ടക്കാരൻകണ്ടി താഴ റോഡ്	IX	3332	✔	-	-
15	ചീളിയിൽ മുക്ക് - പനയൻകോട്ട് മുക്ക് റോഡ്	VII	2913	✔	-	-
16	ചാത്തൻകോട്ട് താഴ - അടുവാട്ട് താഴ റോഡ്	VII	2686	✔	-	-
17	നടുപൊയിൽ - പൂക്കോട്ട് പൊയിൽ റോഡ്	VI, VII & IX	2835	✔	-	-
18	ചാത്തൻകോട്ട് താഴ - അരൂർ റോഡ്	VII	2985	✔	-	-
19	കുളങ്ങരത്താഴ - പുളത്തറ റോഡ്	IV	4662	✔	-	-
20	മേപ്പള്ളി പൊയിൽ - വിലങ്ങോട്ടിൽ മുക്ക് റോഡ്	VII	4828	✔	-	-
21	വിലങ്ങോട്ടിൽ മുക്ക് - എകരംപ്പറമ്പത്ത് റോഡ്	VII	4374	✔	-	-

പട്ടിക - 1

ഓഹരി സംബന്ധിക്കുന്ന വിവരങ്ങൾ

ഒരു ഓഹരിയുടെ വില	അംഗീകൃത ഓഹരി മൂലധനം	പിരിഞ്ഞ് കിട്ടിയ മൂലധനം	സർക്കാർ ഓഹരി ഉണ്ടോ	സർക്കാർ ഓഹരി തുക	പരമാവധി കടം എടുക്കാവുന്ന തുക
Rs. 5/-	Rs. 500,000/-	Rs. 499479	ഉണ്ട്	Rs. 15000/-	Rs. 17,50,8575

പട്ടിക - 2

ബാങ്ക് നല്കിയിട്ടുള്ള വായ്പകൾ

കാർഷിക വായ്പകൾ			കാർഷികേതര വായ്പകൾ			പ്രത്യേക വായ്പകൾ		
ഹ്രസ്വകാലം	മധ്യകാലം	ദീർഘകാലം	ഹ്രസ്വകാലം	സ്വർണ്ണപ്പണയം	മധ്യകാലം	IRDP	നിക്ഷേപ വായ്പകൾ	ഹൗസിങ്ങ് ലോൺ ദുർബല വിഭാഗം
Rs. 3053856/-	Rs. 30321/-	Rs. 166103/-	Rs. 517845/-	Rs. 5437165/-	Rs. 366575/-	Rs. 221433/-	Rs. 493334/-	Rs. 68556/-

വിഭവസമാഹരണം

കഴിഞ്ഞ പത്ത് വർഷക്കാലത്തെ കുറ്റ്യാടി പഞ്ചായത്തിന്റെ വരവ്-ചെലവ് കണക്കുകളുടെ വിശകലനത്തിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത് വരുമാനത്തിന്റെ സിംഹഭാഗവും ചെലവഴിച്ചത് സേവനമേഖലയിൽ ആണെന്നാണ്. കാർഷിക മേഖലയിൽ നാമമാത്രമായ തുക പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വ്യവസായ മേഖലയിൽ തീരെ മുതൽ മുടക്കിയിട്ടില്ല.

1995-96ൽ 14,12,966 രൂപയാണ് പഞ്ചായത്തിന്റെ മൊത്തം വരുമാനം. ഇതിൽ 6,75,986 രൂപ പഞ്ചായത്തിന്റെ തനതു വരുമാനമാണ്. ഈ കാലയളവിലെ മൊത്തം ചെലവ് 16,93717 രൂപയാണ് (1995-96 ലെ വരവ്-ചെലവ് സംബന്ധിച്ച വിശദവിവരത്തിന് പട്ടിക 1,2 നോക്കുക) ലഭ്യമായ വരവ് ചെലവ് കണക്കുകളുടെ വിശകലനത്തിൽ ബോധ്യമാകുന്നത് പഞ്ചായത്ത് 2,80,751 രൂപ വരവിനേക്കാൾ കൂടുതൽ ചെലവഴിച്ചു എന്നാണ്.

ഗ്രാമപഞ്ചത്തിന്റെര തനതു വരുമാനം 1985-86ൽ മൊത്തവരുമാനത്തിന്റെ 54.03 ശതമാനം ആയിരുന്നു. 1995-96ൽ ഇത് 47.82 ശതമാനം ആയി കുറഞ്ഞു. (തനതു വരുമാനത്തിന്റെ അനുപാതം സൂചിപ്പിക്കുന്ന ഗ്രാഫ് ഇതോടനുബന്ധിച്ച് കൊടുത്തിരിക്കുന്നത് കാണുക.) ഓരോ ഇനത്തിലും കഴിഞ്ഞ പത്തു വർഷക്കാലം കൊണ്ടുണ്ടായ ഏറ്റക്കുറച്ചിലുകളെ ഇപ്രകാരം സംഗ്രഹിക്കാം. തൊഴിൽ നികുതി 1985-86ൽ 11.78 ശതമാനം 1995-96ൽ 6.55 ശതമാനവും കെട്ടിടനികുതി ഇനത്തിൽ 1985-86ൽ 13.23 ശതമാനമായിരുന്നത് 1995-96ൽ 16.35 ശതമാനമാണ്. വിനോദനികുതി, അഡീഷണൽ വിനോദനികുതി, പ്രദർശന നികുതി, ദർശനനികുതി സർചാർജ്, വസ്തു കൈമാറ്റം വഴി ലഭിക്കുന്ന നികുതി തുടങ്ങിയവയുടെ ശതമാനം 1995-96ൽ 1985-86 നേക്കാൾ കുറഞ്ഞു. വിശദവിവരത്തിന് പട്ടിക 3 നോക്കുക.

കെട്ടിടങ്ങളുടെ വർധനവിനനുസരിച്ച് കെട്ടിടനികുതിയിനത്തിൽ പഞ്ചായത്തിന്റെ വരുമാനം വർധിച്ചിട്ടില്ല. 1995-96ൽ കെട്ടിടനികുതിയിനത്തിൽ 81402 രൂപ പിരിഞ്ഞുകിട്ടാൻ ബാക്കിയുണ്ടായിരുന്നു. 1996 മാർച്ചിനു ശേഷം 47,498 രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. നികുതി പിരിച്ചെടുക്കാൻ ആവശ്യമായ. സ്റ്റാഫിന്റെ കുറവാണ് നികുതി കുടിശ്ശികയാവുന്നതിന് പ്രധാന കാരണമായി അധികൃതർ ചൂണ്ടിക്കാണിക്കുന്നത്. കെട്ടിട നികുതി നിർണയത്തിൽ വ്യവസ്ഥകളും മാനദണ്ഡങ്ങളും കൃത്യമായി പാലിക്കുകയും ആഢംബരവീടുകൾക്ക് അധിക നികുതി ചുമത്തുകയും ചെയ്താൽ ഈ ഇനത്തിൽ ഗണ്യമായ തോതിൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

കഴിഞ്ഞ പത്തുവർഷത്തെ വിശകലനത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞത് വിനോദനികുതി സാദ്ധ്യതക്കനുസരിച്ച് പിരിച്ചെടുക്കാനും ഈ ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാനും പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. 1995-96ൽ സാമ്പത്തിക വർഷത്തിൽ വിനോദനികുതി കോമ്പൗണ്ട് ചെയ്ത വഴി ലഭിച്ചത് 8420 രൂപയായിരുന്നെങ്കിൽ നടപ്പു വർഷത്തിൽ ഇത് 15000 രൂപയായി ഉയർന്നിട്ടുണ്ട്. എന്നാൽ സിനിമാ ടാക്കീസിലെ സീറ്റിംഗ് കപ്പാസിറ്റി 583 ആണ്. ഈ സീറ്റുകൾക്കുള്ള ടിക്കൾ പൂർണമായും വിറ്റഴിഞ്ഞാൽ ഒരു ദിവസം 5032.64 രൂപ പഞ്ചായത്തിന് വിനോദനികു

തിയും അഡീഷണൽ വിനോദനികുതിയുമായി ലഭിക്കേണ്ടതാണ്. ടിക്കറ്റുകൾ പലപ്പോഴും പൂർണ്ണായും വിറ്റഴിക്കാൻ സാദ്ധ്യതയില്ല. എന്നിരുന്നാലും ഈ ഇനത്തിൽ പഞ്ചായത്തിന് വേണ്ടത്ര വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് പുന:പ്പരിശോധിച്ച് ആവശ്യമായ വർദ്ധനവ് ഉറപ്പുവരുത്തേണ്ടതാണ്.

1985-86ൽ ലേലവരുമാനമായി 106966 രൂപ പഞ്ചായത്തിനു ലഭിച്ചു. ഇത് 1994-95ൽ 260524 രൂപയായി ഉയർന്നു. 1995-96ൽ ബസ്സ്റ്റാൻറ് ലേലം 70,000 രൂപ ആയിരുന്നത് നടപ്പുവർഷം 3,54000 രൂപയായി ഉയർന്നു. ചന്ത ലേല വരുമാനം 94-95ൽ 17000 രൂപ ആയിരുന്നത് 95-96ൽ 45,000 രൂപയായി ഉയർന്നു. (കഴിഞ്ഞ പത്തു വർഷക്കാലത്തെ ലേവരുമാനം സംബന്ധിച്ച കണക്കിന് പട്ടിക 4 നോക്കുക)

സർക്കാറിൽ നിന്ന് ഉപാധിരഹിത ഫണ്ട്, പൊതു ആവശ്യത്തിന് ഉപയോഗിക്കാവുന്ന ജെ.ആർ.വൈ. പോലുള്ള ഫണ്ട്, പ്രത്യേക ആവശ്യത്തിനുള്ള ഫണ്ട്,പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമപഞ്ചായത്തിന് വിവിധ വകുപ്പുകളിൽ നിന്നുള്ള തുക എന്നിവ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. 1995-96ൽ സർക്കാർ ധനസഹായത്തിന്റെ 29.62% ഉപാധിരഹിതഫണ്ടും 61.41% പൊതു ആവശ്യത്തിന് ഉപയോഗിക്കുന്ന ജെ.ആർ.വൈ. ഫണ്ടും ആയിരുന്നു. പ്രത്യേകാവശ്യത്തിന് 25,000 രൂപയും പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്ന് 2,40 619 രൂപയും ഈ സാമ്പത്തികവർഷത്തിൽ ലഭിച്ചു. എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ് ഇതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. (കഴിഞ്ഞ പത്ത് വർഷക്കാലത്തെ സർക്കാർ ഗ്രാൻറ് സംബന്ധമായ വിവരങ്ങൾ പട്ടിക 5ൽ കൊടുത്തിരിക്കുന്നത് കാണുക.)

1995-96ലെ പഞ്ചായത്തിന്റെ മൊത്തം ചെലവ് 16,93,717 രൂപയാണ്. ഈ കാലയളവിൽ മൊത്തം ചെലവിന്റെ 34.64% ഭരണച്ചെലവും 23.30% പൊതുമരാമത്ത് ചെലവും 6.11% വിദ്യാഭ്യാസത്തിനുള്ള ചെലവും 6.08% ജലവിതരണം, ആരോഗ്യം ഓടകൾ എന്നിവക്കു വേണ്ടിയുള്ള ചെലുവമാണ്. തെരുവ് വിളക്ക് കത്തിക്കാൻ 1.13%വും മറ്റിനങ്ങൾക്ക് വേണ്ടി 28.74%വും ചെലവാക്കപ്പെട്ടു. (പ്രധാന ചെലവിനങ്ങളെ സംബന്ധിച്ച വിവരത്തിന് ഗ്രാഫ് 1-2 കാണുക)

കഴിഞ്ഞ പത്തുവർഷക്കാലത്തെ വരവുചിലവ് സംബന്ധമായ വിവരങ്ങൾ പട്ടിക 6-7 എന്നിവയിൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ റോഡുനിർമ്മാണം പോലുള്ള പൊതുമരാമത്ത് പണികൾ കോൺട്രാക്ടർമാരാണ് നടത്താറുള്ളത്. ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ കമ്മിറ്റികൾ മുഖേനയും നടത്തിയിട്ടുണ്ട്. ഇത് വകയിരുത്തുന്ന തുകയുടെ പ്രയോജനം പൂർണമായും ജനങ്ങൾക്ക് ലഭിക്കുന്നതിന് വിഘാതം വരുത്തുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്.

കഴിഞ്ഞ പത്തുവർഷത്തെ ധനാഗമനവിനിയോഗവിശകലനത്തിൽ നിന്ന് മനസ്സിലാകുന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കാൻ പഞ്ചായത്തിന്റെ വരുമാനം അപര്യാപ്തമാണെന്നാണ്.

പഞ്ചായത്തിലെ പ്രധാന ധനകാര്യസ്ഥാപനങ്ങൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കേരളാസ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസ്, കോഴിക്കോട് ജില്ലാ സഹകരണബാങ്ക്, നെടുങ്ങാടി ബാങ്ക്, കുറ്റ്യാടി പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് എന്നിവയാണ്. ഇവ ദീർഘകാല ഹ്രസ്വകാല കാർഷിക-കാർഷികേതര വായ്പകളും പ്രത്യേകപദ്ധതി പ്രകാരമുള്ള വായ്പകളും നൽകുന്നു. വായ്പകൾ തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തുന്നത് കാരണം കൂടുതൽ പേർക്ക് ധനസഹായം നിഷേധിക്കപ്പെടുന്നുവെന്ന് എല്ലാ ധനകാര്യസ്ഥാപനങ്ങളും ചൂണ്ടിക്കാട്ടുന്നു. നമ്മുടെ പഞ്ചായത്തിലെ വായ്പാ-നിക്ഷേപ അനുപാതം സംസ്ഥാനശരാശരിയേക്കാൾ (40%) വളരെ കൂടുതലാണ്. (പട്ടിക 8ൽ വിവിധ ധനകാര്യസ്ഥാപനങ്ങളുടെ വായ്പാ നിക്ഷേപ അനുപാതം കൊടുത്തിരിക്കുന്നു)

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് പുറമെ 2 സഹകാര്യ പണിടമാട് സ്ഥാപനങ്ങളും കുറ്റ്യാടിയിലുണ്ട്,. ഇത്തരം സ്ഥാപനങ്ങൾ അനുവദനീയമായതിലും കൂടുതൽ പലിശ ഈടാക്കുന്നുവെന്ന് പരാതിയുണ്ട്. ഇതിനു പുറമെ കൊള്ളപലിശക്ക് കടം കൊടുക്കുന്ന ബ്ലേഡ് കമ്പനികളും പഞ്ചായത്തിലുണ്ട്. ഇടത്തരം കച്ചവടക്കാർ ജീവിതച്ചെലവിന് വരുമാനം തികയാതെ വരുന്ന കർഷകർ, തൊഴിലാളികൾ വിവാഹം, വീടുപണി മുതലായ ആവശ്യങ്ങൾ നേരിടുന്നവർ എന്നിവരാണ് പ്രധാനമായും ബ്ലേഡ് കമ്പനികളെ ആശ്രയിക്കുന്നത്. ബ്ളാങ്ക് ചെക്കിൻറെയും ഒപ്പിട്ട മു

ദ്രക്കടലാസിന്റെയും ഈടിന്മേൽ ഇവർ നൽകുന്ന വായ്പക്ക് 100 മുതൽ 120 വരെ ശതമാനം പലിശ ഈടാക്കുന്നുണ്ട്. ബാങ്ക് വായ്പാചട്ടങ്ങളുടെ സങ്കീർണ്ണതയും ലഭിക്കാനുള്ള കാലതാമസവുമാണ് ഇത്തരക്കാരെ ബ്ലേഡിന്റെ ഊരാക്കുടുക്കുകളിലേക്ക് തള്ളിവിടുന്നത്. ബാങ്കിന്റെ വായ്പാചട്ടങ്ങൾ ലഘൂകരിച്ചാൽ ഇവരെ കൊള്ളപലിശയിൽ നിന്ന് ഒരു പിരിധിവരെ രക്ഷിക്കാൻ കഴിയും.

പഞ്ചായത്തിൽ 758 പേർ വിദേശത്ത് ജോലി ചെയ്യുന്നവരായുണ്ട്. ഏതാണ്ട് എല്ലാവരും ഗൾഫ് രാജ്യങ്ങളിലാണ് ജോലി ചെയ്യുന്നത്. ഇവർ പഞ്ചായത്തിലെ ജനസംഖ്യയുടെ 4.43 ശതമാനം വരും. 1950 കളിലാണ് ഗൾഫ് കുടിയേറ്റം ആരംഭിച്ചത്. ഇടത്തരക്കാരും പാവപ്പെട്ടവരുമാണ് ഗൾഫിൽ പോയി ജോലി ചെയ്യുന്നവരിൽ അധികവും. ഇതിൽ വിരലിലെണ്ണാവുന്നവർക്ക് മാത്രമേ ഭദ്രമായ ഒരു സാമ്പത്തിക അടിത്തറ കെട്ടിപ്പടുക്കാനായിട്ടുള്ളൂ. ഗൾഫിൽ നിന്നു തിരിച്ചുവന്ന 172 പേർ പഞ്ചായത്തിലുണ്ട്. ഗൾഫ് വരുമാനം കൂടുതലായി ചെലവഴിക്കപ്പെട്ടത് കെട്ടിടനിർമ്മാണമേഖലയിലാണ്. അപൂർവം ചിലർ മാത്രമാണ് കച്ചവടത്തിലും വാഹനങ്ങളിലുമൊക്കെ മുതൽ മുടക്കിയിട്ടുള്ളത്. കാർഷികവ്യവസായിക മേഖലകളിലോ മറ്റ് ഉൽപാദനമേഖലകളിലോ ഉള്ള ഇവരുടെ നിക്ഷേപം വളരെ പരിമിതമാണ്. സാമുദായിക സ്ഥാപനങ്ങൾ, സാംസ്കാരികസംഘടനകൾ, രാഷ്ട്രീപാർട്ടികൾ എന്നിവയ്ക്ക് ഇവർ ഉദാരമായി സംഭാവന നൽകാറുണ്ട്. കൃഷി അനാദായകരമാണെന്നും വ്യവസായം നടത്തുന്നത് പൊല്ലാപ്പാണെന്നുമുള്ള ധാരണയാണ് ഇവരുടെ പണം ഈ മേഖലയിൽ നിക്ഷേപിക്കുന്നതിന് തടസ്സമാവുന്നത്. നാട്ടിന് മൊത്തത്തിൽ പ്രയോജനകരമാവുന്ന വിധത്തിൽ കാർഷികവ്യവസായികമേഖലകളിലേക്ക് ഗൾഫ് മലയാളികളെ ആകർഷിക്കേണ്ടിയിരിക്കുന്നു.

നാളിതുവരെ പഞ്ചായത്തിൽ നടന്ന സന്നദ്ധ പ്രവർത്തനങ്ങളിൽ അധികവും ഗതാഗതസൗകര്യം വർധിപ്പിക്കാനും ശുചീകരണം മെച്ചപ്പെടുത്താനും നടത്തിയവയായിരുന്നു. ഇതിനുപുറമെ സാക്ഷരതാരംഗത്തും സന്നദ്ധപ്രവർത്തനം നടത്തുകയുണ്ടായി. സ്കൂൾ പി.ടി.എകൾ രക്ഷിതാക്കളിൽ നിന്ന് സംഭാവനകൾ സ്വീകരിച്ച് സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഉൽപാദനമേഖലയിലെ വളർച്ച ത്വരിതപ്പെടുത്താനുതകുന്ന യാതൊരു നീക്കവും സന്നദ്ധ പ്രവർത്തകരുടെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല.

കാലാനുസൃതമായി ഭരണചെലവിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ചെലവുമായി ബന്ധപ്പെട്ട് പ്രത്യേക ശ്രദ്ധ പതിയേണ്ട ഒരു പ്രശ്നമാണ് വികസന പ്രവർത്തനങ്ങൾക്കുവേണ്ടി നീക്കി വെക്കുന്ന തുക പൂർണമായും ജനോപകാരപ്രദമായ രീതിയിൽ വിനിയോഗിക്കപ്പെടാതെ പോവുന്ന അവസ്ഥ. ഈ തുകയിൽ നല്ലൊരുഭാഗം ഇടത്തട്ടുകാരും കരാറുകാരും തട്ടിയെടുക്കുന്നുണ്ട്.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുകയും നാടിന്റെ കാർഷിക വ്യാവസായിക മേഖലയിലേക്ക് പ്രസ്തുത വരുമാനം തിരിച്ചുവിടുകയും ചെയ്യേണ്ടത് അടിയന്തര പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. നികുതിവെട്ടിപ്പ് തടഞ്ഞും വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും പഞ്ചായത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്താവുന്നതാണ്. സമ്പത്തിന്റെ അപര്യാപ്തത സൃഷ്ടിക്കുന്ന വിഷമങ്ങൾ ബഹുജനസഹകരണത്തോടെ പരിഹരിക്കാൻ പഞ്ചായത്തിനു കഴിയേണ്ടിയിരിക്കുന്നു. സന്നദ്ധപ്രവർത്തനത്തിനു വാർഡ്മെമ്പർമാരുടെ നേതൃത്വത്തിൽ ജനകീയ കമ്മറ്റികൾ വികസനസേന എന്നിവ രൂപീകരിക്കാനും നാടിന്റെ വികസന സംരംഭങ്ങളിൽ ഗൾഫുമലയാളികളുടെ സാമ്പത്തികസഹായം ലഭ്യമാക്കാനും പദ്ധതികൾ ആവിഷ്കരിക്കാനും ഗ്രാമപഞ്ചായത്ത് മുൻകൈ എടുത്താൽ വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ പറ്റും.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാന സാദ്ധ്യത പൂർണമായും പ്രയോജനപ്പെടുത്തുന്നില്ല.
2. വികസന പ്രവർത്തനത്തിന് നീക്കിവെക്കുന്ന തുക കരാറുകാരും ഇടത്തട്ടുകാരും തട്ടിയെടുക്കുന്നു.
3. ബേങ്ക് വായ്പാ ചട്ടങ്ങളുടെ സങ്കീർണത കാരണം ആവശ്യത്തിന് വായ്പകൾ ലഭ്യമാവുന്നില്ല.
4. സംഭാവന വഴി സാമൂഹ്യസാംസ്കാരിക സംഘടനകൾ സ്വരൂപിക്കുന്ന തുക വികസന

മേഖലയിൽ ചെലവഴിക്കപ്പെടുന്നില്ല.

5. ബേങ്ക് വായ്പകൾ വകമാറി ചെലവഴിക്കുന്നു.
6. ജനങ്ങൾക്ക് പൊതുവെ സന്നദ്ധ പ്രവർത്തനത്തിൽ താൽപര്യം കുറവാണ്.
7. പഞ്ചായത്തിന്റെ വരവ് ചെലവ് സംബന്ധമായ വിവരങ്ങളും വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും ജനങ്ങൾക്ക് അറിയാൻ അവസരമില്ല.
8. നികുതി പിരിവിലെ കാര്യക്ഷമതയില്ലായ്മയും നികുതി വെട്ടിപ്പും.
9. ഉൽപ്പാദന മേഖലയിൽ പണം നിക്ഷേപിക്കുന്നതിലുള്ള വൈമുഖ്യം.
10. നികുതികൾ യഥാസമയം അടക്കാൻ ജനങ്ങൾ തയ്യാറാകുന്നില്ല.
11. നികുതിദായകരുടെ വരുമാനം സംബന്ധിച്ച യഥാർത്ഥ വിവരങ്ങൾ പഞ്ചായത്തിനു ലഭിക്കുന്നില്ല.
12. പുറമ്പോക്ക് ഭൂമിയിൽ നിന്ന് പഞ്ചായത്തിന് വേണ്ടത്ര വരുമാനം ലഭിക്കുന്നില്ല.
13. സർക്കാർ ഗ്രാന്റുകൾ യഥാസമയം കിട്ടുന്നില്ല.
14. ദേശീയ സമ്പാദ്യപദ്ധതികളിൽ നിക്ഷേപം കുറവാണ്.

പരിഹാരങ്ങൾ, സാധ്യതകൾ

1. നികുതി പിരിവ് കാര്യക്ഷമമാക്കി വെട്ടിപ്പ് തടയുക
2. പഞ്ചായത്തിന്റെ വരവ് ചെലവ് കണക്ക് അച്ചടിച്ചു പ്രസിദ്ധീകരിക്കുകയും ഗ്രാമസഭകളിൽ അവതരിപ്പിച്ച് ചർച്ച നടത്തുകയും ചെയ്യുക. പഞ്ചായത്ത് നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് അറിവു നൽകാൻ സംവിധാനം ഏർപ്പെടുത്തുക.
3. വികസനസേന രൂപീകരിച്ച് രജിസ്റ്റർ ചെയ്യുക. ഇതിന്റെ പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാർ, സാമൂഹ്യക്ഷേമ ബോർഡ് തുടങ്ങിയ വിവിധ ഏജൻസികളുടെ സാമ്പത്തിക സഹായം ലഭ്യമാക്കുക.
4. പഞ്ചായത്തിൽ മഹിളാ സമാജങ്ങൾ ഇല്ലാത്ത വാർഡുകളിൽ അവ രൂപീകരിച്ച് വികസന പ്രവർത്തനങ്ങൾക്ക് വനിതകളെ സജ്ജരാക്കുക.
5. ദേശീയ സമ്പാദ്യപദ്ധതി (ഇന്ദിരാവികാസ് പത്ര) യിൽ പണം നിക്ഷേപിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ച് നിശ്ചിത ശതമാനം വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുക.
6. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കു വേണ്ടി പൊതുജനങ്ങളിൽ നിന്ന് ഫണ്ട് സ്വരൂപിക്കാനുള്ള സാധ്യത പരിശോധിക്കുക.
7. ഗൾഫുകാരുടെ സഹകരണത്തോടെ ഒരു 'റിവോൾവിംഗ് ഫണ്ട്' സമാഹരിക്കുക. ഇതിൽ നിന്ന് അർഹതയും സന്നദ്ധതയും ഉള്ളവർക്ക് ഉല്പാദന മേഖലയിൽ സംരംഭങ്ങൾ തുടങ്ങാൻ വായ്പകൾ നൽകുക. പ്രസ്തുത ഫണ്ടിന്റെയും സംരംഭങ്ങളുടെയും മേൽനോട്ടം വഹിക്കാൻ വാർഡ്തല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുക.
8. ആധുനിക രീതിയിലുള്ള മത്സ്യമാർക്കറ്റ്, അറവുശാല, കമ്യൂണിറ്റി ഹാൾ കം കല്യാണ മണ്ഡപം, ടാക്സിസ്റ്റാൻറ് എന്നിവ നിർമിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക.
9. കുറ്റ്യാടി ജലസേചന പദ്ധതിയുടെ പ്രയോജനം കുറ്റ്യാടി പഞ്ചായത്തിനു കൂടി ലഭ്യമാക്കാൻ വട്ടോളിയിൽ നിന്ന് കുറ്റ്യാടിയിലേക്ക് ഒരു കൈകനാൽ നിർമിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കുക. ഇതിന്റെ നിർമാണത്തിന് ആവശ്യമായി വരുന്ന മനുഷ്യാധ്വാനത്തിന്റെ നിശ്ചിത ശതമാനം സന്നദ്ധപ്രവർത്തനങ്ങളിലൂടെ സംഘടിപ്പിക്കുക. നാളികേരം സംഭരിച്ച് ചെലവിന്റെ ഒരു ചെറിയ ഭാഗം സംഭാവന ചെയ്യാനും കഴിയും.
10. ഷോപ്പിംഗ് സെന്ററിന്റെ മുകളിലുള്ള മുറികൾ റിപ്പയർ വർക്ക് നടത്തി ആകർഷകമാക്കി വാടകക്ക് നൽകുക.
11. തറ വിസ്തീർണം വളരെ കൂടുതലുള്ള ആഡംബരവീടുകൾക്ക് സെസ്സ് ചുമത്തുക.
12. നികുതി ഗ്രാമപഞ്ചാത്തിൽ നേരിട്ട് അടക്കുന്ന രീതി നടപ്പിലാക്കുക.
13. പുറമ്പോക്ക് ഭൂമി പാട്ടത്തിനു നൽകി വരുമാനം വർദ്ധിപ്പിക്കുക.
14. വാർഡ്മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡുതല ജനകീയ സമിതികൾ രൂപീകരിച്ച് വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുക.
15. സർക്കാർ ഗ്രാന്റുകൾ ലഭിക്കുന്നതിലുള്ള കാ

ലതാമസം ഒഴിവാക്കുക.

16. സ്ഥലത്തിന്റെറ വില കുറച്ച് കാണിച്ച് സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിക്കുന്നത് ഫലപ്രദമായി തടയുക. പഞ്ചായ്തതിന് ഈയിനത്തിൽ കിട്ടുന്ന വരുമാനം വർദ്ധിപ്പിക്കാൻ ഇത് സഹായിക്കും.
17. ആപത്കരവും അപകടകരവുമായ കച്ചവടം സംബനധിച്ചു ബൈലോ കാലോചിതമായി പരിഷ്കരിക്കുക.
18. പ്രദർശനനികുതി ചട്ടങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുക.
19. കുറ്റ്യാടി ആഴ്ച ചന്ത പഞ്ചായത്ത് നേരിട്ടുനടത്തി വരുമാനം വർദ്ധിപ്പിക്കുക.
20. കൃഷിഭവനുകളുടെ സഹായത്തോടെ, പഞ്ചായത്തിലെറോഡുകളുടെ ഇരുഭാഗ്ത്തും ഫലവൃക്ഷങ്ങൾ നട്ടുവളർത്തി ഇവയിൽ നിന്ന് ഉണ്ടാകുന്ന ഫലം ലേലം ചെയ്ത് വിറ്റ് പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാം.
21. പ്രകൃതിദത്ത വിഭവങ്ങൾ ഉപയോഗപ്പെടുത്തുക.
22. പുതിയ സേവന തുറകൾ അനുവദിച്ച് അവയിൽ നിന്ന് നികുതികൾ ഈടാക്കാം.
23. പൊതു മേഖല സ്ഥാപനങ്ങളായ S.B.T, L.I.C, K.S. F. E തുടങ്ങിയവയിൽ നിന്നും സാമ്പത്തിക സഹായം തേടി വരുമാന സാദ്ധ്യതയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാം.
24. വ്യക്തികളിൽ നിന്നോ, സ്ഥാപനങ്ങളിൽ നിന്നോ കടപ്പത്രം മുഖേന പണം സമാഹരിക്കാനുള്ള സാദ്ധ്യത പരിശോധിക്കാവുന്നതാണ്.
25. പഞ്ചായത്തിൽ സ്ഥാപിക്കപ്പെടുന്ന എല്ലാ പരസ്യങ്ങൾക്കും നികുതി ഈടാക്കാം.
26. പഞ്ചായത്തിലെ സാദ്ധ്യതയുള്ള പ്രദേശങ്ങൾ വിനോദ സഞ്ചാരകേന്ദ്രമായി സംരക്ഷിച്ച് വരുമാനം വർദ്ധിപ്പിക്കാം. കുറ്റ്യാടി പുഴയോരം വളയണ്ണൂർ ചിറ എന്നിവ പരിഗണനാർഹമാണ്.

പട്ടിക - 1

വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

കെട്ടിട നികുതി	2,31,043
തൊഴിൽ നികുതി	92,601
വിനോദ നികുതി	69,698
അഡി. വിനോദ നികുതി	41754
പ്രദർശന നികുതി	2874
പ്രദർശന നികുതി സർചാർജ്	719
ചന്ത വരവ്	45,000
ലൈസൻസ് ഫീസ്	16,460
വസ്തു കൈമാറ്റ നികുതി 75%	75837
വസ്തു കൈമാറ്റ നികുതി 25%	1,45,000
മറ്റു വരവുകൾ	3,37855
ഡെപ്പോസിറ്റ്	3,53,653
മറ്റുള്ളവ	472
ആകെ	14,129,66

ചെലവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

പട്ടിക - 2

ഇനം	തുക
ഭരണം	5, 86, 739
പൊതുമരാമത്ത്	3, 94, 729
വിദ്യാഭ്യാസം	1, 03, 500
ജലവിതരണം, ഓടകൾ പൊതുജനാരോഗ്യം	1, 02, 912
തെരുവുവിളക്കുകൾ കത്തിക്കുന്നത്	19, 156
മറ്റുള്ളവ	4, 86, 681
ആകെ	16, 93, 717

പട്ടിക - 3

തനത് നികുതി സംബന്ധിച്ച വിവരം (1985-86 മുതൽ 1994-95 വരെ)

ക്രമ നമ്പർ	ഇനം നികുതി	1985-86 (ശതമാന ക്കണക്കിൽ	1994-95
1	തൊഴിൽ നികുതി	11.78	6.55
2.	കെട്ടിട നികുതി	13.23	16.35
3.	വിനോദനികുതി	5.59	4.93
4.	അഡീഷണൽ വിനോദനികുതി	3.27	2.95
5.	പ്രദർശന നികുതി	0.26	0.20
6.	പ്രദർശനം സർചാജ്	0.07	0.05
7.	ലൈസൻസ് ഫീ	2.78	1.16
8.	വസ്തു കൈമാറ്റം 75% പ്രകാരം	12.90	5.37
9.	വസ്തു കൈമാറ്റം 25% പ്രകാരം	4.15	10.26
	ആകെ	54.03	47.82

പട്ടിക - 4

ലേലം സംബന്ധിച്ച വിവരം (1985-86 മുതൽ 1995-96 വരെ)

ക്രമ നമ്പർ	വർഷം	ചന്ത	സ്റ്റാൾ	പട്ടമരങ്ങൾ	ഫലവൃക്ഷങ്ങൾ	ഷോപ്പിംഗ് കോംപ്ലക്സ്/ മറ്റുള്ളവ	ആകെ
1	1985-86	750	56691	-	1155	48370	106966
2	1986-87	-	61451	-	1636	50350	113437
3	1987-88	-	66969	-	3055	55500	125524
4	1988-89	-	66474	-	3924	48138	118536
5	1989-90	3500	63623	-	3540	37626	108536
6	1990-91	11000	101330	-	4354	49190	154874
7	1991-92	-	107330		26369	42200	175899
8	1992-93	14200	94585	-	20550	62785	192120
9	1993-94	15050	121716	-	-	73402	210168
10	1994-95	17000	118612	10185	715	14012	260524
11	1995-96	45,000	ഇല്ല	ഇല്ല	8438	1,59,258	2,12,696

പട്ടിക - 5

ഗ്രാൻറ് വിവരങ്ങൾ (1985-86 മുതൽ 1994-95 വരെ)

(Ref. Grant Register, special Grant Register, Basic tax register)

ക്രമ	വർഷം	വി.ആർ.എം.	എം.ഐ.	വി.ടി.സി.	ബി.ടി.ജി. 25%	ബി.ടി. 75%	സ്പെഷ്യൽ ഗ്രാൻറ്	ജെ.ആർ.വൈ.	അൺടൈഡ് ഫണ്ട്	ആകെ
1	1985-86	35049	552	17528	-	-	-	-	-	53129
2	1986-87	-	768	309215	-	21357	25000	-	-	356340
3	1987-88	22781	2222	48876	-	21358	25000	-	-	120237
4	1988-89	16000	2278	6381	-	10679	-	-	-	35338
5	1989-90	16001	1500	-	-	21321	30,000	311497	-	380319
6	1990-91	16970	1500	180918	-	21430	32500	153076	120000	526394
7	1991-92	18601	1500	45559	-	20332	-	113915	127300	327207
8	1992-93	18215	1500	129450	-	21231	13700	125200	131000	440296
9	1993-94	18188	1500	150000	-	20888	-	233400	129500	553476
10	1994-95	19781	1500	-	-	28510	-	202695	193200	445686

പട്ടിക - 6

വരവു സംബന്ധിച്ച വിവരങ്ങൾ (1985-86 മുതൽ 1994-95 വരെ)

ക്രമ നമ്പർ	വർഷം	കെട്ടിടനികുതി സർചാർജ് അടക്കം	തൊഴിൽ നികുതി	വാഹന നികുതി	വിനോദ നികുതി	അഡ്വീഷനൽ വിനോദ നികുതി	പ്രദർശന നികുതി	പ്രദർശന നികുതി സർചാർജ്	ലൈസൻസ് ഫീസ്	വസ്തു കൈമാറ്റ നികുതി75%	വസ്തു കൈമാറ്റ നികുതി25%	സർക്കാർ ഗ്രാന്റും, മറ്റും ഒഴികെയുള്ള വരവുകൾ	ഡെപ്പോസിറ്റ്	മറ്റു ള്ളവ	സംഭാവന	ആകെ
1	1985-86	54256	48288	254	22899	13425	1074	268	11402	52925	17000	64000	72247	1955	50007	410000
2	1986-87	55194	51997	220	31008	18123	1340	335	15128	71357	15000	74600	85353	7470	55273	482398
3	1987-88	-	21833	68	46032	27790	1194	298	11111	104065	25000	159000	47680	18361	149326	611758
4	1988-89	86580	69503	-	34709	20876	1136	284	11785	62904	40000	91000	423656	16078	28573	887084
5	1989-90	223859	69871	-	49352	29478	1307	327	12588	83229	25000	89600	236304	17898	48827	887641
6	1990-91	168429	64153	-	47000	27767	1261	315	54150	93986	50000	101637	117743	156056	27833	1160831
7	1991-92	234265	111641	-	57654	3422	1246	314	63206	95578	65000	26685	176587	177409	66391	1110199
8	1992-93	119880	91989	-	68585	39371	1683	421	19362	91056	32957	253984	208484	43100	164881	1135755
9	1993-94	381027	138969	-	69322	40332	2602	653	54075	168048	50000	204444	242398	43661	248488	1644021
10	1994-95	256441	145833	-	12720	7093	1074	268	99591	125696	150000	71877	210801	40677	242991	1365074

പട്ടിക - 7

ചെലവു സംബന്ധിച്ച വിവരങ്ങൾ (1984-85 മുതൽ 1994-95)


ക്രമ നമ്പർ	വർഷം	ഭരണം	പൊതുമരാമത്ത്	വിദ്യാഭ്യാസം	ജലവിതരണം ആരോഗ്യം,ഓടകൾ	തെരുവുവിളക്കുകൾ കത്തിക്കുന്നത്	മറ്റുള്ളവ	ആകെ
1	1985-86	199000	70200	3132	10528	8351	162243	373454
2	1986-87	131895	131414	3669	18682	11616	267243	564519
3	1987-88	165220	20526	4029	21473	10884	269157	491289
4	1988-89	178311	46337	3344	23842	10884	652644	915362
5	1989-90	216717	86979	162303	42854	10982	726359	1246194
6	1990-91	245891	796585	120417	191972	11515	456379	1822760
7	1991-92	295807	410973	54344	49443	14376	387218	1212163
8	1992-93	315592	289054	290756	47729	18234	340031	1301396
9	1993-94	380536	368224	89231	36287	15558	966949	1856785
10	1994-95	385386	349461	82535	227500	21897	401302	1468082

നിക്ഷേപ-വായ്പ അനുപാതം


പട്ടിക - 8


ബേങ്കിന്റെ പേര്	നിക്ഷേപ-വായ്പ അനുപാതം (ശതമാനത്തിൽ)
കോഴിക്കോട് ജില്ലാ സഹകരണ ബേങ്ക്	328
നെടുങ്ങാടി ബേങ്ക്	82
സ്റ്റേറ്റ് ബേങ്ക് ഓഫ് ട്രാവൻകൂർ	120
കെ. എസ്. എഫ്. ഇ.	100
കുറ്റ്യാടി പഞ്ചായത്ത് സർവ്വീസ് സഹകരണ ബേങ്ക്	116

(ಬಾಗ 1


Scale
X-Axis- ಸಮಯದ ಅವಧಿ
Y-Axis- ಇಳುವರಿ %
Y
(ಇಳುವರಿ)
50
40
30
20
10
0
1985-86
86-87
87-88
88-89
89-90
90-91
91-92
92-93
93-94
94-95
95-96
X

ചാർട്ട് $ 2


Scale
X Axis - ...
Y Axis - 1cm = 10%
Y
50
40
30
20
10
1985-86
'86-87
87-88
88-89
89-90
90-91
91-92
92-93
93-94
94-95
95-96
X


Scale
X - Axis
Y Axis
%
60
50
40
30
20
10
0
1985
1986
87-88
88-89
89-90
90-91
91-92
92-93
93-94
94-95
95-96
X

കുറ്റ്യാടി ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണം
കോർ ഗ്രൂപ്പ് അംഗങ്ങൾ

I ആമുഖം, വിദ്യാഭ്യാസം, സഹകരണം, പട്ടികജാതി പട്ടികവർഗ്ഗക്ഷേമം, വിഭവസമാഹരണം

1. കെ. സി. കുഞ്ഞമ്മത്
2. സി. എൻ. ബാലകൃഷ്ണൻ
3. ടി. ഗോപിനാഥ്
4. ഒ. ബാബു
5. ടി. കെ. ദാമോദരൻ
6. അമ്മത് മൈലിശ്ശേരി
7. വി. പി. വാസു
8. ഷൈജു. കെ
9. അൻവർ സാദത്ത്
10. സി. കെ. രാമചന്ദ്രൻ
11. ടി. അശോകൻ
12. എം. കെ. രാജീവൻ
13. കെ. പി. വത്സൻ
14. ഇ. കെ. സുരേന്ദ്രൻ
15. കെ. ഇ. ഫൈസൽ

II കൃഷിയും ജലസേചനവും

1. പി. കെ. ബാബു
2. കെ. പി. കുഞ്ഞബ്ദുല്ല മുൻഷി
3. പി. സി. രവീന്ദ്രൻ
4. കെ. വി. രാജൻ
5. പി. വി. ജമാൽ
6. വി. നാരായണൻ നമ്പ്യാർ
7. കെ. കൃഷ്ണൻ
8. എം. മൊയ്തു
9. ആർ. ഗംഗാധരൻ
10. വി. പി. പ്രമോദ്
11. സി. കെ. പ്രേമദാസ്
12. കപ്പേക്കാട്ട് പ്രകാശൻ

III മൃഗസംരക്ഷണം, മത്സ്യബന്ധനം, ഗതാഗതം, ഊർജം

1. സി. കെ. കുഞ്ഞബ്ദുല്ല
2. ടി. കെ. കുഞ്ഞബ്ദുല്ല
3. സി. കെ. ഷാലിമ
4. പി. എം. ഖാലിദ്
5. കെ. പി. രമ
6. സി. കെ. ബഷീർ
7. കെ. ബാബുരാജ്

IV വ്യവസായം

1. കെ. പി. രവീന്ദ്രൻ
2. ഏരത്ത് ബാലൻ
3. വി. അച്ചുതൽ
4. കെ. സുരേന്ദ്രൻ
5. വിലങ്ങോട്ട് കുഞ്ഞിരാമൻ
6. ദിനേശൻ എൻ. പി.
7. ഇ. എം. രാജേഷ്
8. സി. കാസിം

V ആരോഗ്യം, കുടിവെള്ളം

1. സി. വി. മൊയ്തു
2. വി. സുരേഷ്കുമാർ
3. എൻ. സി. കണ്ണൻ മാസ്റ്റർ
4. എ. രാജൻ
5. വി. പി. ചന്ദ്രൻ
6. സി. പി. രാജൻ

VI വനിതാക്ഷേമം, സംസ്കാരം

1. എൻ. പി. പ്രഭാസിനി
2. കെ. കെ. ശ്യാമള
3. എൻ. പി. വിജയൻ
4. സി. എം. സുനിൽ കുമാർ
5. സുമതി. എ
6. പ്രസീന
7. എം. ബാലകൃഷ്ണൻ
8. ഭാമിനി
9. ടി. ടി. നാണു
10. കെ. പ്രകാശൻ

VII സാമൂഹ്യക്ഷേമം, പാർപ്പിടം

1. ടി. കെ. മോഹൻദാസ്
2. കെ. വാസു
3. കെ. വിനോദൻ
4. കെ. പി. ചന്ദ്രൻ
5. എസ്. ജെ. സജീവ്കുമാർ
6. കെ. കുമാരൻ
7. എ. അശോകൻ



ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
അധികാരം ജനങ്ങളിലേക്ക്
വികസനത്തിന്റെ
പൊൻപുലരിയിലേക്ക് സ്വാഗതം....

- കുറ്റ്യാടി ഗ്രാമപഞ്ചായത്ത്

Printed : Data Print, Calicut. Ph: 720827.